O32:3M891:12 F2 KATHAMALIGA UNNIKRISHNAN NAIR

O32:3M891:12
F2

032:3M891:12 F2
UNNI KRISHNA NAIR
(V.).
Katha maliga.

37871

MUL
037871

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3M891:12 F2

Accession Number 37871

Available for loan from

This book should be returned on or before the date last marked below.

3 FEB 1943

20 MAY 1943

5 SEP 1948

4 NOV 1948

21 FEB 1985

O. 61

# കഥാമാലിക.

ടാഗ്ഗൂർകഥ.

ഗ്രന്ഥകൎത്താ

വീ. ഉണ്ണികൃഷ്ണൻനായർ ബീ ഏ

പ്രകാശകൻ

കുളക്കുന്നത്തു രാമൻമേനോൻ.

ബി. വി. ബുക്ക് ഡിപ്പോ,

തിരുവനന്തപുരം.

[പകൎപ്പവകാശം]

[വില ൩ ണ [illegible]

പ്രകാശകന്റെ മുദ്രയില്ലാത്ത [illegible] വ്യാജനിൎമ്മിതമാകുന്നു.

ROCHOUSE & SONS,
...SELLERS.

തിരുവനന്തപുരം.

ബി. വി. ബുക്കഡിപ്പോ പ്രവൎത്തകന്മാൎക്കുവേണ്ടി

തിരുവനന്തപുരം 'കമലാലയ' പ്രസ്സിൽ

അച്ചടിച്ചതു്.

൧-ാംപതിപ്പു—കാപ്പി ൧൦൦൦.

൧൦൯൪.

# മുഖവുര.

---

പലപ്പോഴുമായി ഞാൻ തർജ്ജമചെയ്തു് കേരളത്തിലെ മലയാളമാസികകളിൽ പ്രസിദ്ധപ്പെടുത്തിയ ടാഗോർകഥകളിൽ ഏതാനും ചിലതുകളാണു് ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളതു്. ടാഗോർകൃതികളെക്കുറിച്ചു് ഇപ്പോൾ കേരളീയർക്കു് ഏറെക്കുറെ അറിയാറായിട്ടുള്ള സ്ഥിതിയ്ക്കു ദീർഘമായ ഒരു മുഖവുരയുടെ ആവശ്യം ഈ സന്ദർഭത്തിലുണ്ടെന്നു തോന്നുന്നില്ല.

മദിരാശി,
13—9—1922.

എന്നു്,
വി. ഉണ്ണിക്കൃഷ്ണൻനായർ.

# വിഷയവിവരം.


| | | പുറം. |
|---|---|---|
| 1. | നവാബിന്റെ പുത്രി ... ... | 1 |
| 2. | കൈലാസബാബു ... ... | 19 |
| 3. | താരാചരൻ ... ... | 33 |
| 4. | പ്രേമപരിണാമം ... ... | 59 |
| 5. | വിജയം ... ... | 79 |
| 6. | കുമുദിനി ... ... | 89 |
| 7. | പത്രാധിപർ ... ... | 119 |
| 8. | പരിത്യാഗം ... ... | 127 |
| 9. | അഗതി ... ... | 137 |
| 10. | സുഭാഷിണി ... ... | 154 |

# കഥാമാലിക

## നവാബിന്റെ പുത്രി

ഡാർജീലിങ്ങിൽ ഞാൻ എത്തിയ കാലത്തു് അവിടെ മഞ്ഞും തണുപ്പും കലശലായിരുന്നു. പ്രകൃതിയുടെ മട്ടുകണ്ടാൽ ആരും പുറത്തിറങ്ങുകയില്ല. പക്ഷേ വീട്ടിനുള്ളിൽതന്നെ കഴിച്ചുകൂട്ടുന്ന കാര്യവും പ്രയാസമായിരുന്നു. അതുകൊണ്ടാണു് ഒരു ദിവസം രാവിലെ ഊണും കഴിച്ചു്, ഞാൻ ബൂട്ട്സും മേൽകുപ്പായവുമായി നടക്കാൻ പുറപ്പെട്ടതു്.

ഇടയ്ക്കിടെ മഴ പാറിക്കൊണ്ടിരുന്നു. ഒരു ചിത്രകാരൻ വരച്ചു മാച്ചുകളഞ്ഞ ചിത്രത്തിന്റെ അവശേഷംപോലെ മഞ്ഞിനിടയിൽക്കൂടി കുന്നുകൾ അവ്യക്തമായി കാണപ്പെട്ടു. കൽക്കെട്ടുള്ള നിരത്തിൽക്കൂടി ഞാൻ കുറെ ദൂരം ഏകാകിയായി നടന്നു. മനുഷ്യസഞ്ചാരത്തിന്റെ അഭാവത്താൽ കേവലം ശൂന്യമായിരുന്ന ആ പ്രദേശം ജീവസന്ധാരണത്തിനു കൊള്ളാത്തതാണെന്നു ഞാൻ തീരുമാനിച്ചു.

തത്സമയം അടുത്തുനിന്നു് ഒരു സ്ത്രീയുടെ ആർത്തസ്വരം എന്റെ ശ്രദ്ധയെ ആകർഷിച്ചു. മറെറാരവസരത്തിലാണെങ്കിൽ ഞാൻ അതത്ര വകവെയ്ക്കുമായിരുന്നില്ല. പക്ഷേ ഹിമവൽപാർശ്വത്തിൽവെച്ചു ഇങ്ങിനെ ഒരനുഭവം കേവലം അപ്രതീക്ഷിതമായിരുന്നതിനാൽ എനിക്കു അതിൽ അസാമാന്യമായ കൌതുകം ഉളവായി.

ശബ്ദത്തിന്റെ ഉല്പത്തിസ്ഥലത്തിന്നരികെ ചെന്നു നോക്കിയപ്പോൾ കണ്ടതു് നിരത്തിൻവക്കിൽ ഒരു പാറമേൽ ഇരുന്നു് കരയുന്ന ഒരു അനാഥസ്ത്രീയെയാണു്. അവരുടെ ശിരസ്സ് ജടിലമായ കേശപടലത്താൽ പരിവേഷ്ടിതമായിരുന്നു. അല്പം മുമ്പു കേട്ട ദീനസ്വരം അവരുടെ ഹൃദയാന്തരത്തിൽ കളി

കൊണ്ടിരുന്ന നൈരാശ്യത്തിന്റെ പ്രതിധ്വനിയാണെന്നു അവരുടെ ഭാവം വെളിപ്പെടുത്തി.

“ഇതു വെറുതെ വിട്ടുവാൻ പാടില്ല. ഇവിടെ എന്തോ ചില നേരമ്പോക്കിനുള്ള മാർഗ്ഗം കാണുമാറുണ്ടു്. ഡാർജീലിങ്ങിലെ മലകൾക്കിടയിൽ, കണ്ണീരൊഴുക്കി നാൾകഴിക്കുന്ന ഒരു സ്ത്രീയെ—അല്ല, സന്യാസിനിയെ—കണ്ടെത്തിയതു ഒരു സാധാരണസംഭവമായി കരുതാൻ പാടില്ല.” എന്നിങ്ങിനെ ഞാൻ മനസ്സുകൊണ്ടു തീർച്ചയാക്കി. അവർ ഏതു ജാതിക്കാരിയാണെന്നു എളുപ്പത്തിൽ തിരിച്ചറിയുവാൻ സാധിക്കായ്കയാൽ, അവർ ആരാണെന്നും അവിടെ വരാൻ കാരണമെന്തെന്നും ഞാൻ ചോദിച്ചു. എന്റെ ചോദ്യത്തിന്നു യാതൊരു മറുവടിയും പറയാതെ, കണ്ണിൽ വെള്ളം നിറച്ചു അവർ എന്നെത്തന്നെ നോക്കിക്കൊണ്ടിരുന്നതേയുള്ളു. ഒട്ടും ഭയപ്പെടേണ്ടതില്ലെന്നു ഞാൻ വീണ്ടും പറഞ്ഞപ്പോൾ അവർ ഒരു ചെറുപുഞ്ചിരിയോടുകൂടി അതിലളിതമായ ഹിന്ദുസ്ഥാനിയിൽ എന്നോടിങ്ങിനെ പറഞ്ഞു:—

“ഭയവും ഞാനും തമ്മിൽ വിട്ടുപിരിഞ്ഞിട്ടു കാലം വളരെയായി. ലജ്ജയും എനിക്കില്ല. പക്ഷെ, ബാബു! ഞാൻ ഒരുകാലത്തു അന്തഃപുരം വിട്ടു പുറത്തിറങ്ങിയിരുന്നവളല്ല. എന്റെ അനുവാദം കൂടാതെ എന്റെ പെററമ്മകൂടി എന്റെ അറയിലേക്കു കടന്നുവന്നിരുന്നില്ല. ആ കാലമെല്ലാം പോയി. എനിക്കിനി ഈ ലോകത്തിൽ അന്തഃപുരവും മററും ഇല്ല.”

പാശ്ചാത്യരീതിയിൽ ഉടുപ്പിട്ടിരുന്ന എന്നെ അവർ ‘ബാബു’ എന്നു വിളിച്ചതു് എനിക്കൊട്ടും രസമായില്ല. യാതൊന്നും അറിയാത്ത ഒരു അനാഥസ്ത്രീ എന്നെക്കണ്ടു ‘ബാബു’ വർഗ്ഗക്കാരനാണെന്നു മനസ്സിലാക്കിയതിലാണു് എനിക്കു നീരസം വർദ്ധിച്ചതു്. തീവണ്ടിക്കുഴലിൽ നിന്നെന്നപോലെ, ചുരുട്ടിൽനിന്നു പുകയും വിട്ടു അവിടെനിന്നു പോയ്ക്കളയാമെന്നാണു് എനിക്കപ്പോൾ തോന്നിയതു്. എങ്കിലും അധികവിവരം അറിയാനുള്ള ആഗ്രഹം എന്നെ അവിടെത്തന്നെ പിടിച്ചുനിർത്തി.

നിങ്ങൾക്കു വല്ല സഹായവും ആവശ്യമുണ്ടെങ്കിൽ ഞാൻ ചെയ്തുതരാം" എന്നു ഞാൻ പറഞ്ഞു. അവർ എന്റെ മുഖത്തു കുറെനേരം തുറിച്ചുനോക്കി.

"ഞാൻ ഭദ്രവനത്തിലെ നവാബായ ഗുലാംകാദർഖാന്റെ മകളാണ്."

ഭദ്രവനം എവിടെയാണെന്നോ, അവിടുത്തെ നവാബാരാണെന്നോ, അയാളുടെ മകൾ സന്യാസവൃത്തി കൈക്കൊണ്ടു കൽക്കത്തയിലുള്ള പെരുവഴിയിൽ ഇരുന്നു കരയുന്നതെന്തിനാണെന്നോ ഊഹിക്കാൻപോലും എനിക്കു കഴിഞ്ഞില്ല. എങ്കിലും ഈ ചരിത്രത്തിൽ ധാരാളം നേരംപോക്കിനു വകയുണ്ടെന്നു കാണുകയാൽ ആ സംഗതികളെക്കുറിച്ച് അധികം വിമർശിക്കേണ്ടതില്ലെന്നു തീർച്ചയാക്കി, ഞാൻ ഗൌരവത്തോടുകൂടി ഇങ്ങിനെ പറഞ്ഞു:—

"ബീബി! ക്ഷമിക്കണമേ; നിങ്ങൾ ആരാണെന്നു എനിക്കു നിശ്ചയമുണ്ടായിരുന്നില്ല."

ബീബിയ്ക്കു ഈ ക്ഷമായാചനം വളരെ രസിച്ചു; അടുത്തുള്ള ഒരു പാറമേൽ ഇരിക്കുവാൻ എന്നോടാജ്ഞാപിച്ചു. അവരുടെ ആകൃതിയിലും പ്രകൃതിയിലും അകൃത്രിമമായ സൌശീല്യവും കുലീനതയും പ്രകാശിച്ചുകാണാനുണ്ടായിരുന്നു. പായൽപിടിച്ചു നനഞ്ഞുകിടന്നിരുന്ന ആ പാറമേൽ എന്നോടിരിക്കുവാൻ പറഞ്ഞതു വലിയൊരു ബഹുമതിയാണെന്നു ഞാൻ തീർച്ചപ്പെടുത്തി. അന്നുരാവിലെ ഞാൻ ഹോട്ടലിൽനിന്നു പുറപ്പെട്ടപ്പോൾ, കൽക്കത്തയിലുള്ള പെരുവഴിയുടെ മദ്ധ്യത്തിൽ, "ലോകപ്രഭ"യെന്നോ "ജഗന്മോഹിനി"യെന്നോ പേരുള്ള ഒരു തരുണീരത്നത്തിന്റെ—പോരെങ്കിൽ, ഭദ്രവനം നവാബിന്റെ ഓമനപ്പുത്രിയുടെ— സന്ദർശനത്തിനു സംഗതി വരുമെന്നു തീരെ പ്രതീക്ഷിച്ചിരുന്നില്ല.

"ബീബി ഈ സ്ഥിതിയിലാകുവാൻ എന്താണ് സംഗതി" എന്നു ഞാൻ ചോദിച്ചു. രാജകുമാരി നെററിമേൽ കൈവെച്ചുകൊണ്ടാണ് മറുപടി പറഞ്ഞത്. "ഇതു ആരു ചെയ്ത പ്രവൃത്തിയാണെന്നു ഞാനെങ്ങിനെയാണു പറയേണ്ടത്. ഈ കാണുന്ന പ

വൃതമായ മേഘപടലങ്ങൾക്കുള്ളിൽ തങ്ങിയതാരാണെന്നു നിങ്ങൾക്കു പറയാൻ സാധിക്കുമോ?"

തത്വജ്ഞാനവിഷയങ്ങളിൽ കടന്നു വാദിക്കാൻ തക്ക സമയം അതല്ലെന്നു തോന്നുകയാൽ ഞാൻ അവരുടെ അഭിപ്രായത്തോടു പൂൎണ്ണമായി യോജിച്ചു. "ബീബി പറഞ്ഞതു വാസ്തവമാണ്. ദൈവഗതിയെപ്പററി മനുഷ്യരായ നമുക്കു എന്തറിവാനുള്ളതു്?"

മറെറാരവസരത്തിലാണെങ്കിൽ ഞാൻ ഈ വിഷയത്തെപ്പററി കുറെ അധികം വാദിച്ചുനോക്കുമായിരുന്നു. പക്ഷേ, ഹിന്ദിഭാഷയിൽ എനിക്കുള്ള അജ്ഞത ഇതിനു പ്രതിബന്ധമായിത്തീൎന്നു. എൻെറ ഹിന്ദിഭാഷാപരിജ്ഞാനം വളരെ സ്വല്പവും, അതുതന്നെ ഭൃത്യന്മാരോടും മററും സംസാരിച്ചു സമ്പാദിച്ചതും ആയിരുന്നു. ഡാർജീലിങ്ങിലെ നിരത്തുവക്കിൽവെച്ചു ഭദ്രവനം നവാബിൻെറ പുത്രിയോടാകട്ടെ, അതല്ല മററു വല്ലവരോടുമാകട്ടെ, തത്വജ്ഞാനവിഷയങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിനു ആ ജ്ഞാനശകലം തീരെ പൎയ്യാപ്തമായിരുന്നില്ല.

"എൻെറ ജീവിതത്തിലെ ആശ്ചൎയ്യകരമായ ഒരു ഘട്ടം ഇന്നാണവസാനിച്ചതു്. നിങ്ങൾക്കു സമ്മതമാണെങ്കിൽ ആ കഥ ഞാൻ അല്പം വിസ്തരിച്ചു പറയാം." എന്നു സന്യാസിനി പറഞ്ഞുകഴിയുംമുമ്പേതന്നെ ഞാൻ അവരെ തടഞ്ഞു. "സമ്മതമോ? അതെനിക്കൊരനുഗ്രഹമാണ്" എന്നു പറഞ്ഞു.

ഞാൻ ഹിന്ദുസ്ഥാനി സംസാരിക്കുമ്പോൾ വരുത്താറുള്ള അബദ്ധങ്ങൾ എന്തെല്ലാമാണെന്നു എന്നെ അറിയുന്നവൎക്കെല്ലാം ബോദ്ധ്യമായിട്ടുള്ളതാണ്. ഈ സന്യാസിനി എന്നോടു സംസാരിച്ചുകേട്ടപ്പോഴുണ്ടായ അനുഭവമോ, പൊൻകതിരുകൾ നിറഞ്ഞുനില്ക്കുന്ന വയലുകളിൽ പ്രഭാതമാരുതൻെറ മനോജ്ഞവിലാസംപോലെ സുഖപ്രദമായിരുന്നു. അവരുടെ സംഭാഷണം എത്രത്തോളം ലളിതവും പ്രസന്നവും സരസവും ആയിരുന്നുവോ, അത്രത്തോളം എൻെറ വാചകങ്ങളെല്ലാം വക്രവും, ക്ലിഷ്ടവും, വികൃതവും ആയിരുന്നു. സന്യാസിനി കഥയാരംഭിച്ചു:—

“ഡെൽഹിചക്രവൎത്തികളുമായി രക്തബന്ധം എനിക്കുണ്ടാകകൊണ്ടാണ് അനുരൂപനായ ഒരു ഭൎത്താവിനെ കിട്ടുന്ന കാൎയ്യത്തിൽ വളരെ കഷ്ടപ്പെടേണ്ടിവന്നതു്. ലക്ക്നൌവിലെ നവാബിന്നു എന്നെ വിവാഹം ചെയ്തുകൊടുക്കേണമെന്നൊരാലോചനയുണ്ടായിരുന്നു. പക്ഷെ, എന്റെ അച്ഛൻ ആ കാൎയ്യത്തിൽ ഒരു തീൎപ്പു പറഞ്ഞില്ല. അങ്ങിനെയിരിക്കുമ്പോഴാണ് ശിപ്പായിലഹളയാരംഭിച്ചതും ഹിന്ദുസ്ഥാനം മുഴുവനും പീരങ്കിപ്പുകയ്ക്കുള്ളിൽ മറഞ്ഞതും.”

ഒരു സ്ത്രീയുടെ മുഖത്തുനിന്നു ഇത്ര വ്യക്തമായും മധുരമായും ഉള്ള വാക്കുകൾ ഞാൻ എന്റെ ആയുഷ്കാലത്തിന്നിടയിൽ കേട്ടിരുന്നില്ല. ഹിന്ദുസ്ഥാനിഭാഷയ്ക്കു പ്രത്യേകമായ ഒരു പ്രൌഢിയും ഗാംഭീൎയ്യവും ഉണ്ടെന്നെനിക്കറിയാം. മുഗൾചക്രവൎത്തികളുടെ സുധാധവളിതങ്ങളായ സൌധങ്ങളെയും, അവയുടെ ഉപരിഭാഗത്തു തിളങ്ങി പ്രകാശിക്കുന്ന പൊന്താഴികകളേയും, ചിത്രാകൃതികളായ തുരഗങ്ങളേയും, അമൂല്യാഡംബരങ്ങളോടുകൂടിയ വാരണേന്ദ്രന്മാരെയും, നാനാവൎണ്ണത്തിൽ ചമൽകൃതവേഷങ്ങളണിഞ്ഞ രാജകിങ്കരന്മാരേയും അവരുടെ രത്നോജ്ജ്വലങ്ങളായ അരപ്പട്ടകളിൽ തിരുകിയ ഖഡ്ഗങ്ങളേയും, തങ്കക്കസവു തുന്നിപ്പിടിപ്പിച്ച പാദുകകളേയും, വിലപിടിച്ച പട്ടുവസ്ത്രങ്ങളെയും മററുമാണ് ഈ സന്ന്യാസിനിയുടെ സ്വരമാധുൎയ്യം എന്നെ അനുസ്മരിപ്പിച്ചതു്. അവർ വീണ്ടും ചരിത്രം തുടൎന്നു:—

“ഞങ്ങളുടെ കോട്ട യമുനാനദീതീരത്തിൽ, കേശവലാൽ എന്നൊരു ബ്രാഹ്മണനാണ് രക്ഷിച്ചുപോന്നിരുന്നതു്.”

‘കേശവലാൽ’ എന്ന നാമോച്ചാരണത്തിൽ അവർ പുറപ്പെടുവിച്ച സ്വരമാധുൎയ്യം അനിൎവചനീയമായിരുന്നു. എന്റെ കയ്യിലുണ്ടായിരുന്ന വടി ഞാനറിയാതെ താഴത്തു വീണുപോയി.

“കേശവലാൽ ഒരു വിശിഷ്ടബ്രാഹ്മണനായിരുന്നു. അദ്ദേഹം നന്നേ വെളുപ്പാങ്കാലത്തു എഴുന്നേററു യമുനാതീൎത്ഥത്തിൽ സ്നാനംചെയ്തു ആദിത്യനമസ്കാരം ചെയ്യുന്നതു് ഞാൻ നിത്യവും എന്റെ അന്തഃപുരത്തിന്റെ ജനലിൽക്കൂടി കാണാറുണ്ടായിരുന്നു. ആ ബ്രാഹ്മണശ്രേഷ്ഠൻ, ഈറൻമുണ്ടുമായി, സ്നാനഘട്ടത്തി

ലെ വെള്ളക്കൽപ്പടവിൽ ഇരുന്നു ജപിക്കുന്നതും, അതിന്നുശേഷം സുവ്യക്തമധുരങ്ങളായ കീർത്തനങ്ങൾ പാടിക്കൊണ്ടു സ്വഗൃഹത്തിലേക്കു തിരിച്ചുപോകുന്നതും എനിക്കു നിത്യാനുഭവങ്ങളായിരുന്നു. ഞാൻ ജനനാൽ മുസൽമാനിയായിരുന്നെങ്കിലും, എനിക്കു മതസംബന്ധമായ യാതൊരു പഠിപ്പും ഉണ്ടായിരുന്നില്ല. ഈശ്വരവിചാരവും എനിക്കില്ലായിരുന്നു. സദാചാരം, ഭക്തി എന്നീ വിഷയങ്ങളിൽ തീരെ ഉദാസീനന്മാരായ ഞങ്ങളുടെ പുരുഷന്മാർക്ക്, അന്തഃപുരം വെറും ലീലാഗൃഹം മാത്രമായിരുന്നു. പക്ഷേ ആദ്ധ്യാത്മികവിഷയങ്ങളിൽ അഭിരുചിയുണ്ടായിരുന്ന എനിക്കു കേശവലാലിന്റെ ഭക്തിപ്രകടനം കണ്ടപ്പോൾ ഒരുവക ഭക്തിരസം ഉളവായിത്തുടങ്ങി.

“എന്റെ ദാസികളുടെ കൂട്ടത്തിൽ ഒരുവൾ ഹിന്ദുമതക്കാരിയായിരുന്നു. കേശവലാലിനെ അവൾ ദിവസേന വന്ദിക്കാറുണ്ടെന്നു എനിക്കു അറിവു കിട്ടുകയാൽ അവളെക്കുറിച്ചു എനിക്കു വളരെ അസൂയയും തോന്നിയിരുന്നു. സുദിനങ്ങളിൽ ബ്രാഹ്മണരെ ഊട്ടുവാനും അവർക്കു ദക്ഷിണ കൊടുക്കാനും വേണ്ടി ഞാൻ അവൾക്കു കൂടക്കൂടെ പണം കൊടുക്കുക പതിവായിരുന്നു. ഈ വക ശുഭാവസരങ്ങളിൽ കേശവലാലിനെ കൂടി ക്ഷണിച്ചു വരുത്തേണമെന്നു ഞാൻ ഒരിക്കൽ അഭിപ്രായപ്പെട്ടു. അവളുടെ അപ്പോഴത്തെ ഗൌരവമല്ലേ കാണേണ്ടതു്? തന്റെ പരമഗുരുവായ കേശവലാൽ അവളുടെ ക്ഷണങ്ങളെ സ്വീകരിക്കുകയോ? ശാന്തം പാപം!’’

“ഇങ്ങിനെ കേശവലാലിനെക്കുറിച്ചു എനിക്കുള്ള ബഹുമാനാദരങ്ങളെ പ്രദർശിപ്പിക്കുവാനും തരമില്ലാതായി. എന്റെ മനോരഥം മരുമരീചികാപ്രായമായി. എന്റെ പൂർവികന്മാരിൽ ഒരാൾ ഒരു ബ്രാഹ്മണകന്യകയെ ബലാൽക്കാരമായി അന്തഃപുരത്തിൽ പാർപ്പിച്ചിരുന്നുവത്രേ. ആ ബ്രാഹ്മണമുത്തശ്ശിയുടെ രക്തബന്ധം എന്നെയും ബാധിച്ചിരിക്കാനിടയുണ്ടെന്നോർത്തു് ഞാൻ ചിലപ്പോൾ സമാധാനിക്കാറുണ്ടു്. ഈ കാരണത്താൽ, ഞാനും കേശവലാലും തമ്മിൽ ചാർച്ചയുണ്ടെന്നും ഞാൻ തീർച്ചപ്പെടുത്തി. പുരാണപുരുഷന്മാരുടെ പാവനചരിത്രങ്ങളെ ദാസീമുഖേന കേട്ടു പരിചയിച്ചിരുന്ന എനിക്കു് ഹൈന്ദവാദർശങ്ങളെപ്പററി വ

ലിയ ബഹുമാനമായിരുന്നു. ദേവന്മാരുടെ പുണ്യവിഗ്രഹങ്ങളും മണികളുടെയും ശംഖിന്റെയും നാദഘോഷങ്ങളും, ദേവാലയങ്ങളെ അലങ്കരിക്കുന്ന പൊന്താഴികകളുടെ ഔജ്ജ്വല്യവും, ഹോമധൂമങ്ങളുടേയും പുഷ്പമാല്യങ്ങളുടേയും ചന്ദനാലേപങ്ങളുടേയും പരിമളധോരണിയും, പരമഹംസന്മാരുടേയും ബ്രഹ്മജ്ഞാനികളുടേയും പാവനസാന്നിദ്ധ്യവും ഞാൻ എന്റെ മനോദർപ്പണത്തിൽ വിശദമായി പ്രതിബിംബിച്ചു കണ്ടിരുന്നു. പുരാതനവും വിശാലവുമായ ഒരു ഗൃഹത്തിൽ, സന്ധ്യാസമയത്തു അങ്ങുമിങ്ങും പറന്നു കളിക്കുന്ന ഒരു ചെറുപക്ഷിയെപ്പോലെ എന്റെ അന്തരംഗം ഭാവനാസൃഷ്ടമായ ആ ദേശാന്തരങ്ങളിൽ നിർവ്വിഘ്നം വിഹരിച്ചു.

അതിനിടയ്ക്കാണ് ശിപ്പായിലഹള ആരംഭിച്ചതു്. അതിന്റെ ബാധ ഭദ്രവനത്തിലും തട്ടി. എന്റെ അച്ഛൻ വളരെ വിവേകമുള്ള ആളായിരുന്നു. അന്തരത്തിൽ പാശ്ചാത്യരെ അദ്ദേഹം സ്നേഹിച്ചിരുന്നില്ലെങ്കിലും, ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം ഇപ്രകാരമായിരുന്നു:—“അവർ വലിയ പ്രബലന്മാരാണ്. ഹിന്ദുസ്ഥാനത്തിലെ ആളുകൾക്കു അവരോടെതിർത്തു ജയിക്കാൻ സാധിക്കയില്ല. ഫലിക്കാത്ത ധർമ്മോത്സാഹംവെച്ചു് എന്റെ ഈ ചെറിയ തോട്ടം നഷ്ടപ്പെടേണ്ടിവന്നാൽ അതു വലിയ കഷ്ടമായിത്തീരും. അതുകൊണ്ടു കമ്പനിക്കാരുമായി യുദ്ധംചെയ്‌വാൻ എനിക്കിഷ്ടമില്ല.”

അച്ഛന്റെ വിവേകം കണക്കിലേറെ ആയതുകണ്ടു് ഞങ്ങൾക്കെല്ലാം വല്ലായ്മയുണ്ടായി. വയസ്സായ മുത്തശ്ശിമാർക്കു കൂടി ക്ഷമയില്ലാതായി. “നവാബ്! സാഹേബ്! അങ്ങ് ഞങ്ങളുടെ ഭാഗത്തു ചേർന്നു യുദ്ധംചെയ്‌വാൻ ഭാവമില്ലെങ്കിൽ, യുദ്ധം അവസാനിക്കുന്നതുവരെ അങ്ങയെ ബന്ധനസ്ഥനാക്കി കോട്ടയെ രക്ഷിക്കേണമെന്നാണ് ഞങ്ങൾ തീർച്ചപ്പെടുത്തിയിരിക്കുന്നതു്” എന്നായിരുന്നു കേശവലാലിന്റെ തീരുമാനം. ഇതു കേട്ടപ്പോൾ, ലഹളക്കാരുടെ ഭാഗത്തുചേർന്നുകൊള്ളാമെന്നും അതു വിചാരിച്ചു ക്ലേശിക്കേണ്ടതില്ലെന്നും അച്ഛൻ മറുപടി പറഞ്ഞു.

കേശവലാലിന്നു പണം ആവശ്യമുണ്ടായിരുന്നു. അച്ഛൻ ചെറിയ ഒരു സംഖ്യമാത്രം കൊടുത്തു. ബാക്കി പണം പിന്നീടു ആവശ്യംപോലെ എടുക്കാമെന്നു വാഗ്ദത്തംചെയ്തു.

എനിക്കു അനവധി ആഭരണങ്ങളുണ്ടായിരുന്നു. കേശവലാലിന്നു പണത്തിന്നു തിടുക്കമുണ്ടെന്നറിഞ്ഞപ്പോൾ ഞാൻ അതെല്ലാം ദാസിയുടെ പക്കൽ കൊടുത്തു കേശവലാലിന്നു അയച്ചു. എൻെറ സംഭാവനയെ അദ്ദേഹം സ്വീകരിച്ചതായി ദാസി വന്നു പറഞ്ഞപ്പോൾ എൻെറ ദേഹമാസകലം ആനന്ദപുളകിതമായി. പഴയ തോക്കുകളും, തുരുമ്പുപിടിച്ച വാളുകളും കേശവലാൽ തുടച്ചു പുതുതാക്കിത്തുടങ്ങി. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം വൈകുന്നേരം പെട്ടെന്നു്, ചുവന്ന കുപ്പായക്കാരായ ചില സായ്പന്മാരോടുകൂടി കമ്മീഷണർസായ്പ് കോട്ടയിലേക്കു കടന്നുവന്നു. കേശവലാലിൻെറ ഒരുക്കങ്ങളെപ്പററി എൻെറ അച്ഛൻ അവക്കറിവുകൊടുത്തിരുന്നു. എങ്കിലും, ആ ബ്രാഹ്മണശ്രേഷ്ഠൻെറ പ്രഭാവത്താൽ, അവിടെയുണ്ടായിരുന്ന ചെറുസൈന്യം, പഴയതോക്കും, തുരുമ്പുപിടിച്ച വാളും കഴിയുംപോലെ പ്രയോഗിച്ചുനോക്കി. അച്ഛൻെറ ഗൂഢപ്രവൃത്തിയെപ്പററി എനിക്കു വല്ലാത്ത ലജ്ജതോന്നി. ഒരുവിധത്തിൽ, പൊട്ടിക്കരയാതെ കഴിച്ചുകൂട്ടി. ഒടുവിൽ ആരും അറിയാതെ, എൻെറ ജ്യേഷ്ഠൻെറ ഉടുപ്പു ധരിച്ചു് വേഷപ്രച്ഛന്നയായി ഞാൻ അന്തഃപുരത്തിൽനിന്നു പുറത്തുചാടി. യുദ്ധസംരംഭത്താൽ ഇളകിയ പൊടിയും പുകയും പട്ടാളക്കാരുടെ കോലാഹലവും പീരങ്കികളുടെ ഘോരാരവവും അപ്പോൾ ഒരുമാതിരി ശമിച്ചിട്ടുണ്ടായിരുന്നു. മരണസൂചകമായ പ്രശാന്തത ഭൂമിയിലും ആകാശത്തിലും വ്യാപിച്ചിരുന്നു. യമുനാനദിയിലെ നീലജലത്തെ രക്തവർണ്ണമാക്കിക്കൊണ്ടു ദിനാന്തസൂര്യൻ ചരമാബ്ധിയിൽ മറഞ്ഞു. ഏകദേശം പൂർണ്ണനായ നിശാനാഥൻ ആകാശമണ്ഡലത്തിൽ ഉദിച്ചുയർന്നു. മരിച്ചും മുറിയേററും കിടക്കുന്ന ശരീരങ്ങളെക്കൊണ്ടു യുദ്ധാങ്കണം സങ്കീർണ്ണമായിരുന്നു. മറെറാരു സമയത്തായിരുന്നെങ്കിൽ ഇത്ര ഭയങ്കരമായ ഒരു കാഴ്ച കണ്ടുംകൊണ്ടു നടക്കുവാൻ ഞാൻ ഒരിക്കലും ധൈര്യപ്പെടുകയില്ലായിരുന്നു. എന്നാൽ അന്നുരാത്രി, ഞാൻ, സ്വപ്നാ

ത്തിൽ നടക്കുന്നവകളെപ്പോലെ ഇതരകാൎയ്യങ്ങളെല്ലാം മറന്നു കേശവലാലിനെക്കുറിച്ചു മാത്രമേ ചിന്തിച്ചിരുന്നുള്ളു.

നേരം പാതിരയായപ്പോൾ, കേശവലാലിനെ യമുനാതീരത്തിലെ ഒരു മാവിൻതോട്ടത്തിൽ കണ്ടെത്തി. തന്റെ വിശ്വസ്തഭൃത്യന്റെ മൃതശരീരത്തിന്നടുത്തു് അദ്ദേഹം നിലത്തു വീണുകിടക്കുകയായിരുന്നു. ഒന്നുകിൽ, ഭൃത്യൻ, ശരശകലിതനായിരുന്നിട്ടും, തന്റെ യജമാനനോടുള്ള വാത്സല്യാതിരേകത്താൽ അദ്ദേഹത്തെ ആ സ്ഥലത്തേക്കു ചുമന്നുകൊണ്ടുവന്നു കിടത്തിയതായിരിക്കണം; അല്ലെങ്കിൽ, വ്രണിതാതുരാംഗനായ അദ്ദേഹം തന്റെ പ്രിയപ്പെട്ട ഭൃത്യനെ അവിടെ വഹിച്ചുകൊണ്ടു വന്നിരിക്കണം. ഏതായാലും, ഈ കാഴ്ച കണ്ടപ്പോൾ, എന്റെ ഹൃദയാന്തരത്തിൽ ഇത്രകാലവും അപ്രത്യക്ഷമായി കുടികൊണ്ടിരുന്ന ഭക്തിബഹുമാനാദരങ്ങളെ അടക്കിവെയ്ക്കുവാൻ സാധിക്കാതെ ഞാൻ അദ്ദേഹത്തിന്റെ കാൽക്കൽ സാഷ്ടാംഗപ്രണാമം ചെയ്തു. എന്റെ തലമുടി കൊണ്ടു അദ്ദേഹത്തിന്റെ പാദരേണുക്കളെ തുടച്ചു; തണുത്തു മരവിച്ചിരുന്ന ആ കാലടികളെ തലയിൽവെച്ചു വന്ദിച്ചു. ഇത്രനാളും ഒതുക്കിവെച്ച ബാഷ്പങ്ങൾ അനൎഗ്ഗളമായി പ്രവഹിക്കുവാനും തുടങ്ങി.

തത്സമയം കേശവലാലിന്റെ ശരീരത്തിനു കുറച്ചൊരനക്കമുണ്ടായി. ഒരു ദീനസ്വരം അദ്ദേഹത്തിന്റെ മുഖത്തുനിന്നു നിർഗ്ഗമിച്ചു. ഞാൻ എഴുന്നേററിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ അടഞ്ഞിരുന്നു. വെള്ളം വേണമെന്നു മന്ദസ്വരത്തിൽ പറഞ്ഞതായി എനിക്കു തോന്നി. ഞാൻ ഉടനെ യമുനാതീരത്തിലേക്കു ഓടിച്ചെന്നു, പുടവ വെള്ളത്തിൽ മുക്കി ആ വെള്ളം അദ്ദേഹത്തിന്റെ വായിൽ പിഴിഞ്ഞൊഴിച്ചു. ഇടതെ പുരികത്തിന്നടുത്തായി, ആഴത്തിൽ ഒരു മുറിയുണ്ടായിരുന്നു. പുടവയിൽനിന്നു ഒരു കഷണം ചീന്തി ആ മുറി കെട്ടി. കുറെ നേരം വെള്ളം വായിൽ ഒഴിച്ചുകൊടുക്കുകയും, മുഖത്തു തളിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിനു കുറേശ്ശ പ്രജ്ഞയുണ്ടായി: ഇനിയും വെള്ളം ആവശ്യമുണ്ടോ എന്നു ഞാൻ ചോദിച്ചു. അതിന്നു മറുപടി പറയാതെ, ഞാനാരാണെന്നായിരുന്നു അ

ദ്ദേഹത്തിൻെറ ചോദ്യം. എനിക്കു എൻെറ വികാരങ്ങളെ അടക്കി നിറുത്തുവാൻ സാധിക്കാതെയായി.

"ഞാൻ അങ്ങയുടെ ദാസിയാണു്. നവാബ് ഗുലാംകാദർ ഖാൻെറ മകൾ".

ആസന്നമരണനായ അദ്ദേഹം എൻെറ വാക്കു തള്ളിക്കളയുകയില്ലെന്നും എൻെറ മനോരഥസിദ്ധിക്കു വിഘാതം വരുത്തുകയില്ലെന്നുമായിരുന്നു എൻെറ വിശ്വാസം. പക്ഷെ എൻെറ പേരു കേട്ട ക്ഷണത്തിൽ അദ്ദേഹം അട്ടഹസിക്കാനാണാരംഭിച്ചതു്:—

"രാജദ്രോഹിയുടെ മകളേ! മരിക്കാൻ കിടക്കുന്ന എൻെറ നാവന്നു തൊട്ടു് എൻെറ ജന്മത്തെ അശുദ്ധമാക്കിത്തീർത്ത മഹാപാപി!" എന്നു നിലവിളിച്ചുകൊണ്ടു അദ്ദേഹം എൻെറ വലത്തെ കവിളിൽ ഒരു തല്ലുതല്ലി. എൻെറ തല ചുററിത്തുടങ്ങി. കണ്ണിൻെറ കാഴ്ചയും മങ്ങി.

അന്നു എനിക്കു പതിനാറു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. എന്നുമാത്രമല്ല, അന്തഃപുരം വിട്ടു പുറത്തേക്കു പോയതു ഞാൻ അന്നു ഒന്നാമതായിട്ടാണു്. പനിനീർദളംപോലെ കോമളമായിരുന്ന എൻെറ കവിൾത്തടങ്ങളുടെ സൌഷ്ഠവത്തിന്നു സൂര്യാതപസ്പർശത്താൽ വാട്ടമോ കോട്ടമോ തട്ടിയിരുന്നില്ല. എങ്കിലും ഒന്നാമതായി പുറത്തു കാലെടുത്തുവെച്ച സന്ദർഭത്തിൽ എനിക്കു കിട്ടിയ സമ്മാനം, ഞാൻ ഭക്തിപുരസ്സരം ആരാധിച്ചുപോന്ന പുണ്യവിഗ്രഹത്തിൻെറ നിർഭത്സനമായിരുന്നു!"

സന്യാസിനിയുടെ കഥ കേട്ടുകൊണ്ടിരുന്ന എൻെറ സ്ഥിതി സ്വപ്നതുല്യമായിരുന്നു. എൻെറ ചുരുട്ടിലെ തീ കെട്ടുപോയ കഥ കൂടി ഞാൻ അറിഞ്ഞിരുന്നില്ല. സംസാരത്തിൻെറ സരളതയോ, സ്വരത്തിൻെറ മധുരിമയോ, കഥയുടെ സരസതയോ ഏതാണു എന്നെ അപഹൃതചിത്തവൃത്തിയാക്കിയതെന്നു പറവാൻ പ്രയാസമാണു്. എങ്കിലും ഞാൻ മൌനം ദീക്ഷിച്ചതേയുള്ളൂ.

പക്ഷെ, കഥയുടെ ഈ ഘട്ടത്തിൽ എനിക്കു മൌനം ഭഞ്ജിക്കാതിരിക്കുവാൻ നിവൃത്തിയില്ലാതായി, "മൃഗബുദ്ധി" എന്നു ഞാൻ

സ്വയമേവ പറഞ്ഞുപോയി. സന്ന്യാസിനിക്കു ഇതൊട്ടും സമ്മതമായില്ലെന്നു തോന്നുന്നു. "ആരാണു മൃഗം? മരിക്കാൻ പോകുന്ന മൃഗം, അതിന്നു കുടിക്കാൻ കൊടുക്കുന്ന വെള്ളം വേണ്ടെന്നു പറയാറുണ്ടോ?" എന്നായിരുന്നു അവരുടെ ചോദ്യം. എനിക്കു എന്റെ അബദ്ധം സമ്മതിക്കേണ്ടിവന്നു. "വാസ്തവമാണ്; അതു ദൈവികമായ വിത്തവൃത്തിതന്നെ; സംശയമില്ല" എന്നു ഞാൻ മാററിപ്പറഞ്ഞു. ഈ അഭിപ്രായവും സന്ന്യാസിനിക്കു സമ്മതമായില്ല. "ദൈവികമോ? നിഷ്കപടമായ ഭക്തിയോടുകൂടി ചെയ്യുന്ന ഉപചാരത്തെ നിരാകരിക്കുന്നതാണോ ദൈവികം?" ഈ കണക്കിന്, ആരോടൊന്നും പറയാതിരിക്കുന്നതാണു ഉത്തമമെന്നു ഞാൻ തീർച്ചപ്പെടുത്തി വീണ്ടും മൌനത്തെ അവലംബിച്ചു. അവർ കഥയും തുടന്നു:—

"ഈ അനുഭവം എനിക്കു അത്യന്തം ദുസ്സഹമായിരുന്നു. എന്റെ കാലക്കേടെല്ലാം ഒന്നായിച്ചേർന്നു എന്നെ പിടികൂടിയിരിക്കയാണെന്നു ഞാൻ തീരുമാനിച്ചു. വജ്രഹൃദയനും, നിർദ്ദയനുമായ ആ ബ്രാഹ്മണവീരന്റെ സന്നിധിയിൽനിന്നു പിന്മാറി ഞാൻ ആത്മഗതമായി ഇപ്രകാരം പറഞ്ഞു:—"എളിയവരിൽനിന്ന് പരിചര്യയോ, ഇതരജാതിക്കാരിൽ നിന്നു ആഹാരമോ, ധനവാന്മാരിൽ നിന്നു ദ്രവ്യമോ, യുവജനങ്ങളിൽനിന്നു യൌവനമോ, തരുണികളിൽനിന്നു പ്രണയമോ കൈക്കൊള്ളുവാൻ ഇഷ്ടപ്പെടാത്ത അങ്ങ്, പഞ്ചഭൂതമയമായ ഈ പ്രപഞ്ചത്തിൽനിന്നു എത്രയോ അകന്നിട്ടാണ് സ്ഥിതിചെയ്യുന്നതു്. എന്റെ ആത്മാവിന്നു അങ്ങയുടെ സമ്പർക്കം ലഭിക്കാനുള്ള യോഗ്യത ഇല്ലതന്നെ."

ഞാൻ—ദുർബ്ബലനായ ഒരു നവാബിന്റെ പുത്രി—അദ്ദേഹത്തെ വണങ്ങി വന്ദിക്കുന്നതു കണ്ടപ്പോൾ ആ മഹാത്മാവിന്റെ മനസ്സിൽ എന്തെല്ലാം വിചാരങ്ങളാണു അങ്കുരിച്ചതെന്നു പറയുവാൻ പ്രയാസമാണ്. പക്ഷെ, അദ്ദേഹത്തിന്റെ മുഖത്തു അത്ഭുതത്തിന്റെയോ മററു വല്ല രസത്തിന്റെയോ ലാഞ്ഛനം പോലും ഉണ്ടായിരുന്നില്ല. ക്ഷണനേരം അദ്ദേഹം എന്റെ മുഖത്തു തുറിച്ചുനോക്കി സാവധാനത്തിൽ എഴുന്നേററിരുന്നു. ഞാൻ കൈ നീട്ടി അദ്ദേഹത്തെ സഹായിക്കുവാൻ ഭാവിച്ചുവെങ്കിലും അദ്ദേഹം അതു കൂട്ടാക്കാതെ, വളരെ പണിപ്പെട്ടു പുഴവക്കിലേ

ക്കു ഇഴഞ്ഞുപോയി. അവിടെ ഒരു തോണി ബന്ധിച്ചിട്ടുണ്ടായിരുന്നു. കടവുകാരനോ, മററു യാത്രക്കാരോ അവിടെ ഉണ്ടായിരുന്നില്ല. കേശവലാൽ തോണിയ്ക്കുള്ളിൽ കയറിയിരുന്ന്, കെട്ടഴിച്ചു പുഴയിലേക്കു യാത്രയായി. ആ പുണ്യവിഗ്രഹം എന്റെ ദൃഷ്ടിയിൽനിന്നു മറഞ്ഞു.

ഒരു ചെടിയിൽനിന്ന്, അകാലത്തിൽ, ഒടിച്ചെടുത്ത പുഷ്പം പോലെ, ഞാൻ എന്റെ പ്രേമത്തേയും യൌവനത്തേയും തൃണവൽക്കരിച്ച്, യമുനാതീർത്ഥത്തിൽ ചാടി കേശവലാൽ പോയ വഴിയേ പോയ്ക്കളഞ്ഞാലോ എന്നായിരുന്നു എന്റെ ആദ്യത്തെ ആലോചന. എങ്കിലും അതു വൃഥാവിലായിരുന്നു. ഉദിച്ചു പൊങ്ങിയ ചന്ദ്രനും, യമുനാനദിയുടെ മറുകരയിൽ നിരന്നുനിന്നിരുന്ന വൃക്ഷസമൂഹവും, നീലനിറത്തിൽ നിശ്ചലമായി പരന്നുകിടന്ന നദീജലവും അകലെയുള്ള മാവിൻതോട്ടവും, അതിന്നപ്പുറത്തെ പ്രാകാരവും, എന്റെ കർണ്ണരന്ധ്രങ്ങളിൽ മരണമന്ത്രം ഉപദേശിക്കുന്നപോലെ തോന്നി. പ്രശാന്തരമണീയമായ ചന്ദ്രികയ്ക്കിടയിൽക്കൂടി എന്നെ ആലിംഗനം ചെയ്യുവാൻ ഭാവിച്ച മരണദേവതയുടെ അധീനതയിൽനിന്നു എന്നെ വേർപെടുത്തി വീണ്ടും ജീവിതസരണിയിലേക്കു പ്രത്യാനയിച്ചതു്, പ്രവാഹവേഗത്താൽ കണ്ണെത്താത്ത ദൂരത്തേയ്ക്കു ഒഴുകിപ്പോയ്ക്കൊണ്ടിരുന്ന ആ ചെറുതോണിമാത്രമായിരുന്നു.

നിബിഡമായ ഞാങ്ങണ“പ്പൊന്ത” കളും മണൽത്തിട്ടുകളും വെള്ളവും ചളിയും കുന്നും മേടും കടന്നു യമുനാതീരത്തിലൂടെ ഞാൻ ഒരു സ്വപ്നസഞ്ചാരിയുടെ മാതിരി കുറെ ദൂരം ചെന്നു.

ഈ ഘട്ടത്തിൽ സന്യാസിനി കഥ നിർത്തി മൌനം അവലംബിച്ചു. ഞാൻ ആ സമാധിയെ ഭഞ്ജിക്കാൻ തുനിഞ്ഞില്ല. കുറേ നേരം കഴിഞ്ഞു വീണ്ടും കഥ തുടർന്നു:—

“അതിന്നുശേഷം നടന്ന സംഭവങ്ങളൊന്നും എനിക്കു നല്ലപോലെ ഓർമ്മയില്ല. അതെല്ലാം ഒന്നൊന്നായി ക്രമത്തിൽ വിവരിച്ചു കഥയെ വിശദമാക്കുവാൻ എനിക്കു ശേഷിയില്ല. ഞാൻ വിജനമായ ഒരു മഹാരണ്യത്തിലാണ് സ്ഥിതിചെയ്യുന്നതെന്നു എ

നിക്കു തോന്നി. ദിഗ്ഭ്രമം നിമിത്തം എങ്ങോട്ടു പോകേണ്ടു എന്നറിയാതെ കുഴങ്ങി; വഴിയറിയാതെ വളരെ പാടുപെട്ടു. കഥ എവിടെയാണാരംഭിക്കേണ്ടതെന്നും, എവിടെയാണവസാനിപ്പിക്കേണ്ടതെന്നും, എന്തൊക്കെയാണു് പ്രത്യേകം പ്രസ്താവിക്കേണ്ടതെന്നും, എന്തൊക്കെ തള്ളിക്കളയേണ്ടതാണെന്നും, അതെങ്ങിനെയാണു് നിങ്ങളെ ധരിപ്പിക്കേണ്ടതെന്നും എനിക്കു യാതൊരു വിവരവും ഇല്ല. ഈ ലോകത്തിൽ അസാദ്ധ്യമായോ ദുസ്സാദ്ധ്യമായോ യാതൊന്നും ഇല്ലെന്നു് എന്റെ അനുഭവംകൊണ്ടു എനിക്കറിയാറായിട്ടുണ്ടു്. അന്തഃപുരത്തിനുള്ളിൽ ജനിച്ചുവളൎന്ന ഒരു പെൺകിടാവിന്നു് ഈവക പ്രതിബന്ധങ്ങളെല്ലാം പ്രഥമദൃഷ്ടത്തിൽ അനതിലംഘ്യങ്ങളായി തോന്നിയേക്കാമെങ്കിലും അതു വെറും തോന്നൽ മാത്രമാണെന്നു വേഗത്തിൽ വെളിപ്പെടുന്നതാണു്. പുറത്തിറങ്ങി ആ തടസ്ഥങ്ങളോടു പൊരുതുമ്പോൾ എന്തെങ്കിലും ഒരു നിവൃത്തിമാൎഗ്ഗം കാണാതിരിക്കയില്ല. അതൊരു രാജമാൎഗ്ഗമല്ലെന്നു വന്നേക്കാം—നേരെമറിച്ചു്, അതു് ക്ലിഷ്ടവും വക്രവും കൎക്കശവും സുഖദുഃഖസമ്മിശ്രവും ആയിരിക്കാം. എങ്കിലും അതു ജനങ്ങളെ അവരവരുടെ ജീവിതാദൎശത്തിലേക്കു വഴി കാണിക്കുന്നതായിരിക്കും എന്നു തീൎച്ചയാണു്.

ലോകത്തിൽ പലരും പരിചയിച്ചറിഞ്ഞിട്ടുള്ള ഈ മാൎഗ്ഗത്തിലൂടെ ഞാൻ ചെയ്ത സഞ്ചാരങ്ങൾ നിങ്ങൾക്കു രസകരമായിരിക്കയില്ല. അഥവാ രസകരമാണെങ്കിൽതന്നെ, അതെല്ലാം വിസ്തരിച്ചു പറയുവാൻ എനിക്കു ത്രാണിയും ഇല്ല. ഞാൻ അനവധി കഷ്ടതകളും ആപത്തുകളും അധിക്ഷേപങ്ങളും അനുഭവിച്ചു. എന്നിട്ടും ജീവനിലുള്ള പ്രതിപത്തിയ്ക്കു യാതൊരു കുറവും ഭവിച്ചിട്ടില്ല. തീബാണത്തിന്റെ സമ്പ്രദായത്തിൽ എന്റെ ഹൃദയം എത്രകണ്ടു അധികമായി കത്തിജ്വലിച്ചുവോ അത്ര കണ്ടു എന്റെ ജീവിതഗതിക്കു വേഗതകൂടി. ഈ വേഗത നിലനിന്നകാലത്തോളം ഞാൻ എന്റെ മനോദണ്ഡം അറിഞ്ഞിരുന്നില്ല. എന്റെ പരമഭാഗ്യവും പരമദീനതയും അവസാനിച്ചതോടുകൂടി എന്റെ ചൈതന്യവും നാമാവശേഷമായി. എന്റെ ജീവിതയാത്ര അവസാനിക്കാറായി; എന്റെ ചരിത്രവും സംപൂൎണ്ണമായി."

സന്ന്യാസിനി ഈ ഘട്ടത്തിൽ സംസാരം നിൎത്തി. ഇങ്ങിനെ നിറുത്തുന്നതു ശരിയല്ലെന്നു ഞാൻ ഒരു ശിരഃകമ്പനത്താൽ അവൎക്കു മനസ്സിലാക്കിക്കൊടുത്തു. അപരിഷ്കൃതമായ എന്റെ ഹിന്ദിഭാഷയിൽ ഞാൻ ഇപ്രകാരം അപേക്ഷിക്കുകയും ചെയ്തു:—

"എന്റെ മൎയ്യാദകേടു ക്ഷമിക്കണം. കഥയുടെ അവസാനഘട്ടത്തെ കുറേക്കൂടി വിശദമാക്കിത്തന്നാൽ നന്നായിരുന്നു."

എന്റെ 'മുറിയൻ' ഹിന്ദി അവരെ കണക്കിലേറെ വിനോദിപ്പിച്ചു. അവരുടെ മന്ദഹാസം ഇതിനൊരു ലക്ഷ്യമായിരുന്നു. ഞാൻ കുറെ അധികം വ്യക്തമായി സംസാരിച്ചിരുന്നെങ്കിൽ അവൎക്കു എന്റെ പേരിൽ അത്രയധികം അനുകൂല്യം തോന്നുമായിരുന്നോ എന്നു സംശയമാണ്. എന്റെ ഭാഷയുടെ അസ്ഫുടതയാണ് എന്നെ സഹായിച്ചതു്. ഏതായാലും അവർ വീണ്ടും സംസാരിക്കാൻ ആരംഭിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ:—

"കേശവലാലിനെക്കുറിച്ചു ഇടയ്ക്കിടെ കേട്ടറിഞ്ഞതല്ലാതെ അദ്ദേഹത്തെ ഒരു നോക്കു കാണ്മാൻ എനിക്കു കഴിഞ്ഞില്ല. അദ്ദേഹം 'താന്തിയാതോപ്പി'യുടെ സംഘത്തിൽ ചേൎന്നിരിക്കുന്നു എന്നു എനിക്കറിവു കിട്ടി. ചിലപ്പോൾ അദ്ദേഹം കിഴക്കൻദിക്കിലാണെന്നു കേൾക്കാം; ചിലപ്പോൾ പെട്ടെന്നു പടിഞ്ഞാറൻദിക്കിൽ ഉണ്ടെന്നു കേൾക്കാം; അപ്രതീക്ഷിതമായ കൊടുങ്കാററിന്റെ വരവും പോക്കുംപോലെ ആയിരുന്നു അദ്ദേഹത്തിന്റെ ഗതാഗതങ്ങൾ. ഞാൻ ഒരു സന്ന്യാസിനിയുടെ വേഷം ധരിച്ചു കാശിക്കു പുറപ്പെട്ടു. അവിടെ ശിവാനന്ദസ്വാമിയുടെ ശിഷ്യസ്ഥാനം കൈക്കൊണ്ടു ഞാൻ സംസ്കൃതശാസ്ത്രങ്ങൾ പഠിക്കാനാരംഭിച്ചു. സ്വാമിയെ ഞാൻ 'അച്ഛ'നെന്നായിരുന്നു വിളിച്ചിരുന്നതു്. ലോകത്തിന്റെ നാനാഭാഗങ്ങളിലെ വൎത്തമാനവും സ്വാമിക്കു കിട്ടാറുണ്ടായിരുന്നു. എന്റെ പഠിപ്പിന്നു ഭംഗം വരാത്തവിധത്തിൽ ഞാൻ യുദ്ധവാൎത്തകളും ശ്രദ്ധിച്ചു കേൾക്കാറുണ്ടായിരുന്നു. ലഹളകൾ അവസാനിച്ചു നാട്ടിലെങ്ങും സമാധാനമായെന്ന വിവരം ഞാൻ ഇങ്ങിനെയാണറിഞ്ഞതു്.

"അതിൽപിന്നീട് കേശവലാലിനെക്കുറിച്ചുള്ള വൎത്തമാനങ്ങളും കിട്ടാതെയായി. സംഹാരദേവതയുടെ കരാളതേജസ്സിന്റെ സഹായത്താൽ ഇത്രനാളും സുവ്യക്തമായി കാണ്മാൻ കഴിഞ്ഞിരുന്ന സ്വരൂപങ്ങളെല്ലാം, ശാന്തിയുടെ ആവിൎഭാവത്തോടുകൂടി, അന്ധകാരഗഹ്വരത്തിൽ മറഞ്ഞു. ഞാൻ ഗുരുനാഥനോടു യാത്ര പറഞ്ഞു്, കേശവലാലിനെ അന്വേഷിച്ചു പുറപ്പെട്ടു. അനേകം പുണ്യസ്ഥലങ്ങളിൽ അദ്ദേഹത്തെ തിരഞ്ഞു നടന്നു; എങ്കിലും ഫലമുണ്ടായില്ല. യുദ്ധഭൂമിയിലല്ലെങ്കിൽ യുദ്ധാനന്തരം പട്ടാളനിയമപ്രകാരം, അദ്ദേഹം മരിച്ചിരിക്കാനിടയുണ്ടെന്നായിരുന്നു ചിലരുടെ അഭിപ്രായം; അങ്ങിനെ വരാൻ തരമില്ലെന്നു ഞാനും വിശ്വസിച്ചു. കേശവലാൽ മരിക്കുകയോ?— ആ ബ്രഹ്മതേജസ്സു നശിക്കുകയോ?— ആ ദിവ്യചൈതന്യം, എന്റെ ജീവിതബലിയെ കൈക്കൊള്ളുവാൻ സന്നദ്ധമായി, ഏതെങ്കിലും ഒരു ബലിപീഠത്തിന്മേൽ ജ്വലിച്ചെരിയുന്നുണ്ടായിരിക്കണം എന്നായിരുന്നു എന്റെ ദൃഢവിശ്വാസം.

"ഹീനജാതിക്കാൎക്കും, സൽകൎമ്മാനുഷ്ഠാനത്താൽ ബ്രാഹ്മണത്വം സിദ്ധിക്കാവുന്നതാണെന്നു് ഹിന്ദുശാസ്ത്രങ്ങൾ ഘോഷിക്കുന്നുണ്ടെങ്കിലും ഒരു മുസൽമാൻ അങ്ങിനെ ബ്രഹ്മപദവിയെ പ്രാപിച്ചതായി എവിടേയും കേട്ടിട്ടില്ല. കേശവലാലുമായി സംസൎഗ്ഗം ചെയ്യുവാൻ ഞാൻ അൎഹയായിത്തീരേണമെങ്കിൽ, ഒന്നാമതു് ബ്രാഹ്മണത്വം സിദ്ധിക്കേണ്ടതാവശ്യമായിരുന്നതിനാൽ, എന്റെ ആഗ്രഹനിവൃത്തി ക്ഷിപ്രസാദ്ധ്യമല്ലെന്നു വന്നു. ഇങ്ങിനെ മുപ്പതു സംവത്സരം കഴിഞ്ഞു. മനോവാക്കൎമ്മങ്ങളിൽ എനിക്കു ബ്രാഹ്മണത്വം സിദ്ധമായി: എന്റെ ബ്രാഹ്മണമുത്തശ്ശിയുടെ അനന്തരാവകാശിയുടെ നിലയിൽ എനിക്കും ബ്രാഹ്മണപദവി കിട്ടി. എന്റെ ജന്മം പരിശുദ്ധമായി. യാതൊരു വികല്പവും കൂടാതെ, എന്റെ ആത്മാവു്, അതിന്റെ പരദൈവതമായ ആ ബ്രാഹ്മണശ്രേഷ്ഠന്റെ പാദാരവിന്ദങ്ങളിൽ പതിച്ചു. അദ്ദേഹത്തിന്റെ ധീരകൃത്യങ്ങളെപ്പററി പലേ കഥകളും ഞാൻ കേട്ടിരുന്നു; എങ്കിലും

ൻതൊന്നുമല്ല എൻെറ ഹൃദയത്തിൽ പതിഞ്ഞിരുന്നതു്. ചന്ദ്രി
കാപ്രകാശിതമായ യമുനാജലത്തിൽ, അപ്രതിഘാതമായി ഒഴുകി
ക്കൊണ്ടിരുന്ന തോണിയിൽ പ്രതിഷ്ഠിതമായ ആ പുണ്യവിഗ്രഹ
മാണു് ശിലാരേഖപോലെ എൻെറ അന്തരംഗത്തിൽ നിലനില്ക്കു
ന്നതു്. അനന്യസഹായനായി—അഥവാ, ആ ധീരാത്മാവിന്നു്
അന്യാശ്രയം എന്തിനാണു്?—അദ്ദേഹം അപ്രത്യക്ഷമായ ഏ
തോ ഒരു ലോകരഹസ്യത്തെ പിന്തുടൎന്നുപോവുകയാണെന്നു ഞാൻ
സങ്കല്പശക്ത്യാ മനസ്സിലാക്കി.

"കുറെ കാലം കഴിഞ്ഞപ്പോൾ എനിക്കു അദ്ദേഹത്തെപ്പ
റ്റി ചില വൎത്തമാനങ്ങൾ കിട്ടി. ശിക്ഷാനിയമത്തിൽ നിന്നു ര
ക്ഷപ്പെടുവാൻ വേണ്ടി അദ്ദേഹം നേപ്പാൾരാജ്യത്തിൽ അഭയം
പ്രാപിച്ചിട്ടുണ്ടെന്നറിയുകയാൽ ഞാൻ നേപ്പാളിലേക്കു തിരിച്ചു.
ഞാൻ അവിടെ എത്തുന്നതിന്നു അനവധി സംവത്സരങ്ങൾ മു
മ്പെ അദ്ദേഹം ആ നാടുവിട്ടു പോയിരുന്നു! എങ്ങോട്ടാണെന്നു
ആൎക്കും വിവരമില്ല. അന്നുതുടങ്ങി ഞാൻ മലയായ മലയെല്ലാം
കയറി മറിഞ്ഞു. ഒടുവിൽ ഇവിടെ എത്തി. ഈ ദിക്കിലെ ആ
ളുകളെല്ലാം മ്ലേച്ഛന്മാരാണു്. അവരുടെ ആഹാരാദികൾക്കു യാ
തൊരു വ്യവസ്ഥയും ഇല്ല. അവരുടെ ദൈവപൂജയും ഒന്നു വേ
റെതന്നെയാണു്. അവരിൽനിന്നു അശുദ്ധിയേൽക്കാതെ ഞാൻ
വളരെ സൂക്ഷിച്ചു കഴിച്ചുകൂട്ടുകയാണു്. എൻെറ ജീവിതപോതം
കരയ്ക്കണയാറായി.

"പിന്നെ—ഞാനെങ്ങിനെയാണീക്കഥ അവസാനിപ്പിക്കേ
ണ്ടതു്? അവസാനം എല്ലാപ്പോഴും സംക്ഷിപ്തമായിരിക്കും. ഒരൊ
റ്റ ഉച്ഛ്വാസത്താൽ വിളക്കു അണഞ്ഞുപോകാറില്ലേ? പിന്നെ
യെന്തിനാണു് ഞാൻ ഈ കഥ വളച്ചു നീട്ടുന്നതു്? മുപ്പത്തെട്ടുകൊ
ല്ലത്തെ വേർപാടിന്നുശേഷം ഇന്നു രാവിലെ എനിക്കു കേശവലാ
ലിനെ കാണ്മാൻ സാധിച്ചു."

"എങ്ങിനെ കണ്ടെത്തി?" എന്നു ചോദിക്കാതിരിക്കത്തക്ക
ക്ഷമ എനിക്കില്ലായിരുന്നു. സന്യാസിനി കഥ തുടൎന്നു:—

"മ്ലേച്ഛന്മാരുടെ ഗ്രാമത്തിലുള്ള ഒരു വീട്ടിൻെറ ഉമ്മറത്തു്,
ഗോതമ്പക്കതിരുകൾ ശേഖരിച്ചുവെയ്ക്കുന്ന ഒരാളെ ഇന്നു രാവിലെ

ഞാൻ യദൃച്ഛയാ കണ്ടെത്തി. ആയാൾ കേശവലാലായിരുന്നു. അയാളുടെ കൂട്ടുകാർ, അതേ ജാതിക്കാരിയായ ഭാൎയ്യയും, അവളുടെ മക്കളും, മക്കളുടെ മക്കളും ഉണ്ടായിരുന്നു.''

ഇതായിരുന്നു കഥയുടെ അവസാനം. അസന്തുഷ്ടചിത്തയായ ഈ സ്ത്രീയെ സമാധാനിപ്പിക്കുവാൻ രണ്ടു വാക്കു പറയാതിരിക്കുന്നതു മൎയ്യാദയല്ലെന്നു തീൎച്ചയാക്കി ഞാൻ ഇങ്ങിനെ പറഞ്ഞു:—

"മരണശിക്ഷ ഭയന്നു പത്തുമുപ്പത്തെട്ടുകൊല്ലം മ്ലേച്ഛന്മാരുടെ കൂട്ടത്തിൽ പാൎത്തുപോന്ന ഒരാൾക്കു ജാതിവലിപ്പം നിലനിൎത്താൻ സാധിക്കാത്തതിലെന്താണത്ഭുതം."

ഇതിനു സന്യാസിനിയുടെ ഉത്തരം ഇപ്രകാരമായിരുന്നു:—

"അതെല്ലാം എനിക്കറിയാം. ചെറുപ്പകാലം മുതൽക്കേ എന്റെ ഹൃദയത്തെ ആകൎഷിച്ച ഈ ബ്രാഹ്മണനിൽ ഞാൻ എത്രമാത്രം ഭ്രമിച്ചു! ആചാരപരമ്പരയെ മാത്രം അനുസരിച്ചു് അദ്ദേഹം അനുഷ്ഠിച്ച നിത്യകൃത്യങ്ങളെ ഞാൻ എത്രമാത്രം തെററിദ്ധരിച്ചു! അതെല്ലാം സാമാന്യാതീതമായ ഭക്തിപ്രകടനമാണെന്നല്ലേ ഞാൻ ശങ്കിച്ചതു്. പതിനാറാം വയസ്സിൽ അന്തഃപുരത്തെ വിട്ടു പുറത്തിറങ്ങിയ ദിവസം, ഭക്തിപരവശയായിത്തീൎന്ന ഞാൻ അയാളെ ശരണംപ്രാപിച്ചു് എന്റെ സൎവ്വം സമൎപ്പിച്ചതിനു പ്രതിഫലമായി ആ ബ്രാഹ്മണൻ എന്നോടു കാണിച്ച നിൎമ്മൎയ്യാദത്തെ ഗുരുനാഥാനുഗ്രഹമാണെന്നു വിശ്വസിച്ചതിന്റെ കാരണവും മേല്പറഞ്ഞ പ്രമാദംതന്നെയായിരുന്നു. ഹാ! ദുഷ്ടബ്രാഹ്മണാ! പഴയ ചടങ്ങുകളെല്ലാം വേണ്ടെന്നുവച്ചു, അങ്ങു് ഇപ്പോൾ പുതിയ സമ്പ്രദായങ്ങൾ കൈക്കൊണ്ടിരിക്കയാണു്. എന്നാൽ, എന്നിൽനിന്നു ഇങ്ങിനി വരാത്തവണ്ണം അകന്നുപോയ ആയുസ്സും യൌവനവും എനിക്കു എവിടുന്നാണു കിട്ടാൻ പോകുന്നതു്?"

ഇത്രയും പറഞ്ഞു സന്യാസിനി എഴുന്നേററു് "ബാബു, നമസ്കാരം" എന്നു പറഞ്ഞു പുറപ്പെടാൻ ഭാവിച്ചു. ഉടനെതന്നെ "സാമസ്സി! സലാം" എന്നു മററിപ്പറഞ്ഞുംകൊണ്ടു് അവിടെനിന്നു

അന്തർദ്ധാനംചെയ്തു. ഞാൻ മറുപടി പറയാൻ തുടങ്ങുമ്പോഴേക്ക്, അവർ ഹിമാലയപാർശ്വത്തിലെ മഞ്ഞിന്നുള്ളിൽ മറഞ്ഞിരുന്നു.

ക്ഷണനേരം, ഞാൻ കണ്ണു രണ്ടും ചിമ്മി അവർ പറഞ്ഞ കഥയെല്ലാം മനസ്സിൽ ഉരുവിട്ടു. അന്തഃപുരത്തിന്റെ ജനലിന്നരികെയിരുന്നുകൊണ്ട്, യമുനാതീരത്തിൽ നിത്യകർമ്മാനുഷ്ഠാനംചെയ്യുന്ന ബ്രാഹ്മണനെ നിമേഷരഹിതങ്ങളായ നയനങ്ങളെക്കൊണ്ടു നോക്കിനിൽക്കുന്ന ബാലികയേയും, സന്യാസിനിയുടെ വേഷംധരിച്ചു ക്ഷേത്രങ്ങൾതോറും നടന്നു ഉപവസിക്കുന്ന തരുണിയേയും, ഡാർജീലിങ്ങിലെ നിരത്തിന്നരികേ ഇരുന്നു നിലവിളിക്കുന്ന അനാഥസ്ത്രീയേയും ഞാൻ എന്റെ മനോദർപ്പണത്തിൽ കണ്ടു. രണ്ടു ഭിന്ന മതസ്ഥന്മാരുടെ രക്തം ഒരേ ശരീരത്തിൽ ഒത്തുചേന്ന വിശേഷവിധികൊണ്ടും, ഹിന്ദിഭാഷയുടെ ലാളിത്യംകൊണ്ടും, ആ സ്ത്രീയുടെ കരുണരസപ്രധാനമായ സരസസംഭാഷണം എന്റെ മനസ്സിൽനിന്നു വിട്ടുപോയതേയില്ല.

ഞാൻ കണ്ണു തുറന്നു. അപ്പോൾ മഞ്ഞെല്ലാം നീങ്ങിയിരുന്നു. കുന്നിൻചെരിവുകളിൽ ആദിത്യകിരണങ്ങൾ തിളങ്ങിക്കൊണ്ടിരുന്നു. റിക്ഷാവണ്ടികളിൽ മദാമ്മമാരും കുതിരപ്പുറത്തു വെള്ളക്കാരും സവാരി ആരംഭിച്ചിരുന്നു. സാൽവകൾകൊണ്ട് തലമൂടിക്കെട്ടി. ചില ഗുമസ്തന്മാർ എന്റെ വേഷം കൌതുകത്തോടെ നോക്കിക്കൊണ്ട് അവരവരുടെ ജോലിക്കു പോയിത്തുടങ്ങിയിരുന്നു.

ഞാൻ എഴുന്നേററു. അവിടത്തെ വെയിലും വെളിച്ചവും കണ്ടപ്പോൾ സന്യാസിനിയുടെ കഥയുടെ യാഥാർത്ഥ്യത്തെപ്പററി സംശയം തോന്നിത്തുടങ്ങി. ചുരുട്ടിലെ പുകയും കുന്നിലെ മഞ്ഞുംപോലെ ആ കഥയും അതിലെ നായികാനായകന്മാരും വെറും "പുക"യായിരിക്കാമെന്നാണ് ഇപ്പോഴും എന്റെ ബോദ്ധ്യം.

—:0:—

# കൈലാസബാബു

ഒരുകാലത്തു് "നയഞ്ചോറി"ലെ ബാബുക്കൾ വളരെ പ്രസിദ്ധപ്പെട്ട ജന്മികളായിരുന്നു. അവർ പണം ചിലവുചെയ്യുന്നതിൽ കാണിച്ച നിർല്ലക്ഷ്യത നാടെങ്ങും പ്രസിദ്ധമായിരുന്നു. മസ്ലിൻ മുണ്ടിന്റെ 'പരുക്കൻ'കര ശരീരത്തിൽ തട്ടുന്നതു ദുസ്സഹമാണെന്നു കരുതി അവർ ആ ഭാഗം ചീന്തിക്കളയുക പതിവായിരുന്നു. ഒരു പൂച്ചക്കുട്ടിയുടെ കല്യാണത്തിന്നു വേണ്ടി അനേകായിരം ഉറുപ്പിക ചിലവഴിക്കുവാൻ അവർക്കു തീരെ സങ്കോചം തോന്നാറില്ല. ഒരിക്കൽ, രാത്രി പകലാക്കാൻ വേണ്ടി അവർ അനവധി വിളക്കുകൾ കൊളുത്തി വെച്ചതിന്നു പുറമെ, സൂര്യപ്രകാശത്തെ അനുകരിക്കാൻ ഉദ്ദേശിച്ചു് ആകാശത്തിൽനിന്നു വെള്ളിശലാകകൾ വർഷിച്ചതായും ഒരു കിംവദന്തിയുണ്ടു്. അതു പ്രളയത്തിന്നു മുമ്പായിരുന്നു. പ്രളയം വന്നു. രാജപദവിയിൽ ജീവിതം നയിച്ചുപോന്ന ഈ പുരാതന 'ബാബു' കുടുംബത്തിലെ പാരമ്പര്യം വളരെക്കാലത്തോളം നിലനിൽക്കത്തക്കതല്ലായിരുന്നു. അധികം തിരികൾ കത്തുന്ന വിളക്കുപോലെ, എണ്ണ എല്ലാം അചിരേണ അവസാനിച്ചു. വെളിച്ചവും നാമാവശേഷമായി.

അസ്തമിതമായ ഈ മഹത്വത്തിന്റെ അന്ത്യപ്രതിനിധിയാണു് ഞങ്ങളുടെ അയൽവീട്ടുകാരൻ കൈലാസബാബു. അദ്ദേഹത്തിന്റെ കുട്ടിക്കാലത്തുതന്നെ കുടുംബത്തിന്റെ അധഃപതനം മിക്കവാറും പരിപൂർത്തി പ്രാപിച്ചിരുന്നു. കൈലാസബാബുവിന്റെ അച്ഛന്റെ മരണാനന്തരം, ശവസംസ്കാരാദിക്രിയകൾക്കു വേണ്ടി ധാടിപൂരമായി പണം ചിലവിട്ടു. അതിൽ പിന്നെ "ദീപാളി"യാവുകയും ചെയ്തു. കടം വീട്ടാൻവേണ്ടി സ്വത്തുക്കളെല്ലാം വിററു. ശേഷിച്ച പണം, കുടുംബത്തിന്റെ പുരാതനയോഗ്യതകളെ നിലനിർത്തിക്കൊണ്ടുവരുന്നതിന്നു തീരെ മതിയായിരുന്നില്ല.

കൈലാസബാബു 'നയഞ്ചോർ' വിട്ടു കൽക്കത്തയ്ക്കു വന്നു. അദ്ദേഹത്തിന്റെ മകൻ, അസ്തമിതപ്രതാപമായ ഈ ലോകത്തിൽ

അധികകാലം ജീവിച്ചിരുന്നില്ല. തന്റെ ഏകപുത്രിയെ അപ്പന്റെ അധീനതയിൽ ഏല്പിച്ചു് ആയാൾ പരലോകപ്രാപ്തനായി.

കൽക്കത്തയിൽ ഞങ്ങൾ കൈലാസബാബുവിന്റെ അയൽവക്കക്കാരാണ്. ഞങ്ങളുടെ കുടുംബചരിത്രം അദ്ദേഹത്തിന്റേതിന്നു നേരെ വിപരീതമായിട്ടുള്ളതാണ്. എന്റെ അപ്പൻ സ്വന്ത പ്രയത്നത്താൽ കുറെ പണം സമ്പാദിച്ചു; അതിൽനിന്ന് അനാവശ്യമായി ഒരു കാശുപോലും ചിലവിടാറില്ലെന്ന് അദ്ദേഹത്തിന്നു വലിയ അഭിമാനവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉടുപ്പും ചെരുപ്പുകളും ഒരു പ്രയത്നശീലന്ന് ചേർന്നവയായിരുന്നു. ആഡംബരത്തിന്നു വേണ്ടി ദുർവ്യയംചെയ്ത് 'ബാബു' സ്ഥാനം കിട്ടേണമെന്ന് അദ്ദേഹത്തിന്ന് ഒരിക്കലും ആഗ്രഹം തോന്നിയിരുന്നില്ല. അപ്പന്റെ ഏകപുത്രനായ എനിക്ക് അതുനിമിത്തം അദ്ദേഹത്തോടു വലിയ കൃതജ്ഞതയും ഉണ്ട്. അദ്ദേഹം എനിക്കു ഏററവും ഉത്തമമായ വിദ്യാഭ്യാസം തന്നു. ലോകത്തിൽ കഴിഞ്ഞുകൂടുവാൻ അത് എന്നെ നല്ലപോലെ സഹായിച്ചു. എനിക്കുള്ള സ്വത്തു സകലവും സ്വാർജ്ജിതമാണെന്നു പറയുന്നതിൽ ഞാൻ ഒട്ടുംതന്നെ മടിക്കുന്നില്ല. ഒഴിഞ്ഞ അൽമാരയിൽ സൂക്ഷിച്ചുവെയ്ക്കുന്ന പാരമ്പര്യ മഹിമയെക്കാൾ, എന്റെ ഇരുമ്പുപെട്ടിയിലെ ബാങ്ക്നോട്ടുകളുടെ ചുരുളുകളാണ് എനിക്കധികം പ്രിയമായിട്ടുള്ളത്.

പുരാതനമായ 'ബാബു'ത്വത്തിന്റെ സ്മരണയാകുന്ന പൊളിഞ്ഞ ബാങ്കിൽനിന്നു ജനവിശ്വാസമായ ജാമ്യത്തിന്മേൽ "ചെക്കു"കൾ മാറിക്കൊണ്ടിരുന്ന കൈലാസബാബുവിനെ കാണുന്നതുപോലും എനിക്കു ദുസ്സഹമായിത്തീരാൻ സംഗതി ഇതു തന്നെ ആയിരിക്കണം. എന്റെ അപ്പൻ പണം സമ്പാദിച്ചതു സ്വന്ത പ്രയത്നത്താലാണെന്നറിയുകയാൽ ബാബുവിന്നു എന്നെക്കുറിച്ചു വലിയ പുച്ഛമാണെന്നും ഞാൻ വിചാരിക്കാറുണ്ടായിരുന്നു.

കൈലാസബാബുവോടു ഞാനല്ലാതെ മററാരും "അലോഹ്യം" ഭാവിച്ചിരുന്നില്ലെന്നു ഞാൻ മനസ്സിലാക്കേണ്ടതാ

യിരുന്നു. അദ്ദേഹത്തെക്കാൾ നിർദ്ദോഷിയായ ഒരു വൃദ്ധനെ കണ്ടുകിട്ടാൻ നന്നേ പ്രയാസമുണ്ട്. സന്തോഷത്തിലും സന്താപത്തിലും അദ്ദേഹം ലോകമര്യാദകൾ അനുഷ്ഠിക്കുന്നതിനു സദാ സന്നദ്ധനായിരുന്നു. അയൽവക്കക്കാരുടെ അടിയന്തരങ്ങളിലും മതാനുഷ്ഠാനങ്ങളിലും അദ്ദേഹം പങ്കുകൊള്ളാറുണ്ടായിരുന്നു. ചെറുപ്പക്കാരെയും വയസ്സന്മാരെയും ഒന്നുപോലെ അദ്ദേഹം മന്ദസ്മിതത്താൽ അഭിവാദ്യംചെയ്യുക പതിവായിരുന്നു. കുടുംബകാര്യങ്ങളെപ്പററി അന്വേഷിക്കുന്നതിൽ അദ്ദേഹം പ്രദർശിപ്പിക്കാറുള്ള മര്യാദ അത്യാശ്ചര്യമായിരുന്നു. വഴിയിൽ കാണുന്ന സ്നേഹിതന്മാരെ പിടിച്ചുനിർത്തി അദ്ദേഹം ഇടവിടാതെ ചെയ്യാറുള്ള കുശലാന്വേഷണങ്ങളുടെ സമ്പ്രദായം കുറച്ചൊന്നു താഴെ കാണിക്കാം:—

‘‘എന്റെ പ്രിയസ്നേഹിതാ, നിങ്ങളെ കണ്ടതു വലിയ സന്തോഷമായി. സുഖം തന്നെയല്ലേ? ശരിക്കോ? ജ്യേഷ്ഠനോ? സുഖക്കേടൊന്നും ഇല്ലല്ലോ. നിങ്ങളറിഞ്ഞില്ലേ, മധുവിന്റെ മകനു പനിയാണെന്ന് ഞാൻ ഇപ്പോഴാണ് കേട്ടതു്. എങ്ങിനെയിരിക്കുന്നു? വല്ലതും കേട്ടുവോ? പിന്നെ. ഹരിചരണബാബുവിനെ ഞാൻ കണ്ട കാലം മറന്നു. അദ്ദേഹത്തിനു സുഖക്കേടൊന്നും ഇല്ലല്ലോ. രാഘവനെന്താണ്? പിന്നെ—വീട്ടിലെ അമ്മമാൎക്കെല്ലാം സുഖം തന്നെയല്ലേ?’’

വസ്ത്രങ്ങളുടെ എണ്ണം നന്നെ കമ്മിയാണെങ്കിലും കൈലാസബാബു എപ്പോഴും വൃത്തിയായിട്ടേ നടക്കാറുള്ളൂ. ദിവസേന, ഷർട്ടും കുപ്പായങ്ങളും, കിടക്ക, തലയണ, താൻ ഇരിക്കാൻ ഉപയോഗിക്കാറുള്ള പരമധാനി, ഇതുകളോടൊപ്പം ഉണക്കുകയും ഉണങ്ങിയാൽ എടുത്തു കുടഞ്ഞു മടക്കിവെയ്ക്കുകയും ചെയ്യു പതിവായിരുന്നു. വീട്ടുസാമാനങ്ങൾ മുറിയ്ക്കുള്ളിൽ വൃത്തിയായി വെച്ചതു കണ്ടാൽ, ഇനിയും വേണമെങ്കിൽ ആവശ്യത്തിന്ന് എടുക്കാനുണ്ടെന്നു തോന്നിപ്പോകും. വാലിയക്കാരനില്ലാത്ത സമയങ്ങളിൽ പലപ്പോഴും അദ്ദേഹം വീട് അകത്തുനിന്നു പൂട്ടി താൻതന്നെ കുപ്പായവും മുണ്ടും നനച്ചു വൃത്തിയാക്കി മററുള്ള ഗൃഹജോലികളും എടുക്കും. പണിയെല്ലാം കഴിഞ്ഞാൽ വാതിൽ തുറന്നു

ചങ്ങാതികളെപ്പോലെ സ്നേഹിതന്മാരെ വിളിച്ചിരുത്തി സംസാരിക്കുകയും ചെയ്യും.

കൈലാസബാബുവിൻെറ ഭൂസ്വത്തെല്ലാം നശിച്ചുവെങ്കിലും ചില പഴയ സാധനങ്ങൾ കുടുംബസ്മാരകങ്ങളായി ശേഷിച്ചിരുന്നു. പനിനീർ തളിക്കാനുപയോഗിക്കുന്ന ഒരു വെള്ളിക്കുപ്പി, ഒരു അത്തർഡപ്പി, ഒരു ചെറിയ പൊൻതാലം, വിലപിടിച്ച ഒരു സാൽവ, പഴയ സമ്പ്രദായത്തിലുള്ള ഒരു ഉടുപ്പ്, പുരാതനമായ ഒരു തലപ്പാവ്, ഇതൊക്കെയായിരുന്നു ആ സ്മാരകങ്ങൾ. ഇവ ഹുണ്ടികക്കാരൻെറ കയ്യിൽ നിന്നു വളരെ പ്രയാസപ്പെട്ടു കൈവശപ്പെടുത്തിയവയായിരുന്നു. തരമുള്ളപ്പോഴെല്ലാം ഈ സാധനങ്ങൾ പുറത്തു കൊണ്ടുവന്നു്, 'നയഞ്ചോർ'ബാബുക്കളുടെ വിശ്വവിശ്രുതമായ പ്രതാപത്തെ നാശത്തിൽനിന്നു സംരക്ഷിക്കുവാൻ അദ്ദേഹം ശ്രമിക്കാറുണ്ടായിരുന്നു. പ്രകൃത്യാ വിനയസ്വഭാവിയാണെങ്കിലും, നിത്യസംഭാഷണങ്ങളിൽ കുടുംബപ്രതാപത്തെപ്പററി പുകഴ്ത്തിപ്പറയുന്നതു തൻെറ പദവിക്കാവശ്യമായ ഒരു പരിശുദ്ധകൃത്യമാണെന്നു് അദ്ദേഹം കരുതി. ഈ സമ്പ്രദായം വിനോദപ്രദമായിരുന്നതിനാൽ അതിനെ അദ്ദേഹത്തിൻെറ സ്നേഹിതന്മാർ ദാക്ഷിണ്യപൂർവം പ്രോത്സാഹിപ്പിച്ചതേയുള്ളു.

അയൽവക്കക്കാർ കാലക്രമേണ അദ്ദേഹത്തെ "താക്കുർദാദ" (മുത്തച്ഛൻ) എന്നു വിളിച്ചുതുടങ്ങി. കൂട്ടംകൂട്ടമായി അദ്ദേഹത്തിൻെറ വീട്ടിൽ കയറിച്ചെന്നു് അവിടെ വളരെനേരം ഇരുന്നു സംസാരിക്കുന്നതു് അവരുടെ പതിവായിത്തീർന്നു. അദ്ദേഹത്തെക്കൊണ്ടു പണം ചിലവിടീക്കാതിരിക്കാൻ വേണ്ടി, സ്നേഹിതന്മാരിൽ ആരെങ്കിലും, വരുമ്പോൾ കുറേ പുകയില കൊണ്ടുവന്നു കൊടുക്കും. "താക്കുർദാദാ! ഇന്നു രാവിലെ ഗയയിൽനിന്നു കുറേ പുകയില വന്നിരുന്നു. അതെങ്ങിനെയിരിക്കുന്നു എന്നു നോക്കൂ" എന്നു അവർ പറഞ്ഞാൽ, മൂപ്പർ അതെടുത്തു "അസ്സൽ" എന്നു അഭിപ്രായപ്പെടും. മുൻകാലങ്ങളിൽ, നയഞ്ചോറിൽവെച്ചു്, ഔൺസിനു പതിനാറുറുപ്പിക വിലപിടിച്ച പുകയില വലിച്ച കഥയും മററും ഉടനെ പുറത്തുവരും. "ഈ കാലത്തു് അതു് ആരെങ്കിലും ഇഷ്ടപ്പെടുമോ എന്നാണു് എൻെറ ആലോചന.

കുറച്ച് എന്റെ പക്കൽ ഇപ്പോഴും ബാക്കിയിരിപ്പുണ്ട്. വേണമെങ്കിൽ ഈ ക്ഷണത്തിൽ കൊണ്ടുവരാം”.

വേണമെന്നു പറഞ്ഞാൽ, ഉടനെ, അൽമാരിയുടെ താക്കോൽ കാണാനില്ലെന്നോ, തന്റെ വാലിയക്കാരൻ ഗണേശൻ അതെവിടെയോ വെച്ചിരിക്കയാണെന്നോ മറ്റോ സമാധാനം പുറപ്പെടുമെന്ന് എല്ലാവർക്കും നിശ്ചയമുണ്ടായിരുന്നു. “വാലിയക്കാരെ വീട്ടിനുള്ളിൽ കടത്തിയാൽ സാധനങ്ങൾ എവിടെയാണ് പോയ്തുലയുന്നതെന്ന് ആർക്കും പറയാൻ സാധിക്കയില്ല. എന്റെ ഈ ഗണേശനുണ്ടല്ലോ? അവനെപ്പോലെ ഒരു വിഡ്ഢിയെ കാണ്മാൻ പ്രയാസമാണ്. പക്ഷെ അവനെ പറഞ്ഞയയ്ക്കാനും എനിക്കു മനസ്സുവരുന്നില്ല.” എന്നൊരു പ്രസംഗവും കേൾക്കാം.

കുടുംബത്തിന്റെ പ്രശസ്തിയെ നിലനിർത്താൻ വേണ്ടി ഗണേശൻ ഈ ശകാരമെല്ലാം മൌനത്തോടെ കേട്ടു സഹിക്കുക പതിവായിരുന്നു. ഈ ഘട്ടത്തിൽ, ഒരു സ്നേഹിതൻ:— അതു പോട്ടെ. അതു തിരഞ്ഞു കണ്ടുപിടിക്കാൻ ബുദ്ധിമുട്ടേണ്ട. നമ്മൾ ഇപ്പോൾ ഉപയോഗിക്കുന്ന ഈ പുകയില ധാരാളം മതി. മറ്റേതിനു ശക്തികൂടും” എന്നു പറയും. ഇതുകേട്ടാൽ കൈലാസബാബുവിനു വലിയ ആശ്വാസമായി. അടങ്ങിയിരുന്നു, സംസാരം മുമ്പത്തെപ്പോലെ മുറയ്ക്കു നടക്കുകയും ചെയ്യും.

അതിഥികൾ പോകാൻ പുറപ്പെട്ടാൽ, താക്കൂർദാദാ വാതിൽക്കലോളം അവരെ അനുഗമിച്ച് അവിടെവെച്ച് ഇങ്ങിനെ പറയും;— “അല്ലാ, ഒരു കാര്യം തീരെ മറന്നു; നിങ്ങളൊക്കെ എന്നാണ് ഒരുദിവസം ഊണുകഴിക്കാൻ ഇങ്ങോട്ടു വരുന്നത്?” അപ്പോൾ ആരെങ്കിലും ഒരാൾ:—“ഇനിയും സമയമുണ്ടല്ലോ. നമുക്കു സൌകര്യംപോലെ ഒരുദിവസം തീർച്ചപ്പെടുത്താം.”

കൈ. ബാ:—“ശരി; ശരി. മഴക്കാലം തുടങ്ങട്ടെ. അതാണ് നല്ലത്. ഇപ്പോഴത്തെ ഉഷ്ണം സഹിക്കാൻ പ്രയാസം. വലിയ ഒരു സദ്യയ്ക്കു വട്ടം കൂട്ടണമെന്നാണ് എന്റെ ഉദ്ദേശം. അത് ഈ ഉഷ്ണകാലത്തായാൽ പറ്റുകയില്ല.”

മഴക്കാലം തുടങ്ങിയാൽ, ഈ പ്രതിജ്ഞയെപ്പററി ആരും ഓൎമ്മപ്പെടുത്താതിരിക്കയാണു് പതിവു്. അഥവാ, അതു പ്രസംഗവശാൽ പ്രസ്താവത്തിൽ വന്നാൽ മഴയത്തു് ഒരു സദ്യ വളരെ അസൌകൎയ്യമാകുമെന്നും, മഴകഴിഞ്ഞാൽ ആവാമെന്നും ആരെങ്കിലും ഒരാൾ മെല്ലേ അഭിപ്രായപ്പെടും. ഇങ്ങിനെ ഈ നേരമ്പോക്കു നടന്നുകൊണ്ടിരുന്നു. കൈലാസബാബുവിന്റെ ഗൃഹത്തിന്നു തന്റെ പദവിക്കു പററിയത്ര വലിപ്പമില്ലാത്ത സംഗതിയെപ്പററി ഞങ്ങൾ അദ്ദേഹത്തോടു സഹതപിക്കാറുണ്ടായിരുന്നു. അതിന്നും അദ്ദേഹത്തിന്റെ സ്നേഹിതന്മാർ സമാധാനം കണ്ടുപിടിച്ചു. കൽക്കത്തയിൽ നല്ല ഒരു വീടു കിട്ടാനുള്ള പ്രയാസം പറഞ്ഞാൽ തീരുമോ? അദ്ദേഹത്തിന്നു പററിയ ഒരു വീടു കണ്ടുപിടിക്കാൻ അവർ എത്രകൊല്ലമായി ശ്രമിക്കുന്നു! (ഈ വിഡ്ഢിത്തം ആൎക്കും ഉണ്ടായിട്ടില്ലെന്നു് ഞാൻ പ്രത്യേകം പറയേണ്ടതില്ല.) നിവൃത്തിയില്ലാത്ത കാൎയ്യത്തിൽ എന്തു ചെയ്യാനാണെന്ന ഭാവത്തിൽ നിശ്വസിച്ചുകൊണ്ടു താക്കുർദാദ ഇങ്ങിനെ സമാധാനം പറയും:—"ശരി, ഈ വീടുകൊണ്ടു തൃപ്തിപ്പെടുകയേ നിർവാഹമുള്ളു. (പുഞ്ചിരിയോടുകൂടി) പക്ഷേ, എനിക്കു് എന്റെ സ്നേഹിതന്മാരെ പിരിഞ്ഞിരിക്കാൻ സാധിക്കുകയില്ല. നിങ്ങളുടെ അടുത്തു താമസിച്ചാലേ എനിക്കു സുഖമുള്ളു. അതു നിങ്ങൾക്കും അറിയുന്ന കാൎയ്യമാണല്ലോ. ഈ സുഖം ആലോചിച്ചു മററുള്ള അസൌകൎയ്യങ്ങളെല്ലാന്നും എനിക്കു സാരമില്ല."

എന്തായാലും, എനിക്കു് ഇതൊന്നും തീരെ രസിച്ചില്ല. മററുള്ളവരുടെ വിഡ്ഢിത്തം കാണുമ്പോൾ വല്ലാത്ത നീരസം തോന്നുന്നതു ചെറുപ്പക്കാരുടെ സ്വഭാവമാണു്. കൈലാസബാബു വാസ്തവത്തിൽ ഒരു വിഡ്ഢിയായിരുന്നില്ല. സാധാരണകാൎയ്യങ്ങളെപ്പററി നാട്ടുകാർ അദ്ദേഹത്തിന്റെ അഭിപ്രായം വളരെ വിലവെച്ചിരുന്നു. നയഞ്ജോറിനെ സംബന്ധിച്ച കാൎയ്യങ്ങളിൽ മാത്രമേ അദ്ദേഹത്തിന്റെ പ്രലാപങ്ങൾ അസംബന്ധമായിരുന്നുള്ളു. അദ്ദേഹം പുറപ്പെടുവിക്കാറുള്ള അസാദ്ധ്യാഭിപ്രായങ്ങൾ, വിനോദപ്രദങ്ങളായിരുന്നതിനാലും, അദ്ദേഹത്തോടുള്ള സ്നേഹത്തെ പുരസ്കരിച്ചും ആരും അവയെ നിഷേധിക്കാൻ തുനിഞ്ഞതില്ല. അതു നിമിത്തം അദ്ദേഹവും ആ സമ്പ്രദായത്തെ

നിയന്ത്രിക്കുവാൻ ശ്രമിച്ചില്ല. നയഞ്ജോറിൻെറ പൂർവ്വപ്രശസ്തിയെപ്പററി അദ്ദേഹം കേൾക്കേ ആളുകൾ ഉൽഘോഷിക്കാറുള്ളതിനെ ആ ശുദ്ധാത്മാവു വളരെ ഗൌരവത്തോടുകൂടി അംഗീകരിക്കാറുണ്ടായിരുന്നു എന്നു മാത്രമല്ല, ആ ചരിതത്തെപ്പററി ആർക്കും സ്വപ്നേപി അവിശ്വാസം ജനിക്കാനിടയില്ലെന്നും പൂർണ്ണമായി വിശ്വസിച്ചുപോന്നു.

## II

കൈലാസബാബുവിൻെറ പേരിൽ എനിക്കു തോന്നിയ അഭിപ്രായങ്ങളെ കൂലംകഷമായി വിമർശിച്ചു വിശകലനം ചെയ്യുമ്പോഴാണ് എൻെറ നീരസത്തിന്ന്, ഞാൻ ഇതേവരെ ഊഹിച്ചതിലും അധികം പ്രബലമായ കാരണമുണ്ടെന്നു തെളിയുന്നതു്. അതെന്താണെന്നു പറയാം.

ഞാൻ ഒരു ധനികൻെറ മകനായിരുന്നതിനാൽ, പാഠശാലയിൽ എൻെറ സമയമെല്ലാം ദുർവ്യയം ചെയ്യാൻ അവകാശമുണ്ടായിരുന്നു എങ്കിലും, നന്നെ ചെറുപ്പത്തിൽതന്നെ ഞാൻ കൽക്കത്താ സർവ്വകലാശാലയിലെ എം. എ. ബിരുദം സമ്പാദിച്ചു. എൻെറ നടപടിക്കു യാതൊരു ന്യൂനതയും ഉണ്ടായിരുന്നില്ല. ഇതിന്നും പുറമേ ഞാൻ ആകൃതിയിൽ സുന്ദരനുമായിരുന്നു. ഈ പറഞ്ഞതു് ഒരുവക ആത്മപ്രശംസയായി തോന്നിയേക്കാമെങ്കിലും അസത്യമല്ല, തീർച്ചതന്നെ.

വിവാഹയോഗ്യകളായ പെണ്മക്കളുള്ള മാതാപിതാക്കന്മാർ, ബംഗാളിയുവാക്കളുടെ കൂട്ടത്തിൽ എന്നെ വളരെ മേലേക്കിടയിലുള്ള ഒരു ജാമാതാവായിത്തന്നെ പരിഗണനം ചെയ്തിരുന്നു എന്നതിന്നു സംശയമില്ല. എനിക്കും ഈ സംഗതി നല്ലപോലെ ബോദ്ധ്യമായിരുന്നതിനാൽ, വിവാഹച്ചന്തയിൽ, തക്കതായ വില കിട്ടിയെങ്കിലേ ഞാൻ സമ്മതിക്കുകയുള്ളൂ എന്നും തീർച്ചപ്പെടുത്തിയിരുന്നു. "ധനികനായ ഒരു പിതാവിൻെറ ഏകപുത്രി; അതിസുന്ദരി; ഉൽകൃഷ്ടവിദ്യാഭ്യാസത്തോടുകൂടിയവൾ" ഇതായിരുന്നു എൻെറ ഭാര്യാപദത്തെ പ്രാപിക്കാൻ പോകുന്ന ബാലികയെപ്പററി എൻെറ മനോരാജ്യത്തിൽ ഞാൻ കണ്ടി

രുന്ന ചിത്രം. നാലുഭാഗത്തുനിന്നും ആളുകൾ വിവാഹാലോചനകളോടുകൂടി വന്നു. അനവധി ദ്രവ്യം റൊക്കമായിത്തരാമെന്നു പറഞ്ഞു. ഞാൻ ഈ ആലോചനകളെ നിഷ്പക്ഷപാതിയായി, എന്റെ അഭിപ്രായമാകുന്ന ഗ്ലാസ്സിൽ തൂക്കിനോക്കി. ഏതൊന്നിനെങ്കിലും എന്റെ പ്രിയതമയാകാനുള്ള യോഗ്യതകണ്ടില്ല. ''വിശാലമായ ഈ ലോകത്തിൽ, ഒരു കാലത്ത് എന്റെ ഉൽകൃഷ്ടസൌഭാഗ്യത്തിന്നനുരൂപയായി ഒരുവൾ ജനിക്കുമായിരിക്കാം'' എന്ന കവിവാക്യത്തെ ഞാൻ മുറുകിപ്പിടിച്ചു. പക്ഷെ, നിസ്സാരമായ ഈ ആധുനികകാലത്ത് ബങ്കാളത്തിന്റെ ചുരുങ്ങിയ അതൃത്തികൾക്കുള്ളിൽ ഇത്തരം ഒരു മാതൃക ജനിച്ചിട്ടുണ്ടോ എന്നാണെന്റെ സംശയം.

ഇതിനിടയ്ക്ക്, കൌശലക്കാരായ ചില മാതാപിതാക്കന്മാർ എന്റെ യോഗ്യതകളെ പലേ രാഗത്തിലും, പലേ വൃത്തങ്ങളിലും, പാടിത്തുടങ്ങി. എനിക്ക് അവരുടെ പുത്രിമാരെക്കുറിച്ചു തൃപ്തിയുണ്ടായിരുന്നാലും ശരി, ഇല്ലെങ്കിലും ശരി, അവർ ആചരിച്ചുപോന്ന ആരാധന എനിക്ക് ഒരിക്കലും അതൃപ്തികരമായിരുന്നില്ല. എന്റെ ഗുണം ആലോചിച്ചാൽ, അതിന്ന് എനിക്കു ധാരാളം അവകാശമുണ്ടെന്നായിരുന്നു എന്റെ അഭിപ്രായം. ഈശ്വരന്മാർ, അവരുടെ ഭക്തന്മാരുടെ അപേക്ഷകളെ എത്രതന്നെ നിരാകരിച്ചാലും, ഭക്തന്മാർ യഥാപൂർവം അവരെ പൂജിച്ചുകൊള്ളേണ്ടതാണെന്ന്, അവർ പ്രതീക്ഷിക്കാറുണ്ടെന്നും അങ്ങിനെ പൂജിക്കാതിരുന്നാൽ അവൎക്കു കോപം വരുമെന്നുമാണല്ലോ പൊതുജനാഭിപ്രായം. ഈശ്വരന്മാൎക്കുള്ളപോലെ എനിക്കും ആ പ്രതീക്ഷ ധാരാളമുണ്ടായിരുന്നു.

'താക്കൂർദാദ'യ്ക്ക് ഒരു പൌത്രി മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഞാൻ അവളെ പല പ്രാവശ്യവും കണ്ടിട്ടുണ്ട്. അവൾ ഒരു സുന്ദരിയാണെന്ന അബദ്ധവിചാരം എനിക്ക് ഒരിക്കലും തോന്നീട്ടില്ല. അവൾ എന്റെ ജീവിതത്തിലെ ഒരു ഭാഗഭാക്കായിത്തീരാനിടയുണ്ടെന്ന ശങ്കയും എന്നിൽ അങ്കുരിച്ചിരുന്നില്ല. എങ്കിലും, ഒരു കാലത്തു, കൈലാസബാബു അവളെ, വേണ്ടപ്പെട്ട ഉപചാരങ്ങളോടുകൂടി എ

ന്റെ ദേവാലയത്തിൽ, ഒരു അർഘ്യസാധനമായി കാഴ്ചവെയ്ക്കു
മെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. ഈ കൃത്യത്തെ അദ്ദേഹം
ഇനിയും നിർവഹിച്ചുകാണായ്കയാലുള്ള മുഷിച്ചിലായിരുന്നു എ
ന്റെ നീരസത്തിന്റെ രഹസ്യം!

'നയഞ്ചോറി'ലെ ബാബുക്കൾ പരസഹായം അപേക്ഷി
ക്കുന്നവരല്ലെന്നും തന്റെ പൌത്രികൾ ഭർത്താക്കന്മാരെ കിട്ടിയി
ല്ലെങ്കിൽക്കൂടി താൻ ആ കുലപാരമ്പര്യത്തിനു ഭംഗംവരുത്താൻ
ഭാവിച്ചിട്ടില്ലെന്നും അദ്ദേഹം സ്നേഹിതന്മാരോട് ഒരിക്കൽ പറ
കയുണ്ടായി. ഈ അധികപ്രസംഗം കേട്ടപ്പോഴാണ് എനിക്കു
ദേഷ്യം പിടിച്ചത്. എന്റെ കോപം കുറേക്കാലം ഉള്ളിൽ
പുകഞ്ഞുകൊണ്ടിരുന്നു. പക്ഷേ എന്റെ ശുദ്ധസ്വഭാവം നി
മിത്തം ഞാൻ യാതൊന്നും ശബ്ദിക്കാതെ വളരെ ക്ഷമയോടുകൂ
ടി സഹിച്ചുപോന്നു. ഇടിമുഴക്കത്തോടൊന്നിച്ച് മിന്നൽ ഉണ്ടാ
കുന്നതുപോലെ, എന്റെ കോപപ്രലാപങ്ങളോടൊപ്പം ഒരുവ
ക 'ഫലിത' ച്ഛായയും ഉണ്ടായിരുന്നു. എന്റെ കോപസംതൃ
പ്തിക്കു വേണ്ടി, ആ വൃദ്ധനെ ബുദ്ധിമുട്ടിക്കുന്നതു് അനുചിതമാ
ണെന്നു് എനിക്കു തോന്നി; വളരെ കാലത്തോളം ഞാൻ അ
ടങ്ങിയിരുന്നു. പക്ഷേ, ഒരുദിവസം പെട്ടെന്ന് എനിക്കു് ഒരു
'ഉളിപ്പു' തോന്നി. അതുപ്രകാരം പ്രവൃത്തിക്കാനുള്ള മോഹ
ത്തെ അടക്കിവെയ്ക്കാൻ സാധിച്ചില്ല.

കൈലാസബാബുവിന്റെ സ്നേഹിതന്മാരിൽ പലരും അ
ദ്ദേഹത്തെ സ്തുതിച്ച് "കൊമ്പത്തുകാരാ"വുള്ള കഥ മുമ്പു പ
റഞ്ഞിട്ടുണ്ടല്ലോ. ആ കൂട്ടത്തിൽ, സർക്കാരുദ്യോഗത്തിൽനിന്നു
പെൻഷ്യൻ വാങ്ങിപ്പിരിഞ്ഞ ഒരാളുണ്ടായിരുന്നു. അയാളും,
ചെറിയ ഗവർണ്ണർ(ലെഫ്ടെനൻറ് ഗവർണ്ണർ) സായ്‌വിനെ കാണു
മ്പോഴെല്ലാം, അദ്ദേഹം നയഞ്ചോർ ബാബുക്കളെപ്പറ്റി അന്വേ
ഷിക്കാറുണ്ടെന്നും, ബങ്കാളം മുഴുവനും നോക്കിയാൽ രണ്ടു മാന്യ
കുടുംബങ്ങളേ കാണുകയുള്ളു എന്നും, അതിൽ ഒന്നു 'ഭരതവനം'
മഹാരാജാവിന്റെ വംശവും, മറേറതു നയഞ്ചോർ ബാബുക്കളു
ടെ വംശവും ആണെന്നും ഗവർണ്ണർ പ്രസ്താവിക്കാറുണ്ടെന്നും അ
യാൾ കൈലാസബാബുവിനെ ധരിപ്പിച്ചു. ഈ "പച്ചക്കള്ളവു"

കേട്ടപ്പോൾ അദ്ദേഹത്തിനുണ്ടായ ചാരിതാൎത്ഥ്യമൊന്നും പറയേണ്ട. അതു സകലരോടും ഉരുവിട്ടുകൊണ്ടിരിക്കുകയുംചെയ്തു. അതിനുശേഷം, മുൻപറഞ്ഞ സ്നേഹിതനെ കാണുമ്പോഴെല്ലാം, മററു വിഷയങ്ങൾക്കിടയിൽ താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കുക പതിവായിത്തീൎന്നു:—

“അല്ലാ, പിന്നെ, ചെറിയ ഗവൎണ്ണർസായ്പ് എങ്ങനെയിരിക്കുന്നു? സുഖംതന്നെയല്ലേ? വളരെ സന്തോഷം. ആ നല്ലൊരു മദാമ്മ. അവൎക്കും സുഖംതന്നെയല്ലേ? നന്നായി. പിന്നെ കുട്ടികൾ. എല്ലാവൎക്കും സുഖംതന്നെ? ശരി, വളരെ സന്തോഷം. അവരെ കണ്ടാൽ എന്റെ അന്വേഷണം പറയാൻ മറക്കരുതേ!”

ചെറിയ ഗവൎണ്ണർസായ്പിനെ കാണാൻ പോകണമെന്നു കൈലാസബാബു പലപ്പോഴും പറയാറുണ്ട്. പക്ഷേ, എത്രതന്നെ ചെറിയസായ്പന്മാരും വലിയസായ്പന്മാരും വരികയും മടങ്ങിപ്പോവുകയും ചെയ്താലും ഹൂഗ്ലിനദിയിലെ ജലം എത്രതന്നെ സമുദ്രത്തിൽ ചെന്നു വീണാലും, ഗവൎണ്ണരുടെ വസതിയിലേക്കു പോകാനുള്ള അവസരം കൈലാസബാബുവിന്നു അടുത്തകാലത്തൊന്നും ഉണ്ടാകുന്നതല്ലെന്നു തീൎച്ചയാണ്.

ഒരുദിവസം ഞാൻ കൈലാസബാബുവിനെ സ്വകാൎയ്യമായിവിളിച്ചു ഇപ്രകാരം പറഞ്ഞു:—

താക്കൂർദാദ! ഞാൻ ഇന്നലെ ചെറിയ ഗവൎണ്ണർസായ്പിന്റെ ബംഗ്ലാവിൽ പോയിരുന്നു. നായഞ്ചോർ ബാബുക്കളുടെ കഥ പറഞ്ഞപ്പോൾ കൈലാസബാബു കൽക്കത്തയിലുണ്ടെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. നിങ്ങൾ ചെന്നു കാണാത്തതുകൊണ്ട് അദ്ദേഹത്തിന്നു എന്തു പരിഭവമാണ്! മര്യാദ എങ്ങിനെയായാലും വേണ്ടതില്ല, അദ്ദേഹംതന്നെ ഇന്നു വൈകുന്നേരം ഇങ്ങോട്ടു വരുമെന്നാണ് പറഞ്ഞത്.”

വേറൊരാളാണെങ്കിൽ എന്റെ ഈ “ജാട”എളുപ്പത്തിൽ മനസ്സിലാക്കുമായിരുന്നു. വേറൊരാളെക്കുറിച്ചായിരുന്നെങ്കിൽ, കാ

ത്ഥ്യത്തിന്റെ വാസ്തവം കൈലാസബാബുവും മനസ്സിലാക്കുമായിരുന്നു. തന്റെ സ്നേഹിതൻ പറഞ്ഞകഥയും തന്റെസ്വന്തം അഭിപ്രായങ്ങളും അടിസ്ഥാനപ്പെടുത്തി ആലോചിച്ചപ്പോൾ ഗവൎണ്ണർസായ്പിന്റെ ആഗമനത്തിൽ യാതൊരു അസംഭാവ്യതയും ഉള്ളതായി അദ്ദേഹം സംശയിച്ചില്ല. ഞാൻ പറഞ്ഞ വൎത്തമാനം കേട്ടു് അദ്ദേഹത്തിന്നു വലിയ പരിഭ്രമമായി. ഓരോ സംഗതിയും, വിശേഷിച്ചു് ഇംഗ്ലീഷുഭാഷയിൽ തനിക്കുള്ള അജ്ഞതയും, അദ്ദേഹത്തെ വല്ലാതെ കുഴക്കി. ഇംഗ്ലീഷറിയാത്ത ന്യൂനത എങ്ങിനെ പരിഹരിക്കും? അതിന്നു യാതൊരു പ്രയാസവും ഇല്ലെന്നും, ഇംഗ്ലീഷറിയാത്തതു പ്രഭുത്വത്തിന്റെ ലക്ഷണമാണെന്നും, ഗവൎണ്ണർസായ്പിന്റെ കൂടെ ഒരു ദ്വിഭാഷിയുണ്ടായിരിക്കുമെന്നും, വിശേഷിച്ചു് സായ്പിന്റെ വരവു സ്വകാൎയ്യമായിട്ടാണെന്നും ഞാൻപറഞ്ഞു അദ്ദേഹത്തെ സമാധാനിപ്പിച്ചു.

ഏകദേശം നട്ടുച്ചയ്ക്കു്, ഞങ്ങളുടെ അയൽവക്കക്കാർ മിക്കവരും അവരവരുടെ ജോലി നോക്കിക്കൊണ്ടിരിക്കുകയും, മററുള്ളവർ ഉറങ്ങുകയും ചെയ്യുന്ന തക്കംനോക്കി രണ്ടു കുതിര കെട്ടിയ ഒരു വണ്ടി കൈലാസബാബുവിന്റെ വീട്ടിന്റെ ഉമ്മറത്തു വന്നെത്തി. ഉടുപ്പു ധരിച്ച രണ്ടു ശിപായിമാർ കോണികയറിച്ചെന്നു്, "ചെറിയ ഗവൎണ്ണർ സായ്പ് വന്നിരിക്കുന്നു" എന്നു ഉറക്കെ അറിയിച്ചു. തന്റെ പഴയ "ദർബാർ" ഉടുപ്പും പുരാതന തലപ്പാവും ധരിച്ചു കൈലാസബാബുവും, തന്റെ യജമാനന്റെ ഉടുപ്പുകളിൽ മേത്തരമായിട്ടുള്ളതെല്ലാം എടുത്തണിഞ്ഞു ഗണേശനും അവിടെ തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. ശിപായിമാരുടെ വിജ്ഞാപനം കേട്ട ഉടനെ കൈലാസബാബു ഓടിക്കിതച്ചു വിറച്ചുംകൊണ്ടു വാതിൽക്കൽ എത്തി. വേഷപ്പൂൎണ്ണനായി വന്നിരുന്ന എന്റെ ഒരു സ്നേഹിതനെ കൂടക്കൂടെ സലാംചെയ്തും, അടിക്കടി കുമ്പിട്ടും, തന്നാലാംവണ്ണം പിന്നാക്കം നടന്നും, അദ്ദേഹം അഭ്യാഗതനെ വീട്ടിന്നുള്ളിലേക്കു് എതിരേററു. തന്റെ പഴയ സാൽവ വിരിച്ചു് അലംകരിച്ചിരുന്ന ഒരു മരക്കസാലമേൽ സായ്പിനെ ഇരുത്തി. ഹിന്ദു

സ്ഥാനിയിൽ നീട്ടി വലിച്ചു് ഒരു പ്രസംഗം ചെയ്തു. അതിനുശേഷം നയങ്ങോർവംശത്തിൻെറ നഷ്ടയശസ്സിൻെറ ചരമചിഹ്നങ്ങളായി സൂക്ഷിച്ചുപോന്നിരുന്ന ഒരു "കാശുമാല" ഒരു പൊൻതാലത്തിൽവെച്ചു സായ്പിനു സമ്മാനിച്ചു. ഭയബാഹുല്യമായ ഭക്തിയോടുകൂടി, ഗണേശൻ, പിന്നിൽനിന്നു പനിനീർ തളിച്ചു സായ്പിനെ കുളിപ്പിച്ചു. ഇടയ്ക്കിടെ അത്തർകുപ്പികൊണ്ടു് അദ്ദേഹത്തെ തൊടുകയും ചെയ്തു.

സായ്പവർകളെ നയങ്ങോറിലെ കുടുംബഗൃഹത്തിൽ വെച്ചു് ആഡംബരസമേതം എതിരേൽക്കാൻ തരമാകാത്തതിനെപ്പറ്റി കൈലാസബാബു കൂട്ടുകാരുടെ വ്യസനം പ്രദർശിപ്പിച്ചുകൊണ്ടു് പ്രസംഗിച്ചു. അവിടെയാണെങ്കിൽ അദ്ദേഹത്തെ വേണ്ടപോലെ സൽക്കരിക്കാമായിരുന്നു. ഇവിടെ കൽക്കത്തയിൽ, താനൊരു അന്യൻ മാത്രമാണല്ലോ!

എൻെറ സ്നേഹിതൻ, ഉയരമുള്ള തൊപ്പി ധരിച്ചുകൊണ്ടിരുന്ന തല, വലിയ ഗൌരവത്തോടെ ഒന്നു കുലുക്കി. പാശ്ചാത്യസമ്പ്രദായപ്രകാരം വീട്ടിനുള്ളിൽ കടന്നാൽ തൊപ്പി തലയിൽനിന്നെടുക്കേണ്ടതായിരുന്നു. പക്ഷേ കഷണ്ടി വെളിച്ചത്താകുമെന്നു ഭയപ്പെട്ടിട്ടാണു് എൻെറ സ്നേഹിതൻ അങ്ങിനെ ചെയ്യാതിരുന്നതു്. കൈലാസബാബുവിനും, അദ്ദേഹത്തിൻെറ പഴയ ഭൃത്യനും ഈ മര്യാദലംഘനം കണ്ടുപിടിക്കാൻ ത്രാണിയും ഉണ്ടായിരുന്നില്ല.

പത്തു മിനിട്ടുനേരത്തെ കൂടിക്കാഴ്ചയ്ക്കു ശേഷം, എൻെറ സ്നേഹിതൻ മടങ്ങിപ്പോകാൻ പുറപ്പെട്ടു. ഈ പത്തു മിനിട്ടും, തല കുലുക്കുക മാത്രമേ അയാൾ മുഖ്യമായി ചെയ്തിരുന്നുള്ളൂ. മുൻകൂട്ടി ചട്ടം ചെയ്തപ്രകാരം, ശിപായിമാർ കാശുമാലയും, പൊൻതാലവും, സാൽവയും, പനിനീർകുപ്പിയും, അത്തർഡപ്പിയും എടുത്തു മുമ്പിൽ നടന്നു. അവർ ആ സാധനങ്ങളെല്ലാം ബഹുഭക്തിയോടുകൂടി വണ്ടിയിൽ വെച്ചു. ഇതു ചെറിയ ഗവർണ്ണർസായ്പിൻെറ സമ്പ്രദായമായിരിക്കാമെന്നു കൈലാസബാബുവും കരുതി.

ഞാൻ ഇതെല്ലാം അടുത്ത മുറിയിൽനിന്നു കാണുന്നുണ്ടായിരുന്നു. എനിക്കു ചിരി അടക്കുവാൻ സാധിക്കാതെയായി; അതിനാലെപ്പുറത്തുള്ള മുറിയിലേക്കു് ഓടിച്ചെന്നു. അവിടെ ഒരു പെൺകിടാവു് മൂലയിലിരുന്നു, തന്റെ ഹൃദയം ഭേദിക്കുമാറായ വിധത്തിൽ തേങ്ങിക്കരയുന്നതു കണ്ടു. അടക്കുവാൻ പാടില്ലാത്ത എന്റെ ചിരി കണ്ടപ്പോൾ അവൾ കോപത്തോടുകൂടി നിവർന്നിട്ടു് അവളുടെ നീലോല്പലസദൃശങ്ങളായ നേത്രങ്ങളെ ഒരു മിന്നൽപ്രകാശംപോലെ എന്നിൽ പതിപ്പിച്ചു്, ബാഷ്പനിരുദ്ധമായ സ്വരത്തിൽ ഇങ്ങനെ ചോദിച്ചു—"എന്റെ വലിയച്ഛൻ നിങ്ങൾക്കു് എന്തൊരു ദോഷമാണു് ചെയ്തിട്ടുള്ളതു്? അദ്ദേഹത്തെ ചതിക്കുവാൻ ഒരുങ്ങിപ്പുറപ്പെട്ടതെന്തിനാണു്? നിങ്ങൾ എന്തിനാണു് ഇവിടെ വന്നതു്? എന്തിനാണു്—?"

ഇതിലധികം യാതൊന്നും പറയുവാൻ കഴിയാതെ, അവൾ മുഖം കൈകൊണ്ടു മൂടി വീണ്ടും തേങ്ങിക്കരഞ്ഞുതുടങ്ങി. എന്റെ ചിരി ഒരു നിമിഷംകൊണ്ടു മാറി. ഞാൻ ചെയ്തതു് ഒരു വെറും നേരമ്പോക്കാണെന്നു മാത്രമേ ഞാൻ വിചാരിച്ചിരുന്നുള്ളു. പക്ഷേ എന്റെ പ്രവൃത്തി, അതിലോലമായ ഈ ബാലമനസ്സിനു് അതിദാരുണമായ വേദനയുളവാക്കിത്തീർത്തിരിക്കുന്നതായിട്ടാണു് ഞാൻ കണ്ടതു്. എന്റെ ക്രൂരകൃത്യത്തിന്റെ അനൌചിത്യം ഓർത്തു ഞാൻ എന്നെത്തന്നെ നിന്ദിച്ചു. ചവിട്ടുകിട്ടിയ നായയെപ്പോലെ ഞാൻ ആ മുറിയിൽനിന്നു പതുങ്ങി പുറത്തേയ്ക്കു പോന്നു.

ഇതുവരെ ഞാൻ "കുസുമ"ത്തെ വിവാഹച്ചന്തയിലെ ഒരു വിലയില്ലാത്ത സാധനമായിട്ടാണു് കരുതിയിരുന്നതു്. അവൾ ഭർത്താവിനെ കിട്ടാൻ കാത്തിരിക്കുന്നതു് ഒരു മിഥ്യാമോഹമാണെന്നും ഞാൻ വിചാരിച്ചിരുന്നു. അന്നു് ആ മുറിയ്ക്കുള്ളിൽ ഒരു മൂലയ്ക്കു് ഒരു മനുഷ്യഹൃദയത്തിന്റെ സ്പന്ദനം കേൾക്കാറായപ്പോൾ എനിക്കുണ്ടായ അത്ഭുതം അനിർവ്വാച്യമാണു്.

അന്നു രാത്രി എനിക്കു് ഉറക്കം വന്നില്ല. എന്റെ മനസ്സു തീരെ അസ്വസ്ഥമായിരുന്നു. പിറേറദിവസം, നന്നെ രാവിലെ,

മോഷ്ടിച്ച സാധനങ്ങളെല്ലാം എടുത്തുകൊണ്ടു ഞാൻ കൈലാസബാബുവിന്റെ വീട്ടിലേക്കു പുറപ്പെട്ടു. അവയെ സ്വകാൎയ്യമായി ഗണേശന്റെ പക്കൽ ഏല്പിക്കേണമെന്നായിരുന്നു എന്റെ ഉദ്ദേശം. പുറത്തു കുറെനേരം കാത്തിരുന്നിട്ടും ആരെയും കാണായ്കയാൽ ഞാൻ കൈലാസബാബുവിന്റെ മുറിയ്ക്കു നേരെ നടന്നു. ആ സമയത്തു കുസുമ തന്റെ വലിയച്ഛനോട് ഏററവും മധുരമായ സ്വരത്തിൽ സംസാരിക്കുന്നതു് എന്റെ ചെവിയിൽ പെട്ടു:—"ദാദാ! ഇന്നലെ ചെറിയ ഗവൎണ്ണർസായ്പ് എന്തൊക്കെയാണു് പറഞ്ഞതു്? കേൾക്കട്ടെ. ഒരു വാക്കുപോലും വിടാതെ പറയണം. അതു് ഒരിക്കൽകൂടി കേൾക്കാൻ എനിക്കു വലിയ ആശയുണ്ടു്."

ദാദയ്ക്കു് ഇതിലധികമായ പ്രേരണയൊന്നും ആവശ്യമുണ്ടായിരുന്നില്ല. നയഞ്ചോർകുടുംബത്തിന്റെ യോഗ്യതകളെപ്പററി സായ്പവർകൾ പറഞ്ഞതെല്ലാം പരമാനന്ദത്തോടുകൂടി ആ വൃദ്ധൻ അഭിനയിച്ചു. കുസുമ അദ്ദേഹത്തിന്റെ മുഖത്തുനിന്നു കണ്ണെടുക്കാതെ ബദ്ധശ്രദ്ധയായി അവിടെ ഇരുന്ന് ഇതെല്ലാം കേട്ടു. വൃദ്ധനോടുള്ള സ്നേഹം നിമിത്തം, അവളും, തന്റെ കൃത്യത്തെ, പൂൎണ്ണമായി അഭിനയിക്കാൻ തീൎച്ചപ്പെടുത്തിയിരുന്നു.

എനിക്ക് ഇതെല്ലാം കണ്ടപ്പോൾ മനസ്സു വല്ലാതെ ഇളകി. കണ്ണിൽ വെള്ളം നിറഞ്ഞു. താക്കൂർദാദ തന്റെ ചമൽകൃതപ്രസംഗം അവസാനിപ്പിക്കുന്നതുവരെ ഞാൻ അവിടെത്തന്നെ മിണ്ടാതെ നിന്നു. ഒടുവിൽ അദ്ദേഹം ആ മുറിയിൽനിന്നു പുറത്തു പോയെന്നറിഞ്ഞ ഉടനെ ഞാൻ എന്റെ കയ്യിലുണ്ടായിരുന്ന സാധനങ്ങളെല്ലാം ആ ബാലികയുടെ കാല്ക്കൽ കൊണ്ടുവച്ചു്, ഒരക്ഷരംപോലും ശബ്ദിക്കാതെ പുറത്തേക്കു പോന്നു.

അന്നു വൈകുന്നേരം ഞാൻ കൈലാസബാബുവിനെത്തന്നെ കണ്ടു. സാധാരണയായി, ഇപ്പോഴത്തെ സമ്പ്രദായം അനുസരിച്ചു ഞാൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്യുകയും മററും പതിവുണ്ടായിരുന്നില്ല. പക്ഷെ ഈ പ്രാവശ്യം ഞാൻ താണുതൊഴുതു് അദ്ദേഹത്തിന്റെ പാദങ്ങളെ വന്ദിച്ചു. ഗവൎണ്ണർസായ്പിന്റെ

വരവാണ് ഈ അഭിവാദ്യത്തിന്നു കാരണമെന്ന് ആ വൃദ്ധൻ കരുതിയിരിക്കുമെന്നു തീർച്ചയാണ്. ഏതായാലും അദ്ദേഹത്തിന്നു വളരെ സന്തോഷമായി. ഒരുവക ഔദാര്യഭാവം അദ്ദേഹത്തിന്റെ കണ്ണുകളിൽ സ്ഫുരിച്ചുകണ്ടു. അവിടെ കൂട്ടംകൂടിയിരുന്ന സ്നേഹിതന്മാരോട് അദ്ദേഹം ഗവർണ്ണരുടെ വരവിനെപ്പററി പൊടിപൊടിച്ചു വർണ്ണിക്കുകയായിരുന്നു. വലിപ്പംകൊണ്ടും ചമൽക്കാരംകൊണ്ടും ആ കഥ ഒരു മഹാകാവ്യത്തിന്റെ പരിമാണം പ്രാപിച്ചു.

മററു സ്നേഹിതന്മാരെല്ലാവരും പോയ ശേഷം ഞാൻ എന്റെ അന്തർഗ്ഗതത്തെ വിനീതനായി അറിയിച്ചു:—"ഇത്ര ഉൽകൃഷ്ടമായ ഒരു വംശവുമായി വിവാഹബന്ധത്താൽ സംബന്ധപ്പെടുവാനുള്ള യോഗ്യതയൊന്നും എനിക്കില്ലെങ്കിലും..." എന്നും മററും ഞാൻ പ്രസംഗിച്ചു. എന്റെ അഭിപ്രായം വിശദമായി പറഞ്ഞുതീർന്നപ്പോൾ, വൃദ്ധൻ എന്നെ ആനന്ദപാരവശ്യത്തോടുകൂടി ആലിംഗനംചെയ്തു:—"താനൊരു സാധുവാണ്. ഇത്ര വലുതായ ഒരു ഭാഗ്യം എനിക്കുണ്ടാകുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല" എന്നു പറഞ്ഞു.

താൻ സാധുവാണെന്നു കൈലാസബാബു സമ്മതിച്ചത് അന്നു ആദ്യത്തെയും അവസാനത്തെയും പ്രാവശ്യമായിരുന്നു. ഒരു നിമിഷനേരത്തേക്കെങ്കിലും നയഞ്ചോർബാബുക്കളുടെ പൂർവികപ്രതാപത്തെ അദ്ദേഹം വിസ്മരിച്ചതും അന്ന് ആദ്യത്തെയും അവസാനത്തെയും പ്രാവശ്യമാണ്.

:0:

# താരാചരൻ.

## I

ദേശാന്തരസഞ്ചാരം കഴിഞ്ഞു 'കാററാഖിയ' സെമീണ്ടാർ, മോട്ടിബാബുവും, പരിവാരങ്ങളും തോണിവഴിയായി സ

ഗൃഹത്തിലേയ്ക്കു മടങ്ങുകയായിരുന്നു. പതിവുപ്രകാരം അവർ ഉച്ചയാകുന്നതിനു മുമ്പുതന്നെ പുഴവക്കത്തുള്ള ഒരു ചന്തസ്ഥലത്തിന്നരികെ വിശ്രമിച്ച് ഊണിനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കേ, ഏകദേശം പതിനാറുവയസ്സു പ്രായംചെന്ന ഒരു ബ്രാഹ്മണകുമാരൻ തോണിക്കരികെ വന്നെത്തി.

"മൂപ്പര് എങ്ങോട്ടാണാവോ പോകുന്നത്?" എന്നു ചോദിച്ചു.

മോട്ടിബാബു:— "കാററാലിയയിലേയ്ക്കു."

ബ്രാഹ്മണകുമാരൻ:— "ദയചെയ്ത് എന്നെക്കൂടെ നന്ദിഗ്രാമംവരെ കൊണ്ടുപോകാമോ?"

മോട്ടിബാബു:— "യാതൊരു വിരോധവും ഇല്ല. എന്താണു പേര്?"

ബ്രാഹ്മ: കു:— "താരാചരൻ."

ദേഹത്തിന്റെ നിറവും, കണ്ണുകളുടെ പ്രകാശവും, അധരപുടത്തിൽ കളിയാടിക്കൊണ്ടിരുന്ന മന്ദഹാസത്തിന്റെ പ്രസന്നതയും ആ ബാലസ്വരൂപത്തിന്റെ നിസർഗ്ഗകാന്തിയെ പതിന്മടങ്ങു വർദ്ധിപ്പിച്ചു. അരയ്ക്കുമേലെ നഗ്നമായിരുന്ന ആ ദേഹത്തിൽ വസ്ത്രാഡംബരംതന്നെ 'കഷ്ടി' യായിരുന്നു എന്നുമാത്രമല്ല, ആകപ്പാടെയുള്ള പുഷ്ടിയും പരിമിതമായിരുന്നു. അവയവങ്ങളുടെ ആകൃതി കണ്ടാൽ, ആ സ്വരൂപം വല്ല ശില്പിവര്യന്റേയും കരകൌശലഫലമായ ഒരു ശിലാപ്രതിമയോ മറേറാ ആണെന്നു തോന്നിപ്പോകും.

"മകനേ! വേഗത്തിൽ കുളിച്ചു തോണിയിലേയ്ക്കു വരിക. നമുക്ക ഒന്നായി ഊണ്കഴിക്കാം." എന്നു മോട്ടിബാബു അതിവാത്സല്യത്തോടേ പറഞ്ഞു.

താരാചരൻ—"അല്പം ക്ഷമിക്കണേ" എന്നുപറഞ്ഞുകൊണ്ടു് അടുക്കളയിലേയ്ക്കു ചാടിപ്പോയി വെപ്പുപണിയിൽ വാലിയക്കാരെ സഹായിക്കാൻ തുടങ്ങി. മോട്ടിബാബുവിന്റെ വെപ്പുകാർ ഉൾനാട്ടുകാരായിരുന്നതിനാൽ മത്സ്യം വെക്കാനും മററും നല്ലപോലെ അറിഞ്ഞിരുന്നില്ല. ആ പണി താരാചരൻ ഏറെറടുത്തു തന്റെ പചനപാടവത്തെ പ്രത്യക്ഷപ്പെടുത്തി. അടുക്കളപ്പണിയിൽ

വളരെക്കാലം പഴകിയവന്റെ പാടവത്തോടുകൂടി പിന്നീട് ഒന്നുരണ്ടു പച്ചക്കറിപദാർത്ഥങ്ങൾ അവൻ ഉണ്ടാക്കി. പണിയെല്ലാം കഴിഞ്ഞു ഉടനെ പുഴയിലേയ്ക്കു ചാടി ഒന്നു മുങ്ങി, തന്റെ ചെറുഭാണ്ഡത്തിൽ നിന്ന് അതിശുഭ്രമായ ഒരു മുണ്ടെടുത്തു ചുററി. നെററിയിൽ വീഴുന്ന തലമുടിച്ചുരുളുകളെ ചെറിയൊരു മരച്ചീർപ്പുകൊണ്ടു വാർന്നു മിനുക്കി, പിന്നിൽ കെട്ടിവെച്ചു. പിന്നീടു മാറിൽ തിളങ്ങുന്ന ഉപവീതത്തോടുകൂടി ഗൃഹനായകന്റെ മുമ്പിൽ ചെന്നു സന്നദ്ധനായിനിന്നു.

മോട്ടിബാബുവിന്റെ പത്നി അന്നപൂർണ്ണാദേവിയും, ഒമ്പതുവയസ്സുപ്രായം ചെന്ന മകൾ ചാരുവും ഇരുന്നിരുന്ന മുറിയിലേക്കു അദ്ദേഹം താരാചരനെ കൂട്ടിക്കൊണ്ടുപോയി. സുഭഗനായ ആ ബാലനെ കണ്ടക്ഷണത്തിൽ ആ സാധ്വിയുടെ ഹൃദയം സ്നേഹാർദ്രതയാൽ അവനിൽ ലയിച്ചു സന്തോഷഭരിതമായി. "അവൻ എവിടുന്നു വരുന്നു; ആരുടെ മകനായിരിക്കും. ഇത്ര നല്ലൊരു കുട്ടിയെ അവന്റെ അമ്മ എങ്ങിനെ പിരിഞ്ഞിരിക്കും?" എന്നും മററുമായിരുന്നു അവരുടെ ആലോചനകൾ.

മോട്ടിബാബുവിന്റെ അരികത്തുതന്നെ താരാചരനും ചോറു വിളമ്പി. അവൻ നല്ലപോലെ ഊണുകഴിക്കാത്തതു കണ്ടപ്പോൾ, അതു ലജ്ജകൊണ്ടായിരിക്കാമെന്നൂഹിച്ച് അവർ പലപ്രകാരത്തിലും നിർബന്ധിച്ചുനോക്കി. പക്ഷേ, ആർ തന്നെ നിർബന്ധിച്ചാലും തന്റെ സ്വന്തം ഇഷ്ടപ്രകാരമല്ലാതെ മററുള്ളവരെ സന്തോഷിപ്പിക്കാൻ വേണ്ടി വല്ലതും ചെയ്യുന്ന സമ്പ്രദായം തനിക്കില്ലെന്നു താരാചരൻ എളുപ്പത്തിൽ പ്രത്യക്ഷപ്പെടുത്തി; ആ സ്വാതന്ത്ര്യപ്രകടനം ഒരു 'തന്നിഷ്ട'ക്കാരന്റെ മർക്കടപ്പിടുത്തം പോലെ നിർമ്മര്യാദമായി തോന്നിയതുമില്ല.

ഊണു കഴിഞ്ഞശേഷം, അന്നപൂർണ്ണ അവനെ അടുക്കൽ വിളിച്ചിരുത്തി, ഓരോ വർത്തമാനങ്ങൾ അന്വേഷിക്കാൻ തുടങ്ങി. ശരിയായ ഒരു ചരിത്രം അവനിൽനിന്നു കിട്ടുവാൻ അവൾക്കു സാധിച്ചില്ലെങ്കിലും, പത്തുപതിനൊന്നു വയസ്സുള്ളപ്പോൾ അവൻ വീട്ടിൽനിന്നു ചാടിപ്പോയവിവരം അവർ ഗ്രഹിച്ചു.

"താരാചരന്ന് അമ്മയില്ലേ?" എന്നായിരുന്നു അന്നപൂൎണ്ണയുടെ ചോദ്യം.

"ഉണ്ടു്."

"അവൎക്ക് നിന്നോടു സ്നേഹമില്ലേ?"

ഈ ചോദ്യം അസംബന്ധമാണെന്നായിരുന്നു താരാചരന്റെ അഭിപ്രായം.

"സ്നേഹമില്ലാതിരിക്കാൻ അവൎക്കെന്താണു്?"

"പിന്നെ എന്തിനാണു് നീ അവരെ വിട്ടു ചാടിപ്പോന്നതു്?"

"അമ്മയ്ക്കു് എന്നെ കൂടാതെ നാലു് ആൺമക്കളും മൂന്നു പെൺമക്കളും ഉണ്ടു്."

അന്നപൂൎണ്ണ സ്തംഭിച്ചുനിന്നുപോയി.

"എന്തസംബന്ധമാണു്! നാലുവിരൽ ബാക്കിയുണ്ടെന്നു കരുതി ആരെങ്കിലും ഒരു വിരൽ മുറിച്ചുകളയാറുണ്ടോ?"

## II

താരാചരന്റെ ജീവചരിത്രം അവന്റെ ആയുസ്സുകാലംപോലെതന്നെ ചുരുങ്ങിയതായിരുന്നുവെങ്കിലും, അവന്റെ സമ്പ്രദായങ്ങൾക്കെല്ലാം ആകപ്പാടെ ഒരു പുതുമയുണ്ടായിരുന്നു. തന്റെ മാതാപിതാക്കന്മാരുടെ നാലാമത്തെ സന്താനമായിരുന്ന ആ ബാലന്നു തന്നെ ചെറുപ്പത്തിൽ പിതൃനാശം സംഭവിച്ചു. ആ കുടുംബത്തിൽ കുട്ടികൾ അനേകംപേർ ഉണ്ടായിരുന്നുവെങ്കിലും, "അരുമക്കുട്ടി" താരാചരനായിരുന്നു. അമ്മയും സഹോദരന്മാരും, സഹോദരികളും, അയൽപക്കക്കാരും, അവനെ ഒരുപോലെ ഓമനിച്ചു. സ്കൂളിൽ പഠിപ്പിച്ചിരുന്ന മാസ്റ്റർകൂടി അവനെ അപൂൎവമായിട്ടേ തല്ലിയിരുന്നുള്ളു. ആ അപൂൎവാവസരങ്ങളിൽ താരാചരനോടൊപ്പം മററു കുട്ടികൾക്കും പ്രഹരം കിട്ടുകയും ചെയ്യും. ഇതെല്ലാം ആലോചിക്കുമ്പോൾ, താരാചരൻ വീടുവിട്ടോടിപ്പോകാൻ യാതൊരു ന്യായവും ഇല്ല. പക്ഷെ സംഭവിച്ചതു നേരെമറിച്ചാണു്. അയൽപക്കക്കാരുടെ തോട്ടത്തിലുള്ള പഴങ്ങൾ ഒന്നോ

ഴിയാതെ കവർന്നതിന്നും, അവരുടെ പ്രഹാരങ്ങൾ ഒന്നൊഴിയാതെ അനുഭവിച്ചും നാൾകഴിച്ചുപോന്ന തെമ്മാടിച്ചെറുക്കന്മാർ, തങ്ങളുടെ അമ്മമാരുടെ ശകാരവർഷം സഹിച്ചുകൊണ്ടു സ്വഗ്രാമത്തിൽതന്നെ വസിക്കുന്നതും, ഗ്രാമത്തിൽ സർവരാലും ലാളിക്കപ്പെട്ട ഈ ബാലൻ വീടുവിട്ടു ചില നാടകക്കമ്പനിക്കാരുടെ കൂടെ ചാടിപ്പോന്നതും ആശ്ചര്യമല്ലേ?

താരാചരനെ കാണാതായപ്പോൾ ഗ്രാമക്കാരുടെ ഇടയിൽ വലിയ കോലാഹലമായി. അവനെ കണ്ടുപിടിക്കാൻ വേണ്ടി നാലുഭാഗത്തും പുറപ്പെട്ടുപോയിരുന്ന ആളുകൾ ഒടുവിൽ അവനെ കൂട്ടിക്കൊണ്ടുവന്നു. വ്യസനാകുലയായ മാതാവു പ്രിയപുത്രനെ മാറോടണച്ചു ബാഷ്പധാരയാൽ അവൻ്റെ സുകുമാരഗാത്രത്തെ അഭിഷേകം ചെയ്തു. സൌമ്യമായ വല്ല ശിക്ഷയും ഏല്പിച്ചു അവൻ്റെ നടപടി നന്നാക്കേണ്ടതിലേയ്ക്കു തക്കതായ ഒരു പരിശ്രമം ചെയ്യേണ്ടതാണെന്നു ഉൽഘോഷിച്ചിരുന്ന ഗുരുജനങ്ങൾ, അവൻ തിരിച്ചുവന്നപ്പോഴുണ്ടായ സന്തോഷപാരവശ്യം നിമിത്തം അവനിൽ പൂർവാധികമായ ദാക്ഷിണ്യത്തെ പ്രദർശിപ്പിക്കുകയാണു ചെയ്തതു്. ഇനിയെങ്കിലും വീടുവിട്ടു പോകാതിരിക്കുമെന്നാശിച്ചു് അയൽവീട്ടിലെ പെണ്ണുങ്ങൾ അവനോടു മുമ്പെത്തെതിലും അധികമായി സ്നേഹം ഭാവിച്ചു. പക്ഷേ ഈവക നിർബന്ധങ്ങൾ — പ്രേമനിർബന്ധങ്ങൾപോലും— ആ ബാലനു ദുസ്സഹങ്ങളായിരുന്നു. താൻ വീടില്ലാത്തവനായിരിക്കേണമെന്നായിരിക്കാം അവൻ്റെ ജാതകവശാലുള്ള യോഗം!

അജ്ഞാതദേശങ്ങളിൽനിന്നു വന്നണയുന്ന വല്ല തോണികളേയോ, ദേശാന്തരസഞ്ചാരങ്ങൾക്കിടയിൽ ആ ഗ്രാമത്തിലെത്തി തരുച്ഛായകളിൽ വിശ്രമിക്കുന്ന വല്ല സന്യാസിയേയോ, പുഴക്കരയിൽ പായകൊണ്ടു കൂടാരംകെട്ടി, മുളക്കഷണങ്ങൾ ചീന്തി കുട്ടമുടയുന്ന "കാപ്പിരി" കൂട്ടത്തേയോ കാണുമ്പോളെല്ലാം, പ്രേമനിർബന്ധങ്ങൾക്കടിമപ്പെടാതെ, ഉരവഗാഢമായ ബഹിർല്ലോകത്തിലെ സ്വാതന്ത്ര്യജീവിതം അനുഭവിക്കാനുള്ള ഭാഗ്യം തനിക്കും സിദ്ധിച്ചാൽകൊള്ളാമെന്ന മോഹം അവൻ്റെ അന്തരംഗത്തിൽ ബലവത്തരമായി അങ്കുരിക്കാറുണ്ടായിരുന്നു. അവൻ ഇങ്ങിനെ ര

ണ്ടുമൂന്നു പ്രാവശ്യം ചാടിപ്പോയ ശേഷം അയൽപക്കക്കാരും ബന്ധുജനങ്ങളും അവനെ അടക്കിനിർത്തുന്ന കാര്യം അസാദ്ധ്യമെന്നു് തീർച്ചയാക്കി.

അവൻ ചേർന്ന നാടകക്കമ്പനിയുടെ ഉടമസ്ഥൻ അവനെ പുത്രനിർവിശേഷം സ്നേഹിച്ചിരുന്നു. അല്പകാലത്തിനുള്ളിൽ താരാചരൻ കളിക്കാരുടെ ഇടയിൽ ഒരു 'ഓമന' യായിത്തീർന്നു. കളികാണ്മാൻ വരുന്ന ആളുകൾ—വിശേഷിച്ചു സ്ത്രീകൾ—അവനെ വിളിച്ചു വരുത്തി പ്രത്യേകമായി അഭിനന്ദിക്കുക പതിവായി. ഇപ്രകാരം സർവ്വരുടെയും പ്രേമലാളനാദികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കാണു് ഒരു ദിവസം അവൻ ആരും കാണാതെ അവിടെ നിന്നു ചാടിപ്പോയ്ക്കളഞ്ഞതു്.

അസ്വാതന്ത്ര്യത്തിലുള്ള ക്ഷമയില്ലായ്മയും, സംഗീതത്തിലുള്ള ഭ്രമവും ആലോചിച്ചാൽ, താരാചരൻ ഒരു മാൻകുട്ടിയെപ്പോലെയായിരുന്നു. ആ ബാലനെ ഗൃഹബന്ധങ്ങളിൽ നിന്നു് ആകർഷിച്ചകറ്റിയതു് ചില നാടകങ്ങളിലെ പാട്ടുകളായിരുന്നു. അവയുടെ രാഗമാധുരി അവന്റെ ഹൃദയാന്തർവലയങ്ങളിൽ പ്രവേശിച്ചു്, അനുരൂപങ്ങളായ ചില വികാരങ്ങളെ ഉല്പാദിപ്പിച്ചു. ആ ചെറുബാലൻ സദിരുകളിലും മററും ചെന്നിരുന്നു്, ഗൌരവത്തോടെ തലകുലുക്കുന്നതും താളം പിടിക്കുന്നതും കണ്ടാൽ ആർക്കും ചിരിക്കാതിരിക്കാൻ സാധിക്കയില്ല. മനുഷ്യരുടെ സംഗീതം മാത്രമല്ല, കർക്കടകത്തിലെ മഴത്തുള്ളികൾ ഇലപ്പടപ്പിൽ പതിക്കുമ്പോൾ ഉണ്ടാകുന്ന മർമ്മരവും, ഇടിമുഴക്കവും, അമ്മയുടെ അടുക്കൽനിന്നു വഴിതെറ്റിപ്പോയ ഏതോ രാക്ഷസശിശുവിന്റെ തേങ്ങിക്കരച്ചിൽ പോലെ കുററിക്കാടുകളിലൂടെ നിശ്വസിക്കുന്ന കാററിന്റെ ശബ്ദവും, അവനെ പലപ്പോഴും ആഹ്ലാദിപ്പിക്കാറുണ്ടായിരുന്നു. മദ്ധ്യാഹ്നസൂര്യന്റെ തീക്ഷ്ണകിരണങ്ങളാൽ തപിക്കുന്ന ആകാശത്തിലൂടെ പറക്കുന്ന പരുന്തിന്റെ വിദൂരാരവവും വർഷാകാലസന്ധ്യകളിൽ കരയുന്ന മണ്ഡൂകങ്ങളുടെ കർക്കശസ്വരവും അർദ്ധരാത്രിയിൽ "ഓരി"യിടുന്ന സൃഗാലങ്ങളുടെ നിലവിളിയും അവന്റെ ഹൃദയത്തെ അത്യധികം ഉല്ലസിപ്പിക്കുന്ന സംഭവങ്ങളായിരുന്നു.

ഈ സംഗീതഭ്രമം നിമിത്തമാണു് അവൻ ചില പാട്ടുകാരുടെ സംഘത്തിൽ ചെന്നുചേൎന്നതു്. പ്രാസപ്രചുരങ്ങളും, പുരാണവിഷയപ്രതിപാദകങ്ങളും ആയ അനേകം പാട്ടുകൾ ആ സംഘത്തിന്റെ സൂത്രനാഥങ്കൽ നിന്നു് അവൻ പഠിച്ചു. അയാൾക്കു താരാചരൻ 'പഞ്ചമരാഗം' പാടുന്ന ഒരു 'പഞ്ചവൎണ്ണക്കിളി'യായിത്തീൎന്നു. ഇങ്ങനെ ഒട്ടനേകം പാട്ടുകൾ പഠിച്ചു് മിടുക്കനായിക്കൊണ്ടിരിക്കെ, ഒരുദിവസം രാവിലെ നോക്കുമ്പോൾ പക്ഷിയെ കണ്ടില്ല!

ആ പ്രദേശങ്ങളിൽ കൊല്ലംതോറും മിഥുനം, കൎക്കടകം മാസങ്ങളിൽ ചില ചന്തകളുണ്ടാകാറുണ്ടു്. ആ സന്ദൎഭങ്ങളിൽ ചില നാടകക്കാരും, സംഗീതക്കാരും, ദാസിയാട്ടക്കാരും, കച്ചവടക്കാരും, ഞാണിന്മേൽക്കളിക്കാരും വന്നുചേരുക പതിവുണ്ടു്. താരാചരൻ പാട്ടുകാരുടെ കൂട്ടത്തിൽനിന്നു ചാടിപ്പോയതു് ഒരു കച്ചവടക്കാരന്റെ അടുക്കലേയ്ക്കായിരുന്നു. അവനെ വെററിലക്കച്ചവടത്തിൽ സഹായിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു് അവിടെ ഒരു കൂട്ടം ഞാണിന്മേൽ കളിക്കാർ വന്നെത്തി. ഉടനെ അങ്ങോട്ടു ചാടി അവരുടെ 'കുഴലൂത്തു'കാരനായിത്തീൎന്നു. കുഴൽവിളിയുടെ പുതുമ അവസാനിച്ചപ്പോൾ, അവൻ ആ കൂട്ടരേയും വിട്ടു. നന്ദിഗ്രാമത്തിലെ ജെമിണ്ടാർ വളരെ കേമമായ ഒരു നാടകസംഘം ഏൎപ്പെടുത്താൻ ഭാവമുണ്ടെന്നറിയുകയാൽ തന്റെ ഭാണ്ഡവുംകെട്ടി അങ്ങോട്ടു പുറപ്പെട്ടു. ആ യാത്രയിലാണു് മോട്ടിബാബുവിനെ കണ്ടെത്തിയതു്.

താൻ സഹവസിച്ചിരുന്ന വിവിധജനങ്ങളുടെ സമ്പ്രദായങ്ങളൊന്നും താരാചരനെ ബാധിച്ചിരുന്നില്ല. അവന്റെ മനസ്സു് അത്രയും സ്വാതന്ത്ര്യവും അനിയന്ത്രിതവും ആയിരുന്നു. അവന്റെ ചുരുങ്ങിയ ജീവകാലത്തിനിടയിൽ അസംബന്ധവും അസഭ്യവുമായ പലേ കാഴ്ചകളും അവനു കാണാനിടവന്നിട്ടുണ്ടെങ്കിലും അവയെല്ലാറ്റിനും അവന്റെ മനസ്സിൽ സ്ഥലംപിടിക്കാൻ സാധിച്ചില്ല. ലോകസമുദ്രത്തിലെ കലങ്ങിയ വെള്ളത്തിൽ നീന്തുകമാത്രമല്ല, അടക്കിവെയ്ക്കാൻ സാധിക്കാത്ത കൌതുകത്താൽ, അടിയിലെ ചളിവരെ ചികഞ്ഞപ്പോൾ മുങ്ങുകയും ചെയ്യുമെങ്കിലും,

ആ ബാലമരാളത്തിൻെറ ചിറകുകളിൽ ഉലച്ചിൽ തട്ടുകയോ, ചളിപററുകയോ ചെയ്യില്ല. അതുകൊണ്ടുതന്നെയാണ്, ആ 'തെണ്ടി'ച്ചെറുക്കൻെറ മുഖത്ത് അകലുഷിതമായ യൌവനലക്ഷ്മി കളിയാടിക്കൊണ്ടിരുന്നത്. മദ്ധ്യവയസ്കനും ലോകപരിചിതനും ആയ മോട്ടിലാൽബാബുവിന്, അവനെ കണ്ടമാത്രയിൽ തന്നെ യാതൊരു സങ്കോചവും കൂടാതെ അംഗീകരിക്കാൻ തോന്നിയതിൻെറ രഹസ്യവും ആ നിഷ്കന്മഷസ്വഭാവം തന്നെയാണ്.

അത്താഴം ഊണ് കഴിഞ്ഞു, തോണി വീണ്ടും യാത്ര തുടർന്നപ്പോൾ ആ ബാലൻെറ ബന്ധുക്കളെപ്പററിയും ഗൃഹജീവിതത്തെപ്പററിയും അനപൂർണ്ണ പ്രേമാർദ്രതയോടുകൂടെ ചോദിച്ചുതുടങ്ങി. അതിനെല്ലാം ഏററവും ചുരുക്കത്തിൽ മറുപടിപറഞ്ഞു. താരാചരൻ തോണിയുടെ മേൽത്തട്ടിൽ കയറി അഭയംപ്രാപിച്ചു. കാലവർഷത്താൽ വെള്ളം നിറഞ്ഞുവഴിഞ്ഞിരുന്ന ആ മഹാനദി അതിൻെറ അനിയന്ത്രിതമായ മുഖരതയാൽ പ്രകൃതിമാതാവിനെപ്പോലും അസ്വസ്ഥയാക്കി. മേഘപടലങ്ങൾക്കിടയിലൂടെ പ്രകാശിച്ച സൂര്യഭഗവാൻ ഒരു മന്ത്രവാദിയുടെ ചൂരൽക്കോലെന്നപോലെ, സ്വകരങ്ങളെക്കൊണ്ട്, പുഴവക്കിൽ അർദ്ധമഗ്നങ്ങളായിക്കിടന്നിരുന്ന ഞാങ്ങണകളേയും, കരയിൽ പച്ചനിറത്തിൽ വളർന്നിരുന്ന കരിമ്പിൻതോട്ടത്തേയും, മറുകരയിൽ ചക്രവാളത്തോടടുത്തു നിരന്നിരുന്ന മരക്കൂട്ടത്തേയും സ്പർശിച്ചു. സകല ചരാചരങ്ങളും ജീവചൈതന്യത്താൽ ചലിച്ചും, ചിലച്ചും, ഉജ്ജ്വലിച്ചും, ഇരിക്കുന്നപോലെ തോന്നി.

താരാചരൻ മേൽത്തട്ടിൽ കയറി ഒരു കാററുപായയുടെ മറവിൽ കിടന്നു. പച്ചപ്പുല്ലുപുതച്ച മലഞ്ചെരിവുകളും വെള്ളം നിറഞ്ഞ ചണത്തോട്ടങ്ങളും, നെല്ലുവിളഞ്ഞ വയലുകളും, പുഴക്കരയിൽനിന്നു ഗ്രാമത്തിലേയ്ക്കു പോകുന്ന വരമ്പുകളും, മരക്കൂട്ടത്തിനിടയിൽ കാണപ്പെട്ട ഗ്രാമങ്ങളും ഒന്നൊന്നായി ദൃഷ്ടിപഥത്തിൽ പ്രവേശിച്ചും മറഞ്ഞുമിരുന്നു. ആകാശചക്രത്തിൻെറ അനന്തമായ വ്യാപ്തിയും, വയലുകളിലെ ഒച്ചയും അനക്കവും, വെള്ളത്തിലെ ഘോഷവും, മരങ്ങളിലെ ഉലച്ചിലും, ചക്രവാളങ്ങിൻെറ വിശാലതയും നിമിത്തം മഹത്തരമായ ഈ പ്രകൃതി

ആ ബാലനുമായി എത്രയും രഞ്ജിപ്പുള്ളതായിരുന്നിട്ടും, ആ അ
സ്വസ്ഥാത്മാവിനെ ഒരു നിമിഷമാത്രമെങ്കിലും ഗാഢാലിംഗന
ത്തിൽ ബന്ധിച്ചുനിൎത്തുവാൻ ശക്തയായില്ല.

പശുക്കിടാങ്ങൾ പുഴക്കരയിൽ ചാടിക്കളിച്ചു. കുതിര
ക്കുട്ടികൾ മൈതാനത്തിൽ മേഞ്ഞുകൊണ്ടിരുന്നു; വല വീശു
ന്നതിനുവേണ്ടി കെട്ടിനിൎത്തിയ മുളത്തൂണുകളിൽ ചെന്നിരു
ന്ന "മീൻകള്ള"പ്പക്ഷികൾ കൂട്ടങ്ങളോടെ വെള്ളത്തിലേയ്ക്കു
ചാടി; കുട്ടികൾ വെള്ളത്തിലിറങ്ങി 'കാട്ട' കാട്ടിക്കൊണ്ടി
രുന്നു; ധാരാളം വെള്ളത്തിലിറങ്ങി ഗ്രാമീണകന്യകകൾ വി
ഹരിച്ചിരുന്നു; തലയിൽ കൊട്ടയുംപേറി, മുക്കുവസ്ത്രീകൾ മീൻ
പിടിക്കാരുമായി വിലയെപ്പററി 'പിശകി'ക്കൊണ്ടിരുന്നു.
ഈവക കാഴ്ചകളെല്ലാം നിത്യപരിചിതങ്ങളായിരുന്നിട്ടും
താരാചരണു് അവയിൽ അപ്പോഴും ഒരു നൂതനത്വം തോന്നി
അവൻ അവയെ നിൎന്നിമേഷനായി നോക്കിക്കൊണ്ടിരുന്നു.

അവൻ പിന്നീട്ടു തോണിക്കാരുടെ നേരേ തിരിഞ്ഞു. തോ
ണി ആവശ്യത്തിലധികം കരയ്ക്കടുക്കുന്നതു കണ്ടാൽ താരാച
രൻ ഉടനെ ചാടിയെണീററു തോണിക്കാരെ സഹായിക്കും. അ
വരിൽ ആൎക്കെങ്കിലും 'ബീഡി,' വലിക്കാൻ അവസരം വേണ
മെന്നു തോന്നുന്നപക്ഷം ആ സമയത്തെല്ലാം അവരുടെ പ
ണി എടുക്കുന്നതിന്നും അവൻ സന്നദ്ധനായിരുന്നു. കാററിന്റേ
യും തോണിയുടേയും ഗതിയറിഞ്ഞു ഉചിതംപോലെ പ്രവൎത്തി
ക്കാൻ തനിക്കു ധാരാളം വശമുണ്ടെന്നു് അവൻ പലേപ്രകാര
ത്തിലും പ്രത്യക്ഷപ്പെടുത്തി.

സന്ധ്യയാവുന്നതിന്നു കുറച്ചു മുമ്പേ അന്നപൂൎണ്ണ അവനെ
വിളിച്ചു്, പതിവായി രാത്രി എന്താണു കഴിക്കാറു് എന്നു ചോ
ദിച്ചു.

"കിട്ടിയതു്. ചിലപ്പോൾ ഒന്നും കിട്ടാതെയുംവരും" എ
ന്നായിരുന്നു മറുപടി.

ശരിയായ ഉത്തരം കിട്ടാത്തതിൽ അന്നപൂൎണ്ണയ്ക്കു വലി
യ ആശാഭംഗമുണ്ടായി. കേവലം അഗതിയായ ഈ ബാലനു്

വേണ്ടതെല്ലാം കൊടുത്തു് അവനെ പരിപൂൎണ്ണമായ സുഖസ്ഥിതിയിൽ എത്തിക്കേണമെന്നായിരുന്നു ആ സാധ്വിയുടെ ആഗ്രഹം. പക്ഷേ അവനെ ഏതുപ്രകാരത്തിലാണ് സന്തോഷിപ്പിക്കാൻ സാധിക്കുന്നതെന്നു് അവൎക്കറിവാൻ സാധിച്ചില്ല. കുറച്ചു നേരം കഴിഞ്ഞപ്പോൾ തോണി കരയ്ക്കണഞ്ഞു. ഗൃഹനായിക ഭൃത്യന്മാരെ വിളിച്ചു്, അടുത്ത ഗ്രാമത്തിൽനിന്നു പലഹാരങ്ങളും മററു നല്ല പദാൎത്ഥങ്ങൾ വല്ലതും കിട്ടുമെങ്കിൽ അവയും കൊണ്ടുവരാൻ ആജ്ഞാപിച്ചയച്ചു. പക്ഷേ താരാചരൻ അല്പം ഊണുകഴിച്ചുവെന്നു വരുത്തിയതേയുള്ളു. പാൽ തീരേ വേണ്ടെന്നു പറഞ്ഞു. പ്രകൃത്യാ മിതഭാഷിയായ മോട്ടിബാബുവിൻെറ സൌമ്യമായ നിൎബ്ബന്ധത്തിനുപോലും അവൻ വഴിപ്പെട്ടില്ല. "എനിക്കു് ഇഷ്ടമില്ല" എന്നായിരുന്നു അവൻെറ ഏകവാദം.

ഇങ്ങിനെ രണ്ടുമൂന്നു ദിവസം തോണിയിൽത്തന്നെ കഴിഞ്ഞു. താരാചരൻ, സ്വന്തമനസ്സാലെ, പലപ്പോഴും ഭൃത്യരെയും തോണിക്കാരെയും സഹായിച്ചുകൊണ്ടിരുന്നു. പക്ഷേ, ഇതിനിടയിൽ, കാണത്തക്ക യാതൊരു കാഴ്ചയും അവൻെറ തീക്ഷ്ണദൃഷ്ടികളിൽ പെടാതിരുന്നില്ല. അവൻെറ കണ്ണുകളും, മററുള്ള അവയവങ്ങളും മനസ്സും ഒന്നുപോലെ സദാ ജാഗ്രൂകങ്ങളായിരുന്നു. സാക്ഷാൽ പ്രകൃതിദേവിയെപ്പോലെ അവൻ എല്ലായ്പോഴും വ്യാപരിച്ചുകൊണ്ടു ഇരുന്നു; പക്ഷേ ഇതരവസ്തുക്കളിൽനിന്നു വേർപെട്ടും ഇരുന്നു. ലോകത്തിൽ ഏതൊരാൾക്കും ക്ലിപ്തമായ ഒരു പദവിയും നിലയും ഉണ്ടു്; പക്ഷേ, താരാചരൻ, അനന്തമായ ജീവിതപ്രവാഹത്തിൻെറ ഉപരിഭാഗത്തു ചലിക്കുന്ന ഒരു സന്തോഷതരംഗമായിരുന്നു. ഭൂതഭാവികളോടു യാതൊരു ബന്ധവും ഇല്ലാതെ, കേവലം മുമ്പോട്ടു പോവുക മാത്രമേ അവൻ ചെയ്യുള്ളു.

ഒരു ചിന്താശകലംപോലും ബാധിക്കാത്ത മനസ്സിൻെറ അന്യാദൃശമായ ഗ്രഹണശക്തി നിമിത്തം, താൻ സഹവസിച്ചിരുന്ന വിവിധസംഘക്കാരിൽനിന്നു താരാചരൻ വിനോദകരങ്ങളായ പല വിദ്യകളും പഠിച്ചിരുന്നു. നാടകങ്ങളിലെ അനേകം പാട്ടുകളും മററും അവനു മുഖസ്ഥങ്ങളായിരുന്നു. ഒരുദിവസം

പതിവുപ്രകാരം മോട്ടിബാബു തന്റെ ഭാൎയ്യയേയും മകളേയും രാമായണം വായിച്ചു കേൾപ്പിക്കുകയായിരുന്നു. ശ്രീരാമകുമാരന്മാരായ കുശലവന്മാരുടെ ചരിത്രം പ്രതിപാദിക്കുന്ന ഘട്ടത്തിലെത്തിയപ്പോൾ താരാചരൻ രസം അടക്കിവെയ്ക്കുവാൻ കഴിഞ്ഞില്ല. അതുവരെ തോണിയുടെ മേൽത്തട്ടിൽ ലാത്തിയിരുന്ന താരാചരൻ പെട്ടെന്നു താഴത്തിറങ്ങിവന്നു. "വായന അവിടെ നിൽക്കട്ടെ; ഇനിയത്തെ ഭാഗം ഞാൻ പാടികേൾപ്പിക്കാം" എന്നു പറഞ്ഞു. പിന്നീടു "ദാശരഥി" യുടെ കൃതിയിൽ നിന്നു, മുരളീസ്വരംപോലെ നിൎദ്ദോഷരമണീയമായ ശാരീരത്തോടുകൂടി ആ ബാലൻ പാടാൻ തുടങ്ങിയപ്പോൾ, ആകാശമണ്ഡലം മുഴുവനും അനിൎവചനീയമായ ആനന്ദമാധുരിയിൽ ലയിച്ചുപോയി. തോണിക്കാർ വാതില്ക്കൽവന്നു നിലയായുറച്ചു ഇരിക്കട്ടെ. അതു വഴിക്കു പോയിരുന്ന മററു തോണിക്കാരും ഈ സ്വരമാധുരിയുടെ ശകലമെങ്കിലും ആസ്വദിക്കാൻ ആഗ്രഹിച്ചു ചെവി വട്ടംപിടിച്ചു. ഗാനം അവസാനിച്ചപ്പോൾ ശ്രോതാക്കൾ ദീൎഘമായി നിശ്വസിച്ചു.

'അശ്രുപൂൎണ്ണമിഴി'യായിത്തീൎന്ന അന്നപൂൎണ്ണ താരാചരനെ മടിയിലിരുത്തി മാറോടണെയ്ക്കുവാൻ ആഗ്രഹിച്ചു. ഈ ബാലൻ സമ്മതിക്കുന്നപക്ഷം, അവനെ തങ്ങളുടെകൂടെ പാൎപ്പിച്ചു പുത്രനില്ലായ്കയാലുള്ള ദുഃഖം കൂടാതെ കഴിക്കാമായിരുന്നു എന്നു മോട്ടിബാബുവും ചിന്തിച്ചു. അവരുടെ പുത്രി, "ചാരു" മാത്രം എന്തെന്നില്ലാത്ത അസൂയയ്ക്കും ദ്വേഷത്തിനും വശംവദയായി.

III

തന്റെ മാതാപിതാക്കന്മാരുടെ ഏകസന്താനവും അവരുടെ പ്രേമത്തിനു ഏകാവകാശിനിയുമായ "ചാരു"വിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കു യാതൊരവസാനവും ഉണ്ടായിരുന്നില്ല. വസ്ത്രാഡംബരവിഷയത്തിൽ അവൾക്കുള്ള അഭിപ്രായങ്ങൾ അനിതരസാധാരണങ്ങളായിരുന്നു എന്നു മാത്രമല്ല അവ കൂടക്കൂടെ മാറിക്കൊണ്ടിരിക്കയും ചെയ്തു. അവളെ പുറത്തു വല്ലേടത്തേയ്ക്കും

പുറപ്പെട്ടുവരുന്ന അവസരങ്ങളിൽ, അസാദ്ധ്യമായ വല്ലതും കിട്ടണമെന്നു ശാഠ്യം പിടിച്ചേക്കുമോ എന്നു ഭയപ്പെട്ടു് അവളുടെ അമ്മ അനുഭവിച്ചുവന്ന കഷ്ടപ്പാടുകൾ കുറച്ചൊന്നുമല്ല. തലമുടി കെട്ടിവെച്ചതു ശരിയായിട്ടില്ലെന്നു ഒരിക്കൽ തോന്നിപ്പോയാൽ, പിന്നീടു് അതു് എത്രപ്രാവശ്യം മാററിക്കെട്ടിക്കൊടുത്താലും അവൾക്കു തൃപ്തിയാവുകയില്ല; ഒടുവിൽ എല്ലാം കണ്ണീരിൽ കലാശിക്കുകയും ചെയ്യും. ഇങ്ങിനെ തന്നെയാണു് മററനേകം കാര്യങ്ങളിലും. പക്ഷേ, ശീലം നന്നായാൽ ചാരുവിനെപ്പോലെ ഇത്ര നല്ല കുട്ടിയെ കണ്ടുകിട്ടാനും പ്രയാസമാണു്. ആ സന്ദർഭങ്ങളിൽ, വഴിഞ്ഞൊഴുകുന്ന പ്രേമപാരവശ്യത്തോടുകൂടി അമ്മയെ കെട്ടിപ്പുണർന്നു ചുംബിക്കുന്നതും കളിയും ചിരിയുംകൊണ്ടു് അവരെ ആനന്ദഭരിതയാക്കുന്നതും കാണേണ്ട കാഴ്ചകളാണു്. ചുരുക്കിപ്പറകയാണെങ്കിൽ, ഈ ചെറുബാലിക ആർക്കും മനസ്സിലാക്കാൻ സാധിക്കാത്ത ഒരു "സൂത്രക്കുട്ടക"യായിരുന്നു.

തന്റെ അശിക്ഷിതഹൃദയത്തിൽ അടങ്ങിയ രൂക്ഷത മുഴുവനും ചാരു താരാചരനിൽ പ്രദർശിപ്പിച്ചു. ഉണ്ണാനിരിക്കുമ്പോൾ, കറികളൊന്നും നന്നായില്ലെന്നു പറഞ്ഞു പാത്രം വലിച്ചെറികയും, അനാവശ്യമായി ദാസിയിൽ ദോഷാരോപണം ചെയ്തു് അവളെ പ്രഹരിക്കുകയും മററനേകം തായാട്ടങ്ങൾ കാട്ടുകയും ചെയ്തു. ചാരു തന്റെ മാതാപിതാക്കന്മാരെ വല്ലാതെ ബുദ്ധിമുട്ടിച്ചു. താരാചരന്റെ നേരമ്പോക്കുകൾ വർദ്ധിക്കുംതോറും അവൾക്കു കോപവും മുഴുത്തുവന്നു. ആ ബാലന്റെ യോഗ്യതകളെ അഭിനന്ദിക്കത്തക്ക മനോവിശാലത ഇല്ലാത്ത അവൾക്കു അവനിൽ അസഹ്യമായ അസൂയ തോന്നിയതു സ്വാഭാവികമാണല്ലോ!

കാട്ടുജന്തുക്കളെപ്പോലും ആകർഷിക്കത്തക്ക ചാതുര്യത്തോടുകൂടി കുശലവന്മാരുടെ ചരിത്രത്തെ താരാചരൻ പാടിക്കേൾപ്പിച്ച അവസരത്തിൽ, ആ സംഗീതമാധുരി തന്റെ മകളുടെ മർക്കടബുദ്ധിയെ നന്നാക്കുമെന്നു് അന്നപൂർണ്ണ ആഗ്രഹിച്ചിരുന്നു. "ചാരു! പാട്ടെങ്ങിനെ?" എന്നു ചോദിച്ചതിനു കിട്ടിയ ഉത്തരം അനഭിലഷണീയമായ ഒരു ശിരഃകമ്പനമായിരുന്നു. "എന്തി അത്ര

തീരെ ഇഷ്ടപ്പെട്ടില്ല; ഇനിയൊട്ടു ഇഷ്ടപ്പെടുകയുമില്ല.'' എന്നായിരുന്നു സാധാരണ ഭാഷയിൽ ആ ശിരഃകമ്പനത്തിന്റെ അർത്ഥം—

താൻ താരാചരനോടു കാണിച്ച വാത്സല്യത്തെക്കുറിച്ചുള്ള അസൂയയായിരിക്കുമോ ഈ വിരോധത്തിന്നു കാരണം എന്നു ശങ്കിച്ച അന്നപൂർണ്ണ, മകളുടെ മുമ്പിൽവെച്ചു താരാചരനെ അധികമായി ലാളിക്കാതെ കഴിച്ചു. അവർ നേരത്തെ ഊണുകഴിച്ചു് ഉറങ്ങാൻ പോയാൽ, അന്നപൂർണ്ണ താരാചരനെ വിളിച്ചു പാട്ടുപാടിക്കും. ആകാശമണ്ഡലത്തിലെ അന്യാദൃശമായ പ്രശാന്തതയെ ഭേദിച്ചു്, സന്ധ്യാരാഗത്തിൽ മയങ്ങിക്കിടക്കുന്ന ഗ്രാമങ്ങളെ ആനന്ദപുളകിതങ്ങളാക്കുന്ന ആ ദിവ്യസംഗീതം അന്നപൂർണ്ണയുടെ പ്രേമതരളിതമായ ഹൃദയാന്തരത്തെ അനിർവചനീയമായ ഹർഷാമൃതത്താൽ അഭിഷിക്തമാക്കിക്കൊണ്ടിരിക്കെ, അരസികയായ ചാരുകിടക്കയിൽ നിന്നു ചാടിയെണീററു്, ഇതെന്തൊരു കോലാഹലമാണ്! നിങ്ങളുടെ ഒച്ചകൊണ്ടു് എനിക്കു കണ്ണടയ്ക്കാൻ വയ്യല്ലോ' എന്നു ഉച്ചത്തിൽ ഗർജ്ജിക്കുക പതിവായിരുന്നു. മററെല്ലാവരും താരാചരന്റെ ഗീതാമൃതത്തിൽ ലയിച്ചിരിക്കുകയും, താൻ ഏകയായി കിടക്കയിൽ വീണു് നിദ്രാദേവിയുടെ സാഹായ്യം വരിക്കുകയും ചെയ്യേണ്ടതെങ്ങിനെയാണെന്നു അവർക്കു് വിചാരിക്കാൻപോലും വയ്യായിരുന്നു.

ഈ "കുട്ടിക്കുരംഗമിഴി''യുടെ ബാലചാപലങ്ങൾ താരാചരന്നു് ഏററവും വിനോദകരങ്ങളായിരുന്നു. കഥ പറഞ്ഞും, പാട്ടു പാടിയും, ഓടക്കുഴൽ ഊതിയും അവൻ അവളെ സ്വാധീനമാക്കാൻ ചെയ്ത പരിശ്രമമെല്ലാം വ്യഥാവിലായി. ജലക്രീഡയ്ക്കിറങ്ങിയ അപ്സരസ്സുകളെപ്പോലെ, പതിവുപ്രകാരം താരാചരൻ അരയിൽ മുണ്ടു മുറുക്കിക്കെട്ടി വെള്ളത്തിൽ നീന്തിക്കളിക്കുമ്പോൾ മാത്രമേ ആ ബാലികയ്ക്കു് അവന്റെ കോമളസ്വരൂപത്തിൽ നിന്നു കണ്ണെടുക്കാൻ സാധിക്കാതെ വന്നുള്ളു. തനിക്കു് ഇതിൽ രസമുണ്ടെന്നു ആരെയും മനസ്സിലാക്കിക്കാതെ ദിനംപ്രതി അവൻ കുളിക്കാൻ പുറപ്പെടുന്ന സമയത്തെ പ്രതീക്ഷിച്ചിരിക്കുന്നതു് അവൾക്കൊരു ശ്രദ്ധവിനോദമായിത്തീർന്നു. ആ സമയമായാൽ, ഈ അശിക്ഷിതനാരി തോണിയുടെ ജനലിന്നരികെ ഇരുന്നു്

അതിശ്രദ്ധയോടുകൂടി ഇന്നൽപ്പണിയാരംഭിക്കും—യാദൃച്ഛികമായൊന്ന് ഭാവത്തിൽ അവർ കൂടക്കൂടെ പുഴയിലേയ്ക്കയച്ച നോട്ടങ്ങൾ, നിന്ദാരസത്തോടുകൂടി താരാചരന്റെ നേൎക്ക് വിട്ടിരുന്ന ജൃംഭകാസ്ത്രങ്ങളാണെന്ന മററുള്ളവർ വ്യാഖ്യാനിക്കേണമെന്നായിരുന്നു ആ സൂത്രക്കാരത്തിയുടെ ഉദ്ദേശം—

സെമീന്ദാരുടെ തോണി നന്ദിഗ്രാമം കടന്നുപോയ വിവരം താരാചരൻ മനസ്സിലാക്കിയില്ല. തോണി അതിന്റെ യാത്ര തുടർന്നുകൊണ്ടിരുന്നു. അതിലെ ആളുകളുടെ ഗതി, അതിന്റെ ഗതിപോലെതന്നെ പറയത്തക്ക വിശേഷവിധിയൊന്നും കൂടാതെയായിരുന്നു. ആൎക്കും യാതൊരു ബദ്ധപ്പാടും ഉണ്ടായിരുന്നില്ല. സ്നാനാർച്ചനാദി നിത്യകർമ്മങ്ങൾ യഥേഷ്ടം നിർവ്വഹിച്ചുപോന്നു. ദിനംപ്രതി ഇരുട്ടാകുംമുമ്പുതന്നെ, മിന്നാമിനുങ്ങുകൾ മിന്നുകയും ചീവിടു (ചീകിടു)കൾ ചിലയ്ക്കുകയും ചെയ്യുന്ന ഗ്രാമങ്ങൾക്കരികെ തോണി കരയ്ക്കണയ്ക്കുകയായിരുന്നു അവരുടെ പതിവ്. ഇങ്ങിനെ, കാററാലിയായിൽ ചെന്നെത്തുവാൻ അവൎക്ക് പത്തുദിവസം വേണ്ടിവന്നു.

## IV

സെമീന്ദാരെജമാനൻ തിരിച്ചുവരുന്ന വിവരം ഗ്രാമക്കാർ അറിഞ്ഞ ഉടനെ, ആൾക്കാരും പല്ലക്കുകളും കുതിരകളും പുഴക്കരയിൽ ഹാജരായി. ഈ ഉപചാരങ്ങൾനിമിത്തം സംഭവിച്ച കാലതാമസത്താൽ താരാചരൻ തീരെ അക്ഷമനായിത്തീൎന്നു. ആരും കാണാതെ അവൻ തോണിയിൽനിന്നു കരയ്ക്കു ചാടി. ഗ്രാമംമുഴുവനും ഒന്നു ചുററി. ആരെ കണ്ടാലും ജ്യേഷ്ഠനെന്നോ, ജ്യേഷ്ഠത്തിയെന്നോ, അമ്മാമനെന്നോ അമ്മായി എന്നോ സംബോധനം ചെയ്തും 'ലോഹ്യം' ഭാവിച്ചും അവൻ രണ്ടുമൂന്നു മണിക്കൂറിനുള്ളിൽ പല തരക്കാരുടേയും പരിചയവും സ്നേഹവും സമ്പാദിച്ചു.

പ്രകൃത്യാ യാതൊരു നിബന്ധനകൾക്കും കീഴടങ്ങാത്ത താരാചരന്ന് ആളുകളെ വശപ്പെടുത്തുന്നതിൽ യാതൊരു പ്രയാസവും ഉണ്ടായില്ല. അല്പദിവസങ്ങൾക്കുള്ളിൽ അവനു ഗ്രാമം മുഴുവനും

കീഴടങ്ങി. ഏതു കൂട്ടത്തിലും ചേൎന്ന അവരുടെ മനോഗതിക്കനുരൂപമായി പെരുമാറാനുള്ള പാടവം ഉണ്ടായിരുന്നതു തന്നെയായിരിക്കാം നിഷ്പ്രയാസമായ ഈ വിജയത്തിന്റെ രഹസ്യം. ഒരു പ്രത്യേക സമ്പ്രദായത്തിന്നും അടിമപ്പെടാതെ ഏതു സമ്പ്രദായത്തേയും അനുസരിക്കാനുള്ള സാമൎത്ഥ്യം അവന്നു സഹജമായിരുന്നു. കുട്ടികളുടെ കൂട്ടത്തിൽ ചെന്നാൽ അവനും ഒരു കുട്ടി തന്നെ; പക്ഷേ മററവരേക്കാൾ ഒരു പടി മേലെയാണു് തന്റെ സ്ഥിതിയെന്നു് അഭിമാനിക്കും.

ഗുരുജനങ്ങളുടെ സദസ്സിൽ അവന്നു കുട്ടിക്കളിയും മററും കാണുകയില്ല; കൃത്രിമമായ ഗൌരവം നടിക്കുകയും ഇല്ല. കൃഷീവലന്മാരായ നാടന്മാരുടെ സമൂഹത്തിൽ, ബ്രാഹ്മണത്വത്തിന്നു യാതൊരു ഭംഗവും വരുത്താതെ, അവനും കൃഷിക്കാരന്റെ അടവെട്ടുകളും. ജാതിനാമാദിഭേദങ്ങൾ ഗണിക്കാതെ, എല്ലാവരുടേയും പ്രവൃത്തികളിലും വിഹാരങ്ങളിലും ഭാഗഭാക്കായി അവൻ പ്രദൎശിപ്പിച്ച ചാതുൎയ്യം അനിതരസാധാരണമെന്നേ പറയേണ്ടു. ഒരുദിവസം അവൻ ഒരു മിട്ടായിക്കടയിൽ ചെന്നപ്പോൾ, അതിന്റെ ഉടമസ്ഥന്നു് എവിടേയ്ക്കോ പോകേണ്ട ആവശ്യമുണ്ടായി. അവൻ തിരിച്ചു വരുംവരെ പലഹാരക്കച്ചവടം ഏറെറടുത്തു. താരാചരൻ ഒരു പനയോലയെടുത്തു് ഈച്ചകളെ ആട്ടിക്കളയുന്നതിലും മററും കാണിച്ച സാമൎത്ഥ്യം കാണേണ്ടതു തന്നെയായിരുന്നു! പലഹാരമുണ്ടാക്കുന്നതിലും നെയ്ത്തുപണിയിലും കുശവന്റെ ജോലിയിലും അവൻ അത്ര നിപുണനായിരുന്നു.

ഇപ്രകാരം ഗ്രാമക്കാരെ ഒന്നുപോലെ വശീകരിക്കാൻ ത്രാണിയുണ്ടായിരുന്ന അവന്നു് ഒരു ചെറുപെൺകിടാവിന്റെ വിരോധത്തെ മാത്രം ഇല്ലാതാക്കുവാൻ സാധിച്ചില്ല. സ്ത്രീലോകത്തിലെ ഈ വരമാണു് തന്നെ ആ പ്രദേശത്തിൽനിന്നു ബഹിഷ്കരിക്കാൻ നിരന്തരം പരിശ്രമിക്കുന്നതെന്നറിയുകയാലായിരിക്കാം താരാചരൻ കാററാലിയായിൽ, തന്റെ സ്വാഭാവിക സമ്പ്രദായത്തെ അനുസരിക്കാതെ, ഇത്രയധികം കാലം താമസിക്കാൻ തീൎച്ചയാക്കിയതു്. സ്ത്രീചിത്തത്തിന്റെ ദുരവഗാഹാവസ്ഥയ്ക്കു ചാരുവിന്റെ നടപടികൾ വീണ്ടും ദൃഷ്ടാന്തമായിത്തുടങ്ങി. അവരുടെ വെപ്പുകാ

രിയുടെ മകൾ ശോണമണി എന്നൊരു പെൺകിടാവുണ്ടായിരുന്നു. ചാരുവിന്റെ സമാനവയസ്കയായിരുന്ന അവൾ അഞ്ചാമത്തെയോ ആറാമത്തെയോ വയസ്സിൽ വിധവയായിത്തീൎന്നു. ഈ രണ്ടു ബാലികമാരും ഉററ സഖികളായിരുന്നു. സെമീന്ദാർ തിരിച്ചെത്തിയ കാലത്ത് ശോണമണി ദീനം പിടിച്ചു കിടപ്പിലായിരുന്നതിനാൽ അവൾക്കു തന്റെ സ്നേഹിതയെ കുറെ ദിവസത്തേയ്ക്കു കാണ്മാൻ കഴിഞ്ഞില്ല. ദീനം മാറി അവൎക്കു തമ്മിൽ കാണ്മാൻ തരമായപ്പോൾ—പോരേ നിൎഭാഗ്യം— അവർ പിണങ്ങിപ്പിരിയാനിടയാവുകയും ചെയ്തു! ഈ കലഹത്തിന്റെ കാരണം പറയാം:

തന്റെ യാത്രയെപ്പററി ചാരു വളരെ ചാതുൎയ്യത്തോടെ വിവരിക്കുകയായിരുന്നു. താരാചരൻ എന്ന രത്നത്തെ കണ്ടുകിട്ടിയ ഘട്ടത്തിൽ എത്തുമ്പോൾ ശോണമണി ആശ്ചൎയ്യരസം പ്രകടിക്കുമെന്ന വിശ്വാസത്തോടുകൂടെയാണ് ചാരു കഥ പറഞ്ഞുതുടങ്ങിയതു്. പക്ഷെ താരാചരൻ ശോണമണിക്ക് അപരിചിതനല്ലെന്നും, ശോണയുടെ അമ്മയെ അവൻ ഇളയമ്മയെന്നും, ശോണ അവനെ 'ഏട്ട'നെന്നുമാണ് വിളിച്ചിരുന്നതെന്നും, രാധാമാധവന്മാരുടെ ശൃംഗാരലീലകളെ താരാചരൻ പലപ്പോഴും അമ്മയേയും മകളേയും പാടിക്കേൾപ്പിക്കാറുണ്ടെന്നും, ശോണയ്ക്ക് അവൻ ഒരു ഓടക്കുഴലുണ്ടാക്കിക്കൊടുത്തതിന്നു പുറമെ, കൂടക്കൂടെ ലതാഗൃഹങ്ങളിൽ നിന്നു പൂക്കളെടുത്തു സമ്മാനിക്കാറുണ്ടെന്നും മററും ശോണമണിയുടെ മുഖത്തുനിന്നു കേൾക്കാറായപ്പോൾ ചാരുവിന്റെ കൎണ്ണരന്ധ്രങ്ങളിൽ നാരാചശൂലം തറച്ചപോലെയുള്ള ഒരനുഭവമുണ്ടായി. ആ ദിവസംതന്നെ, വേറെ എന്തോ ഒരു ക്ഷുദ്രകാരണത്തിന്മേൽ ചാരു ശോണമണിയുമായി വൈരപ്രതിജ്ഞ ചെയ്തു. ഇതുകൊണ്ടും തൃപ്തിപ്പെടാതെ, അവൾ നേരിട്ട് താരാചരന്റെ മുറിയ്ക്കകത്തിൽ കടന്നുചെന്ന് അവൻ എത്രയോ ഓമനിച്ചുവെച്ചിരുന്ന ആ ഓടക്കുഴലെടുത്തു നിലത്തെറിഞ്ഞു ഞെരിച്ചുകളഞ്ഞു. ഈ പൈശാചികപ്രവൃത്തി ചെയ്യുന്നതിന്മദ്ധ്യേ താരാചരൻ മുറിയ്ക്കകത്തിൽ കടന്നുചെന്നു. ആ ബാലികയുടെ കോപപ്രകടനത്തിൽ താരാചരന്ന് എന്തെന്നില്ലാത്ത ഒരു കൌ

ത്സുകമാണുണ്ടായതു്. "ചാരു! എന്തിനാണെൻെറ ഓടക്കുഴൽ പൊട്ടിച്ചു കളയുന്നതു്?" എന്ന ചോദ്യത്തിന്നു് "എന്താണു് പൊട്ടിച്ചാൽ? ഒരു പാഠം പഠിപ്പിക്കാനാണു്. ഇനിയും ഞാൻ പൊട്ടിയ്ക്കും" എന്നായിരുന്നു മറുപടി. കണ്ണും മുഖവും ചുകപ്പിച്ചു് അവൾ വീണ്ടും ആ ഓടക്കുഴലിനെ ഛിന്നഭിന്നമാക്കി നുറുക്കി, സംരംഭം ശമിച്ചപ്പോൾ കണ്ണീരും വാർത്തുകൊണ്ടു പുറത്തേയ്ക്കു കടന്നുപോയി. തൻെറ പ്രിയപ്പെട്ട ഓടക്കുഴലിൻെറ ശകലങ്ങൾ പെറുക്കിയെടുത്തു താരാചരൻ സംഘടിപ്പിച്ചുനോക്കി. പക്ഷേ, അതു നന്നാക്കാൻ സാധിക്കാത്ത വിധത്തിൽ നുറുങ്ങിപ്പോയിരുന്നു. അനപരാധിയായ ആ കുഴലിനെ ബാധിച്ച അപ്രതീക്ഷിത വിപത്തിനെക്കുറിച്ചു് അവൻ ഒന്നു പൊട്ടിച്ചിരിച്ചു. ദിവസം ചെല്ലുംതോറും ചാരു അവൻെറ ദൃഷ്ടിയിൽ ഒരു വിചിത്രസൃഷ്ടിയായി പരിണമിച്ചു.

താരാചരനു കൌതുകാധാനഹേതുക്കളായി ആ വീട്ടിനുള്ളിൽ വേറെയും ചില സാധനങ്ങളുണ്ടായിരുന്നു. അവയിൽ ഒന്നു് മോട്ടിബാബുവിൻെറ വായനമുറിയിലെ ഇംഗ്ലീഷു ചിത്രപുസ്തകങ്ങളാണു്. ബാഹ്യലോകത്തെപ്പററി അവനു ഗണനീയമായ അറിവും പരിചയവും ഉണ്ടായിരുന്നിട്ടും ഈ ചിത്രലോകത്തിലേയ്ക്കു പരിപൂർണ്ണമായ പ്രവേശം കിട്ടാൻ അവൻ നന്നെ പണിപ്പെട്ടു. ഭാവനാശക്തിയുടെ സാഹായ്യം അവലംബിച്ചു് ഈയൊരു ന്യൂനതയെ പരിഹരിക്കുവാൻ അവൻ ചെയ്ത ശ്രമവും ശരിയായി ഫലിച്ചില്ല.

ചിത്രപുസ്തകങ്ങളിൽ അവനുണ്ടായിരുന്ന ഭ്രമം മോട്ടിബാബു കണ്ടറിഞ്ഞു. ഒരു ദിവസം അവനോടു് ഇപ്രകാരം ചോദിച്ചു:—"നിനക്കു് ഇംഗ്ലീഷു പഠിക്കാനാഗ്രഹമുണ്ടോ? അതു പഠിച്ചാൽ ഈ ചിത്രങ്ങളെ മനസ്സിലാക്കാൻ അധികം എളുപ്പമുണ്ടു്." അതിനു താരാചരൻ "ഉവ്വു്; എനിക്കു നന്നെ മോഹമുണ്ടു്." എന്നു മറുവടി പറഞ്ഞു. ഈ മറുവടി കേട്ടു് ഏററവും പരിതുഷ്ടനായിത്തീർന്ന മോട്ടിബാബു അവനെ ഇംഗ്ലീഷു പഠിപ്പിക്കേണ്ടതിലേയ്ക്കു ഗ്രാമസ്കൂളിലെ ഹെഡ്മാസ്റ്ററുമായി ഏർപ്പാടു ചെയ്തു.

## V

തീക്ഷ്ണമായ സ്മരണശക്തിയോടും അഭിന്നമായ ശ്രദ്ധയോടും കൂടെ താരാചരൻ ഇംഗ്ലീഷ് പഠിക്കാനാരംഭിച്ചു. പഴയ ജീവിതരീതിയെ ഭൂതകാലഗഹ്വരത്തിലേയ്ക്കു തള്ളിവിട്ടു. അവൻ ഒരു നൂതന ജീവിതത്തെ കൈക്കൊണ്ടപോലെ ഭാവിച്ചു. അയൽപക്കക്കാർക്ക് അവന്റെ ദർശനം ദുർല്ലഭമായിത്തീൎന്നു. സന്ധ്യമയങ്ങി ഇരുട്ടാകുന്നതുവരെ അവൻ പുസ്തകം വായിച്ചുകൊണ്ടു പുഴക്കരയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു് ആൎക്കും കാണാമായിരുന്നു. തന്റെ അനുചരസംഘത്തിലെ ചെറുക്കന്മാർ അകലെ ചെന്നുനിന്നു് അവനെ നോക്കുകയല്ലാതെ, അവന്റെ ഗ്രന്ഥപാരായണത്തിന്നു ഭംഗംവരുത്തുവാൻ തുനിഞ്ഞില്ല.

ചാരുവിന്നുപോലും അവനെ ചുരുക്കമായിട്ടേ കാണ്മാൻ കഴിഞ്ഞുള്ളു. അന്തഃപുരത്തിന്നുള്ളിൽ അന്നപൂൎണ്ണയുടെ ഉപചാരങ്ങളും അനുഭവിച്ചുകൊണ്ടും നന്നെ പതുക്കെയുമാണു് പണ്ടെല്ലാം താരാചരൻ ഭക്ഷണം കഴിച്ചിരുന്നതു്. പക്ഷെ, ഇപ്പോഴത്തെ സമയദൌർല്ലഭ്യം നിമിത്തം തന്റെ മുറിയ്ക്കുള്ളിൽതന്നെ ഭക്ഷണം കഴിക്കാൻ അനുവാദം നൽകേണമെന്നു് അവൻ മോട്ടിബാബുവിനോടാവശ്യപ്പെട്ടു. ആ കോമളകുമാരന്റെ സാന്നിദ്ധ്യം നഷ്ടമാകുന്നതിനെപ്പററി അന്നപൂൎണ്ണ അതിവ്യസനത്തോടെ തടസ്ഥം പറഞ്ഞുവെങ്കിലും, അവൻ പഠിപ്പിൽ പ്രദർശിപ്പിച്ചിരുന്ന ശ്രദ്ധയെ പുരസ്കരിച്ചു മോട്ടിബാബു അതിന്നു വിരോധമൊന്നും പറഞ്ഞില്ല.

ഇതു കണ്ടപ്പോൾ, തനിക്കും ഇംഗ്ലീഷു പഠിച്ചേ കഴിയൂ എന്നു ചാരുവും സിദ്ധാന്തിച്ചു തുടങ്ങി. ഈ നിർബന്ധം അവളുടെ ഒരു പുതിയ ചപലത മാത്രമാണെന്നു കരുതി അവളുടെ അച്ഛനമ്മമാർ ആദ്യം ഇതിനെപ്പററി ചിരിച്ചു കഴിച്ചതേയുള്ളു. പക്ഷെ ഈ ആശങ്ക ശരിയല്ലെന്നു തന്റെ അശ്രുപ്രവാഹത്താൽ ചാരു അചിരേണ വെളിപ്പെടുത്തി; ലാളനപ്രിയരായ അച്ഛനമ്മമാൎക്കു മകളുടെ നിർബന്ധത്തിന്നു വഴിപ്പെടാതെ നിവൃത്തിയില്ലെന്നും വന്നു; ചാരുവിനേയും താരാചരന്റെ കൂടെ പഠിക്കാനാക്കി.

എടുത്തുചാട്ടത്തിൻെറയും തന്നിഷ്ടത്തിൻെറയും കൂടായിരുന്ന ഈ പെങ്കിടാവിന്നു പഠിപ്പിൽ തീരെ വാസനയുണ്ടായിരുന്നില്ല. അവൾ യാതൊന്നും പഠിച്ചില്ലെന്നു മാത്രമല്ല താരാചരൻെറ പഠിപ്പിന്നും ഭംഗം വരുത്തി. അന്നന്നത്തെ പാഠം അവൾ പഠിക്കാതിരിക്കുന്നതിന്നു പുറമേ, താരാചരൻ ഒരു പാഠം അവസാനിപ്പിച്ചു വേറൊന്നിലേയ്ക്കു കടക്കുമ്പോൾ അവൾ കലശലായി കോപിച്ചു തുടങ്ങും. താരാചരന്നു വേണ്ടി ഒരു പുതിയ പുസ്തകം വാങ്ങിയാൽ ഉടനെ അവൾക്കും ആ പുസ്തകം വേണം. താരാചരൻ അവൻെറ മുറിയ്ക്കുള്ളിൽ ഇരുന്നു പഠിക്കുമ്പോൾ അവളുടെ മനസ്സിൽ അസൂയ മുഴുത്തുവന്നു. അവനില്ലാത്ത തരം നോക്കി അവൾ ആ മുറിയിൽ കടന്ന് അവൻെറ നോട്ടുപുസ്തകങ്ങളിൽ മഷി വീഴ്ത്തി കളങ്കപ്പെടുത്തുകയും തുവലുകളെടുത്തൊളിച്ചു വെയ്ക്കുകയും ചെയ്യും. ഈ കയ്യേററമെല്ലാം താരാചരൻ കഴിയുന്നത്ര ക്ഷമിക്കുകയും, ക്ഷമ കെടുമ്പോൾ അവളെ ശിക്ഷിക്കുകയും ചെയ്തുവെങ്കിലും, ചാരുവിൻെറ സ്വഭാവം ഇതുകൊണ്ടൊന്നും ഭേദപ്പെട്ടില്ല. ഒടുവിൽ, യാദൃച്ഛികമായി താരാചരന്നു ഒരു തഞ്ചം കിട്ടി. ഒരു ദിവസം ചാരുവിൻെറ വികൃതിയുടെ ഫലമായി മഷി തൂകി കേടുവന്നു കിടന്നിരുന്ന ഒരു കടലാസ്സു തൻെറ നോട്ടുബുക്കിൽനിന്നു ചീന്തിയെടുത്തു താരാചരൻ സ്വയമേവ കണ്ടിതപ്പെട്ടിരിക്കയായിരുന്നു. തത്സമയത്തു ചാരു വാതിൽക്കൽ വന്ന് എത്തിനോക്കിക്കൊണ്ട് "ഇന്നു നല്ല തരത്തിൽ പററി" എന്നു പറഞ്ഞ്, അകത്തേയ്ക്കു കടന്നു. പക്ഷെ, അവൾക്ക് ആശാഭംഗമാണുണ്ടായത്. താരാചരൻ ഒരക്ഷരംപോലും ഉച്ചരിക്കുകയാകട്ടെ, തന്നെ ശിക്ഷിക്കാൻ കയ്യോങ്ങുകയാകട്ടെ ചെയ്യുന്നില്ലെന്നു കണ്ടപ്പോൾ ആ കള്ളപ്പെങ്കിടാവിന്ന് എന്തുചെയ്യേണ്ടു എന്നറിയായ്കയാലുള്ള ക്ഷമകേടു കലശലായി—മാപ്പുചോദിക്കുന്ന സമ്പ്രദായം അവൾ ശീലിച്ചിരുന്നില്ലെങ്കിലും, ആ സന്ദർഭത്തിൽ ക്ഷമായാചനം ചെയ്താൽ കൊള്ളാമെന്ന മോഹം അവളെ വല്ലാതെ അസ്വസ്ഥയാക്കി. ഒടുവിൽ, അവൾ, തൻെറ വികൃതിയുടെ സ്മാരകമായി അവിടെ കിടന്നിരുന്ന കടലാസ്സുകഷണം എടുത്ത് അതിൽ, തെളിഞ്ഞുരുണ്ട കയ്യക്ഷരത്തിൽ, "ഞാൻ ഇനിമേലിൽ ഇങ്ങിനെ ചെയ്കയില്ല" എന്നെഴുതി താരാചര

ന്റെ മുമ്പിൽ വെച്ചു് അവന്റെ ശ്രദ്ധയെ അതിലേയ്ക്കാകർഷിച്ചു. ഈ ഘട്ടത്തിലെത്തിയപ്പോൾ താരാചരനു ചിരി അടക്കാൻ സാധിച്ചില്ല. ചാരു വ്യസനത്താലും കോപത്താലും അധോമുഖിയായി ശാശ്വതമായ കാലഗർത്തത്തിൽനിന്നും ദുരന്തമായ ദിഗന്തരാളത്തിൽ നിന്നും ആ കടലാസ്സുതുണ്ടു നിശ്ശേഷം നശിച്ചെങ്കിലല്ലാതെ തന്റെ പരിഭവം പരിഹരിക്കപ്പെടുന്നതല്ലെന്നായിരുന്നു അവളുടെ അപ്പോഴത്തെ വിശ്വാസം.

ലജ്ജാവതിയായ ശോണമണി ചിലപ്പോൾ താരാചരന്റെ പഠനമുറിയുടെ വാതിൽവരെ ചെന്നു്, അകത്തു കടക്കാതെ തിരിച്ചു പോകാറുണ്ടായിരുന്നു. അവളും ചാരുവും തമ്മിലുണ്ടായിരുന്ന വിരോധം മാറി ഇപ്പോൾ വളരെ സ്നേഹത്തിലും വിശ്വാസത്തിലുമായിരിക്കുന്നു. പക്ഷെ താരാചരനെ സംബന്ധിക്കുന്ന വിഷയങ്ങളിൽ മാത്രം ശോണമണി വളരെ ഭയത്തോടും സൂക്ഷ്മത്തോടും കൂടിയാണു് പെരുമാറിയതു്. ചാരു അന്തഃപുരത്തിനുള്ളിലാണെന്നു മുൻകൂട്ടി തീർച്ചപ്പെടുത്തിയ ശേഷമേ അവൾ പഠനമുറിയുടെ പരിസരങ്ങളിലേയ്ക്കു പോകാൻ തുനിഞ്ഞിരുന്നുള്ളു. ഒരുദിവസം അവൾ വാതിലിന്നടുത്തു നിന്നു തിരിച്ചുപോകാൻ ഭാവിക്കുമ്പോൾ താരാചരൻ കണ്ടു. "ആരാണതു് ശോണയോ? എന്തൊക്കെയാണ് വർത്തമാനം? അമ്മയ്ക്കു സുഖംതന്നെയല്ലേ?" എന്നു കുശലപ്രശ്നം ചെയ്തു തീരുമ്പോഴേയ്ക്കു ചാരു അവിടെ വന്നെത്തി. ശോണമണിയുടെ ഭയസംഭ്രമങ്ങളൊന്നും പറയാനില്ല. തന്റെ സ്നേഹിതയുടെ സ്വത്തു് അപഹരിക്കുന്നതു് അവൾ കണ്ടുപിടിച്ചാലുണ്ടാവുന്ന വികാരമാണ് ശോണയെ ബലവത്തായി ബാധിച്ചതു്. ചാരു തലകുലുക്കി മുക്കാലും പരുഷമായ സ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:—"ശോണമണി നാണമില്ലല്ലോ! പഠിക്കുന്നവരെ ഉപദ്രവിക്കുകയാണ് നിന്റെ പണി! ഞാൻ അമ്മയോടു പറയട്ടെ!" താരാചരന്റെ രക്ഷാധികാരം സ്വയമേവ കൈക്കൊണ്ട ആ പെൺകിടാവിന്റെ വാക്കു കേട്ടാൽ അവന്റെ പഠിപ്പിനുള്ള പ്രതിബന്ധങ്ങൾ നീക്കുന്നതാണ് അവളുടെ ജീവിതോദ്ദേശമെന്നു തോന്നിപ്പോകും! തത്സമയത്തു് അവളെ അവിടെയ്ക്കു വിളിച്ചുവരുത്തിയതു് എന്തൊരു

ഉദ്ദേശമാണെന്നു ദൈവത്തിന്നറിയാം.— താരാചരന്നറികയില്ല, നിശ്ചയംതന്നെ. സാധു ശോണമണി പരിഭ്രമിച്ചു പലേ ഒഴികഴിവുകളും പറഞ്ഞുനോക്കി. അതെല്ലാം കെട്ടുകഥകളാണെന്നു ചാരു തീൎച്ചമാനിക്കുകയാൽ, തോൽവി സമ്മതിച്ച് ശോണമണി അവിടെനിന്നു പുറത്തെയ്ക്കു പോവുകയും ചെയ്തു. പക്ഷേ, പോകുന്നതിന്നു മുമ്പായി താരാചരൻ "എന്നാൽ അങ്ങിനെയാവട്ടെ; വൈകുന്നേരം ഞാൻ അങ്ങോട്ടു വന്നുകൊള്ളാമെന്ന് അമ്മയോടു പറയണം" എന്നു പറഞ്ഞിട്ടാണ് അവളെ യാത്രയാക്കിയത്.

ചാരു:— (ഹാസ്യരസത്തിൽ) "മാഷ്ടരു പഠിക്കാൻ ഒന്നും ഇല്ലായിരിക്കാം—ഞാൻ മാസ്റ്ററോടു പറയട്ടെ. പറയാതിരിക്കുമെന്നു കരുതേണ്ട."

ഈ ഭീഷണിപ്രയോഗംകൊണ്ടു ഭയപ്പെടുന്നവനായിരുന്നില്ല നമ്മുടെ താരാചരൻ. അവൻ അടുത്തടുത്തു രണ്ടു ദിവസം വൈകുന്നേരം ശോണയുടെ അമ്മയെ ചെന്നു കണ്ടു. മൂന്നാമത്തെ ദിവസം ചാരു ഭീഷണികൊണ്ടു തൃപ്തിപ്പെടാതെ വേറൊരു സൂത്രം കണ്ടുപിടിച്ചു. ഉച്ചതിരിഞ്ഞപ്പോൾ താരാചരന്റെ മുറി പുറത്തുനിന്നു പൂട്ടി രാത്രി ഉണ്ണാൻ കാലമാകുംവരെ താരാചരനെ ബന്ധനസ്ഥനാക്കി—അപ്രതീക്ഷിതമായ ഈ പ്രവൃത്തി നിമിത്തം താരാചരന്നു വല്ലാതെ കോപംവന്നു. അന്നു രാത്രി ഊണുകഴിക്കില്ലെന്നു വാശിപിടിച്ചു. പശ്ചാത്താപഭരിതയായ ചാരു "ഇനിയൊരിക്കലും ഞാനിങ്ങനെ ചെയ്കയില്ല. ഞാൻ കാൽക്കൽ വീണു നമസ്കരിക്കാം.—കുറച്ചെങ്കിലും ഊണുകഴിക്കണേ" എന്നു കേണുയാചിച്ചതിന്നു പുറമെ ഹൃദയം ഭേദിക്കുമെന്ന ഭാവത്തിൽ പൊട്ടിക്കരയാനും തുടങ്ങിയപ്പോൾ മാത്രമേ താരാചരൻ തന്റെ മൎക്കടമുഷ്ടി വിട്ടുള്ളു.

മേലിൽ താരാചരനെ ഉപദ്രവിക്കുന്നതല്ലെന്നും അവനോടു സ്നേഹപൂൎവം പെരുമാറുന്നതാണെന്നും പലതവണയും ചാരു സ്വയം പ്രതിജ്ഞചെയ്തിരുന്നു. പക്ഷേ ശോണമണിയോ മററു വല്ല സംഗതിയോ നടുവിൽ ചാടിവീണ് ഈ സദാചാരനിഷ്ഠയെ വന്ധ്യമാക്കിത്തീൎത്തു. പോരെങ്കിൽ, ചാരുവിന്റെ സ്വഭാവം അസാധാരണമായി പ്രസന്നമായോ ശാന്തമായോ കണ്ടാൽ

അതിന്നു ഭംഗംവരുത്താനുള്ള വല്ലകാരണവും താരാചരൻ ഉണ്ടാക്കിത്തീൎക്കുകയുംചെയ്തു. ഇതെന്തിനായിരുന്നു എന്നു പറവാൻ സാധിക്കയില്ല. ആദ്യം ഒരു കൊടുങ്കാററു്. പിന്നെ ഒരു ബാഷ്പവൎഷം—പിന്നീടു പ്രസന്നമായ സൂൎയ്യപ്രകാശവും പ്രശാന്തതയും—ഇതായിരുന്നു ആ ഗൃഹത്തിനുള്ളിൽ നടന്നിരുന്ന സമ്പ്രദായം.—

## VI

ഇങ്ങിനെ കൊല്ലം രണ്ടുകഴിഞ്ഞു. ഇത്രയധികം കാലം താരാചരനെ കൂട്ടിലിട്ടടയ്ക്കുവാൻ ആൎക്കും സാധിച്ചിട്ടില്ല. ഇപ്പോൾ സാദ്ധ്യമായതു് അവന്നു പഠിപ്പിൽ ജനിച്ച അഭിനിവേശം കൊണ്ടായിരിക്കാം. അല്ലെങ്കിൽ, പ്രായം വൎദ്ധിക്കുന്തോറുമുള്ള സ്വഭാവപ്പകൎച്ചകൊണ്ടായിരിക്കാം. അഥവാ, തന്റെ സതീൎത്ഥ്യയായ പെങ്കിടാവിന്റെ ചാപലങ്ങൾ താനറിയാതെതന്നെ തന്റെ ഹൃദയത്തെ ആകൎഷിച്ചതുകൊണ്ടായിരിക്കാം.

ചാരുവിന്നു വിവാഹം കഴിക്കേണ്ട കാലമായി. അനുരൂപനായ ഒരു വരനെ കണ്ടുകിട്ടാൻ വേണ്ടി മോട്ടിബാബു നാടെങ്ങും അന്വേഷിച്ചുതുടങ്ങി. "എന്തിനാണിത്ര ബുദ്ധിമുട്ടുന്നതു്? താരാചരൻ ഒരു നല്ല കുട്ടിയാണു്. ചാരുവിന്നു അവനിൽ പ്രിയവും ഉണ്ടു്" എന്നു് അന്നപൂൎണ്ണ അഭിപ്രായപ്പെട്ടു. ഈ അഭിപ്രായത്തിൽ സെമിണ്ടാക്കു് അല്പം അത്ഭുതമാണുണ്ടായതു്.

"അതെങ്ങിനെയാണു്? അവന്റെ കുലത്തെപ്പററിയോ പൂൎവ്വചരിത്രത്തെപ്പററിയോ നമുക്കു യാതൊരു വിവരവും ഇല്ലാതിരിക്കെ, നമ്മുടെ പുത്രിയെ അവന്നു വിവാഹംചെയ്തുകൊടുക്കുന്നതു്? അവൾക്കു നല്ല ഒരു ഭൎത്താവുണ്ടായിക്കാണാനാണെന്റെ ആഗ്രഹം" എന്നായിരുന്നു സെമിണ്ടാരുടെ മറുപടി.

ഒരുദിവസം വിവാഹാലോചനയുംകൊണ്ടു് രഥാഗം സെമിണ്ടാരുടെ ചില ആളുകൾ അവിടെ വന്നെത്തി. ചാരുവിനെ അണിയിച്ചു പുറത്തേയ്ക്കു വരുത്തുവാൻ അവർ ചെയ്ത ശ്രമങ്ങളെല്ലാം വൃഥാവിലായി. മോട്ടിബാബുവിന്റെ പ്രേമപുരസ്സരമായ അപേക്ഷയാകട്ടെ ശകാരമാകട്ടെ കുറച്ചെങ്കിലും അവൾ കൂട്ടാ

ക്കിയില്ല. ഒടുവിൽ, സെമിണ്ടാർ പുറത്തുവന്നു് തന്റെ മകൾക്കു സുഖമില്ലായ്കയാൽ അന്നു് അവളെ കാണ്മാൻ സാധിക്കുകയില്ലെന്നും മററും ഓരോ ഒഴികഴിവുകൾ പറഞ്ഞു വന്നവരെ മടക്കിയയക്കാൻ ശ്രമിച്ചു. രഹസ്യമാക്കി വെയ്ക്കത്തക്ക എന്തോ ഒരു ന്യൂനത നിമിത്തമാണു് കുട്ടിയെ പുറത്തു കാണിക്കാത്തതെന്നു തീരുമാനിച്ചു് അവർ വിവാഹം വേണ്ടെന്നും തീർച്ചപ്പെടുത്തി.

അതിനുശേഷമാണ് മോട്ടിബാബു താരാചരനെപ്പററി ആലോചിച്ചുതുടങ്ങിയതു്. അവനു് അംഗലാവണ്യവും സ്വഭാവഗുണവും വേണ്ടേടത്തോളം ഉണ്ടു്. യാതൊരു ദോഷവും ഇല്ലതാനും. താരാചരനു് അവിടെത്തന്നെ താമസിക്കാവുന്നതുകൊണ്ടു്, തങ്ങളുടെ ഏകസന്താനമായ ചാരുവിനെ അന്യഗൃഹത്തിലേയ്ക്കു് അയയ്ക്കുന്നതിനാലുണ്ടാകുന്ന വ്യസനംകൂടാതെ കഴിക്കുകയും ചെയ്യാം. എന്നുമാത്രമല്ല, പിതൃഗൃഹത്തിൽ അവൾ കാട്ടിയ കുസൃതികൾ എത്രതന്നെ ക്ഷന്തവ്യമായിരുന്നാലും, അവ ഭർത്തൃഗൃഹത്തിൽ ക്ഷന്തവ്യമായിരിക്കുന്നതല്ലെന്നും മോട്ടിബാബു ഭയപ്പെട്ടിരുന്നു. ഈ വിഷയത്തെപ്പററി കുറേനേരം ആലോചിച്ചശേഷം താരാചരന്റെ കുലപാരമ്പര്യാദികളെപ്പററി ചില അന്വേഷണം നടത്താനും അവർ തീർച്ചപ്പെടുത്തി. താരാചരന്റെ കുടുംബക്കാർ സാധുക്കളാണെങ്കിലും വളരെ മര്യാദക്കാരാണെന്നു് അന്വേഷണത്താൽ മനസ്സിലാവുകയാൽ, വിവാഹാലോചനയോടുകൂടി അവന്റെ അമ്മയുടെ അടുക്കലേയ്ക്കു് ആളെ അയച്ചു; അവർ അതിനു സന്തോഷപൂർവ്വം അനുമതി നൽകുകയും ചെയ്തു. വിവാഹമുഹൂർത്തവും സ്ഥലവും മററും മോട്ടിബാബുവും ഭാര്യയുംകൂടി ആലോചിച്ചു തീർച്ചപ്പെടുത്തി, വിവരം ഗൂഢമായി വെച്ചുപോന്നു.

ഇതിനിടയ്ക്കു്, ചാരു കൂടക്കൂടെ താരാചരന്റെ മുറിക്കരികിൽ ചെന്നു്, ചിലപ്പോൾ കോപത്തോടും, ചിലപ്പോൾ പ്രേമത്തോടും, ചിലപ്പോൾ പുച്ഛത്തോടും കലശൽകൂട്ടുക പതിവായിരുന്നു. അപ്പോഴെല്ലാം അവളുടെ ആവിർഭാവം, മിന്നൽപ്പിണരുകൾപോലെ, ആ ബാലന്റെ സ്വാതന്ത്ര്യവും വിശദവുമായ മനോമണ്ഡലത്തിൽ ഒരു നൂതനമായ അനുഭവത്തെ ഉളവാക്കി.

ഇതേവരെ യാതൊരു ഭാരത്താലും ബന്ധിക്കപ്പെടാതിരുന്ന അവൻെറ ജീവിതം സ്വപ്നതുല്യമായ ഏതോ ഒരു വലയ്ക്കുള്ളിൽ കുടുങ്ങിയപോലെ അനുഭവപ്പെട്ടുതുടങ്ങി. ചിലപ്പോൾ താരാചരൻ പഠിപ്പു നിർത്തി വായനശാലയ്ക്കുള്ളിലുള്ള ചിത്രങ്ങളെ നോക്കി നില്ക്കും. അവയുടെ ദർശനമാത്രത്താൽ, അവൻെറ മനോദർപ്പണത്തിൽ പ്രതിബിംബിതമായ ലോകം അവൻ നേത്രേന്ദ്രിയങ്ങളുടെ സാഹായ്യത്താൽ കണ്ടറിഞ്ഞിരുന്ന ലോകത്തിൽനിന്ന് എത്രയോ വ്യത്യസ്തവും അതിനെക്കാൾ എത്രയോ അധികം ദീപ്തിമത്തുമായിരുന്നു.

കക്കടകമാസത്തിലെ ഒരു ശുഭദിനത്തിലേക്കായിരുന്നു മോട്ടിബാബു വിവാഹം നിശ്ചയിച്ചതു്. ആ വിവരം താരാചരൻെറ അമ്മയേയും ബന്ധുക്കളേയും അറിയിച്ചു. കൽക്കത്തായിൽനിന്നു ചില സാമാനങ്ങൾ വാങ്ങി അയയ്ക്കേണ്ടതിലേയ്ക്കു തൻെറ കാര്യസ്ഥനേയും ഏല്പിച്ചു. പക്ഷേ ഇക്കാര്യത്തെപ്പററി താരാചരനോട്ടു് അവർ ഒരക്ഷരംപോലും ശബ്ദിച്ചില്ല.

അതിനിടയ്ക്കു വർഷാകാലം ആരംഭിച്ചു. അവിടവിടെ കെട്ടിനിന്നിരുന്ന വെള്ളമല്ലാതെ, പുഴയിൽ ഇതുവരെ വെള്ളമുണ്ടായിരുന്നില്ല. മറുകരയിലേയ്ക്കു കടന്നുപോയ വണ്ടികളുടെ ഉരുൾപ്പാട്ടുകളുടെ ചിലേടത്തു കാണ്മാനുണ്ടായിരുന്നു. ഉണങ്ങി കട്ടയായ ചളിയിൽ പതിഞ്ഞു ചില തോണികൾ കിടന്നിരുന്നു. അങ്ങിനെ ഉണങ്ങി വരണ്ടിരിക്കുമ്പോഴാണ് ഒരുദിവസം പെട്ടെന്നു്, പരിണീതയായ പെൺകിടാവു ഭർത്തൃഗൃഹത്തിൽനിന്നു പിതൃഗൃഹത്തിലേയ്ക്കു തിരിച്ചുവരുന്നപോലെ, ഒരു ജലപ്രവാഹം, സന്തോഷാതിരേകത്താൽ ചിരിച്ചും കളിച്ചും, ഗ്രാമത്തിൻെറ സ്വാഗതോത്സുകവും വിരഹത്താൽ ശൂന്യവുമായ ഹൃദയാന്തരത്തിലേയ്ക്കു പ്രവേശിച്ചതു്. ആഹ്ലാദഭരിതരായ ബാലന്മാർ ചിരവിരഹിതയായിരുന്ന പ്രിയസഖിയെ പരിരംഭണം ചെയ്തു് അലംഭാവം വരാതെ വിഹരിച്ചു. ഗ്രാമീണസ്ത്രീകൾ, തങ്ങളുടെ ഗൃഹകൃത്യങ്ങൾ വിട്ടു്, പഴയ ചങ്ങാതിയെ എതിരേല്ക്കാൻ വന്നെത്തി. ആകപ്പാടെ വരണ്ടു ക്ഷീണിച്ചുകിടന്നിരുന്ന ആ ഗ്രാമത്തിലെങ്ങും ഒരു പുതിയ ജീവൻ വീണു എന്നേ പറയേണ്ടു.

ദേശാന്തരങ്ങളിൽനിന്നു ചരക്കുകൾ കയററിക്കൊണ്ടു വന്ന തോണികൾ, പലതരത്തിലുമായി പുഴയിൽ കണ്ടുതുടങ്ങി, സന്ധ്യാസമയത്തു തെരുവീഥികൾ വിദേശീയവഞ്ചിക്കാരുടെ സംഗീതാലാപങ്ങൾകൊണ്ടു മുഴങ്ങി. പുഴയുടെ ഇരുവശത്തും ഉള്ള ഗ്രാമങ്ങൾ വേനൽക്കാലത്തു ഏകാന്തതയിൽ സ്വഗൃഹകൃത്യങ്ങളെല്ലാം നിർവ്വഹിച്ചുകൊണ്ടുതന്നെ കാലം കഴിക്കേണ്ടിവന്നിരുന്നു. പക്ഷെ, വർഷാരംഭത്തോടുകൂടി, മഹത്തായ ബഹിർല്ലോകം, വധുവിനെ അന്വേഷിച്ചുംകൊണ്ടെന്നപോലെ, തന്റെ ചുവന്ന രഥത്തിൽകയറി വാണിജ്യസമ്മാനങ്ങൾ വഹിച്ചുവന്നെത്തി. ആ വരണസംരംഭത്തിൽ ക്ഷുദ്രതകളെല്ലാം നാമാവശേഷമായി, സർവത്ര ജീവചൈതന്യം വ്യാപിക്കുകയും, ആകാശമണ്ഡലം ഉത്സവകോലാഹലങ്ങളാൽ മുഖരിതമാവുകയുംചെയ്തു.

ഈക്കൊല്ലം നാഗസെമിണ്ടാർമാരുടെ വകയായി ഒരു വലിയ രഥോത്സവവും ചന്തയും ഭാവമുണ്ടു്. അതിനുള്ള ഒരുക്കങ്ങൾ പലതും നടന്നുകൊണ്ടിരുന്നു. തൊട്ടിലാട്ടക്കാരും, നാടകക്കാരും പലതരം കച്ചവടക്കാരും നിറഞ്ഞ തോണികൾ കൂട്ടംകൂട്ടമായി പുഴയിലൂടെ പോകുന്നതു്, സന്ധ്യാസമയങ്ങളിൽ നിലാവത്തു പുഴവക്കിൽ ലാത്തുന്ന താരാചരൻ കാണാറുണ്ടായിരുന്നു. ഒരു തോണിയിൽ ചില നാടകക്കാർ, ഫിഡിലോടുകൂടി, പാടിക്കൊണ്ടിരുന്നു. ആ ഗീതത്തിന്റെ പല്ലവിയെ ശ്രോതാക്കൾ അത്യുച്ചത്തിൽ കൊണ്ടാടിയപ്പോഴുണ്ടായ കോലാഹലം ആകാശമണ്ഡലത്തേയും ഭേദിച്ചു. ഉൾനാട്ടുകാരായ ചില തോണിക്കാർ രാഗമോ, താളമോ, അർത്ഥമോ ഇല്ലാതെ വെറുതെ കൈമണി മുട്ടിക്കൊണ്ടിരുന്നു. എവിടെയും കോലാഹലമേ ഉള്ളു.

താരാചരൻ ഈ കാഴ്ചകളെ കണ്ടാനന്ദിക്കുന്നതിൻമദ്ധ്യേ, വലുതായ കപ്പൽപ്പായപോലെ ഒരു കാളമേഘം ചക്രവാളത്തിൽ പൊങ്ങി ചന്ദ്രമണ്ഡലത്തെ മറച്ചു. കാറുകളെ ഓടിച്ചുകൊണ്ടു് കിഴക്കൻകാററു വീശി. പുഴവെള്ളം ഇളകി മറിയാനും തുടങ്ങി. നദീതീരത്തിലെ കാടുകൾ അന്ധകാരത്താൽ പൂർവ്വാധികം ശ്യാമങ്ങളായി; തവളകൾ നിലവിളിച്ചു; ചീവിടുകളുടെ കരച്ചിൽ ആ ദിക്കെങ്ങും പരന്നു.

കൊടിക്കൂറകൾ പറന്നും ഉരുളുകൾ തിരിഞ്ഞും, ഭൂമി മുരണ്ടും, ഇങ്ങിനെ പ്രകൃതിദേവിതന്നെ അന്നു വൈകുന്നേരം ഒരു രഥോത്സവം കൊണ്ടാടുന്നുണ്ടെന്നു തോന്നിപ്പോയി. മേഘങ്ങൾ ഒന്നൊന്നിനെ പിന്തുടന്നും, കാററ് അവയെ അതിവേഗത്തിൽ അനുഗമിച്ചും, തോണികൾ ശീഘ്രഗതിയെ അവലംബിച്ചും, പാട്ടുകൾ ആകാശമണ്ഡലത്തിൽ പൊങ്ങിയുമിരുന്നു. തത്സമയം ആകാശത്തെ ആസകലം ഭേദിച്ചുകൊണ്ട് ഒരു മിന്നലും ഇടിമുഴക്കവും ഉണ്ടായി. അടുത്തെവിടെയോ മഴ പെയ്തിരുന്നതിനാൽ, അന്ധകാരത്തിനിടയിലൂടെ നനഞ്ഞ മണ്ണിന്റെ വാസന പുറപ്പെട്ടു. കാററാലിയായിലെ ചെറുഗ്രാമം മാത്രം വാതിലടച്ചു വിളക്കണച്ച് ഒരു മൂലയിൽ കിടന്നുറങ്ങി.

പിറേറദിവസം താരാചരന്റെ അമ്മയും സഹോദരന്മാരും കാററാലിയായിൽ തോണിയിറങ്ങി. വിവാഹത്തിനുള്ള സാമാനങ്ങൾ നിറച്ച മൂന്നു തോണികൾ സെമിണ്ടാരുടെ കടവത്തും വന്നെത്തി. അതിന്റെ പിറേറദിവസം ശോണമണി താരാചരന്റെ മുറിയിലേക്കു ചില പലഹാരങ്ങൾ കൊണ്ടുപോയതു നന്നെ പ്രയാസപ്പെട്ടായിരുന്നു. വളരെനേരം വാതിൽക്കൽ മടിച്ചു നിന്നശേഷമേ അവൾ ഉള്ളിൽ കടന്നു ചെന്നുള്ളു.

അതിന്റെ അടുത്ത പിറെറന്നാൾ—പോരേ വിഷമം—താരാചരനെ കാണ്മാനില്ല. അനുരാഗത്തിന്റെയും വാത്സല്യത്തിന്റെയും പരസ്പരസമ്മേളനത്താൽ അവനെ പാട്ടിൽപെടുത്താൻ ആ വീട്ടുകാർ തീർച്ചപ്പെടുത്തുമ്പോഴെയ്ക്കും, അനാസക്തനും, സ്വാതന്ത്ര്യതല്പരനുമായ ആ ബ്രാഹ്മണകുമാരൻ, രാത്രി മഴ പെയ്യുന്നതിനിടയ്ക്ക്, ഗ്രാമക്കാരിൽ നിന്നു താൻ കവന്നെടുത്ത ഹൃദയത്തേയും കൈവശപ്പെടുത്തി, പ്രശാന്തയും പ്രഗത്ഭയുമായ വിശ്വമാതാവിന്റെ വിസ്തൃതവക്ഷസ്സിലേക്കു തിരിച്ചുപോയ്ക്കളഞ്ഞു.

——(0)——

# പ്രേമപരിണാമം

അപൂൎവ്വബാബു ബി. എ. പാസ്സായി സ്വഗൃഹത്തിലേയ്ക്കു മടക്കമായി. തന്റെ ഗ്രാമത്തിന്നരികിലൂടേ ഒഴുകിയിരുന്ന പുഴ, വേനൽക്കാലത്തു വരണ്ടുപോകാറുണ്ടെങ്കിലും, ഇപ്പോൾ കൎക്കടകത്തിലെ വെള്ളപ്പൊക്കത്താൽ നിറഞ്ഞുകിടക്കുന്നു. അപൂൎവ്വന്റെ തോണി കടവത്തെത്തി. നദീതീരത്തിലുള്ള വൃക്ഷസമൂഹത്തിലെ ഇലപ്പടൎപ്പിന്നിടയിലൂടെ അയാളുടെ ഗൃഹത്തിന്റെ മേൽപ്പുര ദൃശ്യമായി. അയാൾ വരുന്ന വിവരം വീട്ടിൽ അറിയിച്ചിട്ടുണ്ടായിരുന്നില്ല; തന്നിമിത്തം അയാളെ ആരും കാത്തുനിന്നിരുന്നില്ല. തോണിക്കാരൻ അയാളുടെ കൈപ്പെട്ടിയെടുത്തു വീട്ടിൽ എത്തിച്ചുകൊള്ളാമെന്നു പറഞ്ഞതിനെ കൂട്ടാക്കാതെ, അപൂൎവ്വൻതന്നെ അതു ചുമന്നുകൊണ്ടു കരയിലേയ്ക്കു് ഒരു ചാട്ടം ചാടി. ചാടേണ്ട താമസം, കാൽവഴുതിപ്പെട്ടിയും താനും ചളിയിൽ കമിഴ്ന്നുവീണു.

സമീപവൎത്തികളായ തരുക്കളിലെ പക്ഷിസമൂഹത്തിന്റെ സ്വൈരവസതിയ്ക്കു വിഘ്നം വരുത്തിക്കൊണ്ടു തത്സമയം മധുരമായ ഒരു പരിഹാസച്ചിരി വായുമണ്ഡലത്തിൽ പൊങ്ങി. അപൂൎവ്വൻ ഒരുവിധേന സ്വാസ്ഥതയവലംബിച്ചെഴുന്നേററു്, തന്നെ പരിഹസിച്ച ആൾ ആരാണെന്ന ജിജ്ഞാസയോടുകൂടി നാലുഭാഗത്തും തിരിഞ്ഞു നോക്കിയപ്പോൾ കണ്ടതു്, പുഴക്കരയിൽ കൂട്ടിവെച്ചിരുന്ന ഇഷ്ടികകളുടെ മുകളിൽ കയറിയിരുന്നു മുക്തകണ്ഠം ചിരിക്കുന്ന ഒരു പെൺകിടാവിനെയാണു്. ആ സുകുമാരി തന്റെ അയൽപക്കക്കാരിയായ മൃണ്മയിയാണെന്നു് അപൂൎവ്വന്നു് ഒരു നോട്ടത്തിൽ മനസ്സിലായി. മൃണ്മയിയുടെ വീട്ടുകാർ മുമ്പു താമസിച്ചിരുന്നതു കുറേ ദൂരത്തായിരുന്നു. പക്ഷേ നദിയുടെ ആക്രമണത്താൽ രണ്ടുകൊല്ലംമുമ്പു് ആ സ്ഥലംവിട്ടു് ഈ ഗ്രാമത്തിൽ ഒരു വീടു പണിയിച്ചു താമസമുറപ്പിക്കുവാൻ അവർ നിർബ്ബന്ധതരായി.

മൃണ്മയിയെ അറിയാത്തവർ ആ ഗ്രാമത്തിൽ ആരുമില്ല. പുരുഷന്മാരെല്ലാം അവളെ "കിറുക്കത്തി" എന്നു വിളിച്ചുപോ

ന്നു. അവളുടെ അനിയന്ത്രിതമായ ബാലചാപല്യംകണ്ടു്, അമ്മമാർ അവളുടെ ഭാവിയെപ്പററി നിരന്തരം വിചാരപ്പെട്ടുകയും ചെയ്തു. ഏതുസമയത്തും അവൾ ആൺകുട്ടികളോടൊന്നിച്ചു കളിച്ചു കഴിക്കും. തുല്യപ്രായത്തിലുള്ള പെൺകിടാങ്ങളെക്കുറിച്ചു് അവൾക്കു വലിയ പുച്ഛമായിരുന്നു. അച്ഛന്റെ അതിലാളനനിമിത്തം മകൾ ഇങ്ങിനെ ദുർവൃത്തയായിത്തീർന്നതാണെന്നു് അവളുടെ അമ്മ അയൽപക്കക്കാരോടെല്ലാം പലപ്പോഴും ആവലാതി പറയാറുണ്ടു്. പക്ഷെ മകളുടെ മുഖം വല്ല സമയത്തും കരഞ്ഞുകണ്ടാൽ, അതുനിമിത്തം ഭർത്താവിന്നു കുണ്ഠിതം തോന്നുമെന്നു ഭയപ്പെട്ടു്, ആ സ്ത്രീ ഒരിക്കലും മൃണ്മയിയെ ശകാരിക്കയോ ശിക്ഷിക്കയോ ചെയ്യാൻ തുനിഞ്ഞില്ല.

മൃണ്മയിയുടെ മുഖത്തു സ്ത്രീത്വത്തെക്കാൾ അധികം പുരുഷലക്ഷണമാണുണ്ടായിരുന്നതു്. അവളുടെ ചുരുളൻതലമുടി വെട്ടിനറുക്കി കഴുത്തുവരെമാത്രം നീണ്ടുകിടന്നിരുന്നു. നീലോല്പലസദൃശങ്ങളായ നയനങ്ങളിൽ ഭയത്തിന്റേയോ ലജ്ജയുടേയോ അടയാളം തീരെ ഉണ്ടായിരുന്നില്ല. ആ ഗ്രാമത്തിലെ പ്രമാണിയായ അപൂർവ്വബാബുവിന്റെ തോണി കരയ്ക്കണഞ്ഞ സമയം, മററു ചിലർക്കുണ്ടായിരുന്ന ഭയഭക്തിരസങ്ങളും അവളെ കേവലം ബാധിച്ചില്ല. നേരെമറിച്ചു്, ഈ അഭ്യാഗതന്റെ ആകൃതിയും പ്രകൃതിയും ഒന്നു സൂക്ഷിച്ചുനോക്കുവാനുള്ള മോഹംനിമിത്തം, ഒരു ചെറിയ കുട്ടിയേയും എടുത്തു്, പുഴവക്കിലേയ്ക്കു സധൈര്യം പോരുകയാണു് അവൾ ചെയ്തതു്.

അപൂർവ്വൻ മുമ്പു പലപ്പോഴും ഈ സുകുമാരിയെ കണ്ടിട്ടുണ്ടു്; എന്നുമാത്രമല്ല, പഠിപ്പിന്നിടയിലും, ഒഴിവുസമയങ്ങളിലും കൂടെക്കൂടെ അവളെ ഓർക്കുകയും ചെയ്തിരുന്നു. തനിക്കു സഹാസോക്തിയായി, അവൾ ചിരിച്ചതു വളരെ മാധുര്യത്തോടുകൂടിയാണെങ്കിലും, അതിൽ ഗർഭിച്ചിരുന്ന ഹാസ്യരസം അപൂർവ്വനു തീരെ രുചിച്ചില്ല. തന്റെ പെട്ടി തോണിക്കാരന്റെ കയ്യിൽ കൊടുത്തേല്പിച്ചു്, അയാൾ വീട്ടിലേയ്ക്കു ഓടി. ആ സമയം, അവിടുത്തെ കാഴ്ച ആകപ്പാടെ മനോഹരമായിരുന്നു. ഏററവും രമ്യമായ നദീതീരം; വൃക്ഷങ്ങളുടെ ഛായ; പക്ഷികളുടെ കളകൂ

ജിതത്താൽ പ്രസന്നമായ പ്രഭാതം; ഇരുപതുവയസ്സു പ്രായംചെന്ന ആ സുകുമാരൻെറ താരുണ്യം—അവിടെ കൂട്ടിയിരുന്ന ഇഷ്ടികമാത്രം ഈ രാമണീയകത്തിന്നു യോജിക്കാത്ത ഒരു കാഴ്ചയായിരുന്നുവെങ്കിലും, അതിൻെറ ഉപരിഭാഗത്തു ഇരുന്നുല്ലസിച്ച ബാലികയുടെ സൌകുമാൎയ്യം ഈ ന്യൂനതയെ നിശ്ശേഷം പരിഹരിച്ചു.

II

മകൻെറ അപ്രതീക്ഷിതമായ പ്രത്യാഗമനം വിധവയായ അമ്മയെ സന്തോഷഭരിതയാക്കി. ഭൃത്യന്മാരെ നാലുഭാഗത്തെയ്ക്കും അയച്ചു പാൽ, തൈർ മുതലായ സാമാനങ്ങൾ വരുത്തി. അയൽപക്കത്തെല്ലാം വലിയ ബഹളമായി. ഉച്ചയ്ക്കു ഊണുകഴിച്ചു്, അമ്മയും മകനും ഓരോ വൎത്തമാനങ്ങൾ പറഞ്ഞിരിക്കുന്നതിനിടയിൽ, അപൂൎവ്വൻെറ വിവാഹകാൎയ്യത്തെപ്പററിയും പ്രസ്താവം വന്നു. ഇതിന്നുമുമ്പും ഇക്കാൎയ്യം അമ്മ പ്രസ്താവിച്ചിട്ടുണ്ടു്. പക്ഷേ, അപ്പോഴെല്ലാം അപൂൎവ്വൻ വിദ്യാഭ്യാസ സംബന്ധമായ ഓരോ ഒഴികഴിവു പറഞ്ഞു പിന്മാറുകയാണു ചെയ്തതു്. ഇപ്പോൾ ആവക പ്രതിബന്ധമൊന്നും പറയാൻ തരമില്ല. വിവാഹം ഇനിയും നീട്ടിവെയ്ക്കുവാൻ യാതൊരു മാൎഗ്ഗവും ഇല്ലാതായി. തനിക്കനുരൂപയായ ഒരു പെണ്ണിനെ കണ്ടെത്തിയാൽ വിവാഹം ചെയ്‌വാൻ വിരോധമില്ലെന്നു അപൂൎവ്വൻ സമ്മതിച്ചു.

മകൻെറ ഭാൎയ്യയായിരിക്കാൻ യോഗ്യതയുള്ള ഒരു പെൺകിടാവിനെ താൻ കണ്ടുവെച്ചിട്ടുണ്ടെന്നും ആ വിഷയത്തെ സംബന്ധിച്ചേടത്തോളം ഇനി യാതൊരാലോചനയും നടത്തേണ്ടതില്ലെന്നും അമ്മ പറഞ്ഞു. പക്ഷേ, മകൻ അതനുവദിച്ചില്ല. ആ കുട്ടിയെ തനിക്കു് ഒന്നു കാണേണമെന്നു് അപൂൎവൻ നിൎബന്ധിക്കുകയാൽ, അമ്മ അതിന്നു വഴിപ്പെടേണ്ടിവന്നു.

പിറേറദിവസം അപൂൎവൻ വധൂഗൃഹത്തിലേയ്ക്കു പുറപ്പെട്ടു. പുതിയ പട്ടുകുപ്പായവും, കൽക്കത്തയിലെ പരിഷ്കാരികൾക്കു വളരെ പ്രിയപ്പെട്ട ഒരുതരം തലപ്പാവും, മേത്തരം ബൂട്ട്സും പട്ടുകുടയും ആയിട്ടാണു് അപൂൎവൻ പുറപ്പെട്ടതു്. തൻെറ

ഭാവിശ്വശുരനായ ഗൃഹസ്ഥൻ അപൂർവനെ യഥോചിതം സൽക്കരിച്ചിരുത്തി. രത്നഭൂഷിതസർവാംഗിയായ വധുവിനെ വീട്ടുകാർ അപൂർവന്റെ മുമ്പാകെ ഹാജരാക്കി. മുഖത്തുനിന്നു മൂടുപടം നീക്കാതെ, അധോമുഖിയായി ആ ബാലിക ഒരു മൂലയിൽ വന്നിരിപ്പായി. പുതിയ "അളിയ"ന്റെ തലപ്പാവും, വാച്ചിന്റെ സ്വർണ്ണച്ചങ്ങലയും, പൊടിച്ചുവരുന്ന ചെറുമീശയും നോക്കി രസിച്ചുകൊണ്ട്, ആ ബാലികയുടെ അനുജൻ 'രാഖാല'നും അടുക്കൽ വന്നിരുന്നു.

"സ്കൂളിൽ എന്തെല്ലാമാണ് പഠിക്കുന്നത്?" എന്ന് അപൂർവൻ വധുവിനോടു വളരെ ഗൌരവത്തിൽ ചോദിച്ചു. 'പട്ടിൽപ്പൊതിഞ്ഞ' ആ നാണംകുണുങ്ങിയുണ്ടോ വല്ലതും ഉത്തരം പറയാൻ പോകുന്നു? ഒടുവിൽ, അപൂർവന്റെ അക്ഷീണനിർബ്ബന്ധവും ദാസിയുടെ ഗൂഢപ്രേരണകളും തടുക്കാൻ സാധിക്കാതെ, ആ കുട്ടി തന്റെ പുസ്തകങ്ങളുടെ പേരെല്ലാം 'അമരകോശം' ഉരുവിടുന്ന മാതിരി, ഒരേശ്വാസത്തിൽ എണ്ണിപ്പറഞ്ഞു.

തത്സമയം ആരോ അകത്തേയ്ക്കു കടന്നുവരുന്ന ശബ്ദം കേട്ടു. ഓടിക്കിതച്ചുകൊണ്ടു മൃണ്മയി മുറിയ്ക്കുള്ളിലെത്തി. അവൾ അപൂർവന്റെ സാന്നിദ്ധ്യത്തെ വകവെയ്ക്കാതെ, രാഖാലന്റെ കൈക്കു കടന്നു പിടിച്ചു അവനെ പുറത്തേയ്ക്കു വലിച്ചിഴച്ചു. പക്ഷേ അപൂർവബാബുവിനെ പ്രത്യംശം പരിശോധിച്ചു സൂക്ഷ്മാവലോകനശക്തി അഭ്യസിക്കുന്ന ആ ബാലൻ ഇരുന്ന ദിക്കിൽ നിന്നനങ്ങിയില്ല. മൃണ്മയിയുടെ ചപലത കണ്ടു നിന്നിരുന്ന ദാസി, സഭ്യേതരമായിത്തോന്നാത്തവിധത്തിൽ അവളെ ശകാരിച്ചു. അപൂർവൻ വാച്ചിന്റെ ചങ്ങല കൈവിരലുകളിൽ ചുററിയും അഴിച്ചും ഗൌരവഭാവം നടിച്ചുതന്നെ ഇരുന്നു. രാഖാലനെ എഴുന്നേല്പിക്കുവാൻ ചെയ്ത ശ്രമം നിഷ്ഫലമായിക്കണ്ടപ്പോൾ മൃണ്മയി അവന്റെ പുറത്തു ഒരു തല്ലുതല്ലി; ജ്യേഷ്ഠത്തിയുടെ മുഖത്തുനിന്നു മൂടുപടം നീക്കി ആ സാധുക്കുട്ടിയേയും ദ്രോഹിച്ചു. ഇത്രയും പരാക്രമം അവിടെ നടത്തിയശേഷം, ഒരു ചെറിയ കൊടുങ്കാററുപോലെ പുറത്തേയ്ക്കു ചാടിപ്പോവുകയും ചെയ്തു. ദാസി മുഖം വീർപ്പിച്ചു പിറുപിറുത്തുതുടങ്ങി. രാഖാലനും മൃണ്മയിയും

തമ്മിൽ ശണ്ഠകൂടുന്നതു പതിവായിരുന്നതിനാൽ, തനിക്കു കിട്ടിയ പ്രഹരത്തെ അവനത്ര വകവെച്ചില്ല. ഒരുകാലത്തു മൃണ്മയിയുടെ തലമുടി അരയോളം നീണ്ടുകിടന്നിരുന്നു. ഒരുദിവസം രാഖാലൻ അതിന്നുള്ളിൽ കത്തിരി കടത്തി ഒരംശം വെട്ടിക്കളഞ്ഞു. തന്റെ ചങ്ങാതി തുടങ്ങിവെച്ച കർമ്മം പൂർണ്ണമാക്കുവാൻ വേണ്ടി മൃണ്മയി അവന്റെ കയ്യിൽ നിന്നു കത്തിരി വാങ്ങി തന്റെ കേശഖണ്ഡനം മുഴുവനാക്കി. കറുത്ത മുന്തിരിങ്ങക്കുല പോലെ ഒരു കെട്ടു തലമുടി നിലത്തു പതിച്ചു. ഇതാണു് മൃണ്മയിയുടെ ചികുരഭാരത്തിന്നു ഒരു വൈലക്ഷണ്യം വരുവാൻ കാരണം.

മേൽവിവരിച്ച സംഭവത്തിന്നു ശേഷം, വധൂപരീക്ഷയും അവസാനിച്ചു. കൂട്ടിലിട്ട പക്ഷിയെപ്പോലെ അസ്വസ്ഥയായിരുന്നു ആ പെൺകുട്ടി എഴുന്നേററ് അന്തഃപുരത്തിലേയ്ക്കു ഓടി. അപൂർവ്വബാബു മീശ തിരുമ്മി എഴുന്നേററു പോകാൻ പുറപ്പെട്ടു. അപ്പോഴെയ്ക്കും—പോരേ വിഷമം! ബൂട്ട്സ് കാണാനില്ല. എല്ലാദിക്കിലും തിരഞ്ഞുനോക്കി. ഒരു തുമ്പും ഉണ്ടായില്ല. ഒടുവിൽ, തന്റെ ഉടുപ്പിന്നു ഒട്ടും യോജിക്കാത്ത ഒരു ജോടി പഴയ 'സ്ലിപ്പർ' അവിടുത്തെ ഗൃഹസ്ഥനോടു കടം മേടിച്ചു്, ഭഗ്നാശനായി മടങ്ങിപ്പോരേണ്ടിവന്നു.

അപൂർവ്വൻ തോട്ടിന്നരികെയുള്ള ഒരു ഇടവഴിയിൽ എത്തിയപ്പോൾ, താൻ തലേദിവസം കേട്ട ചിരിതന്നെ വീണ്ടും കേട്ടു; ലജ്ജിച്ചും അന്ധാളിച്ചും നാലുപുറവും തിരിഞ്ഞുനോക്കുന്നതിന്നിടയിൽ ഒരു ജോടി ബൂട്ട്സ് അപൂർവ്വന്റെ കാൽക്കൽ വന്നുവീണു. മിന്നൽപ്പിണരുപോലെ ഒരു ബാലിക അതേസമയം തന്റെ മുമ്പിലൂടേ ഓടിപ്പോവുകയും ചെയ്തു. തന്നെ രണ്ടാമതും അപഹസിക്കാൻ ഒരുമ്പെട്ട അവളെ ബന്ധനസ്ഥയാക്കുവാനുറച്ചു അപൂർവ്വൻ അവളുടെ പിന്നാലെ ഓടി, അവളുടെ ഗതിയെ തടഞ്ഞു കൈ പിടിച്ചുനിർത്തി. മൃണ്മയി തട്ടിത്തെറിച്ചു പോകുവാൻ ശ്രമിച്ചുവെങ്കിലും, യുവാവു പിടിത്തം വിട്ടില്ല. വൃക്ഷശാഖകൾക്കിടയിലൂടേ സൂര്യ്യകിരണങ്ങൾ ആ സുകുമാരിയുടെ മുഖകമലത്തിൽ പതിഞ്ഞു. സ്ഫടികസങ്കാശമായ ജലാശയത്തിന്റെ അടിയിൽ

പ്രതിബിംബിച്ചു കാണുന്ന ശിലാശകലങ്ങളെ സകൗതുകം
നോക്കിനില്ക്കുന്ന ഒരു വഴിയാത്രക്കാരനെപ്പോലെ, അപൂർവൻ
അവളുടെ നയനങ്ങളിൽത്തന്നെ നിർന്നിമേഷനായി വളരെനേരം
നോക്കി. താൻ ചെയ്യാനുദ്ദേശിച്ച കൃത്യത്തെ മുഴുമിപ്പിക്കുവാൻ
ഭയപ്പെട്ടിട്ടെന്നപോലെ, അയാൾ മെല്ലെ മൃണ്മയിയെ ബന്ധന
ത്തിൽനിന്നു വിട്ടു്, അവൾക്കു സ്വാതന്ത്ര്യം നല്കി. അപൂർവൻ
ഇങ്ങിനെ ചെയ്യുമെന്നു് അവൾ കരുതിയിരുന്നില്ല. ദേഷ്യഭാ
വത്തിൽ, തന്റെ ചെവി തിരുമ്മിവിടുമെന്നാണു് അവൾ വി
ചാരിച്ചിരുന്നതു്.

## III

അപൂർവബാബുവിനെപ്പോലെ പഠിപ്പും അറിവും ഉള്ള
ഒരു യുവാവു് ഒരു ഗ്രാമീണകന്യകയുടെ മുമ്പാകെ തന്റെ യോ
ഗ്യതയെ പ്രകടിപ്പിക്കുവാൻ ഒരുങ്ങിയതിന്റെ സാരം എന്താണെ
ന്നു പറയാൻ പ്രയാസമാണു്. ശോചനീയമായ ബുദ്ധിഹീനത
നിമിത്തം അവൾ അപൂർവനെ നിരാകരിച്ചു്, കേവലം ബാലനാ
യ രാഖാലനെ ചങ്ങാതിയാക്കിയതിനാൽ അപൂർവനു് എന്താ
ണൊരു കുറവു വരാനുള്ളതു്? "വിശ്വദീപം" എന്ന മാസിക
യിൽ താൻ മാസംതോറും ലേഖനങ്ങളെഴുതാറുണ്ടെന്നും, തന്റെ
പെട്ടിയ്ക്കുള്ളിൽ, സെന്റു കുപ്പികളുടേയും, കത്തുകടലാസ്സുകളു
ടേയും, സംഗീതസാമഗ്രികളുടേയും കൂട്ടത്തിൽ, ഒരു പുസ്തക
ത്തിന്റെ പകപ്പു് പ്രസിദ്ധീകരണത്തിനു തെയ്യാറായിക്കിടപ്പു
ണ്ടെന്നും മററും അവളെ ധരിപ്പിക്കുവാൻ വേണ്ടി അവൻ എ
ന്തിനാണിത്ര ബുദ്ധിമുട്ടുന്നതു്?

അപൂർവൻ വീട്ടിൽ മടങ്ങിയെത്തി. പെണ്ണിനെ ബോധി
ച്ചുവോ എന്നു അമ്മ ചോദിച്ചു.

"ഉവ്വ്. അതിലൊരു പെൺകിടാവിനെ എനിക്കു നന്നെ
ബോധിച്ചു."

"ഒരു പെൺകിടാവിനെയോ? എന്താണു് കുട്ടാ, പറയുന്ന
തു്? എനിക്കു മനസ്സിലായില്ല."

വളരെ ചോദ്യങ്ങളും എതിർചോദ്യങ്ങളും കഴിഞ്ഞപ്പോൾ
അമ്മയ്ക്കു കാര്യം മനസ്സിലായി. മകന്റെ അഭിനിവേശം മൃണ്മയി

ലാണെന്നു തെളിഞ്ഞു. ഈ വാസ്തവം ഗ്രഹിച്ചപ്പോൾ ആ അമ്മയ്ക്കു ബി. ഏ. ഡിഗ്രിയെക്കുറിച്ചുണ്ടായിരുന്ന ബഹുമാനം വളരെ കുറഞ്ഞു. അമ്മയും മകനും തമ്മിൽ തക്കമായി. എങ്കിലും, ഒടുവിൽ മനമില്ലാമനസ്സോടേ അമ്മ കീഴടങ്ങേണ്ടിവന്നു. "അവളുടെ മുഖം തരക്കേടില്ല. സ്വഭാവം നന്നാക്കിയാൽ നന്നാവുകയും ചെയ്യും" എന്നു കരുതി സമാധാനിക്കുവാൻ ശ്രമിച്ചു. പക്ഷേ, വെട്ടി നറുക്കിയ തലമുടിയുടെ കാര്യമാണ് വിഷമം! സ്വഭാവം നേരെയാക്കാമെങ്കിൽ തലമുടി നേരെയാക്കാനാണോ പ്രയാസം? ഇങ്ങിനെ രണ്ടുപക്ഷങ്ങളുടെ ഗുണദോഷങ്ങളേയും താരതമ്യപ്പെടുത്തി, ഒടുവിൽ വിവാഹം നിശ്ചയിച്ചുവെന്നു പറഞ്ഞാൽ മതിയല്ലോ.

മൃണ്മയിയുടെ അച്ഛൻ ഒരു കപ്പൽക്കമ്പനിയിലെ കണക്കെഴുത്തുകാരനാണ്. മകളുടെ വിവാഹനിശ്ചയത്തെക്കുറിച്ചുള്ള എഴുത്തു കിട്ടിയപ്പോൾ അയാളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. ആ ബാഷ്പപ്രവാഹത്തിൽ എത്രകണ്ടു സന്തോഷവും എത്രകണ്ടു സന്താപവും അടങ്ങിയിരുന്നുവെന്നു നിർണ്ണയിക്കുവാൻ പ്രയാസമാണ്. വിവാഹാവസരത്തിൽ സന്നിഹിതനാകേണ്ടതിലേയ്ക്കു ഈശാനബാബു കുറച്ചുദിവസത്തെ കല്പനയ്ക്കു ഹരജി കൊടുത്തു. ഇതു് ഒരു മതിയായ കാരണമല്ലെന്നു പറഞ്ഞു് കമ്പനിമാനേജർ അപേക്ഷ തള്ളിക്കളഞ്ഞു. വിവാഹം ക്രിസ്തുമസ്സ് കല്പനക്കാലത്തെയ്ക്കു നിർത്തിവെയ്ക്കാനാവശ്യപ്പെട്ടുകൊണ്ടു് ഈശാനൻ വീട്ടുകാർക്കെഴുതി. അത്ര നന്നായിട്ടു വേറൊരു മുഹൂർത്തം വളരെ കാലത്തേയ്ക്കില്ലെന്നും തന്നിമിത്തം അടിയന്തിരം നിർത്തിവെയ്ക്കാൻ തരമില്ലെന്നും തന്റെ ഭാര്യ മറുപടി അയച്ചു. ഇങ്ങിനെ രണ്ടുഭാഗത്തുനിന്നും തന്റെ അപേക്ഷ തള്ളിപ്പോയതിനാൽ ഈശാനബാബു വളരെ കുഴങ്ങി. എന്തു ചെയ്യാം!

വിവാഹദിവസം അടുത്തു. മൃണ്മയിയുടെ അമ്മയും മററുസ്ത്രീകളും പുതിയ ദാമ്പത്യജീവിതത്തെപ്പററി അവൾക്കു് ഓരോ ഉപദേശങ്ങൾ കൊടുത്തു. കളിസ്വഭാവം, എടുത്തുചാട്ടം, ഒരുക്കമില്ലായ്മ, ആൺകുട്ടികളുമായുള്ള സഹവാസം, ആഹാരാദികളിൽ തുമ്പില്ലായ്മ ഇതെല്ലാം ഭർത്താവിന്റെ ഗൃഹത്തിൽ വർജ്ജ

നീയമാണെന്നും, വിവാഹബന്ധം പലവിധത്തിലും സ്വാതന്ത്ര്യത്തെ കുറയ്ക്കുന്ന ഏൎപ്പാടാണെന്നും അവർ മൂണ്മയിയെ ധരിപ്പിച്ചു. ജീവപൎയ്യന്തം കഠിനതടവും അതിനുശേഷം ശിരച്ഛേദവും അനുഭവിക്കാൻ വിധിക്കപ്പെട്ട ഒരു തടവുകാരനെപ്പോലെ മൃണ്മയി ഇതെല്ലാം കേട്ടു. "ഞാൻ വിവാഹം ചെയ്യാൻ ഭാവമില്ല" എന്നു അവൾ തന്നെത്താൻ പറഞ്ഞു.

IV

എങ്കിലും മൃണ്മയിക്കു വിവാഹം വേണ്ടെന്നുവെയ്ക്കുവാൻ സാധിച്ചില്ല. അതോടുകൂടി അവളുടെ കഷ്ടകാലവും ആരംഭിച്ചു. ഭൎത്തൃഗൃഹത്തിനുള്ളിൽനിന്നു പുറത്തിറങ്ങുവാൻ അവിടുത്തെ നായിക അവളെ അനുവദിച്ചില്ല. അവർ അവളെ നന്നാക്കുവാനുള്ള ശ്രമവും തുടങ്ങി.

"നീയൊരു കൊച്ചുകുട്ടിയല്ലെന്നു മനസ്സിലാക്കണം. നിന്റെ ഈ സമ്പ്രദായമൊന്നും ഈ തറവാട്ടിൽ ചേരുകയില്ല" എന്നായിരുന്നു അമ്മയുടെ പ്രഥമപ്രസംഗം.

തന്റെ സ്വൈരവാസത്തിന്നു ഈ ഗൃഹം പറ്റുകയില്ലെന്നാണു ഇതിൽനിന്നു മൃണ്മയി ഗ്രഹിച്ച സാരം. അന്നു വൈകുന്നേരം തന്നെ അവൾ അവിടെനിന്നു ചാടിപ്പോയി. പലേടത്തും തിരഞ്ഞുനോക്കിയിട്ടും കണ്ടുകിട്ടിയില്ല. ഒടുവിൽ, അവളുടെ സങ്കേതസ്ഥലം അറിഞ്ഞിരുന്ന രാഖാലൻ കള്ളി വെളിച്ചത്താക്കി. ആ ഗ്രാമത്തിലെ ദേവനെ എഴുന്നെള്ളിക്കാനുപയോഗിച്ചുവന്നിരുന്ന ഒരു പഴയ തേരിന്നുള്ളിൽ ഒളിച്ചിരിക്കയായിരുന്നു അവൾ.

ഈ സംഭവത്തിന്നുശേഷം ഭൎത്താവിന്റെ വീട്ടിൽ വസിക്കുന്ന കാൎയ്യം അവൾക്കു തീരെ ഉത്സാഹമായിത്തീൎന്നു. അന്നുരാത്രി അപൂൎവൻ ശയനമുറിയിൽ പ്രവേശിച്ചു മൃണ്മയിയെ വിളിച്ചു:—

"മൃണ്മയിക്കു എന്നിൽ സ്നേഹമില്ലേ?" എന്നു ചോദിച്ചു.

"ഇല്ല. ഞാൻ ഒരിക്കലും അങ്ങയെ സ്നേഹിക്കുകയില്ല."

"ഞാൻ എന്തു കുററം ചെയ്തു?"

"അങ്ങു എന്തിനാണെന്നെ വിവാഹം ചെയ്തതു്?"

ഈ ചോദ്യത്തിന്നു ശരിയായ സമാധാനം പറയുന്നതു പ്രയാസമായിത്തോന്നുകയാൽ അപൂർവ്വൻ മൌനം കൈക്കൊണ്ടു. "വരട്ടെ. ഈ മക്കടെപ്പിടുത്തം ഞാൻ മാററാതിരിക്കയില്ല" എന്നു ആത്മഗതമായി പറഞ്ഞു.

പിറെറദിവസം മൃണ്മയിയുടെ ദുർമ്മുഖം കാണുകയാൽ, അമ്മ അവളെ ഒരു മുറിയ്ക്കുള്ളിൽ അടച്ചുപൂട്ടി. കൂട്ടിലിട്ട പുലിക്കിടാവിനെപ്പോലെ അവൾ കിടക്കമേൽ വിരിച്ച തുണി കടിച്ചുകീറി. ഈ സംരംഭം ഒരുവിധം തണുത്തപ്പോൾ അച്ഛനെ വിളിച്ചു നിലവിളിച്ചുകൊണ്ടു നിലത്തു വീണുരുളാൻതുടങ്ങി.

തത്സമയം ആരോ അകത്തു കടന്നുവന്നു അവളുടെ അരികത്തിരുന്നു, അഴിഞ്ഞുലഞ്ഞു കിടന്നിരുന്ന കേശഭാരത്തെ ചിക്കിവെടുപ്പാക്കുവാൻ ഭാവിച്ചു. പക്ഷെ മൃണ്മയി കോപത്തോടുകൂടി അയാളുടെ കൈ തട്ടിത്തെറിപ്പിച്ചു. അപൂർവ്വൻ, തൻെറ പ്രിയതമയുടെ ചെവിയിൽ ഇപ്രകാരം മന്ത്രിച്ചു:—"ഞാൻ വാതിൽ തുറന്നതു ആരും അറിഞ്ഞിട്ടില്ല. നമുക്കു രണ്ടാൾക്കും ചാടിപ്പോകാൻ ഇപ്പോൾ നല്ലതരമാണു."

മൃണ്മയി കോപഭാവത്തിൽ തലകുലുക്കി, "വേണ്ട. ഞാൻ വരുന്നില്ല" എന്നു മാത്രം മറുപടി പറഞ്ഞു.

"അതാരാ, നോക്കു" എന്നു പറഞ്ഞുകൊണ്ടു അപൂർവ്വൻ അവളുടെ മുഖം പിടിച്ചു അല്പം പൊന്തിക്കുവാൻ ശ്രമിച്ചു. രാഖലൻ വാതിലിന്നരികെ വന്നുനില്ക്കുന്നുണ്ടായിരുന്നു. പക്ഷെ മൃണ്മയി മുഖം ഉയർത്താതെ അപൂർവ്വൻെറ കൈ തട്ടിക്കളഞ്ഞു.

"രാഖലൻ ഇതാ മൃണ്മയിയോടുകൂടെ കളിക്കാൻ വന്നിരിക്കുന്നു. വരു! മൃണ്മയി!!"

"ഞാൻ വരുന്നില്ല" എന്നായിരുന്നു വീണ്ടും അവളുടെ മറുപടി. രസമില്ലാത്ത ഈ രംഗത്തിൽനിന്നു മറയുവാൻ ഇതുതന്നെ താൻ എന്നു കരുതി രാഖലൻ ഓടിപ്പോയി.

അപൂർവ്വൻ ഒരക്ഷരം സംസാരിക്കാതെ സ്തബ്ധനായിരുന്നു. മൃണ്മയി കരഞ്ഞു കരഞ്ഞു വല്ലാതെ ക്ഷീണിച്ചു, ഉറങ്ങി

പ്പോയി. അപൂർവൻ നിശ്ശബ്ദമായി വാതിലടച്ചു പുറത്തേയ്ക്കും പോയി.

ഓമനമകളുടെ വിവാഹത്തിനു വരാൻ സാധിക്കാഞ്ഞതിനെപ്പററി വ്യസനിച്ചും; അവളുടെ ദാമ്പത്യജീവിതത്തിൽ പൂർണ്ണവിജയം ആശംസിച്ചും ഈശാനബാബു അയച്ച ഒരെഴുത്തു പിറെറദിവസം മൃണ്മയിക്കു കിട്ടി. എഴുത്തു വായിച്ചു കഴിഞ്ഞ ഉടനെ അവൾ അമ്മയുടെ അടുക്കൽച്ചെന്നു്, "എനിക്കു് അച്ഛന്റെ അടുക്കലേയ്ക്കു പോകണം" എന്നു പറഞ്ഞു.

"നിന്റെ അച്ഛൻ! വന്നു ചോദിക്കാൻ കണ്ട കാര്യം! നിന്റെ അച്ഛനു പാർക്കുവാൻ ഒരു വീടുണ്ടോ? പിന്നെ എന്തു കണ്ടിട്ടാണു പോകുന്നതു്?"

ഈ കഠിനവാഗ്ബാണമേററു പീഡിതയായ മൃണ്മയി തന്റെ അറയിൽ ചെന്നു വാതിലടച്ചു നിലവിളിച്ചുതുടങ്ങി. "അയ്യോ! അച്ഛാ! ഈ നരകത്തിൽനിന്നു് എന്നെ കൂട്ടിക്കൊണ്ടുപോകണേ! എന്നെ സ്നേഹിക്കുവാൻ ഇവിടെ ആരും ഇല്ല. ഈ വൈതരണിയിൽ കിടന്നു ഞാൻ മരിക്കുകയേ ഉള്ളു."

നേരം പാതിരയായി. ഭർത്താവു നല്ല ഉറക്കമാണു്. മൃണ്മയി പതുക്കെ വാതിൽ തുറന്നു പുറത്തേയ്ക്കു കടന്നു. ആകാശം മേഘപൂർണ്ണമായിരുന്നെങ്കിലും, മങ്ങിയ നിലാവുണ്ടായിരുന്നതിനാൽ അവൾക്കു വഴി തിരിച്ചറിയുവാൻ സാധിച്ചു. പക്ഷേ, അച്ഛന്റെ അടുക്കൽ എത്തിച്ചേരുവാൻ ഏതു വഴിക്കാണു് പോകേണ്ടതെന്നു് അവൾക്കറിവുണ്ടായിരുന്നില്ല. അഞ്ചൽക്കാരൻ പോകുന്ന വഴിയേ പോയാൽ ലോകത്തിലുള്ള സർവജനങ്ങളുടേയും വീടുകളിൽ എത്തിച്ചേരാവുന്നതാണെന്നു് അവൾക്കൊരു വിശ്വാസമുണ്ടായിരുന്നു.

അവൾ ആ വഴിയെ നടന്നു്, പുലരാറാവുമ്പോഴെയ്ക്കും നന്നെ ക്ഷീണിച്ചു. അരുണോദയത്തെ വർണ്ണിച്ചുകൊണ്ടോ എന്നു തോന്നുംവിധത്തിൽ പക്ഷികൾ പാടാൻതുടങ്ങി. മൃണ്മയി ഒരു നദിയുടെ തീരത്തിലെത്തി. അതിനടുത്തു ഒരു വലിയ അങ്ങാടിയുണ്ടായിരുന്നു. തത്സമയം അഞ്ചൽക്കാരന്റെ ചിലമ്പു ശബ്ദിക്കുന്ന

ത്തു് അവളുടെ ചെവിയിൽപ്പെട്ടു. ഉടനെ അവൻെറ അടുക്കൽ ഓടിയെത്തി. "എനിക്കു് കുശഗഞ്ചിലേക്കു പോകണം. എന്നെക്കൂടെ നിങ്ങൾ കൂട്ടിക്കൊണ്ടു പോകണേ!" എന്നു് ഔത്സുക്യത്തോടുകൂടി അപേക്ഷിച്ചു. "കുശഗഞ്ച്" എവിടെയാണെന്നുപോലും തനിക്കു നിശ്ചയമില്ലെന്നു പറഞ്ഞു്, അഞ്ചൽക്കാരൻ വേഗപ്പെട്ടു നടന്നു്, തോണിക്കാരനെ വിളിച്ചുണർത്തി പുഴ കടന്നുപോയി. ആ ബാലികയുടെ പീഡകളിൽ സഹതപിക്കാനോ അവളുടെ വിവരങ്ങൾ അന്വേഷിച്ചറിയുവാനോ അവന്നു നേരമുണ്ടായിരുന്നില്ല.

മൃണ്മയി കടവത്തെത്തി, തോണിക്കാരനെ വിളിച്ചുണർത്തി. അപ്പോൾ നേരം നല്ലവണ്ണം പുലർന്നിരിക്കുന്നു. തത്സമയം അടുക്കൽനിന്നു് ആരോ അവളെ വിളിക്കുന്ന ശബ്ദം കേട്ടു. "മൃന്നു, നിങ്ങൾ ഇവിടെ എങ്ങിനെ എത്തി" എന്നായിരുന്നു അവൻെറ ചോദ്യം. മൃണ്മയിക്കു് ഉടനെ ആളെ മനസ്സിലായി. ആ തോണിക്കാരൻ അവളുടെ ഗ്രാമക്കാരനായ വനമാലിയായിരുന്നു.

"വനമാലി, ഞാൻ കുശഗഞ്ചിൽ അച്ഛൻെറ അടുക്കലേയ്ക്കു പുറപ്പെട്ടിരിക്കയാണു്. ഞാനും വനമാലിയുടെ കൂടെ പോരട്ടേ?" എന്നു ചോദിച്ചു.

"അതിനെന്താണു വൈഷമ്യം. ഞാൻ കൂട്ടിക്കൊണ്ടു പോകാമല്ലോ."

മൃണ്മയി തോണിയിൽ കയറി. ആകാശമണ്ഡലം കറുത്തിരുണ്ടിരുന്നു. ഉടനെ മഴ കോരിച്ചൊരിഞ്ഞുതുടങ്ങി. ആ ചെറുതോണി നദീവേഗത്താൽ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടി. വഴിനടന്ന ക്ഷീണത്താൽ മൃണ്മയി ഉറങ്ങിപ്പോയി. ഉറക്കം ഉണർന്നു കണ്ണുമിഴിച്ചു നോക്കിയപ്പോൾ, അവൾ തൻെറ ഭർത്തൃഗൃഹത്തിലായിരുന്നു.

അവളെ ശകാരിക്കാനുള്ള സമയം കാത്തു നിന്നിരുന്ന ഗൃഹനായിക, അവളുടെ ഉറക്കം കഴിയാറായെന്നു കണ്ടപ്പോൾ, പിറുപിറുക്കാനും ചീത്തപറയാനും തുടങ്ങി. മൃണ്മയി കണ്ണുതുറക്കാതെ അതെല്ലാം ക്ഷമിച്ചു കേട്ടു. ഒടുവിൽ ശകാരം കുറെ കഴിഞ്ഞ നിലയിലായി. അവളുടെ വീട്ടുകാർ അടക്കവും ഒതുക്ക

വും ഇല്ലാത്ത കൂട്ടമാണെന്നു് ആ സ്ത്രീ അധിക്ഷേപിച്ചു. ഇതുകേട്ടു സഹിക്കാൻ കഴിയാതെ മൃണ്മയി ആ മുറിയിൽനിന്നു് എഴുന്നേറ്റു് അടുത്ത മുറിയിൽ ചെന്നു വാതിലടച്ചു കിടപ്പായി.

തത്സമയം അപൂൎവൻ കടന്നുവന്നു് അമ്മയോടിപ്രകാരം പറഞ്ഞു:—"അമ്മേ, മൃണ്മയിക്കു് അവളുടെ അച്ഛന്റെ അടുക്കൽ പോകേണമെന്നു വലിയ മോഹമുണ്ടു്. അവൾ പോയി വരട്ടെ. അമ്മയ്ക്കെന്തിനാണതിലിത്ര ശാഠ്യം."

ചോദിച്ചതിനല്ല അമ്മ ഉത്തരം പറഞ്ഞതു്.

"വേറെ എത്ര പെൺകിടാങ്ങളുണ്ടായിരുന്നു! ഈ താന്തോന്നിപ്പെണ്ണിനെത്തന്നെ കല്യാണം കഴിക്കേണ്ടിയിരുന്നോ? എല്ലാം തന്നിഷ്ടമായാൽ എന്തു ചെയ്യും!" എന്നു പറഞ്ഞു് അവർ അപൂൎവനെ നല്ല കണക്കിൽ ശകാരിച്ചു.

## V

നേരം പാതിരയായപ്പോൾ അപൂൎവൻ മൃണ്മയിയെ വിളിച്ചുണൎത്തി. "മൃണ്മയി, അച്ഛന്റെ വീട്ടിലേയ്ക്കു പോകാൻ ഒരുക്കമുണ്ടോ?" എന്നു ചോദിച്ചു.

അവൾ ഭൎത്താവിന്റെ കൈകൾ പിടിച്ചു്, "ഉവ്വു" എന്നു മാത്രം പറഞ്ഞു.

"എന്നാൽ പുറപ്പെടുക. ആരും അറിയാതെ നമുക്കു് ഈ ക്ഷണത്തിൽ പോയ്ക്കളയാം. തോണി തെയ്യാറാക്കിയിട്ടുണ്ടു്."

മൃണ്മയി ഭൎത്താവിന്റെ മുഖത്തു കൃതജ്ഞതയോടെ നോക്കി. ഉടനെ യാത്രയ്ക്കു സന്നദ്ധയായി. അപൂൎവൻ അമ്മയ്ക്കു് ഒരെഴുത്തെഴുതിവെച്ചു്, രണ്ടാളും കൈകോൎത്തു പിടിച്ചുകൊണ്ടു് പുറത്തേയ്ക്കിറങ്ങി.

പൂൎണ്ണമനസ്സാലെ മൃണ്മയി ഭൎത്താവിന്റെ കൈ കോൎത്തുപിടിച്ചതു് ഇദംപ്രഥമമായിട്ടാണു്. വിജനമായ നിരത്തിലൂടെ കൂരിരുട്ടത്തു രണ്ടുപേരും യാത്രചെയ്തു. നദീതീരത്തിലെത്തി, ഉടനെ തോണികയറി. മൃണ്മയി ഗാഢനിദ്രയിൽ പെട്ടു.

ഈ യാത്രയിൽ ആ യുവദമ്പതികൾ അനുഭവിച്ച സ്വാതന്ത്ര്യസുഖം അനിർവചനീയമാണ്. പിറേറന്നും, അവർ പല ഗ്രാമങ്ങളും, കച്ചവടസ്ഥലങ്ങളും, വയലുകളും, കടവുകളും കണ്ടുകൊണ്ടു യാത്രതുടർന്നു. "ആ തോണി എവിടുന്നു വരുന്നു" എന്നോ, "അതിലെന്തു സാമാനമാണ് കയററിപ്പോകുന്നതു്" എന്നോ, "ആ കാണുന്ന ഗ്രാമം ഏതാണ്" എന്നോ മറേറാ വല്ല ചോദ്യങ്ങളും മൃണ്മയി ചോദിച്ചുകൊണ്ടിരുന്നു. അപൂർവൻ പഠിച്ച പുസ്തകങ്ങളിലൊന്നും ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ഉണ്ടായിരുന്നില്ല. എങ്കിലും "സംബദ്ധം വാ സുബദ്ധം വാ" അവൻ ഒരു ചോദ്യത്തിനെങ്കിലും ഉത്തരം പറയാതിരുന്നില്ല. പക്ഷേ, എള്ളിൻചാക്കുകളെ കടുകിൻചാക്കെന്നും, കൃഷ്ണനഗരത്തെ രാജനഗരമെന്നും മജിസ്ട്രേട്ടുകോടതിയെ അംശക്കച്ചേരിയെന്നും മററുമായി കൂസൽകൂടാതെ വിവരിച്ചുവെന്നേ ഒരു ദോഷമുള്ളു. ഏതായാലും ഭർത്താവു പറഞ്ഞതെല്ലാം മൃണ്മയി വേദവാക്യം പോലെ വിശ്വസിച്ചു.

പിറേറദിവസം അവർ കുശഗഞ്ജിൽ എത്തി. ആ സമയം ഈശാനബാബു തൻെറ വീട്ടിലെ ഇരുട്ടറയിൽ ഒരു ചിമ്മിണിവിളക്കു കത്തിച്ചുവെച്ചു്, വലിയൊരു കണക്കുബുക്കു പരിശോധിക്കുകയായിരുന്നു. "അച്ഛാ" എന്നു വിളിച്ചുകൊണ്ടാണ് മൃണ്മയി ഭർത്തൃസഹിതം മുറിയിലേയ്ക്കു പ്രവേശിച്ചതു്.

ഇത്ര മധുരമായ ഒരു ശബ്ദം ആ മുറിയ്ക്കുള്ളിൽ ഈശാനൻ ഇതേവരെ കേട്ടിട്ടില്ല. ആ ശുദ്ധാത്മാവിൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. തൊണ്ടയിടച്ചു നിമിത്തം ഒരക്ഷരംപോലും ഉരിയാടുവാൻ അയാൾക്കു സാധിച്ചില്ല. നാനാവിധസാമാനങ്ങൾ നിറഞ്ഞിരുന്ന ആ മുറിയിൽ ആ യുവദമ്പതികൾ എങ്ങിനെ കഴിച്ചുകൂട്ടുമെന്നും, തൻെറ 'സ്വയംപാക'ഭക്ഷണത്താൽ അവരെ എങ്ങിനെയാണു സൽക്കരിക്കേണ്ടതെന്നും അറിയാതെ അയാൾ വല്ലാതെ പരുങ്ങലിലായി. പക്ഷേ മൃണ്മയിക്കു് അച്ഛൻെറ അന്തർഗ്ഗതം മനസ്സിലായി. അവൾ അയാളുടെ വിചാരധാരയെ തടഞ്ഞുകൊണ്ടു് ഇപ്രകാരം പറഞ്ഞു:—"അച്ഛാ! നമുക്കു

ഇവിടെത്തന്നെ ഊണുകഴിക്കാൻ ഏൎപ്പാടുചെയ്യാം. അതുതന്നെയാണു നല്ലതു്.” അപൂർവനും ഈ അഭിപ്രായത്തെ പിന്താങ്ങി. ധാരായന്ത്രത്തിന്റെ സുഷിരം ചെറുതാകുന്നതനുസരിച്ചു്, അതിൽനിന്നു നിർഗ്ഗമിക്കുന്ന ജലധാര അധികം ഉയരത്തിൽ പൊങ്ങുന്നതുപോലെ, ആ മുറിയുടെ സ്ഥലക്കുറവും അസൌകൎയ്യവും അതിനുള്ളിൽ വസിച്ചിരുന്നവരുടെ സന്തോഷത്തെ അധികമാക്കിയതേയുള്ളു.

മൂന്നുദിവസം ഇങ്ങിനെ കഴിഞ്ഞു. ഈശാനൻ പകൽ മുഴുവനും പണിയെടുത്തു വൈകുന്നേരം വീട്ടിൽ മടങ്ങിയെത്തിക്കഴിഞ്ഞാൽ പിന്നത്തെ സന്തോഷമൊന്നും പറയാനില്ല. മൃണ്മയിയുടെ സൂത്രവിദ്യാവൈദഗ്ദ്ധ്യത്തെപ്പററി അവർ ഓരോ നേരമ്പോക്കും ‘വെടി’യും പറഞ്ഞു സമയം കഴിക്കും. പക്ഷേ ഈ രസമെല്ലാം ക്ഷണേന അസ്തമിച്ചു. അധികദിവസം അവിടെ താമസിക്കാൻ തരമില്ലായ്കയാൽ അപൂർവൻ പുറപ്പെടാൻ വട്ടംകൂട്ടി.

‘ചാടിപ്പോയ’ വധൂവരന്മാർ വീട്ടിൽ തിരിച്ചെത്തി. അപൂർവന്റെ അമ്മ ഇക്കാൎയ്യത്തെപ്പററി വല്ലതും ചോദിച്ചെങ്കിൽ, തക്കതായ സമാധാനം പറഞ്ഞു് അവരെ സമാധാനപ്പെടുത്താമെന്നാണ് അപൂർവൻ കരുതിയിരുന്നതു്. പക്ഷേ ആ സ്ത്രീയുടെ മൌനഭാവം അതിനു തരമില്ലാതാക്കി. ക്രമേണ, ഈ മൌനവ്രതം വളരെ ദുസ്സഹമായിത്തീൎന്നു. അപൂർവൻ, സ്വഗൃഹത്തിൽ പാൎക്കുന്നതിലുള്ള അസഹ്യതകൊണ്ടു്, നിയമപാഠശാലയിൽ ചേൎന്നു പഠിക്കാൻ തീർച്ചപ്പെടുത്തി കൽക്കത്തയ്ക്കു പുറപ്പെട്ടു. മകന്റെ പുറപ്പാടു കണ്ടപ്പോൾ മാത്രമേ അമ്മ മൌനഭഞ്ജനത്തിനൊരുങ്ങിയുള്ളു.

“നിന്റെ ഭാൎയ്യയെ എന്തു ചെയ്യാനാണ് ഭാവം?” എന്നായിരുന്നു അവരുടെ ചോദ്യം.

“അവളും ഇവിടെ താമസിക്കട്ടെ.”

“വേണ്ട, വേണ്ട. അവളെയും കൂട്ടിക്കൊണ്ടു പോകുന്നതാണ് നല്ലതു്.”

അപൂൎവ്വനു വല്ലാതെ ദേഷ്യം വന്നു. “എന്നാൽ അങ്ങിനെയാട്ടെ” എന്നു മറുപടി പറഞ്ഞു.

അവരുടെ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ അവസാനിച്ചു. പോകുന്നതിന്നു തലേന്നാൾ രാത്രി അപൂർവ്വൻ ശയനമുറിയിൽ ചെന്നപ്പോൾ, മൃണ്മയി അവിടെ കരഞ്ഞുകൊണ്ടിരിക്കയാണ്. അയാളുടെ മനസ്സു വല്ലാതെ ക്ഷോഭിച്ചു.

"മൃണ്മയി, എൻെറ കൂടെ കൽക്കത്തയ്ക്കു വരുന്നില്ലേ?" എന്നു ചോദിച്ചു.

"ഇല്ല."

"മൃണ്മയിക്ക് എൻെറ പേരിൽ സ്നേഹമില്ലേ?" എന്നായിരുന്നു രണ്ടാമത്തെ ചോദ്യം. അതിന്നുത്തരമില്ല. ചില സമയങ്ങളിൽ ഈ മാതിരി ചോദ്യങ്ങൾക്കു പെങ്കിടാങ്ങൾ വളരെ എളുപ്പത്തിൽ ഉത്തരം പറയും; പക്ഷേ മററു ചില സന്ദർഭങ്ങളിൽ അതു മഹാ ദുർഘടമാകാറുണ്ട്. അപൂർവ്വം വീണ്ടും ചോദിച്ചു—

"രാഖലനെ പിരിഞ്ഞിരിക്കാൻ മടിച്ചിട്ടാണോ?"

"അതേ" എന്നു പറയുവാൻ മൃണ്മയിക്കു തീരേ മടിയുണ്ടായിരുന്നില്ല.

അവളുടെ ഈ വാക്കു, ബി. ഏ. ഡിഗ്രിയെപ്പററി അത്യന്തം അഭിമാനിച്ചിരുന്ന ആ യുവാവിൻെറ ഹൃദയത്തിൽ സൂചിമുനപോലെ തറച്ച്, ഈർഷ്യാകോപത്തെ ജനിപ്പിച്ചു.

"ഞാനിനി കുറച്ചുകാലത്തേയ്ക്കു തിരിച്ചുവരികയില്ല. രണ്ടോ മൂന്നോ കൊല്ലം കഴിയാനും മതി."

"വരുമ്പോൾ രാഖലന്നുവേണ്ടി നല്ലൊരു പേനാക്കത്തി കൊണ്ടുവരണേ" എന്നു മൃണ്മയി വളരെ ശാന്തതയോടുകൂടി പറഞ്ഞു.

"മൃണ്മയി ഇവിടെത്തന്നെ താമസിക്കാനാണ് ഭാവം, അല്ലേ?"

"അതെ. ഞാൻ അമ്മയുടെ വീട്ടിലേയ്ക്കു പോകും."

അപൂർവൻ ദീർഘമായൊന്നു നിശ്വസിച്ചു.

"മൃണ്മയിയുടെ ഇഷ്ടംപോലെയാവട്ടെ. ഞാൻ തിരിച്ചുവരേണമെന്നു മൃണ്മയി ആവശ്യപ്പെടുന്നതുവരെ ഞാൻ തിരിച്ചുവരുന്നതല്ല. അതു സമ്മതം തന്നെയോ?"

ഈ ചോദ്യത്തിനുത്തരം ആവശ്യമില്ലെന്നു മൃണ്മയി തീർച്ചയാക്കി. അവൾ ഉറക്കമായി. അപൂർവന്നു് അന്നു രാത്രി ശിവരാത്രിയായും കഴിഞ്ഞു.

പുലരാറായപ്പോൾ അപൂർവൻ പ്രിയതമയെ വിളിച്ചുണത്തി. “മൃണ്മയി, ഞാൻ പുറപ്പെടുകയായി. പോകുംവഴിക്കു മൃണ്മയിയെ അമ്മയുടെ വീട്ടിൽ കൊണ്ടുവിട്ടേക്കാം.”

അവൾ കിടക്കയിൽ നിന്നെഴുന്നേററു. അപൂർവൻ അവളുടെ കൈകൾ പിടിച്ചു.

“പ്രാണനാഥേ, എനിക്കൊരപേക്ഷയുണ്ടു്. ഞാൻ പല പ്രാവശ്യവും മൃണ്മയിയെ സഹായിച്ചിട്ടുണ്ടല്ലോ. അതിന്നു് എനിക്കെന്തു പ്രതിഫലമാണു് തന്നിട്ടുള്ളതു്?”

മൃണ്മയിക്കു കാര്യം മനസ്സിലായില്ല. “ഞാൻ ഇപ്പോൾ എന്തു ചെയ്യണം?” എന്നു ചോദിച്ചതേയുള്ളു.

“സ്നേഹത്തോടുകൂടി എന്നെ ഒന്നു ചുംബിക്കണം.”

ഭർത്താവിന്റെ അസംബന്ധമായ ചോദ്യവും, അയാളുടെ ഗൌരവവുംമൂലം മൃണ്മയി പൊട്ടിച്ചിരിച്ചു. അപൂർവൻ അവളുടെ മുഖം പിടിച്ചു ചുംബിക്കുവാൻ ഭാവിച്ചുവെങ്കിലും, അവളുടെ ചിരിനിമിത്തം ആ ഉദ്യമം വൃഥാവിലായി. ഒടുവിൽ, അവളുടെ ചെവി പിടിച്ചു തിരുമ്മി ഭഗ്നാശനായി പോകേണ്ടിവന്നു.

## IV

മൃണ്മയി തന്റെ മാതാവിന്റെ ഗൃഹത്തിൽ മടങ്ങിച്ചെന്നപ്പോൾ അവിടെ പണ്ടത്തെപ്പോലെ സുഖമുള്ളതായി തോന്നിയില്ല. സമയവ്യയത്തിന്നു യാതൊരു വ്യാപാരവും കണ്ടില്ലെന്നു മാത്രമല്ല, അവിടെ എന്തോ ഒന്നു പോരായ്കയുണ്ടെന്നും അവൾക്കു തോന്നി. അവളുടെ അഭിപ്രായത്തിൽ, വീടും ഗ്രാമവും ശൂന്യമായിത്തുടങ്ങി. കല്ക്കത്തയ്ക്കു പോകേണമെന്ന ഒരാഗ്രഹം ഉള്ളിൽ കടന്നുകൂടി. തന്റെ ഭർത്താവുമായി വേർപിരിഞ്ഞ അന്നു രാത്രി മുതൽ മൃണ്മയിയുടെ ജീവിതഗതിയിൽ ഒരു മാററം വന്നുചേന്നിരുന്നു. പക്ഷെ അക്കഥ അവൾ ധരിച്ചിരുന്നില്ല. ഇപ്പോൾ അവളുടെ ജീവിതം ഒരു പുതിയ പദ്ധതിയിൽ എത്തിച്ചേന്നു. ത

ന്റെ മാതാവിന്റെ ഗൃഹത്തിൽ, പഴയ ശയനമുറിയിൽ കിടന്നു ശീലിച്ചിരുന്ന പെൺകിടാവിന്നു ഇപ്പോൾ അതിന്റെ ചിന്ത കേവലം ഇല്ലാതായി. വേറൊരു ഗൃഹത്തിൽ വേറൊരു ശയനമുറിയെയാണു് അവൾ സദാ സ്മരിക്കുന്നതു്.

പുറത്തിറങ്ങാതെയും പണ്ടത്തെപ്പോലെ അനാവശ്യമായി ചിരിക്കാതെയും മൃണ്മയി നാൾ കഴിച്ചു. അവളുടെ മാററം കണ്ടു ഭയപ്പെട്ടു രാഖാലൻകൂടി അവളോടുള്ള സഹവാസം നിർത്തി.

“അമ്മേ, ഞാൻ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കുതന്നെ പോകട്ടെയോ?” എന്നു് ഒരുദിവസം മൃണ്മയി അമ്മയോടു ചോദിച്ചു.

അടുത്തദിവസം രാവിലെ മൃണ്മയി ഭർത്തൃഗൃഹത്തിലേയ്ക്കു യാത്രയായി. അവിടത്തെ നായികയെ യഥോചിതം വന്ദിച്ചു. ആ സ്ത്രീയുടെ സ്വഭാവത്തിന്നും വളരെ മാററം വന്നിട്ടുണ്ടായിരുന്നു. അവർ തമ്മിലുണ്ടായിരുന്ന മുഷിച്ചിലെല്ലാം നാമാവശേഷമായി.

മൃണ്മയിയുടെ ശരീരവും ഹൃദയവും ഒന്നുപോലെ താരുണ്യലക്ഷ്മിയുടെ കേളിസങ്കേതസ്ഥലമായിത്തീർന്നിരുന്നു. ഇതു കണ്ടപ്പോൾ അവളുടെ അപ്പോഴത്തെ അവസ്ഥയോർത്തു് അവൾ വല്ലാതെ പശ്ചാത്തപിച്ചു. കാർമേഘങ്ങളുടെ പ്രതിബിംബത്താൽ ഇരുണ്ട തടാകജലംപോലെ, അവളുടെ നയനങ്ങൾ ശോകരസത്താൽ കലങ്ങി. “എനിക്കു് എന്റെ ഭർത്താവിന്റെ സ്വഭാവം ഗ്രഹിക്കുവാൻ സാധിച്ചില്ല. പക്ഷേ, എന്റെ സ്വഭാവം മനസ്സിലാക്കുവാനുള്ള ക്ഷമാശീലം അദ്ദേഹത്തിനുണ്ടാകാതിരുന്നതു് എന്തുകൊണ്ടാണു്? കൽക്കത്തയ്ക്കു പോകാമെന്നു പറഞ്ഞപ്പോൾ ഞാൻ അനുസരിക്കാതിരുന്നതു് എന്തിനാണു്?” എന്നിങ്ങനെ ഓരോ വിചാരങ്ങൾ അവളുടെ മനസ്സിനെ വല്ലാതെ കലക്കിമറിച്ചു.

അന്നൊരിക്കൽ ഇടവഴിയിൽവെച്ചു് അപൂർവൻ അവളുടെ കൈക്കു പിടിച്ചു്, അവളുടെ മുഖത്തു പതിപ്പിച്ച നോട്ടത്തിന്റെ അർത്ഥം ഇന്നേ അവൾക്കു മനസ്സിലായുള്ളു. അവളുടെ ഒരു ചും

ചനത്തിനുവേണ്ടി അയാൾ എത്രനേരം യാചിച്ചു? ഇതെല്ലാം ഓർത്ത് അവൾ തന്നെത്താൻ ശപിച്ചു.

മൃണ്മയിയുടെ മനസ്സു മാറുന്നതുവരെ താൻ തിരിച്ചുവരുന്നതല്ലെന്ന് അപൂർവൻ ശപഥം ചെയ്തിരുന്നത് അവൾക്ക് ഓർമ്മവന്നു. ഉടനെ ഭർത്താവിന്ന് ഒരെഴുത്തയയ്ക്കുവാൻ തീർച്ചയാക്കി, ലേഖനസാമഗ്രികൾ കൊണ്ടുവന്ന് ഇപ്രകാരം എഴുതിത്തുടങ്ങി.

“അങ്ങന്നെന്താണ് എനിക്ക് ഒരെഴുത്തുപോലും അയയ്ക്കാത്തത്? അങ്ങയ്ക്കു ക്ഷേമമെന്നു കരുതുന്നു. വേഗം തിരിച്ചുവരുവാൻ അപേക്ഷ.”

ഇതിലധികം എന്താണെഴുതേണ്ടതെന്ന് അവൾക്കു വിവരമുണ്ടായിരുന്നില്ല. മുഖ്യമായി എഴുതേണ്ടുന്നത് എഴുതിക്കഴിഞ്ഞുവെങ്കിലും, അനാവശ്യമായി ചില വാചകങ്ങൾ കൂട്ടിച്ചേർക്കുന്നതു സാധാരണമാണല്ലോ. തന്റെ എഴുത്തിൽ കുറച്ചുകൂടി എഴുതിച്ചേർക്കുവാൻ വളരെനേരം ചെയ്ത ശ്രമത്തിന്റെ ഫലമായി അവൾ ഒടുവിൽ ഇപ്രകാരം എഴുതി:—

“ഇക്കുറിയെങ്കിലും അവടുത്തെ ക്ഷേമവർത്തമാനങ്ങൾക്ക് ഒരെഴുത്തയക്കണേ! ഉടനെ ഇങ്ങോട്ടു വരികയും വേണം. അമ്മയ്ക്കു സുഖക്കേടൊന്നും ഇല്ല. ഇന്നലെ നമ്മുടെ പശു പ്രസവിച്ചു.”

ഇത്രയും എഴുതിയപ്പോഴെയ്ക്കു അവളുടെ ആശയങ്ങൾ അവസാനിച്ചു. എഴുത്ത് ഒരു ലക്കോട്ടിലിട്ട്, അത്യന്തം പ്രേമപാരവശ്യത്തോടുകൂടി, “ശ്രീമാൻ ബാബു അപൂർവ്വകൃഷ്ണറായി”ക്ക് എന്നു ലക്കോട്ടിന്റെ പുറത്തെഴുതി. മേൽവിലാസം പൂർണ്ണമാകുവാൻ വേറെ ചില വിവരങ്ങൾകൂടി എഴുതേണ്ടതാണെന്നു കേവലം ഓർക്കാതെ, ആ എഴുത്തിനെ തപാൽപ്പെട്ടിയിൽ നിക്ഷേപിച്ചു. ആ “കാമലിഖിതം” ഉദ്ദിഷ്ടദിക്കിൽ എത്തിച്ചേരാഞ്ഞതിൽ തപാലാപ്പീസ്സുകാരെ കുററപ്പെടുത്തിയിട്ടു ഫലമില്ലല്ലൊ.

VII

മദ്ധ്യവേനൽക്കാലമാരംഭിച്ചു. എന്നിട്ടും അപൂർവൻ വീട്ടിലേയ്ക്കു തിരിച്ചുവരാനുള്ള ഭാവമില്ല. ഇങ്ങിനെ ചെയ്യുന്ന ത

ന്റെ പേരിലുള്ള പരിഭവംകൊണ്ടാണെന്ന അമ്മ വിചാരിച്ചു. തന്റെ എഴുത്തിലെ ന്യൂനതകളെക്കുറിച്ച് അദ്ദേഹം കോപിച്ചിരിക്കയാണെന്ന മൃണ്മയിയും കരുതി. ഒരുദിവസം മൃണ്മയിയെ വിളിച്ച്, അമ്മ ഇങ്ങിനെ പറഞ്ഞു:—

“അപൂർവൻ പോയിട്ട് എത്ര കാലമായി. അവനെ കാണാൻ കൽക്കത്തെയ്ക്കു പോയ്ക്കളയാമെന്നാണ വിചാരിക്കുന്നത്. നീ കൂടെ വരുന്നോ?”

മൃണ്മയിക്ക ഇതു ഏററവും സമ്മതമാണെന്ന അവളുടെ ശിരഃകമ്പനം സ്പഷ്ടമാക്കി. അടക്കുവാൻ സാധിക്കാത്ത സന്തോഷംനിമിത്തം അവൾ ശയനമുറിയിൽചെന്ന വാതിലടച്ചു കളിക്കാനും ചിരിക്കാനും തുടങ്ങി. ഈ ആവേശം അവസാനിച്ചപ്പോൾ, അവളുടെ ഭാവവും മാറി. ഗൌരവം കൈക്കൊണ്ടു കട്ടിലിൽ ഇരുന്ന നിശ്ശബ്ദമായി കരയാൻ ആരംഭിച്ചു.

പശ്ചാത്താപഭരിതകളായ ആ രണ്ടു സ്ത്രീകളും അപൂർവനെ അറിയിക്കാതെ, ആ യുവാവോടു ക്ഷമായാചനം ചെയ്‌വാനായി കൽക്കത്തെയ്ക്കു പുറപ്പെട്ടു.

അപൂർവന്റെ സഹോദരിയുടെ ഭർത്താവു കൽക്കത്തെക്കാരനായിരുന്നു. മൃണ്മയിയും അമ്മയും അയാളുടെ വീട്ടിലാണ താമസിച്ചത്. അന്ന വൈകുന്നേരം അപൂർവബാബു, തന്റെ പ്രതിജ്ഞയെ വിസ്മരിച്ചു മൃണ്മയിക്ക ഒരെഴുത്തയയ്ക്കുവാൻ ആലോചിക്കുകയായിരുന്നു. പക്ഷേ പ്രേമാതിരേകത്തെ പ്രദർശിപ്പിക്കുവാൻ ശക്തിയുള്ള വാക്കുകളൊന്നും കിട്ടായ്കയാൽ, തന്റെ മാതൃഭാഷയുടെ ദാരിദ്ര്യത്തെ ശപിച്ചുകൊണ്ടു അപൂർവൻ ആ ഉദ്യമത്തിൽനിന്ന വിരമിച്ചു. തത്സമയം, തന്റെ അമ്മ കൽക്കത്തെയിലെത്തിയിട്ടുണ്ടെന്നും, ജാമാതൃഗൃഹത്തിലാണ താമസമെന്നും, രാത്രി ഊണിന്ന അങ്ങോട്ടു ചെല്ലേണമെന്നും ഒരെഴുത്തുകിട്ടി. അപൂർവൻ സോദരീഗൃഹത്തിലേയ്ക്കു യാത്രയായി.

അമ്മയെ കണ്ട ഉടനെ അപൂർവൻ ഒന്നാമതായി ചോദിച്ചതു്, “അമ്മേ! വീട്ടിൽ എല്ലാവർക്കും സുഖംതന്നെയല്ലേ?” എന്നായിരുന്നു.

"സുഖംതന്നെ. ഞാൻ നിന്നെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോകാനാണു വന്നിരിക്കുന്നതു്."

"ഇങ്ങിനെയൊരാവശ്യത്തിന്മേലേയ്ക്കു ഇത്ര ദൂരം വന്നു ബുദ്ധിമുട്ടേണ്ടിയിരുന്നില്ല. കോളേജ് തുറന്നു ഉടനെ എനിക്കൊരു പരീക്ഷയുണ്ടു്. ഞാനിപ്പോൾ നാട്ടിലേയ്ക്കു വന്നാൽ വായന മുടങ്ങിപ്പോകും" എന്നും മററും ഓരോ ഒഴികഴിവുകൾ പറഞ്ഞു അപൂർവൻ പിന്മാറാൻ ശ്രമിച്ചു.

"ഇതെല്ലാം വിലയില്ലാത്ത ഒഴികഴിവുകളാണ്. ഞാൻ അപൂർവബാബുവിന്റെ ഒരു മത്സരകക്ഷിയായേയ്ക്കുമെന്നാണു് അദ്ദേഹത്തിന്റെ ഭയം" എന്നു് അനുജത്തിയുടെ ഭർത്താവ് അഭിപ്രായപ്പെട്ടു. അപ്പോൾ അനുജത്തി, "ഭയപ്പെടാതെ കഴിയുമോ? അങ്ങയെ കണ്ടാൽ ആ സാധുക്കുട്ടി ഞെട്ടിപ്പോകുമല്ലോ!" എന്നു പറഞ്ഞു.

ഇങ്ങിനെ അവർ തമ്മിൽ ഓരോ നേരമ്പോക്കു പറഞ്ഞു രസിച്ചു. അപൂർവൻ മാത്രം മൌനം കൈക്കൊണ്ടു. മൃണ്മയിയെക്കൂടെ കൊണ്ടുവരാതിരുന്നതിനെപ്പററി അയാൾ അമ്മയെ മനസാ കുററപ്പെടുത്തുകയായിരുന്നു; അഥവാ, അതു അമ്മയുടെ കുററമായിരിക്കയില്ല, അവളുടെ ഇഷ്ടക്കേടായിരിക്കാമെന്ന് അയാൾ ഉടനെ സമാധാനിക്കുകയും ചെയ്തു. ആദ്യംമുതൽ അവസാനംവരെ താൻ ചെയ്തതു് അബദ്ധമായിപ്പോയെന്നു തോന്നുകയാൽ, ആ സംഗതിയെപ്പററി അമ്മയോടു തുറന്നു ചോദിക്കാനും അയാൾക്കു ധൈര്യമുണ്ടായില്ല.

ഊണു കഴിഞ്ഞു. "ജ്യേഷ്ഠൻ ഇന്നു് അങ്ങോട്ടു മടങ്ങിപ്പോകേണ്ടാ. ഇവിടെ കിടക്കാം" എന്നു അനുജത്തി അഭിപ്രായപ്പെട്ടു.

"വേണ്ടാ. എനിക്കു മടങ്ങിപ്പോയേ കഴിയൂ. കുറച്ചു പണിയുണ്ടു്."

"ഇതെന്തൊരു വിഡ്ഢിത്തമാണ്! അവിടെ ആരെങ്കിലും കാത്തിരിക്കുന്നുണ്ടോ?"

ജ്യേഷ്ഠൻ വളരെ ക്ഷീണിച്ചിരിക്കുന്നുവെന്നും, ഉടനെ പോയി കിടന്നുറങ്ങുന്നതു നന്നായിരിക്കുമെന്നും, അനുജത്തി നിർബ

ന്ധിക്കുകയാൽ.. അപൂർവൻ ശയനമുറിയിലേയ്ക്കു പോയി. അതി
നുള്ളിൽ കൂരിരുട്ടായിരുന്നു. വെളിച്ചം ആവശ്യമുണ്ടോ എന്നു അ
നുജത്തി ചോദിച്ചു. ഇരുട്ടത്തിരിക്കയാണ് തനിക്കധികം ഇഷ്ട
മെന്നു പറഞ്ഞുകൊണ്ടു അപൂർവൻ കട്ടിലിന്നരികത്തു തപ്പി
പ്പിടിച്ചെത്തി.

പെട്ടെന്നു കങ്കണാലങ്കൃതങ്ങളായ രണ്ടു ഓമനക്കൈകൾ അ
പൂർവന്റെ കണ്ണുകളെ ആവരണം ചെയ്തു; പല്ലവകോമള
ങ്ങളായ അധരങ്ങൾ ബാഷ്പസങ്കലിതങ്ങളായി അയാളുടെ മു
ഖത്തെ സ്പർശിച്ചു.

അപൂർവൻ അധികനേരം അന്ധാളിച്ചു നിൽക്കേണ്ടിവ
ന്നില്ല. മുഗ്ദ്ധഹാസത്താൽ മുമ്പൊരിക്കൽ നിരോധിക്കപ്പെട്ട
ചുംബനസൌഖ്യം ഇപ്പോൾ ബാഷ്പസമ്മിശ്രമായി സ്വച്ഛ
ന്ദം അനുവദിക്കപ്പെട്ടതിൽ അപൂർവൻ അനുഭവിച്ച പരമാന
ന്ദം എങ്ങിനെ വർണ്ണിക്കാം!

———(o)———

## വിജയം

അവൾ നാരായണമഹാരാജാവിന്റെ മകളായ അജിതാദേ
വിയായിരുന്നു. രാജസദസ്സിലെ ഗായകകവിക്കു അവളെ ഇതേവ
രെ കാണാൻ സംഗതിവന്നിട്ടില്ല. വല്ലദിവസവും പുതുതായ ഒരു
കവിത ചൊല്ലുവാനിടയായാൽ അന്നു അയാളുടെ ശബ്ദം ആ
സ്ഥാനമണ്ഡപത്തിന്റെ ഉപരിഭാഗത്തുള്ള വരാന്തയിൽ യവ
നികയ്ക്കുള്ളിൽ മറഞ്ഞുനിൽക്കുന്ന ശ്രോതാക്കളെ ആകർഷിക്കത്തക്ക
വണ്ണം ഉച്ചത്തിലായിരിക്കും. കണ്ണെത്താത്ത ദൂരത്തിൽ ദിവ്യതേജ
സ്വിനിയായി വിളങ്ങുന്ന തന്റെ ജീവിതനിയന്ത്രിയുടെ അപ്രത്യ
ക്ഷമായ സാന്നിധ്യത്തെ ലക്ഷ്യംവെച്ചിട്ടാണു അയാൾ അത്ര ഉ
റക്കെ പാടിയതു്.

യവനികയുടെ മറവിൽ ഒരു നിഴൽ ഇളകുന്നതു് അയാൾ
കാണാറുണ്ടു്. ദൂരത്തുനിന്നു തന്റെ കണ്ണുപുടങ്ങളിൽ പ്രവേശിച്ചു

ന്ധങ്ങൾക്കാരം ലളിതകോമളങ്ങളായ ഏതോ പാദകമലങ്ങളെ അലങ്കരിക്കുന്ന കനകനൂപുരങ്ങളുടെ സ്വരവിശേഷമാണെന്ന് അയാൾ സങ്കല്പിച്ചു. ഹാ! പനിനീർപ്പൂവുപോലെ മനോഹരങ്ങളായ ആ കാലടികൾ, പാപികളിൽ ദൈവകാരുണ്യംപോലെ, എത്ര സൌമ്യതയോടുകൂടിയാണ് നിലത്തു പതിച്ചതു്! ആ പൊൻതളകളുടെ സ്വരത്തിനു സദൃശമായി ഗീതങ്ങൾ നിർമ്മിച്ചു്, അവയെ തന്റെ ഹൃദയത്തിൽ അർപ്പിച്ചു് ആരാധിക്കുകയാണു അയാൾ ചെയ്തിരുന്നതു്. യവനികയുടെ പിൻവശത്തു പതിച്ചിരുന്ന നിഴൽ ആരുടേതാണെന്നോ, തന്റെ ഹൃദയസ്പന്ദനത്തോടൊപ്പം ശബ്ദിച്ചിരുന്ന കാൽച്ചിലമ്പുകളുടെ ഉടമസ്ഥത ആർക്കാണെന്നോ ഉള്ള സംഗതികളെക്കുറിച്ചു് അയാളുടെ മനസ്സിൽ യാതൊരു സന്ദേഹവും ഉദിച്ചിരുന്നില്ല.

രാജകുമാരിയുടെ തോഴി, 'മഞ്ജരി' കുളിക്കുവാൻ പുഴയിലേയ്ക്കു പോകുംവഴിക്കു, കവിയുടെ ഗൃഹത്തിൽ കയറിച്ചെന്നു, രഹസ്യമായി അദ്ദേഹത്തോടു രണ്ടു വാക്കെങ്കിലും സംസാരിക്കാത്ത ദിവസം ഉണ്ടായിരുന്നില്ല. നിരത്തുവഴി വിജനമായും, സമയം സന്ധ്യയായും കണ്ടാൽ, അവൾ കൂസൽകൂടാതെ അദ്ദേഹത്തിന്റെ മുറിയ്ക്കുള്ളിൽ കടന്നു ചെല്ലുക പതിവായിരുന്നു. ആ സന്ദർഭങ്ങളിലെല്ലാം അവളുടെ മൂടുപടത്തിന്റെ നിറത്തിലും, തലയിൽ ചൂടിയ പൂവിന്റെ പകിട്ടിലും എന്തോ വിശേഷതയുണ്ടെന്നു, നോക്കുന്നവർക്കെല്ലാം എളുപ്പത്തിൽ മനസ്സിലാക്കാം.

ഇതെല്ലാം കണ്ടു്, ജനങ്ങൾ ചിരിക്കാനും, ഓരോന്നു മന്ത്രിക്കുവാനും തുടങ്ങിയതിൽ എന്താണത്ഭുതം? ഈ വക ഗൂഢസമാഗമങ്ങളിലുണ്ടായിരുന്ന സന്തോഷത്തെ മറച്ചുവെയ്ക്കുവാൻ ശേഖരകവിയും ശ്രമിച്ചില്ല.

സാധാരണന്മാർക്കു തന്നെ കൌതുകം തോന്നുവാൻ ധാരാളം വകയുള്ള ഒരു പേരാണു് 'മഞ്ജരി.' എന്നാൽ ശേഖരകവി, അതിനു സ്വന്തം വകയായി ഒരു പൊട്ടപ്പു ചേർത്തു് അവളെ "വസന്തമഞ്ജരി" എന്നു വിളിച്ചു. ലോകർ ഇതുകേട്ടു തല കുലുക്കി. വസന്തവർണ്ണനകളിൽ "വസന്തമഞ്ജരി"യുടെ മഹിമയെക്കുറിച്ചു് അ

ദ്ദേഹം സാമാന്യത്തിലധികം പുകഴ്ത്തി. മഹാരാജാവു് ഇതുകേട്ടു മന്ദഹസിച്ചു. കവിയും അതിനനന്തരമായി മന്ദഹാസം തൂകി.

“വസന്തരാജധാനിയിൽ ഗാനംചെയ്യുക മാത്രമാണോ വണ്ടിന്റെ ധർമ്മം?” എന്നു മഹാരാജാവു് അദ്ദേഹത്തോടൊരിക്കൽ ചോദിച്ചപ്പോൾ വസന്തമഞ്ജരിയിലെ മകരന്ദം ആസ്വാദിക്കുന്നതും അതിന്റെ കൃത്യമാണു് എന്നായിരുന്നു കവിയുടെ മറുപടി. ഈ സമാധാനം കേട്ടു രാജസദസ്സിലുള്ളവരെല്ലാം പൊട്ടിച്ചിരിച്ചു എന്നുതന്നെയല്ല, കവി കൊടുത്ത പേരിനെ തന്റെ തോഴി കൈക്കൊണ്ടതിനെക്കുറിച്ചു് അജിതാദേവിയും മന്ദഹസിച്ചുവെന്നും, മഞ്ജരിക്കു തന്നിമിത്തം കൃതാർത്ഥതയുണ്ടായെന്നും ആളുകൾ പറഞ്ഞുനടന്നിരുന്നു!

ഇപ്രകാരം വാസ്തവവും അവാസ്തവവും, മനുഷ്യജീവിതത്തിൽ ഇടകലർന്നു പെരുമാറുന്നു. ദൈവനിർമ്മിതങ്ങളായ വസ്തുക്കളെ മനുഷ്യർ കൃത്രിമാഡംബരങ്ങളെക്കൊണ്ടു് അണിയിക്കുന്നു.

കവി പാടിയതു വാസ്തവമായിരുന്നു. രാധാകൃഷ്ണന്മാരുടെ ശൃംഗാരലീലകളെക്കുറിച്ചായിരുന്നു ആ ഗീതം. ശാശ്വതബ്രഹ്മമൂർത്തികളായ ഈ ദിവ്യദമ്പതിമാരുടെ ചരിതം, അതിതീവ്രമായ ദുഃഖത്തെയും അളവില്ലാത്ത സന്തോഷത്തെയും ദൃഷ്ടാന്തപ്പെടുത്തി. കുടിലിൽനിന്നു കൊട്ടാരംവരെയുള്ള സർവ്വജനങ്ങളും ഈ ഗീതത്തിന്റെ തത്ത്വം അനുഭവിച്ചറിഞ്ഞിട്ടുണ്ടു്. ഈ പാട്ടു് എല്ലാവർക്കും മുഖസ്ഥമായിരുന്നു. ചന്ദ്രോദയാരംഭത്തിലും, മന്ദമാരുതൻ വീശുമ്പോഴും ശേഖരകവിയുടെ ഗീതം ജനാലകളിൽനിന്നും, നിലാമുററങ്ങളിൽനിന്നും തോണികളിൽനിന്നും, മരത്തണലുകളിൽനിന്നും, എന്നുവേണ്ടാ, നാനാഭാഗത്തുനിന്നും സ്വയമേവ നിർഗ്ഗമിച്ചു.

ഇപ്രകാരം കവി പാടിയും, മഹാരാജാവു കേട്ടു രസിച്ചും, ശ്രോതാക്കൾ ശ്ലാഘിച്ചും, കുറെദിവസം രസമായി കഴിഞ്ഞു. കവിയുടെ വീട്ടിന്നരികിലൂടെ മഞ്ജരിയുടെ ഗതാഗതങ്ങളും, യവനികയുടെ മറവിൽ, ആ അദൃശ്യരൂപത്തിന്റെ ചലനങ്ങളും, കാൽത്തളകളുടെ കളശിഞ്ജിതങ്ങളും യഥാപൂർവ്വം നിലനിന്നുപോരികയുംചെയ്തു.

അക്കാലത്ത്, പുണ്ഡരീകൻ എന്നൊരു കവി, വിദ്വജ്ജനങ്ങളെ പോരിന്ന വിളിച്ചുകൊണ്ടു തെക്കൻദിക്കിൽനിന്ന പുറപ്പെട്ട്, അമരാപുരിയിൽ നാരായണമഹാരാജാവിൻെറ സന്നിധിയിൽ എത്തിച്ചേൎന്നു. മഹാരാജാവിൻെറ മുമ്പിൽ "മുഖംകാണിക്കാൻ" ചെന്ന അവസരത്തിൽ തിരുമേനിയെക്കുറിച്ച് ഒരു പദ്യം ചൊല്ലി. വഴിക്കുള്ള മഹാകവികളോടെല്ലാം മത്സരിച്ചു, അനൎഗ്ഗളമായ വിജയം നേടിയിരുന്ന ആളായിരുന്നുവെന്ന ഭാവം അയാളുടെ പെരുമാററങ്ങളിൽ ധാരാളം കാണ്മാനുണ്ടായിരുന്നു.

മഹാരാജാവു പുണ്ഡരീകനെ എതിരേററു യഥോചിതം സൽക്കരിച്ചു. "പ്രഭോ, ഞാൻ പോരിന്ന വന്നവനാണ്" എന്നായിരുന്ന പുണ്ഡരീകകവിയുടെ മറുപടി.

കവിതയിൽ പോരാടുന്ന സമ്പ്രദായം ശേഖരകവി അഭ്യസിച്ചിട്ടില്ല. അന്നുരാത്രി അദ്ദേഹം ഉറക്കംവരാതെ കഴങ്ങി. പ്രസിദ്ധനായ പുണ്ഡരീകൻെറ ഭയങ്കരസ്വരൂപവും, അരിവാൾ പോലെ വളഞ്ഞ മൂക്കും, ഒരു ഭാഗത്തേയ്ക്കു ചാഞ്ഞ തലയും രാത്രി മുഴുവനും ശേഖരകവിയുടെ മനസ്സിൽനിന്ന വിട്ടുപോയതേയില്ല. അത്യന്തം മനശ്ചാഞ്ചല്യത്തോടുകൂടിയാണ് പിറെറദിവസം രാവിലെ അദ്ദേഹം ബഹുജനങ്ങൾ നിറഞ്ഞിരുന്ന ആസ്ഥാനമണ്ഡപത്തിൽ പ്രവേശിച്ചത്. ഒരിളംപുഞ്ചിരിയോടുകൂടി അദ്ദേഹം പുണ്ഡരീകനെ അഭിവാദനംചെയ്തു. അയാൾ ഒരു ശിരഃകമ്പത്താൽ അതിനെ സ്വീകരിച്ചു, തൻെറ ശിഷ്യവൎഗ്ഗത്തെ സാകൂതമായി ഒന്നു നോക്കി. എന്നാൽ, ശേഖരകവിയുടെ നോട്ടം മാളികയിലെ വരാന്തയിലേയ്ക്കായിരുന്നു. "ഇന്നത്തെ പോരിൽ ഞാൻ ജയിച്ചാൽ, ഭവതിയുടെ നാമധേയത്തിന്നു കൃതാൎത്ഥതയായി" എന്നിങ്ങനെ തന്നെത്താൻ പറഞ്ഞുകൊണ്ടു തൻെറ പരദേവതയെ അദ്ദേഹം മനസാ വന്ദിച്ചു.

ഉടനെ, കാഹളധ്വനിയും, സദസ്യരുടെ ജയശബ്ദങ്ങളും ആസ്ഥാനമണ്ഡപത്തിൽ മുഴങ്ങി. ശരൽകാലത്തിലെ മേഘപടലംപോലെ, ധവളവസ്ത്രങ്ങൾ ധരിച്ചു, മഹാരാജാവ് ആസ്ഥാനമണ്ഡപത്തിൽ പ്രവേശിച്ചു സിംഹാസനത്തിൽ കയറിയിരുന്നു.

പുണ്ഡരീകൻ എഴുന്നേററു നിന്നു. ആ മഹാമണ്ഡപം നിശ്ശബ്ദമായി. അതേനിലയിൽനിന്നുകൊണ്ടു് അദ്ദേഹം നാരായണ മഹാരാജാവിന്റെ മഹിമ കീർത്തിച്ചുതുടങ്ങി. കട്ടിപ്പാറകളിൽ തട്ടിത്തകരുന്ന കല്ലോലമാലകൾപോലെ, അദ്ദേഹത്തിന്റെ ഗംഭീരസ്വരം സഭാമണ്ഡപത്തിന്റെ ഭിത്തികളിൽ പ്രതിധ്വനിച്ചു. ശ്രോതാക്കളുടെ മർമ്മങ്ങളെ പിടിച്ചിളക്കുന്നതുപോലെ തോന്നി. "നാരായണ" ശബ്ദത്തെ നാനാർത്ഥത്തിൽ പ്രയോഗിച്ചതും അതിലെ അക്ഷരങ്ങളെ ചമൽക്കാരകരമാംവണ്ണം പദ്യങ്ങളിൽ അവിടവിടെ സംഘടിപ്പിച്ചതും മററും കണ്ടപ്പോൾ ആളുകളുടെ ആശ്ചര്യം കേവലം അനിർവ്വചനീയമായിത്തീർന്നു.

ഗാനം നിർത്തി പുണ്ഡരീകൻ, തന്റെ ആസനം കൈക്കൊണ്ടശേഷവും, അദ്ദേഹത്തിന്റെ ശബ്ദം മണ്ഡപത്തിന്റെ തൂണുകൾക്കിടയിലും അത്ഭുതപരതന്ത്രന്മാരായ അനേകം ജനങ്ങളുടെ ഹൃദയാന്തരങ്ങളിലും മുഴങ്ങിക്കൊണ്ടിരുന്നു. ദൂരദിക്കുകളിൽനിന്നു വന്നുചേർന്ന പല വിദ്വാന്മാരും ഉൽബാഹുക്കളായി ബലേ-ബലേ എന്നു ഘോഷിച്ചു.

മഹാരാജാവു തന്റെ നേരെ പതിപ്പിച്ച നോട്ടത്തിനുത്തരമായി ശേഖരകവി, ദയനീയമായി തന്റെ പ്രഭുവിന്റെ മുഖത്തു ക്ഷണനേരം നോക്കി, ഭയവിഹ്വലമായ മാനിനെപ്പോലെ നില്പായി. മുഖം വല്ലാതെ വാടി, ഒരു തരുണിയെപ്പോലെ ലജ്ജാഭരിതനായിത്തീർന്ന ആ യുവാവിന്റെ 'സമവിഭക്തസുലക്ഷണാംഗ'മായ സുകുമാരശരീരം, സ്വല്പമായ അംഗുലീസ്പർശത്താൽപോലും മധുരസ്വരം പുറപ്പെടുവിക്കാൻ തെയ്യാറാക്കിവെച്ചിട്ടുള്ള ഒരു വീണപോലെ കാണപ്പെട്ടു.

എങ്ങിനെയോ കുറച്ചൊരു ധൈർയ്യം അവലംബിച്ചു്, അദ്ദേഹം തല താഴ്ത്തി, താണസ്വരത്തിൽ, പാടിത്തുടങ്ങി. ആദ്യത്തെ ചില പദ്യങ്ങൾ ആരും കേട്ടിരുന്നതേയില്ല. ക്രമേണ തല പൊന്തിച്ചു ചൊല്ലാനാരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ സുവ്യക്തമധുരമായ സ്വരം, ചഞ്ചലമായ ദീപജ്വാലപോലെ, ആകാശമണ്ഡലത്തിലേയ്ക്കു പൊങ്ങി. ആ രാജവംശത്തിന്റെ ചരിത്രത്തെ, പുരാതനകാലം മുതൽ, വർത്തമാന

കാലംവരെ, ഒട്ടൊഴിയാതെ നിസ്സരിച്ചു. മഹാരാജാവിന്റെ മുഖത്തുനിന്നു കണ്ണെടുക്കാതെ ചെയ്ത ഈ പ്രസംഗം കേട്ടപ്പോൾ, ഹോമകുണ്ഡത്തിൽനിന്നു ഹവ്യഗന്ധമെന്നപോലെ, അദ്ദേഹത്തിന്റെ ഗീതത്തിൽനിന്ന് അനിർവ്വചനീയമായ രാജഭക്തി നിർഗ്ഗമിച്ചു, സിംഹാസനത്തിന്റെ നാലുഭാഗത്തും പരക്കുന്നുണ്ടെന്നു തോന്നിപ്പോയി. ഒടുവിൽ, ചെറുതായ ഒരിടർച്ചയോടുകൂടി, അദ്ദേഹം ഇപ്രകാരം വിരമിച്ചു:—"എന്റെ സ്വാമിൻ, വാക്ചാതുര്യത്തിൽ ഞാൻ പരാജിതനായേക്കാമെങ്കിലും, തിരുമേനിയോടുള്ള ഭക്തിയിൽ എന്നെ ആൎക്കും ജയിക്കാൻ സാധിക്കുന്നതല്ലെന്നു തീർച്ചയാണ്."

ശ്രോതാക്കളുടെ നയനങ്ങളിൽ ആനന്ദബാഷ്പം നിറഞ്ഞു. ഭിത്തികൾപോലും ജയശബ്ദം ഘോഷിക്കുന്നതായി തോന്നി.

ജനങ്ങളുടെ ഈ പ്രക്ഷോഭം കണ്ടു പ്രൗഢഭാവത്തിൽ ശിരഃകമ്പനം ചെയ്തുകൊണ്ടു പുണ്ഡരീകൻ എഴുന്നേററു, "വാക്കിനെക്കാൾ മഹത്തരമായിട്ടെന്താണുള്ളതു്?" എന്നു സദസ്യരോടു ചോദിച്ചു. തൽക്ഷണം സഭാമണ്ഡപം വീണ്ടും നിശ്ശബ്ദമായി.

ലോകത്തിന്റെ ഉത്ഭവം വാക്കിലാണെന്നും, ആ വാക്കു ദൈവമാണെന്നും പുണ്ഡരീകൻ സയുക്തികം സമർത്ഥിച്ചു. ശാസ്ത്രങ്ങളിൽനിന്നു പല പ്രമാണങ്ങളും ഉദ്ധരിച്ചു, വാക്കിനെക്കാൾ ശ്രേഷ്ഠതരമായി യാതൊന്നും ഇല്ലെന്നു കാണിച്ചു.

"വാക്കിനെക്കാൾ മഹത്തരമായിട്ടെന്താണുള്ളതു്?" എന്ന ചോദ്യത്തെ ഒരിക്കൽകൂടി പ്രഗൽഭസ്വരത്തിൽ ആവൎത്തിച്ചശേഷം, ആ കവിശ്രേഷ്ഠൻ തന്നോടാരും എതിരില്ലെന്ന ഭാവത്തിൽ നാലുഭാഗത്തേയ്ക്കും ഒന്നു നോക്കി. തന്റെ പോരിനു വിളിക്കുത്തരം പറയുവാൻ സന്നദ്ധരായി, ആരെയും കാണായ്കയാൽ സ്വവശംവദമായിത്തീൎന്ന ഇരയെ കൊന്നതിനു പരിതൃപ്തനായ മൃഗേന്ദ്രനെപ്പോലെ അദ്ദേഹം ഒരിടത്തു ചെന്നിരിപ്പായി. പണ്ഡിതന്മാർ ബലേ—ബലേ— എന്നു ഘോഷിച്ചു. മഹാരാജാവു് അത്ഭുതപരതന്ത്രനായി മൌനം അവലംബിച്ചു. വിജ്ഞാനസാഗരമായ ആ പണ്ഡിതശ്രേഷ്ഠന്റെ മുമ്പിൽ താൻ എത്രയോ

നിസ്സാരനാണെന്നു ശേഖരകവിക്കും തോന്നി. അന്നത്തെ സഭ പിരിഞ്ഞു.

പിറേറദിവസം ശേഖരകവി വീണ്ടും ഗീതം ആരംഭിച്ചു. നന്ദകുമാരൻെറ മുരളീസ്വരം കേട്ടു വൃന്ദാവനത്തിലെ ഗോപസ്ത്രീകൾക്കെല്ലാം എന്തെന്നില്ലാത്ത ഒരുണർച്ച തട്ടിയ ആ സുദിനത്തെക്കുറിച്ചാണു് കവി പാടിയതു്. കുഴൽ വിളിക്കുന്നതു ആരാണെന്നോ, എവിടെനിന്നാണെന്നോ മനസ്സിലാവാതെ ഗോപസ്ത്രീകളെല്ലാം മയങ്ങിപ്പോയി. ചിലപ്പോൾ അതു മലയമാരുതൻെറ വിദ്യയാണെന്നു തോന്നും; മററു സമയങ്ങളിൽ, അഭ്രംകഷങ്ങളായ ശൈലശൃംഗങ്ങളിൽനിന്നു പുറപ്പെടുന്ന ഏതോ മധുരസ്വരമാണെന്നു തോന്നും. പൂർവഭാഗത്തുനിന്നു പുറപ്പെടുമ്പോൾ ആ ദിവ്യസ്വരം കാമുകസമാഗമ പ്രതീക്ഷയേയും, പശ്ചിമഭാഗത്തുനിന്നു വരുമ്പോൾ വിരഹാശംകയേയും ഉല്പാദിപ്പിച്ചു. പ്രശാന്തരമണീയമായ നിശീഥിനിയെ സംഗീതസാന്ദ്രമാക്കിത്തീർത്ത യന്ത്രവിശേഷത്തിൻെറ ആണികളെന്നപോലെ, നക്ഷത്രജാലം ആകാശത്തിൽ പ്രകാശിച്ചുകൊണ്ടിരുന്നു. മനോഹരങ്ങളായ വയലുകളിലും ആരാമവാടികളിലും, നിബിഡച്ഛായമായ ഇടവഴികളിലും, നിർജ്ജനമായ രാജമാർഗ്ഗങ്ങളിലും, നീലമായ ആകാശത്തിലും ആ മധുരസ്വനം പ്രസരിച്ചു. അതിലടങ്ങിയ സാരം ഗ്രഹിക്കാനാകട്ടെ, തങ്ങളുടെ ഹൃദയാന്തരത്തിൽ അങ്കുരിച്ച മനോരഥത്തെ പറഞ്ഞറിയിക്കുവാനാകട്ടെ ആ തരുണികൾ ശക്തകളായില്ല. അവരുടെ നയനങ്ങളിൽ ബാഷ്പം നിറഞ്ഞു. എങ്ങിനെയെങ്കിലും പ്രാണനാശം വരുത്തി, ജന്മത്തെ സഫലമാക്കിത്തീർക്കാനുള്ള ഉപായം ചിന്തിക്കയായി. ഈ അവസ്ഥയെയാണു് കവി വർണ്ണിച്ചതു്.

ശ്രോതാക്കളേയും പരിസരാവസ്ഥകളേയും വിസ്മരിച്ചു ഗീതമാധുരിയിൽ ലയിച്ച ശേഖരകവി ഗ്രീഷ്മാനിലസ്പർശത്താൽ ഇളകുന്ന ഇലകളെപ്പോലെ, തൻെറ ഹൃദയത്തിൽ കലങ്ങി മറിയുന്ന ആശയത്തള്ളിച്ചയെ മാത്രമേ അപ്പോൾ അറിഞ്ഞിരുന്നുള്ളു. പാട്ടു് അവസാനിച്ചിട്ടും, അതിൽ ലയിച്ചു തന്നെത്താൻ മറന്ന ആളുകളെല്ലാം അദ്ദേഹത്തെ അഭിനന്ദിക്കുവാൻകൂടെ മറന്നു. ഈ ക്ഷോഭം ഒരുവിധം അടങ്ങിയപ്പോൾ പുണ്ഡരീകൻ

എഴുന്നേററു, പ്രസ്തുത ഗീതത്തിലെ കാമുകൻ ആരാണെന്നും കാമിനി ആരാണെന്നും വിവരിക്കുവാൻ ശേഖരകവിയോടു ആവശ്യപ്പെട്ടു. "കാമുകനായ കൃഷ്ണനും കാമിനിയായ രാധയും ആരാണ്?" എന്ന ചോദ്യത്തെ ഔദ്ധത്യത്തോടുകൂടി സഭമുമ്പാകെ വെച്ചു.

നാതൊരാളും മറുപടി പറയുവാൻ ഭാവമില്ലെന്നു കണ്ടു, പുണ്ഡരീകൻ ആ രണ്ടു നാമധേയങ്ങളുടെ ധാത്വർത്ഥത്തേയും നാനാർത്ഥങ്ങളേയും വിവരിക്കാൻ തുടങ്ങി. തത്വജ്ഞാനത്തിന്റെ നാനാപിരിവുകളിലും അന്തർഭവിച്ചിട്ടുള്ള രഹസ്യങ്ങളെ അത്യാദ്ഭുതമായ പാടവത്തോടുകൂടി പ്രതിപാദിച്ചു സദസ്യരെ ആശ്ചര്യപരതന്ത്രന്മാരാക്കിത്തീർത്തു. ആ രണ്ടു വാക്കുകളേയും പ്രത്യക്ഷരം വിഭജിച്ചു് ഓരോന്നിനും പ്രത്യേകം അർത്ഥം കല്പിച്ചു. എന്തിനു വളരെ പറയുന്നു? ആരും അതുവരെ ഊഹിച്ചിട്ടില്ലാത്ത അർത്ഥങ്ങൾ ആ വാക്കുകൾക്കുണ്ടെന്നു പുണ്ഡരീകപണ്ഡിതൻ കാണിച്ചുകൊടുത്തു.

പണ്ഡിതന്മാരുടെ സന്തോഷമൊന്നും പറയാനില്ല. അവർ ആരംഭിച്ച ഹസ്തതാഡനഘോഷത്തെ മററുള്ളവരും പിന്തുടൎന്നു കൊണ്ടാടി. ലോകതത്വത്തെ, സാമാന്യജനങ്ങളിൽനിന്നു മറച്ചിരുന്ന അജ്ഞാനയവനിക, ഈ വിദ്വൽപുംഗവന്റെ വൈഭവത്താൽ നിശ്ശേഷം നശിച്ചുവെന്നു ജനങ്ങളെല്ലാം ഐകകണ്ഠ്യേന വിശ്വസിച്ചു. പുണ്ഡരീകന്റെ പ്രസംഗത്തിൽ എത്രത്തോളം സാരാംശമുണ്ടെന്നാലോചിച്ചുനോക്കുവാൻ ആൎക്കും ക്ഷമയുണ്ടായില്ല.

മഹാരാജാവിന്റെ ആശ്ചര്യത്തിന്നു് അളവില്ലാതായി. ശേഖരകവിയുടെ ഗാനചാതുര്യത്താൽ നിൎമ്മിക്കപ്പെട്ട സ്വർഗ്ഗം നാമാവശേഷമായി. അല്പംമുമ്പുവരെ, മുഴുശോഭയോടുകൂടി പ്രകാശിച്ചിരുന്ന പ്രകൃതി, ഇപ്പോൾ ആ നില വിട്ടു്, കല്ലിട്ടുറപ്പിച്ച കൎക്കശമായ ഒരു നിരത്തുപോലെയായിത്തീൎന്നു.

ശബ്ദാൎണ്ണവത്തിന്റെ മറുകര കണ്ട ആ പണ്ഡിതകേസരിയുടെ മുമ്പിൽ, ശേഖരകവി ഒരു വെറും ബാലനാണെന്നു്, അവിടെ കൂടിയവരെല്ലാം പറഞ്ഞുതുടങ്ങി. ശേഖരകവിയുടെ കവ

ന്മൊക്കെ തീരെ ബാലിശമാണെന്നും, അതുമാതിരി എഴുതാൻ ശ്രമിച്ചാൽ, പക്ഷെ, എല്ലാവർക്കും സാധിച്ചേയ്ക്കുമെന്നും ആളുകൾക്കു തോന്നി. ആവക പദ്യങ്ങൾക്ക് അർത്ഥഗാംഭീര്യമോ, സാരഗർഭതയോ തീരെയില്ലെന്നും അവർ തീർച്ചയാക്കി.

മഹാരാജാവു തന്റെ കവിയെ ഒരിക്കൽക്കൂടി ഉത്സാഹിപ്പിച്ചുനോക്കിയെങ്കിലും അദ്ദേഹം അതൊന്നും വകവെയ്ക്കാതെ, ഒരിടത്തു നിലകൊണ്ടു. പ്രഭുവിന്നു കോപം വന്നു. അദ്ദേഹം സിംഹാസനത്തിൽ നിന്നിറങ്ങി, കഴുത്തിലിട്ടിരുന്ന മുത്തുമാല എടുത്തു പുണ്ഡരീകന്റെ കഴുത്തിൽ അർപ്പിച്ചു. അപ്പോൾ ആളുകളുടെ ഹസ്തതാഡനവും, മുകളിലെ വരാന്തയുടെ യവനികയ്ക്കുള്ളിൽനിന്നു ചില ഒച്ചപ്പാടും ഉണ്ടായി. ശേഖരകവി ആസ്ഥാനമണ്ഡപംവിട്ടു പുറത്തെയ്ക്കും പോയി.

കൃഷ്ണപക്ഷത്തിലെ ഒരു രാത്രി. കൂരിരുട്ട്. അൽമാരയിൽ നിന്നു പഴയ രേഖകളെല്ലാം എടുത്തു ശേഖരകവി നിലത്തു കൂട്ടി. അവയിൽ ചിലതു തന്റെ വിസ്മൃതിയിൽപ്പെട്ട പഴയ കൃതികളായിരുന്നു. അവിടവിടെ ചില ഭാഗങ്ങൾ തിരിച്ചു നോക്കിയപ്പോൾ, അതെല്ലാം കേവലം ബാലിശമാണെന്നു അദ്ദേഹത്തിന്നു മനസ്സിലായി. പിന്നീട് ഒന്നൊന്നായി പുസ്തകങ്ങളെല്ലാം കീറി, അഗ്നിഭഗവാനിൽ സമർപ്പിക്കുവാനാരംഭിച്ചു. "അല്ലയോ തേജോരൂപിയായ ഭഗവാനേ, അങ്ങ് ഇത്രനാളും എന്റെ ഹൃദയത്തിൽ ജ്വലിച്ചുകൊണ്ടിരുന്നു. പക്ഷെ, അതുകൊണ്ടു യാതൊരു ഗുണവും ഉണ്ടായില്ല. എന്റെ ജീവിതം ഒരു സ്വർണ്ണക്കട്ടയായിരുന്നെങ്കിൽ, അതു് ഈ പരീക്ഷയാൽ പരിശുദ്ധമാകുമായിരുന്നു. എങ്കിലും അതു കേവലം തൃണപ്രായമായതിനാൽ, ഇപ്പോൾ വെണ്ണീറായിത്തീർന്നിരിക്കുന്നു. ഈ കാണുന്ന ഒരു പിടി വെണ്ണീർ മാത്രമേ ഇതിൽ ശേഷിച്ചിട്ടുള്ളു."

രാത്രി അതിക്രമിച്ചു. ശേഖരകവി അറയുടെ ജനവാതിലുകളെല്ലാം തുറന്നുവെച്ചു. മല്ലിക, ചെണ്ടുമല്ലി മുതലായി, തന്റെ പ്രിയപ്പെട്ട കുസുമങ്ങളെക്കൊണ്ടു ശയ്യയെ അലങ്കരിച്ചു. വീട്ടിലുള്ള വിളക്കുകളെല്ലാം മുറിയിൽ കൊളുത്തിവെച്ചു. അതിന്നശേ

ഷ്ടം,—ഹാ കഷ്ടം! —ഏതോ വിഷഫലത്തിന്റെ രസം തേനിൽ ചേർത്തു്, അതു കുടിച്ചു, കിടക്കയിൽ കിടപ്പായി.

പൊൻചിലമ്പുകളുടെ ശബ്ദം വാതില്ക്കൽ കേട്ടുതുടങ്ങി. മന്ദമാരുതൻ അതിമഞ്ജുളമായ പരിമളത്തെ മുറിയ്ക്കുള്ളിൽ പരത്തി.

ശേഖരകവി കണ്ണു തുറക്കാതെ ചോദിച്ചു:—"എന്റെ പ്രാണനാഥേ, ഭവതിയുടെ ദാസനിൽ കരുണ തോന്നി അവനെ അനുഗ്രഹിക്കാൻ വന്നിരിക്കയാണോ?"

"എന്റെ പ്രിയ കവീന്ദ്ര, ഞാനിതാ വന്നിരിക്കുന്നു" എന്ന മറുവടി കേട്ടു ശേഖരകവി കണ്ണു തുറന്നു നോക്കിയപ്പോൾ, അവിടെ ഒരു തരുണീരത്നം നില്ക്കുന്നതു കാണാറായി. അയാളുടെ കണ്ണുകളുടെ കാഴ്ച കുറഞ്ഞിരുന്നു. പക്ഷേ, തന്റെ അന്തരംഗത്തിൽ പ്രതിഷ്ഠിച്ചിരുന്ന ഏതോ ഒരു പുണ്യവിഗ്രഹം, പ്രത്യക്ഷമായി തന്റെ മുമ്പിൽ വന്നു നില്ക്കുന്നതാണെന്നുള്ള ബോധം അയാൾക്കുണ്ടായി.

"ഞാൻ അജിതാരാജകുമാരിയാണ്" എന്ന് ആ തരുണി പറഞ്ഞു.

കവി ഉടനെ കിടക്കയിൽ എഴുന്നേററിരുന്ന്, ആ കന്യകാരത്നത്തിന്റെ കർണ്ണപീയൂഷമായ സല്ലാപം അനുഭവിച്ചു. "മഹാരാജാവ് അങ്ങയെ വേണ്ടുംവണ്ണം ആദരിച്ചിട്ടില്ല. അങ്ങേയ്ക്കുതന്നെയാണ് ഇന്നത്തെ കവിതാപരീക്ഷയിൽ വിജയം സിദ്ധിച്ചതു്. ഞാൻ അങ്ങയെ വിജയിയാക്കി അഭിഷേകം ചെയ്വാൻ വന്നിരിക്കയാണ്" എന്നിങ്ങിനെ പറഞ്ഞു് അജിതാദേവി, തന്റെ കഴുത്തിലിട്ടിരുന്ന പുഷ്പമാലയെടുത്തു ശേഖരകവിയുടെ തലയിൽ ചൂടിച്ചു. അദ്ദേഹം ഉടനെതന്നെ കിടക്കമേൽ വീണു പരലോകം പ്രാപിക്കുകയും ചെയ്തു:—

—(0)—

# കുമുദിനി.

---

നന്നേ ചെറുപ്പത്തിൽത്തന്നെ ഞാൻ ജീവനില്ലാത്ത ഒരു കുട്ടിയെ പ്രസവിച്ചു. ഞാനും ഏകദേശം മരിക്കേണ്ട ഘട്ടത്തിലെത്തി. ഭാഗ്യവശാൽ കാലക്രമേണ സുഖക്കേടു ഭേദപ്പെട്ടുവെങ്കിലും എന്റെ കാഴ്ച അല്പാല്പമായി മങ്ങിത്തുടങ്ങി.

അക്കാലത്തു വൈദ്യവിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരുന്ന എന്റെ ഭർത്താവിനു തന്റെ വൈദ്യവിജ്ഞാനം എന്റെ കണ്ണു ചികിത്സയിൽ പ്രകടിക്കുവാൻ തരം കിട്ടി. എന്റെ ജ്യേഷ്ഠൻ നിയമപരീക്ഷയ്ക്കു വായിക്കുകയായിരുന്നു. അവർ ഒരു ദിവസം എന്നെ കാണ്മാൻ വന്നപ്പോൾ എന്റെ കണ്ണിന്റെ സ്ഥിതി കണ്ടു വല്ലാതെ അന്ധാളിച്ചു.

'നിങ്ങളെന്താണ് കുമുദിനിയുടെ കണ്ണു പൊട്ടിക്കാനാണോ ഭാവം? ഇങ്ങിനെ ആയാൽ പോര. ഉടനെ ഒരു നല്ല ഡോക്ടരെ കാണിക്കണം' എന്നു് അദ്ദേഹം ഭർത്താവോടു പറഞ്ഞു.

ഭർത്താവിന്നു് ഇതു കേട്ടപ്പോൾ വല്ലാതെ ദേഷ്യമാണുണ്ടായതു്. ഞാൻ ചെയ്യുന്നതിലും ക്ഷേമമായി എന്തൊന്നാണു് നിങ്ങളുടെ നല്ല ഡോക്ടർ ചെയ്യാൻപോകുന്നതു്? ഈ സുഖക്കേടു സാരമില്ല. അതിന്നുള്ള ചികിത്സ എല്ലാവൎക്കും അറിയാവുന്നതുമാണു്.

ജ്യേഷ്ഠൻ—'നിങ്ങളും നിങ്ങളെ പഠിപ്പിക്കുന്ന മാസ്റ്റരും തമ്മിൽ യാതൊരു ഭേദവുമില്ലെന്നായിരിക്കാം നിങ്ങളുടെ വിചാരം.'

ഭർത്താവ്—(കോപത്തോടെ) വല്ല കാലത്തും നിങ്ങൾ കല്യാണം കഴിച്ചു നിങ്ങളുടെ ഭാൎയ്യയുടെ സ്വത്തിനെ സംബന്ധിച്ചു വല്ല തൎക്കവും ഉണ്ടാവുന്ന പക്ഷം നിയമവിഷയത്തെപ്പറ്റി നിങ്ങൾ എന്റെ ഉപദേശം സ്വീകരിക്കുമോ? പിന്നെ എന്തിനാണു് എന്നോടു ചികിത്സാക്രമത്തെപ്പറ്റി വാദിക്കുന്നതു്?

രണ്ടു രാജാക്കന്മാർ തമ്മിൽ യുദ്ധം ചെയ്യുമ്പോൾ കഷ്ടപ്പെടുന്നതു യുദ്ധഭൂമിയിലെ തൃണങ്ങളാണെന്ന തത്വമാണു് ഇവരുടെ സംഭാഷണം കേട്ടപ്പോൾ എനിക്കു തോന്നിയതു്. ഇവിടെ ഇതാ രണ്ടു പുരുഷന്മാർ കൂടി ശണ്ഠകൂടുന്നു. അതിന്റെ അനന്തരഫ

ലം അനുഭവിക്കാൻ ഞാനും. എന്നെ ഒരു പുരുഷനു വിവാഹം ചെയ്തുകൊടുത്ത സ്ഥിതിക്കു എന്റെ സുഖദുഃഖങ്ങളെപ്പററി ചിന്തിക്കേണ്ട ഭാരം ആ ഭർത്താവിനാകയാൽ അദ്ദേഹത്തിന്റെ ഇഷ്ടത്തിന്നെതിരായി പെരുമാറുന്നതു് ഒന്നുകൊണ്ടും ഭംഗിയല്ലെന്നായിരുന്നു എന്റെ അഭിപ്രായം.

ഒരുദിവസം ഉച്ചതിരിഞ്ഞപ്പോൾ, ഭർത്താവില്ലാത്ത തരംനോക്കി ജ്യേഷ്ഠൻ ഒരു ഡോക്ടരേയും കൂട്ടിവന്നു. പോരേവിഷമം! ഡോക്ടർ എന്റെ കണ്ണു വളരെ ശ്രദ്ധവെച്ചു പരിശോധിച്ചതിന്റെ ശേഷം അദ്ദേഹത്തിന്റെ ഭാവമൊന്നു മാറി. ഇനിയും ശരിയായ ചികിത്സ ചെയ്യാതിരുന്നാൽ അപകടമുണ്ടെന്നു അഭിപ്രായപ്പെട്ടു. അദ്ദേഹം എഴുതിത്തന്ന മരുന്നു വാങ്ങാൻ ജ്യേഷ്ഠൻതന്നെ മരുന്നുഷാപ്പിലേക്കു് ആളയച്ചു. ഡോക്ടർ പോയ ഉടനെ ഞാൻ ജ്യേഷ്ഠന്റെ അടുത്തുചെന്നു് എന്റെ കാര്യത്തിൽ ഏർപ്പെടാതിരിക്കുന്നതാണു നല്ലതെന്നും ഭർത്താവിന്റെ അനുമതി കൂടാതെ പുറമേയുള്ള ഒരു ഡോക്ടരെ വീട്ടിന്നുള്ളിൽ വിളിച്ചുവരുത്തുന്നതു് അനർത്ഥകരമാണെന്നും പറഞ്ഞു. ജ്യേഷ്ഠനോടു് ഇങ്ങിനെ തുറന്നു സംസാരിക്കാൻ ധൈര്യമുണ്ടായതിൽ എനിക്കുതന്നെ വലിയ ആശ്ചര്യം തോന്നി. അദ്ദേഹത്തെ എനിക്കു് അത്ര ഭയമായിരുന്നു. ജ്യേഷ്ഠനും എന്റെ ധൈര്യംകണ്ടു് അത്ഭുതം തോന്നിയിരിക്കണം. സ്വല്പനേരത്തെ മൌനാനന്തരം അദ്ദേഹം പറഞ്ഞു. 'കുമുദിനിയുടെ ഇഷ്ടംപോലെയാകട്ടെ. ഡോക്ടരെ ഇനി വിളിക്കുന്നില്ല. പക്ഷേ മരുന്നുകൊണ്ടുവന്നാൽ അതു സേവിക്കണം എന്നു മാത്രമേ എനിയ്ക്കു നിർബ്ബന്ധമുള്ളു.'

ഇത്രയുംപറഞ്ഞു എന്നെ ഭരമേല്പിച്ചു ജ്യേഷ്ഠൻ പോയി. ഷാപ്പിൽനിന്നു മരുന്നു വന്നുചേർന്നു. കുപ്പികളും പൊടികളും കടലാസ്സും എല്ലാം ഒന്നായി എടുത്തു ഞാൻ കിണററിലേക്കു എറിഞ്ഞു.

ജ്യേഷ്ഠൻ അനാവശ്യമായി എന്റെ കാര്യത്തിൽ പ്രവേശിച്ചതിനെപ്പററി ഭർത്താവിനു നന്നേ ദ്വേഷ്യം തോന്നി. അതുനിമിത്തം അദ്ദേഹം എന്റെ കണ്ണു പൂർവ്വാധികം ശ്രദ്ധയോടുകൂടി പരിശോധിച്ചു പല ചികിത്സകളും പ്രയോഗിച്ചുനോക്കി. ഭർത്താ

വ് ഉപദേശിച്ചപ്രകാരം ഞാൻ കണ്ണു തുണികൊണ്ടു മൂടിക്കെട്ടി
കഷായം പിടിപ്പിച്ചു കണ്ണടകൾ ധരിച്ചു നേത്രബിന്ദുക്കൾകൊണ്ടു
ധാരചെയ്തു പലേ ചൂർണ്ണങ്ങളും സേവിച്ചു. പോരെങ്കിൽ, മീനെ
ണ്ണയുടെ ദുസ്സഹതയെ ഗണ്യമാക്കാതെ അദ്ദേഹത്തെ സന്തോ
ഷിപ്പിക്കാൻ വേണ്ടി അതും കുടിച്ചു! ദിവസംതോറും അദ്ദേഹം
ആസ്പത്രിയിൽനിന്നു തിരിച്ചെത്തിയാൽ ഒന്നാമത്തെ ചോദ്യം
എന്റെ കണ്ണിന്റെ സുഖസ്ഥിതിയെപ്പററിയായിരിക്കും. ഉൽക
ണ്ഠയോടുകൂടി ചെയ്യുന്ന ഈ കുശലപ്രശ്നത്തിനു 'ഓഹോ! വ
ളരെ ഭേദമുണ്ടു്' എന്നു ഞാൻ മറുപടി പറകയും ചെയ്യും. ആ
ത്മവഞ്ചനത്തിൽ ഞാൻ അതിവിദഗ്ദ്ധയായിത്തീർന്നു. എന്റെ
കണ്ണിൽനിന്നു കുടക്കുടെ വെള്ളം ചാടുന്നതു കണ്ടാൽ അത്രയും
ദുഷിച്ച നീരു പുറത്തേക്കു പോകുന്നതു നല്ലതാണെന്നു ഞാൻ
സമാധാനിക്കും; വെള്ളം കുറയുമ്പോൾ ഭർത്താവിന്റെ ചികിത്സാ
പാടവത്തെപ്പററി അനുമോദിക്കയും ചെയ്യും.

പക്ഷേ അല്പകാലം കഴിഞ്ഞപ്പോഴയ്ക്കും വേദന സഹി
ക്കാൻ പാടില്ലാതായിത്തുടങ്ങി. കണ്ണിന്റെ കാഴ്ച മങ്ങി, രാവും
പകലും ഇടവിടാതെ കലശലായ വേദനയും ഉണ്ടായി. ഭർത്താ
വിനു വലിയ പരിഭ്രമമായി. വല്ല ഒഴികഴിവും പറഞ്ഞ് ഒരു
ഡോക്ടരെ വിളിച്ചുകാണിക്കാൻ അദ്ദേഹത്തിനുതന്നെ മോഹ
മുണ്ടെന്നു് അദ്ദേഹത്തിന്റെ ഭാവംകൊണ്ടു ഞാൻ മനസ്സിലാ
ക്കി. പുറമെയുള്ള ഒരു ഡോക്ടരെ വിളിക്കുന്നതു നന്നായിരിക്കു
മെന്നു ഞാനും സൂചിപ്പിച്ചു.

ആവൂ! ഭർത്താവിനു വലിയ ആശ്വാസമായി. അന്നുതന്നെ
ഒരു സായ്പിനെ കൂട്ടിക്കൊണ്ടുവന്നു. അവർ തമ്മിൽ നടന്ന
സംഭാഷണത്തിന്റെ സാരം എനിക്കു മനസ്സിലായിരുന്നില്ലെങ്കി
ലും സായ്പ് ഭർത്താവോടു നന്നേ കയർത്തുകൊണ്ടാണു് സംസാരി
ച്ചതെന്നു ഞാൻ ഗ്രഹിച്ചു. ഡോക്ടർ പോയി കഴിഞ്ഞിട്ടും കു
റേ നേരം ഭർത്താവു മൌനം ഭഞ്ജിക്കാൻ ഭാവമില്ലെന്നു കണ്ടു
ഞാൻ അദ്ദേഹത്തിന്റെ കൈകൾ പിടിച്ചു പറഞ്ഞു. "ആ സാ
യ്പ് എന്തൊരു മര്യാദകെട്ടവനാണു്! നാട്ടുകാരനായ വല്ല
ഡോക്ടരേയും വിളിച്ചാൽ മതിയായിരുന്നില്ലേ? എന്റെ കണ്ണി

നെപ്പററി അങ്ങ് അറിയുന്നതിലും അധികമായി വല്ലതും അവന്ന് അറിയാമെന്ന വിചാരിക്കുന്നുണ്ടോ?”

ഭർത്താവു ക്ഷണനേരംകൂടി മൌനം അവലംബിച്ചശേഷം തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. ‘കുമുദിനിയുടെ കണ്ണു കീറണമത്രേ.’

ഈ വസ്തുത ഇത്രകാലവും എന്നിൽനിന്നു മാച്ചുവെച്ചതിനെപ്പററി ഞാൻ പരിഭവം നടിച്ചു. ‘അങ്ങേക്കു് ഇതു മുമ്പുതന്നെ നിശ്ചയമുണ്ടായിരുന്നില്ലേ? എന്നിട്ടും ഇതേവരെ എന്നോടു പറയാഞ്ഞതല്ലേ അത്ഭുതം? ശസ്ത്രക്രിയയെന്ന ശബ്ദം കേട്ടാൽ ഭയന്നുപോകുവാൻ ഞാൻ ഒരു കുട്ടിയാണോ?’

ഇതു കേട്ടപ്പോൾ ഭർത്താവിന്റെ ഭാവം പ്രസന്നമായി. “‘ഓപ്പറേഷൻ’ എന്നു കേൾക്കുമ്പോൾ കുറച്ചൊന്നു നടുങ്ങാത്ത പുരുഷന്മാർതന്നെ ചുരുക്കമാണു്” എന്നു പറഞ്ഞു.

ഞാൻ ചിരിച്ചു. ‘അതേ, വാസ്തവംതന്നെ. പുരുഷന്മാരുടെ ശൌര്യമെല്ലാം ഭാര്യമാരുടെ മുമ്പിലെത്തുമ്പോളല്ലയുള്ളു.’

ഭർത്താവ്—(ഗൌരവത്തോടെ) കുമുദിനി പറഞ്ഞതു ശരിയാണു്. ഞങ്ങൾ പുരുഷന്മാർ വലിയ ദുരഭിമാനികളാണു്.

ഞാൻ—(ചിരിച്ചുകൊണ്ടു) ‘ദുരഭിമാനത്തിൽ പുരുഷന്മാരായ നിങ്ങൾക്കു ഞങ്ങളെ ജയിച്ചുകളയാമെന്നു ധൈര്യമുണ്ടോ.’

അടുത്ത അവസരത്തിൽ ജ്യേഷ്ഠൻ വന്നപ്പോൾ ഞാൻ അദ്ദേഹത്തോടു സ്വകാര്യമായി പറഞ്ഞു. ‘ജ്യേഷ്ഠൻ കൂട്ടിക്കൊണ്ടുവന്ന ഡോക്ടർ നല്ല ചികിത്സകനായിരുന്നു. അദ്ദേഹത്തിന്റെ മരുന്നുകൊണ്ടു് എനിക്കു പറയത്തക്ക സുഖവും കിട്ടുമായിരുന്നു. പക്ഷേ, നിർഭാഗ്യവശാൽ ഞാനൊരബദ്ധം ചെയ്തുപോയി. കുടിക്കാനുള്ള മരുന്നു കണ്ണിൽ ഒഴിക്കാനുള്ളതാണെന്നു ധരിച്ചു് അങ്ങിനെ ചെയ്തു. അന്നുമുതൽ എന്റെ കണ്ണിന്റെ സ്ഥിതി മുമ്പേത്തേക്കാൾ മോശമായി. ഇതാ ഇപ്പോൾ ഒരു ‘ഓപ്പറേഷൻ’ വേണമെന്നാണു പറയുന്നതു്.’

ജ്യേഷ്ഠൻ—'കുമുദിനി ഭർത്താവിൻെറ ചികിത്സയിലാണെന്നു ഞാനറിഞ്ഞു. അതുകൊണ്ടാണു ഞാൻ ഇയ്യിടെയായി ഇങ്ങട്ടു വരാഞ്ഞതു്.'

ഞാൻ—'അങ്ങിനെയല്ല; വാസ്തവത്തിൽ, ജ്യേഷ്ഠൻ കൂട്ടിക്കൊണ്ടുവന്ന ഡോക്ടരുടെ മരുന്നുതന്നെയാണു ഞാൻ ഉപയോഗിച്ചിരുന്നതു്.'

സ്ത്രീകളായ ഞങ്ങൾക്കു് എന്തൊക്കെ കളവു പറയേണ്ടിവരുന്നു? അമ്മമാരായാൽ കുട്ടികളെ സമാധാനപ്പെടുത്താനുള്ള കളവുകൾ ഒരുവക; ഭാര്യമാരായാൽ കുട്ടികളുടെ അച്ഛനെ സമാധാനിപ്പിക്കാനുള്ള കളവുകൾ വേറൊരുവക; കളവുകൂടാതെ കഴിക്കുവാൻ സ്ത്രീകൾക്കു ഒരിക്കലും സാധിക്കാറില്ല.

പക്ഷെ എൻെറ ചതിപ്രയോഗംകൊണ്ടു ഒരു ഗുണമുണ്ടായി. ജ്യേഷ്ഠനും ഭർത്താവും തമ്മിലുണ്ടായിരുന്ന രസക്കേടു മാറി. ഭർത്താവിൽനിന്നു വാസ്തവം മറച്ചുവെയ്ക്കേണമെന്നു എന്നോടുപദേശിച്ചതു തെററാണെന്നു ജ്യേഷ്ഠനും ആദ്യംതന്നെ ജ്യേഷ്ഠൻെറ ഉപദേശം സ്വീകരിക്കാഞ്ഞതു തെററിപ്പോയെന്നു ഭർത്താവിന്നും തോന്നി. ഒടുവിൽ രണ്ടാളുടേയും അനുമതിയോടുകൂടി ഒരു യൂറോപ്യൻ ഡോക്ടർവന്നു എൻെറ ഇടത്തുകണ്ണിൽ 'ഓപ്പറേഷൻ' ചെയ്തു. ആ ശസ്ത്രപ്രയോഗത്തിൻെറ ഭാരം താങ്ങുവാനുള്ള ശേഷി എൻെറ കണ്ണിന്നുണ്ടായിരുന്നില്ല. തന്നിമിത്തം അതിൻെറ ദൃഷ്ടിശക്തി കേവലം നശിച്ചു. ക്രമേണ മറേറ കണ്ണും അന്ധകാരത്തിൽ ലയിച്ചു.

ഒരുദിവസം ഭർത്താവു് എൻെറ കട്ടിലിന്നരികെ വന്നു് ഇങ്ങിനെ പറഞ്ഞു: 'ഇനിയും ഭവതിയെ കപടോക്തികൾകൊണ്ടു മയക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ഭവതിയുടെ കണ്ണു കാണാതാക്കിയതു ഞാനാണു്.' അദ്ദേഹത്തിൻെറ സ്വരം ബാഷ്പനിരുദ്ധമാണെന്നു ഞാൻ മനസ്സിലാക്കി എൻെറ രണ്ടു കൈകൊണ്ടും അദ്ദേഹത്തിൻെറ വലത്തു കൈ മുറുകെപ്പിടിച്ചു മറുപടി പറഞ്ഞു. 'എന്താണിങ്ങിനെ പറയുന്നതു്! അങ്ങു ചെയ്തതു വളരെ ശരിയാണു്. അങ്ങേയ്ക്കു അധികാരമുള്ള കാര്യത്തിലല്ലേ അങ്ങു പ്രവേശിച്ചിട്ടുള്ളൂ. എങ്ങാനും പോകുന്ന ഒരു ഡോക്ടർവന്നു് എ

ന്റെ ദൃഷ്ടി നശിപ്പിച്ചിരുന്നെങ്കിൽ എനിക്ക് എന്തു സമാധാനമാണുണ്ടാവുക? എല്ലാം ശുഭമായിട്ടാണ് കലാശിച്ചിരിക്കുന്നതു് എന്ന് ഇപ്പോൾ എനിക്കു സമാധാനിക്കാമല്ലോ. അങ്ങയുടെ കൈകൊണ്ടാണ് എന്റെ ദൃഷ്ടി നശിച്ചതെന്നറിയുന്നതാണ് എനിക്കുള്ള വലുതായ ഒരാശ്വാസം. ജഗദീശ്വരപൂജയ്ക്കു വേണ്ടുന്ന താമരപ്പൂക്കളിൽ ഒന്നു കുറവുണ്ടെന്നു കണ്ടപ്പോൾ ശ്രീരാമചന്ദ്രൻ തന്റെ രണ്ടു നേത്രോല്പലങ്ങളേയല്ലേ പകരം കൊടുത്തതു്? അതുപോലെ എന്റെ കണ്ണുകൾ എന്റെ ദൈവത്തിനു ഞാനും സമർപ്പിച്ചിരിക്കുന്നു. ഇന്നുമുതൽ അങ്ങ് ആനന്ദകരമായ വല്ല കാഴ്ചയും കാണുമ്പോൾ അതിനെ എനിക്കും വിവരിച്ചുതരണം. ഞാൻ അങ്ങയുടെ വചനാമൃതത്തെ അങ്ങയുടെ ദൃഷ്ടിവൈഭവത്തിൽനിന്നുല്പന്നമായ ഒരു പുണ്യസമ്മാനമായി പരിഗണിച്ച് ആസ്വദിച്ചുകൊള്ളാം.' ഞാൻ അന്ന് അവിടെവെച്ച് ഇങ്ങിനെയൊക്കെ പ്രസംഗിച്ചുവെന്നല്ല ഞാൻ പറയുന്നതിന്റെ സാരം. ഇപ്രകാരം ഒരു വലിയ പ്രസംഗം ഒരേ ശ്വാസത്തിൽ പറഞ്ഞുതീർപ്പാൻ എന്നാൽ സാദ്ധ്യവുമല്ല. പക്ഷേ പലപ്പോഴും എന്റെ വിചാരധാര മേല്പറഞ്ഞ ആശയഗതിയെ അനുസരിച്ചായിരുന്നു. എനിക്കു കുണ്ഠിതം തോന്നുമ്പോഴും എന്റെ ഭർത്തൃഭക്തിക്കു വല്ലവിധത്തിലും മങ്ങൽഭവിച്ചു ഞാൻ എന്റെ ദുർവ്വിധിയെ ശപിക്കുമ്പോഴും, കുട്ടികൾ കഥ ഉരുവിടുമ്പോലെ ഞാൻ ഈ വാചകങ്ങൾ മനസ്സിൽ ഉരുവിടാറുണ്ടായിരുന്നു. പ്രശാന്തവും പ്രേമസമ്പൂർണ്ണവും ആയ ഒരു ജീവിതത്തെ എനിക്കു കാണിച്ചുതന്നതു് ഈവക ചിന്തകളായിരുന്നു.

ഞങ്ങളുടെ അഭിമുഖസംഭാഷണങ്ങളിലും എന്റെ ഹൃദയത്തിൽ അന്തർഭവിച്ചു കിടന്നിരുന്ന വിചാരങ്ങളെ ഭർത്താവിനു മനസ്സിലാക്കിക്കൊടുപ്പാൻ ഞാൻ കഴിയുന്നത്ര ശ്രമിക്കുകയും ചെയ്തുപോന്നു.

'കുമുദിനി! എന്റെ അവിവേകം നിമിത്തം വന്നുചേർന്ന അനർത്ഥം ഇല്ലാതാക്കുവാൻ എന്നാൽ സാദ്ധ്യമല്ലതന്നെ. പക്ഷേ എനിക്ക് ഒന്നു ചെയ്യാൻ സാധിക്കും. എന്നും ഭവതിയുടെ അടുത്തിരുന്ന്, അന്ധതനിമിത്തം ഭവതിക്കു വന്നുചേരുന്ന അസൌ

കൎയ്യങ്ങളെ എന്നാൽ കഴിയുന്നവിധം ഇല്ലായ്മചെയ്‌വാൻ ഞാൻ മതി.’

ഞാൻ—‘അങ്ങിനെയായാൽ പോരാ, ഈ വീട്ട കുരുടന്മാരുടെ ആസ്പത്രിയാക്കിത്തീൎക്കാൻ ഞാൻ ഒരിക്കലും അനുവദിക്കയില്ല. ഒന്നുമാത്രമേ ചെയ്യേണ്ടതുള്ളു. അങ്ങു രണ്ടാമതും വിവാഹംചെയ്യണം.

വിവാഹത്തിന്റെ ആവശ്യകതയെപ്പററി ഞാൻ അദ്ദേഹത്തോടു വാദിക്കുവാൻ ശ്രമിച്ചപ്പോൾ എന്റെ കണ്ഠത്തിനു കുറച്ചൊരു സ്തംഭനം ഉണ്ടായെങ്കിലും അതു പുറത്തുകാണിക്കാതെ കഴിച്ചു. അതിനിടയിൽ ഭൎത്താവു തടഞ്ഞുപറഞ്ഞു—

‘കമ്മ! ഞാൻ ഒരു അവിവേകിയും അഹമ്മതിക്കാരനും മററും ആയിരിക്കാം. പക്ഷേ ഞാൻ ഒരു മൂൎഖനല്ല, തീൎച്ചതന്നെ. ഞാൻ ഇനിയൊരിക്കൽക്കൂടി വിവാഹം ചെയ്യുന്നപക്ഷം—എന്റെ കുലദൈവത്താണ്—ഗോപീനാഥനാണ്—സൎവ്വപാതകങ്ങളിലും വെച്ചു നികൃഷ്ടമായ പിതൃഹത്യാപാപം എന്നെ ബാധിക്കട്ടെ.’

ഹാ കഷ്ടം കഷ്ടം! ഈ ഭയങ്കരശപഥം ചെയ്വാൻ ഞാൻ അദ്ദേഹത്തെ അനുവദിക്കരുതായിരുന്നു! പക്ഷേ ബാഷ്പപൂരത്താൽ എന്റെ കണ്ഠം സ്തബ്ധമായിപ്പോയി. അടക്കിവെക്കാൻ പാടില്ലാത്ത സന്തോഷത്താൽ എനിക്ക് ഒരക്ഷരംപോലും ഉച്ചരിക്കാനും സാധിച്ചില്ല. അന്ധമായ എന്റെ മുഖത്തെ തലയണയ്ക്കുള്ളിൽ മറച്ചു ഞാൻ തേങ്ങിക്കരഞ്ഞുകൊണ്ടേ ഇരുന്നു. ഒടുവിൽ അശ്രുപ്രവാഹത്തിന്റെ ശക്തി ശമിച്ചപ്പോൾ ഞാൻ അദ്ദേഹത്തിന്റെ മുഖം എന്റെ മാറോടണച്ചു. ‘അയ്യോ! എന്തിനാണ് അങ്ങ് ഇത്ര ഭയങ്കരമായ സത്യം ചെയ്തത്. അങ്ങയുടെ സുഖത്തിനു വേണ്ടിയാണ് രണ്ടാമതും വിവാഹം ചെയ്വാൻ ഞാൻ ഉപദേശിച്ചത് എന്നായിരിക്കാം അങ്ങു കരുതിയത്, ഒരിക്കലും അല്ല. എനിക്കു കാഴ്ചയുണ്ടായിരുന്ന കാലത്തു ഞാൻ ചെയ്തുപോന്നിരുന്ന പരിചൎയ്യകൾ ചെയ്വാൻ ഒരുവൾ വേണമെന്നേ ഞാൻ കരുതിയിരുന്നുള്ളു. സ്വാൎത്ഥം പ്രമാണിച്ചാണ് ഞാൻ ഇങ്ങിനെ അഭിപ്രായപ്പെട്ടത്.’

'പരിചൎയ്യകളോ? പരിചൎയ്യകൾക്ക് ഇവിടെ ഭൃത്യന്മാരില്ലേ? ഒരു അടിമയെ ഈ വീട്ടിന്നുള്ളിൽ കടത്തി എന്റെ ദേവിയുടെ സിംഹാസനത്തിൽ ഒരു ഭാഗം അവൎക്കും ഭാഗിച്ചുകൊടുക്കത്തക്ക ബുദ്ധിശൂന്യത എനിക്കുണ്ടെന്നോ ഭവതി വിചാരിച്ചത്?'

'ദേവി' എന്ന വാക്കു ഭൎത്താവിന്റെ മുഖത്തുനിന്നു നിൎഗ്ഗമിച്ചതോടുകൂടിത്തന്നെ അദ്ദേഹം എന്റെ മുഖം അടുപ്പിച്ചു നെററിമേൽ ഒരു ചുംബനം ചെയ്തു. അദ്ദേഹത്തിന്റെ ചുംബനസ്പൎശം അനുഭവിച്ച ദിക്കിൽ ദിവ്യജ്ഞാനമാകുന്ന തൃതീയനേത്രത്തിന്റെ ഉന്മീലനവും അതേ സമയംതന്നെ ഉണ്ടായതായും എന്റെ ജന്മം പവിത്രീകൃതമായതായും എനിക്കു തോന്നി.

ഞാൻ ആത്മഗതമായി ഇങ്ങിനെ പറഞ്ഞു. 'ഇതു നന്നായി. ഗൃഹവൃത്തിജന്യമായ ചിന്തകളാൽ കലുഷിതമായ ഈ അധോലോകത്തിൽ അദ്ദേഹത്തെ പരിചരിക്കുവാൻ ഇനി മേലിൽ എന്നാൽ സാദ്ധ്യമല്ല. പക്ഷേ എനിക്ക് അതിലും ഉപരിയായ ഒരു പദവി കിട്ടാനിടയായി. ആ സ്ഥാനത്തിരുന്നുകൊണ്ടു ഞാൻ അനുഗ്രഹങ്ങളെ അവതരിപ്പിച്ചുകൊള്ളാം. മേലാൽ കള്ളവും ചതിയും പ്രയോഗിക്കേണ്ടതില്ല. എന്റെ പൂൎവ്വജീവിതത്തിലെ ക്ഷുദ്രതകളും കപടതന്ത്രങ്ങളും 'ഇങ്ങിനി വരാതവണ്ണം' നാടുകടന്നുപോകട്ടെ!'

അന്നു മുഴുവനും എന്റെ മനസ്സിൽ കലശലായ ഒരു വ്യാമൎദ്ദം നടന്നുകൊണ്ടിരുന്നു. ഈ ശപഥത്തിന്നു ശേഷം ഭൎത്താവ് ഒരിക്കലും പുനൎവ്വിവാഹത്തിന്നു ഒരുമ്പെടുന്നതല്ലെന്ന ബോധത്താലുള്ള സന്തോഷം എന്റെ മനസ്സിൽ ദൃഢമായി വേരൂന്നിയിരുന്നതിനാൽ അതിനെ വിട്ടൊഴിക്കുവാൻ എനിക്കു സാധിച്ചില്ല. പക്ഷേ എന്റെ അന്തരംഗത്തിൽ കടന്നുകൂടി സിംഹാസനാരോഹണം ചെയ്ത ദേവി ഇങ്ങിനെ പറഞ്ഞു. നിന്റെ ഭൎത്താവു ശപഥം ഭഞ്ജിച്ചു രണ്ടാമതും വിവാഹം ചെയ്യുന്നതു നന്നായിരിക്കും.' എന്നിൽ അധിവസിച്ചിരുന്ന സ്ത്രീപ്രകൃതിയാകട്ടെ 'കാൎയ്യം ശരിയായിരിക്കാം. പക്ഷേ ശപഥം ശപഥംതന്നെയല്ലേ? അതു അന്യഥാകരിക്കുന്നതെങ്ങിനെ?' എന്നു വാദിച്ചു. അതിനെ കുറിച്ചു ഇത്രയൊക്കെ സന്തോഷിച്ചു തുള്ളിച്ചാടേണ്ട

ആവശ്യമില്ല' എന്നായിരുന്നു ദേവിയുടെ മറുപടി. 'ദേവി പറയുന്നതു ശരിതന്നെ. അതിനെപ്പററി തൎക്കമില്ല; പക്ഷെ അയാളുടെ ശപഥം നിലനില്ക്കുന്നുണ്ടു്' എന്നായിരുന്നു സ്ത്രീയുടെ എതിൎവ്വാദം. എന്തിന്നു വളരെ പറയുന്നു! ഇത്തരത്തിൽ പ്രകൃതിയും ദേവിയും തമ്മിലുള്ള തൎക്കം കുറേനേരം ഇടവിടാതെ നടന്നു. ഒടുവിൽ ദേവി നെററിചുളിച്ചു മൌനംപൂണ്ടിരിപ്പായി. ദുസ്സഹമായ എന്തൊ ഒരു ഭയത്താലുള്ള അന്ധകാരം എന്റെ ഹൃദയത്തെയും ബാധിച്ചു.

പശ്ചാത്താപഭരിതനായ ഭൎത്താവുതന്നെ എനിക്കു വേണ്ടുന്ന പണിയെല്ലാം ചെയ്തുതന്നു. അതൊന്നും ഭൃത്യന്മാർ ചെയ്യുന്നതു അദ്ദേഹത്തിന്നു് ഇഷ്ടമായില്ല; ഇങ്ങിനെ തൊട്ടതിനെല്ലാം ഭൎത്താവിനെ ആശ്രയിക്കേണ്ടിവന്നതിൽ എനിക്കു് ആദ്യം നിസ്സീമമായ ആഹ്ലാദമാണു് തോന്നിയിരുന്നതു്. ഭൎത്താവു് എല്ലായ്പോഴും എന്റെ അടുത്തുണ്ടായിരിക്കേണമെന്ന മോഹം എനിക്കു് അന്ധതപിടിപെട്ടതോടുകൂടെ പൂൎവ്വാധികം വൎദ്ധിച്ചു. തന്നിമിത്തം ഭൎത്താവിന്റെ ശുശ്രൂഷകൾ എനിക്കു് ഒരനുഗ്രഹമായിത്തന്നെ തീൎന്നു. കണ്ണുകൊണ്ടനുഭവിക്കാൻ സാധിക്കാത്ത സുഖാംശം എന്റെ ഇതരാംഗങ്ങളെക്കൊണ്ടു് അനുഭവിക്കാൻ ഞാൻ ആഗ്രഹിച്ചു. അദ്ദേഹം അടുത്തില്ലാത്ത സമയം ഞാൻ യാതൊന്നിനേയും പിടികിട്ടാതെ വായുമണ്ഡലത്തിൽ തങ്ങി നില്ക്കുകയായിരിക്കാമെന്നു് എനിക്കു തോന്നാറുണ്ടായിരുന്നു.

പണ്ടു ഭൎത്താവു് ആസ്പത്രിയിൽനിന്നു തിരിച്ചുവരാൻ വൈകിയെങ്കിൽ ഞാൻ ജനൽ തുറന്നുവെച്ചു നിരത്തിലേക്കു നോക്കിക്കൊണ്ടിരിക്കുക പതിവായിരുന്നു. അദ്ദേഹത്തിന്റെ ലോകത്തെ എന്റെ ലോകത്തോടു സംഘടിപ്പിച്ച ആ ശൃംഖല എന്റെ അന്ധതനിമിത്തം ഭഗ്നമായിത്തീരുകയാൽ ഇപ്പോൾ എന്റെ ശരീരം മുഴുവനും അദ്ദേഹത്തെ തിരഞ്ഞു പുറപ്പെടേണ്ടിവന്നു. ഞങ്ങളെ സംയോജിപ്പിച്ചു പാലം തകൎന്നുപോയി. ദുസ്തരമായ ഒരു ഗഹ്വരം ഞങ്ങളെ അകററി. അദ്ദേഹം എന്റെ അടുത്തില്ലാത്ത സമയം ആ ഗഹ്വരത്തിന്റെ വിസ്താരം അധികമായി. മറുകരയിൽനിന്നു ഇക്കരെയ്ക്കു് അദ്ദേഹം കടന്നുവരുന്നതുവരെ [illegible]

ടെ കാത്തിരിക്കുക മാത്രമേ ഇപ്പോൾ എനിക്കു നിർവ്വാഹമുണ്ടായിരുന്നുള്ളൂ.

പക്ഷേ ഇത്ര കലശലായ ഔത്സുക്യവും അതിയായ ആശ്രിതത്വവും ഒരിക്കലും ഗുണകരമായിരിക്കാൻ തരമില്ല. വാസ്തവം തുറന്നു പറകയാണെങ്കിൽ ഒരു ഭാര്യ ഭർത്താവിന്നു വലിയ ഒരു ഭാരം തന്നെയാണ്. അതോടുകൂടി അന്ധതയും വന്നുചേർന്നാൽ പിന്നെ ആ ഭർത്താവിന്റെ ജീവിതം ദുസ്സഹമായിരിക്കുമെന്നു പറയേണ്ടതുണ്ടോ? ഞാൻ ഏകയായി കഷ്ടപ്പെട്ടുകൊള്ളാമെന്നും എന്നെ ആവരണം ചെയ്യുന്ന അന്ധകാരത്തിന്നുള്ളിൽ ഭർത്താവിനെ കൂടെ അകപ്പെടുത്തി ബുദ്ധിമുട്ടിക്കുന്നതല്ലെന്നും ഞാൻ മനസാ പ്രതിജ്ഞ ചെയ്തു.

സ്പർശശബ്ദങ്ങളുടെ സഹായങ്ങൾകൊണ്ടു ഗൃഹകൃത്യങ്ങൾ നിർവ്വഹിക്കാൻ അല്പകാലത്തിന്നുള്ളിൽ ഞാൻ അഭ്യസിച്ചു. എനിക്കു മുമ്പത്തേതിലും അധികം സാമർത്ഥ്യത്തോടുകൂടി കാര്യങ്ങൾ നിറവേററാൻ സാധിക്കുന്നുണ്ടെന്നും കണ്ണ് ഏകാഗ്രതയ്ക്കു ഒരു വലിയ പ്രതിബന്ധമാണെന്നും ഞാൻ മനസ്സിലാക്കി. 'തെണ്ടി'കളായ എന്റെ കണ്ണുകൾക്കു അവയുടെ കൃത്യം നിർവഹിക്കുവാൻ സാധിക്കാതെ വന്നതോടുകൂടി മററുള്ള ഇന്ദ്രിയങ്ങൾ അവയുടെ കൃത്യങ്ങളെ സ്വസ്ഥതയോടും പൂർണ്ണമായും നിറവേററിത്തുടങ്ങി.

ചിരപരിചയത്താൽ എനിക്കു പരസഹായാപേക്ഷ അനാവശ്യമായിത്തീർന്നപ്പോൾ ഭർത്താവ് എനിക്കുവേണ്ടി വീട്ടുപണികളിൽ ഏർപ്പെടുന്നതിനെ ഞാൻ നിരോധിച്ചു. തന്റെ വ്രതത്തിന്നു ഭംഗംവരുത്തുകയാണു ഞാൻ ചെയ്യുന്നതെന്നു അദ്ദേഹം ആദ്യമൊക്കെ ആവലാതി പറയാറുമുണ്ടായിരുന്നു. പക്ഷേ ഇതെനിക്കത്ര ബോദ്ധ്യമായില്ല. എന്തുതന്നെ പറഞ്ഞാലും ദിനംപ്രതി ഈ തുലഞ്ഞ വീട്ടുപണികൾ അവസാനിക്കുന്നതു തന്റെ തലയിൽനിന്നു വലിയൊരു ഭാരം ഒഴിഞ്ഞപോലെയാണ് അദ്ദേഹം കരുതിയിരുന്നതെന്നു ഞാൻ മനസ്സിലാക്കി. കണ്ണുകാണാത്ത ഒരു ഭാര്യയുടെ നിരന്തരശുശ്രൂഷയാൽ ഒരു പുരുഷൻ തന്റെ ജന്മം പാഴാക്കിക്കളയുന്നതു കഷ്ടമല്ലേ?

## II

എന്റെ ഭർത്താവിന്റെ വൈദ്യവിദ്യാഭ്യാസം അവസാനിച്ചു. ഡോക്ടരായിരിക്കുവാൻ അദ്ദേഹം കൽക്കത്തവിട്ടു് ഒരു ചെറുനഗരത്തിലേക്കു താമസം മാററി. നാട്ടുപുറംപോലെയിരുന്നിരുന്ന ആ ദിക്കിൽ അന്ധയായ എനിക്കു് എന്റെ മാതൃഗ്രാമസുഖങ്ങളിൽ സുഖിക്കുവാൻ അവസരം കിട്ടിയതോർത്തു ഞാൻ അത്യന്തം സന്തോഷിച്ചു. എട്ടാമത്തെ വയസ്സിലാണു് ഞാൻ എന്റെ ജനനപ്രദേശംവിട്ടു് കൽക്കത്തയ്ക്കു ആദ്യമായി പോന്നതു്. അതു കഴിഞ്ഞിട്ടിപ്പോൾ കൊല്ലം പത്തായി. വലിയൊരു നഗരത്തിൽ പാൎത്തു ജീവിച്ച എനിക്കു എന്റെ ഗ്രാമീണജീവിതത്തിന്റെ സ്മരണതന്നെ മങ്ങിപ്പോയിരുന്നു. എനിക്കു കാഴ്ചയുണ്ടായിരുന്ന കാലത്തോളം കൽക്കത്തയിലെ ബഹളം ബാല്യകാലജീവിതത്തെ എന്റെ മനോമുകുരത്തിൽനിന്നു തീരെ ആച്ഛാദനം ചെയ്തു. പക്ഷേ, കൽക്കത്തയ്ക്കു, കണ്ണിനെ ആകർഷിക്കാനല്ലാതെ മനസ്സിനെ സന്തോഷിപ്പിക്കുവാനുള്ള ശക്തിയില്ലെന്നു എന്റെ കാഴ്ച നശിച്ചപ്പോഴേ എനിക്കു മനസ്സിലായുള്ളു. സന്ധ്യാസമയത്തു ആകാശത്തിൽ ഒന്നൊന്നായി പ്രത്യക്ഷപ്പെടുന്ന നക്ഷത്രപംക്തിപോലെ എന്റെ ബാല്യകാലവൃത്താന്തങ്ങൾ ഒന്നൊന്നായി ഇപ്പോൾ എന്റെ അന്ധതയിൽക്കൂടെ പ്രകാശിച്ചുതുടങ്ങി.

ഞങ്ങൾ കൽക്കത്താവിട്ടു് നരസിംഹപുരത്തേക്കു പുറപ്പെട്ടതു വൃശ്ചികമാസക്കാലത്തായിരുന്നു. സ്ഥലം പുതുതായിരുന്നുവെങ്കിലും ആ നാട്ടുപുറത്തുണ്ടായിരുന്ന സുഗന്ധങ്ങളും ശബ്ദങ്ങളും എന്നെ വല്ലാതെ ആകർഷിച്ചു. പുതുതായി ഉഴുതിട്ടിട്ടുള്ള വയലുകളിൽനിന്നു വരുന്ന പ്രഭാതമാരുതനും കടുകിൻപൂവിന്റെ മധുരാമോദവും ദൂരത്തുനിന്നു പാടുന്ന ഇടയച്ചെറുക്കന്മാരുടെ കുഴൽവിളിയും നിമ്നോന്നതമായ പാതയിൽക്കൂടി വലിച്ചിഴച്ചു പോകുന്ന 'കട്ടവണ്ടി'യുടെ 'കറകറ' ശബ്ദംകൂടിയും എന്റെ മനസ്സിനെ അത്യന്തം ആഹ്ലാദഭരിതമാക്കി. അനിർവ്വാച്യമായ പരിമളധോരണിയും ആസ്വാദ്യതരമായ സ്വരമാധുരിയും നിറഞ്ഞ എന്റെ പൂർവ്വജീവചരിത്രം ഒരു വർത്തമാനവിഷയമായിത്തീർന്നു. എന്റെ ഈ ഭാവന അയഥാർത്ഥമാണെന്നു കാണിക്കത്തക്ക ശക്തി കാഴ്ച

യില്ലാത്ത എൻെറ കണ്ണുനീർക്കണം ഉണ്ടായിരുന്നില്ലല്ലോ. ശൈലവലയയുടെ രാമണീയകത്തെ ഭാവനാശക്തിയുടെ സഹായത്താൽ ഞാൻ വീണ്ടും അനുഭവിച്ചു. ഇതിൽ ഒരു ന്യൂനതയുണ്ടായിരുന്നതു എൻെറ അമ്മയുടെ അസാന്നിദ്ധ്യം മാത്രമായിരുന്നു.

എൻെറ വീട്ടിലെ കുളത്തിന്നരികെ വരിവരിയായി വളൎന്നിരുന്ന വലിയ അരയാൽവൃക്ഷങ്ങൾ സങ്കല്പദൃഷ്ട്യാ എനിക്കു കാണാമായിരുന്നു. [illegible]ച്ചവാൾപോലെയുള്ള തലമുടി അഴിച്ചിട്ടു വെയിലത്തുനിന്നു വിറകു പെറുക്കിയെടുക്കുന്ന മുത്തശ്ശി എൻെറ മനോദൎപ്പണത്തിൽ പ്രത്യക്ഷപ്പെട്ടു. പക്ഷെ അവർ പാടാറുണ്ടായിരുന്ന 'മുളൽപ്പാട്ടു' മാത്രം എനിക്കു് ഓൎമ്മിക്കാൻ കഴിഞ്ഞില്ല. വൈകുന്നേരം പക്ഷികളുടെ കരച്ചിൽ കേൾക്കുമ്പോഴെല്ലാം എൻെറ അമ്മ വിളക്കും എടുത്തുകൊണ്ടു തൊഴുത്തിൽ ചെന്നു നോക്കുന്നുണ്ടെന്നു് എനിക്കു തോന്നി. നനഞ്ഞ പുല്ലിൻെറയും ഉണങ്ങിയ വൈക്കോൽ കത്തുമ്പോൾ പുറപ്പെടുന്ന പുകയുടെയും മണം എനിക്കു മറക്കാൻ സാധിച്ചതേയില്ല. അമ്പലത്തിൽ പൂജാസമയത്തു മണിമുട്ടുന്നതു നദീതീരത്തിൽനിന്നു വീശുന്ന മന്ദമാരുതൻ എൻെറ കൎണ്ണപുടത്തിൽ പ്രവേശിപ്പിക്കുന്നുണ്ടെന്നും എനിക്കു തോന്നി.

കൽക്കത്തായിലെ ബഹളവും 'നന്ന പറയാലും' ഹൃദയസ്തംഭകാരികളായ സംഗതികളാണു്. ജീവിതത്തിലെ മനോജ്ഞകൃത്യങ്ങൾക്കുള്ള നൂതനത്വവും നിഷ്കന്മഷത്വവും അവിടത്തെ ബഹളത്തിന്നിടയിൽ നാമാവശേഷമായിപ്പോകുന്നു. ഒരുദിവസം എൻെറ ഒരു ചങ്ങാതി കടന്നുവന്നു് എന്നോടിങ്ങനെ പറഞ്ഞു. 'കമ്മ്യു നിനക്കു ദേഷ്യപ്പെടാൻ അറിയില്ലെന്നുണ്ടോ? എൻെറ ഭൎത്താവു് ഇങ്ങിനെ എന്നോടു പെരുമാറിയിരുന്നെങ്കിൽ പിന്നീടു് അദ്ദേഹത്തിൻെറ മുഖത്തു ഞാൻ നോക്കുകയില്ല.

ഭൎത്താവു് ഡോക്ടരെ വിളിക്കാൻ വൈകിയതുകൊണ്ടു ഞാൻ ദേഷ്യപ്പെടേണ്ടതാണെന്നായിരുന്നു അവർ പറഞ്ഞതിൻെറ സാരം.

'എൻെറ അന്ധതതന്നെ വലിയ ഒരു അനൎത്ഥമാണല്ലോ. ഭൎത്താവിൻെറ നേരെ വെറുപ്പുകൂടി ഉണ്ടാക്കിത്തീൎത്തു് ഇപ്പോഴ

ഈ അനൎത്ഥത്തെ അധികമാക്കിത്തീൎക്കുന്നതെന്തിനാണു്?' എന്നു അവൻ ദ്വേഷപടിയായി ചോദിച്ചു.

കേവലം ഒരു പെൺകിടാവായിരുന്ന ഞാൻ വലിയമ്മമാരുടെ അടവെട്ടത്തു് ഇങ്ങിനെ മറുപടി പറഞ്ഞതുകേട്ടപ്പോൾ എന്റെ ചങ്ങാതിക്കുണ്ടായ പൃത്ഥരസം കുറച്ചൊന്നുമായിരുന്നില്ല. ഹാസ്യഭാവത്തിൽ തലയാട്ടിക്കൊണ്ടു് അവൾ കടന്നുപോവുകയും ചെയ്തു. എന്റെ ഉത്തരം എന്തുതന്നെ ആയിരുന്നാലും അവളുടെ വാക്കുകളുടെ വിഷം മനസ്സിൽ വിട്ടൊഴിയാതെ ശേഷിച്ചു.

ഇങ്ങിനെ ഒടുങ്ങാത്ത ദൂഷണങ്ങളുടെ സങ്കേതസ്ഥാനമായ കൽക്കത്തായിലെ വാസം നിമിത്തം ആളുകളുടെ ഹൃദയം കഠിനമായിത്തീരുന്നതിൽ എന്താണത്ഭുതം! പക്ഷേ നാട്ടുപുറത്തേക്കു് തിരിച്ചുവന്നതോടുകൂടി എന്റെ ബാല്യത്തിലെ ആഗ്രഹങ്ങളും വിശ്വാസങ്ങളും എന്നുവേണ്ട ജീവിതദശയിൽ യഥാൎത്ഥമായി കരുതിയിരുന്ന സൎവ്വവും നൂതനമായും മനോഹരമായും എനിക്കു തോന്നി. ദൈവം എനിക്കു പ്രത്യക്ഷമായി എന്റെ ഹൃദയത്തിലും എന്റെ ലോകത്തിലും പരിപൂൎണ്ണതയോടെ പ്രകാശിച്ചു. ഞാൻ അവിടുത്തെ തൃപ്പാദങ്ങളിൽ വണങ്ങി ഇപ്രകാരം അറിയിച്ചു. 'അങ്ങു് എന്റെ കാഴ്ചയെ അപഹരിച്ചതു നന്നായി. അങ്ങു് എന്റെ കൂടെ ഉണ്ടല്ലോ.'

ഹാ! പറയാൻ പാടുള്ളതിൽ അധികം ഞാൻ പറഞ്ഞുകളഞ്ഞു. 'അങ്ങു് എന്റെ കൂടെ ഉണ്ടല്ലോ' എന്നു പറഞ്ഞതു ധിക്കാരമായിപ്പോയി. 'ഞാൻ അങ്ങയുടെ മുമ്പാകെ നിഷ്കാപട്യത്തോടെ ഇരുന്നുകൊള്ളാം' എന്നു മാത്രമേ നമുക്കു പറയാൻ പാടുള്ളു. ഉള്ളതു മുഴുവൻ നശിച്ചാലും നമുക്കു ജീവസന്ധാരണം ചെയ്യാതിരിക്കാൻ നിവൃത്തിയില്ലല്ലോ.

## III

ഞങ്ങൾ കുറെ മാസത്തോളം സുഖമായിത്തന്നെ കാലം കഴിച്ചു. ഭൎത്താവിനു വൈദ്യവിഷയത്തിൽ പ്രശസ്തിയും അതോടുകൂടി ദ്രവ്യസമ്പാദ്യം ഉണ്ടായി.

പക്ഷെ പണത്തിന്നു ചില തകരാറുകൾ ഉണ്ടു്. എനിക്കു പ്രത്യേക സംഗതികളെ ചൂണ്ടിക്കാണിച്ചു് ഉദാഹരിക്കാൻ സാധിക്കുകയില്ല. എങ്കിലും മററുള്ളവരെ അപേക്ഷിച്ചു് ഈ സാധുജനത്തിന്നു സാമാന്യാതീതമായുള്ള ഗ്രഹണശക്തിയുടെ സഹായത്താൽ എൻെറ ഭർത്താവിന്നു ദ്രവ്യലാഭം നിമിത്തം വന്നുചേൎന്ന മാററം എനിക്കു വേഗത്തിൽ മനസ്സിലാക്കാൻ സാധിച്ചു.

വിദ്യാർത്ഥിയായിരുന്ന കാലത്തു് അദ്ദേഹത്തിൻെറ നീതിബോധം അന്ന്യാദൃശമായിരുന്നു. തനിക്കു ചികിത്സിക്കാനുള്ള അവസരം കിട്ടിയാൽ, സാധുക്കളെ കഴിയുന്നത്ര സഹായിക്കണമെന്നാണു് തൻെറ മോഹമെന്നു് അദ്ദേഹം പലപ്പോഴും എന്നോടു പറഞ്ഞിരുന്നു. കയ്യിൽ കാശു കണ്ടാലല്ലാതെ ഒരു സാധുരോഗിയുടെ നാഡി പിടിച്ചുനോക്കില്ലെന്നു നിഷ്കർഷയുള്ള ഡോക്ടർമാരെ കുറിച്ചു് അക്കാലത്തു് അദ്ദേഹത്തിന്നു വലിയ പുച്ഛവും ആക്ഷേപവുമായിരുന്നു. പക്ഷെ ഇപ്പോൾ ആ സമ്പ്രദായമെല്ലാം ഭേദപ്പെട്ടു അദ്ദേഹത്തിൻെറ സ്വഭാവത്തിന്നു് ആശ്ചര്യകരമായ ഒരു കാഠിന്ന്യം സംഭവിച്ചു. ഒരിക്കൽ ഒരു സാധുസ്ത്രീ വന്നു തൻെറ ഏകസന്താനമായ കുട്ടിയുടെ ജീവനെ ഒന്നു രക്ഷിക്കേണമെന്നു് ഇരന്നപ്പോൾ അദ്ദേഹം ആ അപേക്ഷയെ തീരെ തള്ളിക്കളകയാണു ചെയ്തതു്. അവൾക്കു ഒരു സഹായം ചെയ്യേണമെന്നു ഞാൻ വളരെ കാര്യമായി അപേക്ഷിച്ചപ്പോൾ മാത്രമേ അദ്ദേഹം മനമില്ലാ മനസ്സോടെ അനുസരിച്ചുള്ളൂ.

ദ്രവ്യസംബന്ധമായ ഏടവാടുകളിൽ 'കണിശ'ക്കാരായിരിക്കുന്നവരോടു ഭർത്താവിന്നു പണ്ടൊക്കെ ബഹു വിരോധമായിരുന്നു. അന്ന്യായമായ ധനലാഭത്തിൽ അദ്ദേഹത്തിന്നു തീരെ പ്രിയമുണ്ടായിരുന്നില്ല. എന്നാൽ ബേങ്കിൽ പണമിട്ടുതുടങ്ങിയതിൽപിന്നെ, വല്ല ജന്മികളുടേയും തെമ്മാടിക്കാര്യസ്ഥന്മാരുമായി ഗൂഢസംസാരത്തിൽ ഏൎപ്പെടാത്ത സമയം ചുരുങ്ങും. ആ രഹസ്യസംഭാഷണങ്ങൾ ശുഭസൂചകങ്ങളായിരുന്നില്ലെന്നു് എനിക്കു നല്ല തീൎച്ചയുമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ പുറപ്പാട് എവിടേയ്ക്കാണ്? എന്റെ ഭർത്താവ് ഇത്തരത്തിലായതെങ്ങിനേ?

എന്റെ അന്ധതയ്ക്കു മുമ്പു ഞാനറിഞ്ഞിരുന്ന ഭർത്താവ്— അന്നൊരിക്കൽ എന്റെ നെററിയിൽ ചുംബിച്ച് എന്നെ ദിവ്യമായ ഒരു സിംഹാസനത്തിൽ പ്രതിഷ്ഠചെയ്ത എന്റെ ഭർത്താവ്—ഹാ! ആ പുണ്യാത്മാവ് എവിടെ? ഏതോ അപ്രതീക്ഷിതമായ ഒരു വികാരസംരംഭത്താൽ ശോച്യാവസ്ഥയിലേക്കു പതിക്കുന്ന ആളുകൾക്കു പുതുതായും പ്രബലമായും ഉള്ള സാത്വികശക്തിയുടെ സഹായത്താൽ വീണ്ടും ഉന്നതിയെ പ്രാപിക്കുവാൻ സാധിക്കുന്നതാണ്; പക്ഷേ ബഹിർഭാഗത്തുനിന്നു ബാധിക്കുന്ന ദൂഷകശക്തികൾക്കു കീഴടങ്ങി ആദ്ധ്യാത്മികജീവിതത്തെ ക്രമേണ സ്തംഭനം ചെയ്യുന്ന ആളുകൾ കാലാന്തരത്തിൽപോലും പരിഹരിക്കുവാൻ സാധിക്കാത്ത നിർജ്ജീവാവസ്ഥയെ പ്രാപിക്കുന്നു.

ഞങ്ങൾതമ്മിൽ എന്റെ അന്ധതനിമിത്തം സംഭവിച്ചിരുന്ന വേർപാട് എത്രയോ ശിഥിലമായിരുന്നു. ഞാൻ അന്ധയാണെന്ന പൂർണ്ണബോധത്തോടുകൂടി അന്നൊരിക്കൽ ഞങ്ങൾ രണ്ടുപേരും ഒന്നായി സ്ഥിതിചെയ്തിരുന്ന ആ സ്ഥാനത്ത് ഇപ്പോൾ അദ്ദേഹം ഇല്ലെന്നറിയുമ്പോഴാണ് ഹാ കഷ്ടം!—എനിക്കു ശ്വാസംമുട്ടുന്നത്. ഇതു ശരിയായുള്ള ഒരു വേർപാടുതന്നെ.

എന്റെ പ്രേമത്തിനു കാലുഷ്യമോ ഭർത്തൃഭക്തിക്കു ഭംഗമോ വരുത്താതെ, ഞാൻ എന്റെ ഹൃദയാന്തരത്തിൽ പ്രതിഷ്ഠിച്ചിരുന്ന ഈശ്വരവിഗ്രഹത്തെത്തന്നെ ശരണം പ്രാപിച്ചു. നേരെ മറിച്ച്, എന്റെ പ്രിയതമൻ അനശ്വരവും സനാതനവുമായ ആ വസ്തുക്കളുടെ ശീതളസാന്നിദ്ധ്യം ത്യജിച്ചു കനകതൃഷ്ണയുടെ മൂർദ്ധന്യംനിമിത്തം ഉണങ്ങി വരണ്ടുകിടക്കുന്ന മരുഭൂമിയിൽ ഇതാ അതിവേഗതയോടെ അന്തർദ്ധാനം ചെയ്യുന്നു!

കാര്യങ്ങളുടെ വാസ്തവസ്ഥിതി ഞാൻ വിചാരിക്കുന്നത്ര മോശമല്ലെന്നും എന്റെ അന്ധതനിമിത്തം ഞാൻ അവയ്ക്കു വേണ്ടതിലധികം പ്രാധാന്യം കൊടുക്കുന്നതാണെന്നും ചിലപ്പോൾ എ

നിക്കു ശങ്ക തോന്നാറുണ്ടു്. എന്റെ കണ്ണിനു കേടൊന്നും ഉണ്ടായിരുന്നില്ലെങ്കിൽ ഞാൻ ലോകത്തെ കാണുംപോലെതന്നെ സ്വീകരിക്കയും ചെയ്യിരിക്കാം. ഏതായാലും എന്റെ സ്വഭാവപ്പകൎച്ചകളെ ഭൎത്താവു വ്യാഖ്യാനിച്ചതു് ഇപ്രകാരമായിരുന്നു എന്നുപറഞ്ഞാൽ മതിയല്ലോ.

ഒരു ദിവസം വൃദ്ധനായ ഒരു മുസൽമാൻ ഞങ്ങളുടെ വീട്ടിൽ വന്നു, തന്റെ മകളുടെ മകൾ ചെറിയൊരു കുട്ടി ദീനത്തിൽ കിടക്കുകയാണെന്നു ഭൎത്താവോടു പറഞ്ഞു.

‘യജമാനനേ! ഞാൻ ഒരു ഗതിയും ഇല്ലാത്തവനാണു്; ഇവിടുന്നു ദയ ചെയ്തു് ഒന്നു് എന്റെ ‘കുടിൽവരയ്ക്കും വരണം. യജമാനനെ അള്ളാ അനുഗ്രഹിക്കും’ എന്നു് ആ കിഴവൻ പറയുന്നതു ഞാൻ കേട്ടു.

‘അള്ളാ അനുഗ്രഹിക്കുമോ ഇല്ലയോ എന്നല്ല ഇവിടെ ചോദ്യം; അതെല്ലാം വേറെ കാൎയ്യം. നിനക്കു് എന്തുതരാൻ സാധിക്കും? അതു പറ.’

ദൈവം എനിക്കു് അന്ധത തന്നപ്പോൾ അതോടുകൂടെതന്നെ ബാധിര്യവും തന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു! എന്നാണു് ഈ വാക്കുകൾ കേട്ടപ്പോൾ എനിക്കു തോന്നിയതു്. കിഴവൻ ദീൎഘമായൊന്നു നിശ്വസിച്ചു വന്ന വഴിയേ മടക്കമായി. അവനെ എന്റെ മുറിയിലേക്കു കൂട്ടിക്കൊണ്ടുവരാൻ ഞാൻ ദാസിയെ അയച്ചു. അവൻ വന്ന ഉടനെ കുറച്ചു പണം എടുത്തു അവന്റെ കയ്യിൽ കൊടുത്തു് ‘ഈ പണംകൊടുത്തു വിശ്വസ്തനായ ഒരു ഡോക്ടരെ വിളിച്ചു കുട്ടിയെ ചികിത്സിപ്പിക്കുക. എന്റെ ഭൎത്താവിന്റെ ശീലം നന്നാകാൻ പ്രാൎത്ഥിക്കുകയും ചെയ്യു എന്നുപറഞ്ഞു.

അന്നു മുഴുവനും എനിക്കു യാതൊന്നും കഴിക്കാൻ മനസ്സുവന്നില്ല. ഉച്ചതിരിഞ്ഞു ഭൎത്താവു് ഉറങ്ങി എഴുനീററപ്പോൾ ‘എന്താണിത്ര ക്ഷീണം?’ എന്നു് എന്നോടു ചോദിച്ചു. ‘ഒന്നുമില്ല’ എന്നു പഴയ സമ്പ്രദായം അനുസരിച്ചു പറഞ്ഞാലോ എന്നാലോചിച്ചു. പക്ഷേ ചതിപ്രയോഗത്തിന്റെ കാലമെല്ലാം കഴിഞ്ഞുപോയതിനാൽ ഇപ്രകാരം തുറന്നുപറയുമെന്നുറച്ചു.

‘വളരെ നാളായി ചിലതൊക്കെ പറയേണമെന്നാലോചിക്കുന്നു. എന്താണു പറയേണ്ടതെന്നു് എനിക്കുതന്നെ നല്ല വിവരമില്ലാത്തതുകൊണ്ടാണു് മടിച്ചു മടിച്ചു കഴിച്ചതു്. എൻെറ മനസ്സിലുള്ളതു മുഴുവനും വിവരിച്ചു് മനസ്സിലാക്കിത്തരുവാൻ ഇപ്പോഴും എന്നാൽ സാദ്ധ്യമല്ലെന്നു വന്നേക്കാം. പക്ഷേ കീഴ്ക്കൂടെ നടന്നതെല്ലാം അങ്ങേക്കറിയാമല്ലോ. നമ്മുടെ ജീവിതഗതി ഭിന്നമാർഗ്ഗങ്ങളിലേക്കു തിരിഞ്ഞിരിക്കുന്നു.’

ഭർത്താവ് ഒരു ‘പച്ചച്ചിരി’ ചിരിച്ചുകൊണ്ടു ‘മാററം പ്രകൃതിനിയമമല്ലേ?’ എന്നു ചോദിച്ചു.

ഞാൻ—‘അതെനിക്കറിയാം—പക്ഷേ ശാശ്വതമായി ചിലതെല്ലാം ഉണ്ടു്.’ അപ്പോൾ ഭർത്താവു ഗൌരവഭാവം കൈക്കൊണ്ടു.

‘തക്കതായ കാരണത്താൽ വ്യസനിക്കുന്ന സ്ത്രീകൾ വളരെയുണ്ടു്. ചിലരുടെ ഭർത്താക്കന്മാൎക്കു പണമില്ല. മററു ചിലരുടെ ഭർത്താക്കന്മാൎക്കു സ്നേഹമില്ല. എന്നാൽ ഈവക യാതൊരാക്ഷേപത്തിനും വഴിയില്ലാത്ത സ്ഥിതിക്കു് ഭവതി എന്തിനാണിങ്ങനെ ദുഃഖിക്കുന്നതു്?’

ശാശ്വതവും സ്ഥിരവുമായ ഒരു ലോകത്തെ കാണാനുള്ള ശക്തി എൻെറ അന്ധതനിമിത്തം എനിക്കു സിദ്ധിച്ചിട്ടുണ്ടെന്നു് ഇപ്പോൾ എനിക്കു തെളിവായി. അതേ! വാസ്തവം! ഞാൻ മററു സ്ത്രീകളെപ്പോലെ അല്ല. എൻെറ ഭർത്താവിന്നു എന്നെ മനസ്സിലാക്കാൻ കഴിയുകയുമില്ല.

## IV

ഞങ്ങൾ രണ്ടാളുടേയും ജീവിതം യാതൊരു വിശേഷവിധിയും വൈചിത്ര്യവും കൂടാതെ കുറേ കാലത്തോളം ഇങ്ങനെ കഴിഞ്ഞു. അതിൽപിന്നീടു ഭർത്താവിൻെറ ഒരു പിതൃസഹോദരിയുടെ അഭ്യാഗമനത്താൽ ആ ജീവിതഗതിയിലും കുറച്ചൊരു ഭേദമുണ്ടായി. പ്രഥമദർശനത്തിൽ മര്യാദപ്രകാരം ചെയ്യേണ്ടുന്ന കുശലപ്രശ്നങ്ങൾക്കു ശേഷം അവരുടെ ഒന്നാമത്തെ സംഭാഷണം ഇങ്ങിനെ ആയിരുന്നു:—‘കുമു! നിനക്കു കണ്ണു കാണാതായതു വലിയ കഷ്ടംതന്നെ. പക്ഷേ നിൻെറ അന്ധതനിമിത്തം

ഭർത്താവിനേയും നിത്യദുഃഖം അനുഭവിപ്പിക്കുന്നതെന്തിനാണു്? വേറൊരു പെണ്ണിനെ കല്യാണംകഴിപ്പാൻ ശ്രമിക്കാത്തതു ശരിയാണോ?

ആരും യാതൊന്നും മറുപടി പറഞ്ഞില്ല. ഭർത്താവു എളയമ്മയുടെ സംസാരത്തിന്നുത്തരമായി ഒന്നു ചിരിക്കുകയോ വല്ല നേരമ്പോക്കും പറയുകയോ ചെയ്തിരുന്നെങ്കിൽ കാര്യം അതുകൊണ്ടു് അവസാനിക്കുമായിരുന്നു. അതിന്നുപകരം അദ്ദേഹം വലിയൊരു പരിഭ്രമം പ്രകടിക്കുകയും, ഒടുവിൽ ഇടറിക്കൊണ്ടു വല്ലാത്ത മൌഢ്യഭാവത്തിൽ ഇങ്ങിനെ പറയുകയുമാണു ചെയ്തതു്. 'വാസ്തവത്തിൽ എളയമ്മയുടെ അഭിപ്രായം അങ്ങിനെയാണോ? വാസ്തവത്തിൽ, എളയമ്മ അങ്ങിനെ പറയരുതു്.'

'ഞാൻ പറഞ്ഞതിലെന്താണു്, കമ്യു തെററു്?' എന്നു് അവർ എന്നോടു ചോദിച്ചു.

ഞാനും ഒരു 'പച്ചച്ചിരി' ചിരിച്ചു. 'ഈ കാര്യം തീർച്ചപ്പെടുത്താൻ എന്നേക്കാളും അധികം പ്രാപ്തിയും അർഹതയും ഉള്ളവരോടു് അഭിപ്രായം ചോദിക്കയല്ലേ നല്ലതു്? 'മടിശ്ശീല' കക്കുന്നവൻ അതിന്റെ ഉടമസ്ഥനോടു സമ്മതം ചോദിച്ചിട്ടാണോ കക്കാൻ തുടങ്ങാറു്?

എളയമ്മ—'നീ പറഞ്ഞതു ശരിയാണു്. അവിനാശ്! നമുക്കു് ഇതിനേപ്പററി സ്വകാര്യമായി ഒന്നാലോചിക്കണം. എന്താണു് വിചാരിക്കുന്നതു്?'

എന്നെ വീട്ടുപണിയിൽ സഹായിക്കുന്നതിലേക്കു കുലീനതയും ജാതിവലിപ്പവുമുള്ള വല്ല പെൺകിടാവിനേയും കിട്ടുമോ എന്നു കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഒരിക്കൽ ഭർത്താവു ഞാൻ കേൾക്കെ എളയമ്മയോടു ചോദിച്ചു. എനിക്കു യാതൊരു സഹായവും ആവശ്യമില്ലെന്നു് അദ്ദേഹത്തിന്നു നല്ലപോലെ അറിയാമായിരുന്നു! ഞാൻ ഒന്നും മിണ്ടിയില്ല.

എളയമ്മ—'എത്രവേണം? എന്റെ അനുജത്തിക്കു് ഒരു മകളുണ്ടു്. കല്യാണം കഴിക്കേണ്ട പ്രായമാണു്. സ്വഭാവവും നന്നു്; അവിനാശിയെ ഭർത്താവായി കിട്ടുന്നതു അവളുടെ വീട്ടുകാൎക്കു വലിയ സന്തോഷമായിരിക്കും.'

പണ്ടത്തെ പച്ചച്ചിരിയും വല്ലായ്മയും ഇക്കുറിയും ഭർത്താവിനെ ബാധിച്ചു. 'ഞാൻ കല്യാണത്തിൻെറ കാര്യം പറഞ്ഞില്ലല്ലോ' എന്നു അദ്ദേഹം മറുപടി പറഞ്ഞു.

എളയമ്മ—'ഒരു തറവാട്ടിൽ പിറന്ന പെണ്ണു കല്യാണം കഴിക്കാതെ ഈ വീട്ടിൽ വന്നു താമസിക്കുമെന്നാണോ വിചാരിക്കുന്നതു്?' ഇതൊരു യുക്തിയുക്തമായ ചോദ്യമാണെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ അദ്ദേഹം മൌനിയായിരുന്നതേയുള്ളൂ.

അദ്ദേഹം മുറിക്കുള്ളിൽനിന്നു പുറത്തേക്കുപോയ ശേഷം ഞാൻ എൻെറ അന്ധതയെ ശരണംപ്രാപിച്ചു്, ദൈവത്തോടു 'എൻെറ ഭർത്താവിനെ രക്ഷിക്കണേ' എന്നിങ്ങനെ പ്രാർത്ഥിച്ചു.

കുറച്ചുദിവസം കഴിഞ്ഞു്, ഞാൻ ഞങ്ങളുടെ കുടുംബദേവതയെ വന്ദിച്ചു മടങ്ങിവരും വഴിക്കു് എളയമ്മ എൻെറ കൈ രണ്ടും കടന്നു പിടിച്ചു. 'ഇവളെപ്പറ്റിയാണ് ഞാൻ അന്നു പ്രസ്താവിച്ചതു്. ഹേമാംഗിനി എന്നാണു പേരു്. ഇവൾക്കു കുമുദിനിയുമായി പരിചയമാകാൻ വളരെ മോഹമുണ്ടു്. ഹേമ! ഇങ്ങട്ടു വരൂ. ജ്യേഷ്ഠത്തിയുമായി പരിചയപ്പെടണ്ടേ?' എന്നു പറഞ്ഞു.

തത്സമയം ഭർത്താവും മുറിക്കുള്ളിൽ കടന്നുവന്നു. അപരിചിതയായ ഒരു പെൺകിടാവിനെ കണ്ടപ്പോൾ അദ്ദേഹം അത്ഭുതം നടിച്ചു പുറത്തേയ്ക്കുപോകാൻ ഭാവിച്ചുവെങ്കിലും എളയമ്മ തടഞ്ഞുനിർത്തി. 'അവിനാശ്! കുട്ടാ! എങ്ങട്ടാണോടുന്നതു്.? അതു വേണമെന്നില്ല. എൻെറ അനുജത്തിയുടെ മകൾ ഹേമാംഗിനിയാണിവൾ. ഇവൾക്കു കുട്ടനെക്കാണണമത്രെ. ഹേമ! ഇദ്ദേഹത്തെ വന്ദിക്കൂ."

താനൊന്നും അറിഞ്ഞില്ലെന്ന ഭാവത്തിൽ അദ്ദേഹം ആ കന്യക ഏതാണെന്നും എവിടുന്നാണെന്നും എന്തിനാണെന്നും മററും ചോദ്യം തുടങ്ങി. ഇതെല്ലാം ശുദ്ധമേ ഭോഷ്ക്കാണെന്നു് എനിക്കു മനസ്സിലായി. ഹേമാംഗിനിയെ കൂട്ടിക്കൊണ്ടു ഞാൻ എൻെറ മുറിയിലേക്കു പോയി.

അവളുടെ മുഖവും കയ്യും തലമുടിയും തലോടി, അവൾക്കു് സുമാർ പതിനഞ്ചു വയസ്സു പ്രായമുണ്ടെന്നും അവൾ അത്യന്തം സൌന്ദര്യവതിയാണെന്നും ഞാൻ മനസ്സിലാക്കി.

എന്റെ ഈ പ്രവൃത്തി കണ്ടപ്പോൾ അവൾ പെട്ടെന്നു പൊട്ടിച്ചിരിച്ചു്, 'എന്താണു് നിങ്ങൾ ചെയ്യുന്നതു്? എന്നെ മന്ത്രവാദംകൊണ്ടു വശീകരിക്കുകയൊ?' എന്നു ചോദിച്ചു. ഞങ്ങൾ രണ്ടാളുടേയും ഇടയിൽ നിബിഡമായ ഒരു പ്രതിബന്ധംപോലെ വ്യാപിച്ചിരുന്ന അന്ധകാരപടലം അവളുടെ അതിമനോഹരമായ ആ ചിരിയോടുകൂടെ തകൎന്നുപോയി. ഞാൻ എന്റെ വലത്തു കൈ അവളുടെ ചുമലിൽ വെച്ചു.

'പ്രിയസഹോദരി! ഞാൻ നിന്നെ കാണാൻ ശ്രമിക്കുകയാണു്' എന്നു പറഞ്ഞുകൊണ്ടു് അവളുടെ കപോലത്തിൽ ഒരിക്കൽ കൂടി തലോടി.

'എന്നെ കാണാൻ ശ്രമിക്കുകയോ? നിങ്ങളുടെ തോട്ടത്തിൽ വളരുന്ന കുസുമങ്ങളെപ്പോലെ എനിക്കു എത്രകണ്ടു മാർദ്ദവമുണ്ടെന്നു തൊട്ടുനോക്കുകയാണോ ചെയ്യുന്നതു്?'

എന്റെ അന്ധതയെപ്പറ്റി അവൾ മനസ്സിലാക്കീട്ടില്ലെന്നു എനിക്കു ഉടനെ തോന്നി.

ഞാൻ—'സോദരി! ഞാൻ അന്ധയാണു്' ഇതുകേട്ട ഉടനെ അവൾ മൌനവതിയായി. ജിജ്ഞാസയും അനുകമ്പയും നിറഞ്ഞ അവളുടെ കണ്ണു രണ്ടും എന്റെ മുഖത്തു പതിഞ്ഞിരിക്കുന്നതായി എനിക്കു മനസ്സിലായി. പിന്നീടു് എന്തോ ചില ആലോചനകളും പരിഭ്രമവും ഉള്ളപോലെ അവൾ എന്നോടു പറഞ്ഞു:—

'ഓ! ഇപ്പോൾ മനസ്സിലായി. അതുകൊണ്ടായിരിക്കാം നിങ്ങളുടെ ഭൎത്താവു് അദ്ദേഹത്തിന്റെ എളയമ്മയെ ക്ഷണിച്ചുവരുത്തി ഇവിടെ താമസിപ്പിക്കുന്നതു്.'

ഞാൻ—അല്ലല്ല, അദ്ദേഹം ആവശ്യപ്പെട്ടിട്ടല്ല അവർ വന്നിട്ടുള്ളതു്. അവർ സ്വന്തം ഇഷ്ടപ്രകാരം വന്നിട്ടുള്ളതാണു്.

ഹേമാംഗിനിക്കു ചിരി അടക്കാൻ കഴിഞ്ഞില്ല. 'വലിയമ്മയുടെ സമ്പ്രദായമാണതു്. യാതൊരു ക്ഷണവുംകൂടാതെ വന്ന

ഇ വളരെ നന്നായി ഇല്ലേ? ഒരിക്കൽ വന്നുകഴിഞ്ഞാൽ പിന്നെ ഇവിടെനിന്നു പറഞ്ഞയയ്ക്കാൻ ഒട്ടും എളുപ്പമല്ല. ഞാൻ തീൎച്ചു പറയാം.' (അല്പം പരിഭ്രമം പ്രദൎശിപ്പിച്ചശേഷം) 'പക്ഷേ, എന്നെ എന്തിനാണാവോ അച്ഛൻ ഇങ്ങട്ടയച്ചതു്? നിങ്ങൾക്കു പറയാൻ സാധിക്കുമോ?

ഞങ്ങളുടെ സംഭാഷണത്തിന്നിടയ്ക്കു എളയമ്മ മുറിക്കുള്ളിൽ വന്നെത്തി. അവരോടു ഹേമാംഗിനി വലിയമ്മേ! എപ്പോഴാണു് മടങ്ങിപ്പോകാനാലോചിക്കുന്നതു് എന്നു ചോദിച്ചു. അവൎക്കു വല്ലാത്ത പരിഭ്രമമായി.

'ഇതെന്തൊരു ചോദ്യമാണു്? നിന്നെപ്പോലെ ഇത്ര ക്ഷമയില്ലാത്ത ഒരു പെണ്ണിനെ ഞാൻ കണ്ടിട്ടില്ല. നമ്മൾ ഇവിടെ വന്നെത്തീട്ടല്ലേയുള്ളു. അപ്പോഴയ്ക്കും മടങ്ങിപ്പോകുന്നതിനെപ്പറ്റി തിരക്കുകൂട്ടിത്തുടങ്ങിയൊ?'

ഹേമാംഗിനി—'നിങ്ങൾ ഇവിടെ താമസിക്കാൻ ഇഷ്ടപ്പെടുന്നെങ്കിൽ അങ്ങിനെ ചെയ്തുകൊള്ളുക. നിങ്ങളുടെ അടുത്ത ബന്ധുക്കളല്ലേ ഇവരെല്ലാം? പക്ഷേ എന്റെ കാൎയ്യം അങ്ങിനെയല്ല. എനിക്കു ഇവിടെ താമസിക്കാൻ തരവുമില്ല.' പിന്നെ എന്റെ കൈപിടിച്ചുകൊണ്ടു 'ജ്യേഷ്ഠത്തി എന്തു പറയുന്നു?'

ഞാൻ അവളെ മാറോടണച്ചതല്ലാതെ ഒന്നും മറുപടി പറഞ്ഞില്ല. എളയമ്മയ്ക്കു വലിയ പരിഭ്രമമായി. കാൎയ്യങ്ങൾ തന്റെ അധീനതയിൽനിന്നു വിട്ടുപോയെന്നു തോന്നിത്തുടങ്ങി. ഹേമാംഗിനിയേയും കൂട്ടി കളിക്കാൻ പോകുന്നതാണു് ഈ ഘട്ടത്തിൽ ഉചിതമെന്നു തീൎച്ചപ്പെടുത്തി. ഹേമാംഗിനിക്കു അതു തീരെ സമ്മതമായിരുന്നില്ല. 'ഞങ്ങൾ ഒന്നിച്ചു കളിക്കാൻ പോയ്ക്കൊള്ളാം' എന്നു പറഞ്ഞു് അവൾ എന്നെ പിടികൂടിയതു കണ്ടപ്പോൾ നിൎബന്ധംകൊണ്ടു ഫലമുണ്ടാവാൻ വഴിയില്ലെന്നു മനസ്സിലാക്കി അവൎതന്നെ പിന്മാറി. പുഴക്കരയ്ക്കു പോകുംവഴിക്കു ഹേമാംഗിനി പലതും സംസാരിക്കുന്നതിന്നിടയിൽ എനിക്കു കുട്ടികളില്ലാതിരിക്കാൻ സംഗതി എന്താണെന്നു ചോദിച്ചു. ആ ചോദ്യം കേവലം അപ്രതീക്ഷിതമായിരുന്നതിനാൽ ഞാൻ ഒന്നു പരു

ങ്ങി. 'ഞാൻ എങ്ങിനെയാണ് അറിയുക? ദൈവം തന്നില്ല. അതുതന്നെ സംഗതി' എന്നു പറഞ്ഞു.

ഹേമാംഗിനി—'അല്ലല്ല, അങ്ങിനെ വരില്ല. നിങ്ങൾ വല്ല പാപവും ചെയ്തിരിക്കണം. വലിയമ്മയെ കാണുന്നില്ലേ? അവക്കു കുട്ടികളില്ലാത്തത് അവരുടെ ഉള്ളിൽ എന്തോ കള്ളത്തരമുള്ളതു കൊണ്ടാണ്. പക്ഷെ നിങ്ങളുടെ ഉള്ളിൽ എന്തു കള്ളത്തരമാണുള്ളത്?' ഈ വാക്കുകൾ എന്നെ വല്ലാതെ പീഡിപ്പിച്ചു. പാപവിഷയങ്ങളെപ്പററി എനിക്ക് അറിവു നന്നേ ചുരുക്കമാണ്. ഞാൻ ദീർഘമായൊന്നു നിശ്വസിച്ചു. 'എന്റെ ഈശ്വര! അങ്ങേക്കറിയാം ഇതിന്റെ കാരണം' എന്ന് ആത്മഗതമായി പറഞ്ഞു.

ഹേമാംഗിനി—'ശിവശിവ! ഇതെന്തൊരു നെടുവീർപ്പാണ്? ഞാൻ വെറുതെ പറഞ്ഞതാണ്. ഞാൻ പറയുന്നത് ആരും സാരമാക്കാറില്ല' അവളുടെ ചിരി പുഴയുടെ മറുകരയിലോളം മുഴങ്ങി.

V

ഇതിനുശേഷം ഭർത്താവിന്റെ ഉദ്യോഗകൃത്യങ്ങൾക്കു കൂടെക്കൂടെ മുടക്കം വന്നതായി ഞാൻ കണ്ടറിഞ്ഞു. ദൂരദിക്കുകളിലേക്കു പോകുന്ന സമ്പ്രദായം കേവലം ഇല്ലാതായെന്നുമാത്രമല്ല അടുത്തുള്ള രോഗികളെ ചെന്നുനോക്കാൻ പോലും അദ്ദേഹം അധികസമയം എടുത്തിരുന്നില്ല. പണ്ടൊക്കെ ഉച്ചയ്ക്കും രാത്രിയിലും മാത്രമേ അദ്ദേഹം അന്തഃപുരത്തിലേക്കു വരാറുണ്ടായിരുന്നുള്ളൂ. ഇപ്പോൾ തന്റെ ഇളയമ്മയുടെ ക്ഷേമത്തെക്കുറിച്ചുള്ള അത്യൌത്സുക്യത്താലായിരിക്കാം അദ്ദേഹം സദാകാലവും അവരുടെ മുറിയിൽതന്നെ ആയിരിക്കുന്നതു്. അവർ ഹേമാംഗിനിയെ വിളിച്ച് ഒരു കോപ്പ വെള്ളംകൊണ്ടുവരാൻ പറയുന്നതു കേട്ടാൽ തീർച്ചയാക്കാം അദ്ദേഹം മുറിയ്ക്കുള്ളിൽ വന്നിട്ടുണ്ടെന്ന്. ഈ ശാസനകൾ അവൾ ആദ്യമെല്ലാം അനുസരിച്ചുവെങ്കിലും പിന്നീടു കേവലം കൂട്ടാക്കാതെയായി. അങ്ങിനെയായാൽ എളയമ്മ 'ഹേമ! ഹേമ! ഹേമാംഗിനി!' എന്നു വളരെ സ്നേഹാർദ്രതയോടെ വിളിച്ചുതുടങ്ങും. എങ്കിലും അവൾ ദയനീയഭാവത്തിൽ എന്റെ അരികത്തുതന്നെ നിൽക്കുകയേ ഉള്ളൂ. ഭയവും വ്യസനവും നിമിത്തം അവൾ മൌന

വതിയായിത്തീൎന്നു. എന്താണ് വരാൻ പോകുന്നതെന്നറിയാത്ത പരിഭ്രമത്തോടുകൂടി നായാട്ടുകാരിൽനിന്നു രക്ഷപ്പെടുവാൻവേണ്ടി ഓടുന്ന മാൻപേടയെപ്പോലെ അവൾ ചിലപ്പോൾ എന്റെ അടുത്തുവന്ന് അഭയം പ്രാപിക്കും.

അതിനിടയ്ക്ക് ഒരിക്കൽ ജ്യേഷ്ഠൻ എന്നെ കാണാൻ വന്നു. അവരുടെ നിരീക്ഷണ സാമൎത്ഥ്യവും അഭിപ്രായദാൎഢ്യവും എനിക്കു നല്ലപോലെ അറിയാമായിരുന്നു. ഭൎത്താവിനെ വിളിച്ച് അവിടെ നടക്കുന്ന അഴിമതികളെപ്പററി ജ്യേഷ്ഠൻ പ്രസ്താവിച്ചേക്കുമെന്നും ഭൎത്താവ് അതിന്നു തക്ക സമാധാനം പറയേണ്ടിവരുമെന്നും ഞാൻ വല്ലാതെ ഭയപ്പെട്ടു. ഇങ്ങിനെ ഒരു സംഭവംകൂടാതെ കഴിക്കാൻവേണ്ടി ഞാൻ അവിടുത്തെ വാസ്തവാവസ്ഥയെ കൃത്രിമമായ പ്രസന്നതയ്ക്കുള്ളിൽ മറയ്ക്കുവാൻ ശ്രമിച്ചു. പക്ഷേ എന്റെ അത്യുത്സാഹം അതിരു കവിഞ്ഞുപോയതിനാൽ എന്റെ പ്രസന്നത സ്വാഭാവികമല്ലെന്നു വേഗത്തിൽ പ്രത്യക്ഷമായി.

ജ്യേഷ്ഠൻ എത്രദിവസം താമസിക്കാൻ ഭാവമുണ്ടെന്നും മററും അന്വേഷിച്ച ഭൎത്താവ് തന്റെ അസ്വാസ്ഥ്യത്തേയും പ്രത്യക്ഷത്തിൽ കാണിച്ചുതുടങ്ങി. ഒടുവിൽ അദ്ദേഹത്തിന്റെ ക്ഷമയില്ലായ്മ മയ്യാദകേടിൽ പരിണമിക്കുമെന്ന ഘട്ടത്തിലായപ്പോൾ ജ്യേഷ്ഠനു പോകാതെ നിവൃത്തിയില്ലെന്നു വന്നു. പോകുന്നതിന്നു മുമ്പ് എന്നെ വിളിച്ചു തലയിൽ കൈവെച്ച് അനുഗ്രഹിച്ചു. ആ സമയം ജ്യേഷ്ഠന്റെ കൈ വിറയ്ക്കുകയും കണ്ണിൽ വെള്ളം നിറയുകയും ചെയ്തിരുന്നു.

അന്നു വൈശാഖമാസത്തിലെ ഒരു ചന്തദിവസം വൈകുന്നേരമായിരുന്നു. നഗരത്തിൽ സാമാനം വാങ്ങുവാൻ വന്നിരുന്ന ആളുകൾ മടക്കമായി. സന്നിഹിതമായ ഒരു കൊടുങ്കാററിന്റെ ലക്ഷണങ്ങൾ കാണാനുണ്ടായിരുന്നു. നനഞ്ഞ മണ്ണിന്റെ വാസനയും കാററിന്റെ ആൎദ്രതയും സൎവ്വത്ര വ്യാപിച്ചിരുന്നു. ഞാൻ തനിയെ ഇരിക്കുമ്പോൾ വസ്ത്രങ്ങൾക്കോ മറേറാ തീ പിടിച്ചു വല്ല അപായവും നേരിടേണ്ടെന്നു കരുതി എന്റെ മുറിക്കുള്ളിൽ വിള

ക്ക കത്തിച്ചുവെക്കാറില്ല. തന്നിമിത്തം അന്ധകാരപൂൎണ്ണമായിരുന്ന ആ മുറിയിൽ നിലത്തിരുന്ന ഞാൻ എന്റെ അന്ധലോകനിയന്താവായ ദൈവത്തോട്ട പ്രാൎത്ഥിച്ചു. 'എന്റെ ദൈവമേ! അങ്ങേ മുഖം എന്നിൽനിന്ന മറഞ്ഞിരിക്കുന്നു. അങ്ങേ എനിക്ക കാണ്മാൻ സാധിക്കുന്നില്ല. ഞാൻ അന്ധയാണ്. എന്റെ കൈകളിൽനിന്ന രക്തം പുറപ്പെടുന്നതുവരെ ഞാൻ എന്റെ ഭിന്നഹൃദയമാകുന്ന ഈ ചുക്കാൻ മുറുകെ പിടിക്കും. ഈ തരംഗമാലകളുടെ ഉയൎച്ച തടുക്കുവാൻ എന്നാൽ സാദ്ധ്യമല്ലാതായിത്തീൎന്നിരിക്കുന്നു. എന്റെ ദൈവമേ! ഇനിയും എത്രകാലമാണ് എന്നെ അങ്ങു പരീക്ഷിക്കാൻ പോകുന്നതു്!'

ഞാൻ എന്റെ തല കട്ടിലിന്മേൽ ചാച്ചുവെച്ചു തേങ്ങിക്കരഞ്ഞു. തത്സമയം കട്ടിൽ അല്പം ഇളകിയതായി തോന്നി. തിരിഞ്ഞു നോക്കിയപ്പോൾ കണ്ടതു ഹേമാംഗിനിയെയാണ്. അവൾ എന്റെ ചുമലിൽ പിടിച്ചുകൊണ്ടു എന്റെ കണ്ണുനീർ തുടച്ചുകളഞ്ഞു. അന്നു സന്ധ്യയ്ക്കു അവൾ എന്തുദ്ദേശിച്ചിട്ടാണ് ആ മുറിക്കുള്ളിൽ തനിയെ കിടന്നിരുന്നതെന്നു എനിക്കു നിശ്ചയമില്ല. അവൾ എന്നോടു വല്ലതും പറയുകയാകട്ടെ ചോദിക്കുകയാകട്ടെ ചെയ്തില്ല. അവൾ അവളുടെ ശീതളമായ കരപല്ലവം എന്റെ നെററിമേൽവെച്ചു എന്നെ ചുംബിച്ചു അവിടെനിന്നു പോയി.

പിറെറന്നു രാവിലെ ഹേമാംഗിനി എന്റെ മുമ്പാകെ അവളുടെ വലിയമ്മയോട്ട് ഇപ്രകാരം പറഞ്ഞു. 'നിങ്ങൾ താമസിക്കുന്നെങ്കിൽ താമസിച്ചുകൊള്ളുവിൻ. എനിക്കു താമസിക്കാൻ തരമില്ല. ഞാൻ വീട്ടിലേക്കു പോവുകയാണ്. ഞങ്ങളുടെ വീട്ടിലെ വാലിയക്കാരൻ വന്നിട്ടുണ്ടു്.'

അവൾ തനിയെ പോകേണ്ടുന്ന ആവശ്യമില്ലെന്നും അവരുംകൂടെ പോവുകയാണെന്നും വലിയമ്മ പറഞ്ഞു. ഒരു കള്ളപ്പുഞ്ചിരിയോടുകൂടി അവർ വൈരക്കല്ലുകൾ പതിച്ച ഒരു മോതിരം ഒരു 'വില്ലിസ്സ്' പെട്ടിയിൽനിന്നു പുറത്തെടുത്തു കാണിച്ചു 'കണ്ടില്ല ഹേമേ എന്റെ അവിനാശ് നിനക്കുവേണ്ടി കൊണ്ടുവന്ന

മോതിരം. ഇതെത്ര വിശേഷമായിരിക്കുന്നു!' ഹേമാംഗിനി മോതിരം അവരുടെ കയ്യിൽനിന്നു തട്ടിപ്പറിച്ചു. 'വലിയമ്മേ! എനിക്ക് എത്ര വിശേഷമായി കുറികൾ കൊള്ളിക്കാൻ അറിയാം. കാണണൊ?' എന്നു പറഞ്ഞുംകൊണ്ട് ആ മോതിരം ജനലിൽക്കൂടി കുളത്തിലേക്കെറിഞ്ഞു. ഭയവും കോപവും ആശ്ചര്യവും നിമിത്തം വലിയമ്മ ഒരു മുള്ളൻപന്നിയെപ്പോലെ തുള്ളിത്തുടങ്ങി. അവർ പിന്നീട് എന്റെ നേൎക്കു തിരിഞ്ഞു 'കുമു! ഈ കുട്ടികളിയെപ്പററി അവിനാശിയോട് ഒരക്ഷരം ശബ്ദിക്കരുത്; അവൻ വല്ലാതെ ദേഷ്യപ്പെടും."

എന്നിൽനിന്നു ഒരു വാക്കെങ്കിലും പുറത്തുചാടുമെന്നു ഭയപ്പെടേണ്ടതില്ലെന്നു ഞാൻ അവരോടു പ്രതിജ്ഞചെയ്തു. പിറേറദിവസം പുറപ്പെടുന്നതിനു മുമ്പായി ഹേമാംഗിനി എന്നെ ആലിംഗനം ചെയ്തു 'എന്റെ പ്രിയസോദരി! എന്നെ മറക്കരുതേ' എന്നപേക്ഷിച്ചു. ഞാൻ അവളുടെ മുഖം തലോടി 'അനുജത്തി! കണ്ണുകാണാത്തവൎക്കു ഓൎമ്മശക്തി കൂടും' എന്നുമാത്രം മറുപടി പറഞ്ഞു.

ഞാൻ അവളെ മാറോടണച്ചു മൂൎദ്ധാവിലും നെററിയിലും ചുംബിച്ചു. പെട്ടെന്നു എന്റെ ലോകം മുഴുവനും വിവൎണ്ണമായി. എന്റെ സന്നിധിയിൽ സ്ഥിതിചെയ്തിരുന്ന സൌന്ദൎയ്യവും മന്ദഹാസവും നവയൌവനവും ഹേമാംഗിനിയുടെ പ്രയാണത്തോടുകൂടെ നാമാവശേഷമായി. ഇങ്ങിനെ ശൂന്യമായിത്തീൎന്ന എന്റെ ലോകത്തിൽ എന്താണു് ശേഷിച്ചിരിക്കുന്നതെന്നറിവാൻ ഞാൻ കൈകരം നീട്ടി ചുററും തപ്പിനോക്കി.

കുറച്ചു കഴിഞ്ഞപ്പോൾ ഭൎത്താവു മുറിക്കുള്ളിൽവന്നു് എല്ലാവരും പോയതിൽ വലുതായ ആശ്വാസമുള്ളപോലെ നടിച്ചു. തന്റെ എളയമ്മയുടെ വരവുനിമിത്തം ജോലികളെല്ലാം മുടങ്ങിക്കിടക്കുകയാണെന്നു ഉൽഘോഷിച്ചു. പക്ഷെ അതെല്ലാം വെറും ഭോഷ്കായിരുന്നു. ഇതുവരെ എന്റെ അന്ധത മാത്രമേ എന്നെ ഭൎത്താവിൽനിന്നു വേർപെടുത്തിയിരുന്നുള്ളു. ഇപ്പോൾ വേറൊരു പ്രതിബന്ധവുംകൂടെ വന്നുചേൎന്നു. അതു ഹേമാംഗിനിയെക്കുറിച്ചു് അദ്ദേഹം കല്പിച്ചുകൂട്ടി അനുഷ്ഠിച്ച മൌനവ്രതമായിരുന്നു. അദ്ദേഹം

അക്കാര്യത്തിൽ തീരെ അനവധാനത ഭാവിച്ചുവെങ്കിലും അവളെ പ്പററി കൂടക്കൂടെ കത്തുകഠം കിട്ടാറുണ്ടെന്നു ഞാൻ മനസ്സിലാക്കി.

കാലം വൈശാഖമാസമായിരുന്നു. ഒരു ദിവസം രാവിലെ എൻെറ ദാസി മുറിക്കുള്ളിൽ കടന്നുവന്നു് 'എന്താണു് കടവിൽ ഇത്രയൊക്കെ ബഹളം? എങ്ങോട്ടാണു് യജമാനൻെറ യാത്ര?' എന്നു ചോദിച്ചു. എന്തോ ചില വിശേഷവിധികഠം സംഭവിക്കാൻ പോകുന്നുണ്ടെന്നു എനിക്കു മനസ്സിലായെങ്കിലും 'എനിക്കു നിശ്ച യമില്ല' എന്നു മാത്രമേ ഞാൻ മറുപടി പറഞ്ഞുള്ളു. ദാസിക്കു വീണ്ടും എന്നോടു യാതൊന്നും ചോദിക്കാൻ ധൈര്യമുണ്ടായില്ല. അവഠം ഒന്നു നിശ്വസിച്ചു പുറത്തേയ്ക്കുപോയി.

അന്നു രാത്രി കുറേ വൈകിയപ്പോഠം ഭർത്താവു് എൻെറ അടുത്തുവന്നു് 'എനിക്കു ഉഠംനാട്ടിൽ ഒരു രോഗിയെ ചെന്നു നോക്കാനുണ്ടു്, നന്ന രാവിലെ പുറപ്പെടാനാണു് വിചാരിക്കുന്നതു്. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞിട്ടേ മടങ്ങൂ' എന്നു പറഞ്ഞു. ഞാൻ കിടക്കയിൽനിന്നു എഴുന്നേററുനിന്നു. 'അങ്ങു് എന്തിനാണിങ്ങനെ കളവുപറയുന്നതെ'ന്നു ഉച്ചത്തിൽ ചോദിച്ചു. 'കളവോ? എന്തു കളവു്?' എന്നായിരുന്നു ഭർത്താവിൻെറ പരിഭ്രമിച്ചുകൊണ്ടുള്ള എതിർചോദ്യം. 'അങ്ങു വിവാഹംചെയ്യാൻ പോവുകയല്ലേ? ഇതിനു ഉത്തരമില്ല. കുറേനേരത്തേക്കു മുറിക്കുള്ളിൽ ഒച്ചയനക്കവുമില്ല. ഒടുവിൽ ഞാൻ മൌനം ഭഞ്ജിച്ചു 'എന്താണൊന്നും മിണ്ടാത്തതു്? 'അതേ' എന്നു പറയുക.'

അദ്ദേഹം 'അതെ' എന്നു് ഏററവും മന്ദമായ സ്വരത്തിൽ പറഞ്ഞു.

"അതു ഞാൻ ഒരിക്കലും സമ്മതിക്കുകയില്ല. ഈ ഘോരാപത്തിൽനിന്നു്—ഈ മഹാപാതകത്തിൽനിന്നു്—അങ്ങെ ഞാൻ രക്ഷപ്പെടുത്തും. ഇതു് എന്നാൽ സാദ്ധ്യമല്ലെങ്കിൽ ഞാൻ അങ്ങേ ഭാര്യയായിരുന്നിട്ടെന്തുഫലം? ഞാൻ ഇത്രകാലവും ദൈവത്തെ ഭജിച്ചതെന്തിനാണു്?" എന്നു ഞാൻ ഉച്ചത്തിൽ നിലവിളിച്ചു. ആ മുറി ശിലാസ്തംഭംപോലെ നിശ്ചലമായി. ഞാൻ ഭർത്താവിൻെറ പാദങ്ങളിൽ പതിച്ചു. 'ഞാൻ എന്തു കുററമാണു് ചെ

യ്യുത്? ഏതൊരു വിഷയത്തിലാണ് ഞാൻ പോരാത്തവളായിത്തീൎന്നതു്? എന്നോടു വാസ്തവം പറയണം. അങ്ങേക്കു വേറൊരു ഭാൎയ്യ വേണമെന്നു തോന്നാൻ കാരണമെന്താണ്?' എന്നു ചോദിച്ചു. എന്റെ ഭൎത്താവു മെല്ലെ മറുപടി പറഞ്ഞു. "ഞാൻ സത്യം പറയാം. എനിക്കു ഭവതിയെ ബഹുഭയമാണ്. ഭവതിയുടെ അന്ധത ഭവതിയെ അതിന്റെ ദുൎഗ്ഗത്തിനുള്ളിൽ അടക്കിയിരിക്കുന്നു. അതിൽ എനിക്കു പ്രവേശം ലഭിക്കാൻ സാദ്ധ്യവുമല്ല. എന്റെ ദൃഷ്ടിയിൽ ഭവതി ഒരു സ്ത്രീയല്ല. ഭവതി എന്റെ ദൈവത്തെപ്പോലെ ഭയങ്കരിയായിരിക്കുന്നു. എന്റെ നിത്യജീവിതം ഭവതിയോടൊരുമിച്ചു നയിക്കാൻ എന്നാൽ സാദ്ധ്യമല്ല. എന്റെ ഇഷ്ടപ്രകാരം ശകാരിക്കുകയോ ലാളിക്കുകയോ ചെയ്യാൻ സാധിക്കുന്ന ഒരു സാധാരണസ്ത്രീയേയാണ് ഞാൻ കാംക്ഷിക്കുന്നതു്."

'കഠിനം! എന്റെ ഹൃദയം തുറന്നുനോക്കരുതേ? ഞാൻ ഒരു സാധാരണസ്ത്രീയല്ലാതെ മറെറന്താണ്? പുതുതായി വിവാഹം ചെയ്ത ദിവസത്തെ പെൺകിടാവുതന്നെയാണ് ഞാൻ ഇപ്പോഴും. വിശ്വസിപ്പാനും ആരാധിപ്പാനും അന്നും ഇന്നും ഞാൻ ഒരുപോലെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നുണ്ടു്.'

ഞാൻ പറഞ്ഞ വാക്കുകൾ മുഴുവനും ശരിയായി എനിക്കിപ്പോൾ ഓൎമ്മയില്ല. ഇത്രമാത്രം എനിക്കു നല്ല ഓൎമ്മയുണ്ടു്. 'ഞാൻ അങ്ങേ ധൎമ്മപത്നിയാണെന്നുവരികിൽ അങ്ങ് ഈ പാതകം ചെയ്യാനോ അങ്ങേ ശപഥത്തിനു ഭംഗം വരുത്താനോ പാടുള്ളതല്ല. ഇതിനു ദൈവം സാക്ഷിയാണു്. ഈ അധൎമ്മം അങ്ങു പ്രവൎത്തിക്കുന്നതിനു മുമ്പായി എനിക്കു വൈധവ്യമോ ഹേമാംഗിനിക്കു മരണമോ ഭവിക്കുമെന്നു് ഓൎമ്മയിരിക്കട്ടെ.'

ഇത്രയും പറഞ്ഞപ്പോഴേക്കു ഞാൻ മോഹാലസ്യത്തിൽ പെട്ടു നിലത്തു വീണു. വീണ്ടും സ്വബോധം വന്നപ്പോൾ നേരം പുലൎന്നിരുന്നില്ല. പക്ഷികൾ ശബ്ദിക്കാനും തുടങ്ങിയിരുന്നില്ല. പക്ഷേ ഭൎത്താവു പോയ്ക്കഴിഞ്ഞിരുന്നു.

പിറെറദിവസം മുഴുവനും ഞാൻ ഞങ്ങളുടെ കുടുംബദേവതയുടെ പൂജാഗൃഹത്തിൽ ഇരുന്നു ഭജിച്ചു. വൈകുന്നേരമായ

ള്ളപ്പോൾ ഭയങ്കരമായ കാററും മഴയും ഇടിയും മിന്നലും നിമിത്തം
വീടുതന്നെ ഒന്നു നടുങ്ങി. ആ സമയത്തു ഭത്താവു പുഴവഴിക്കു യാ
ത്രചെയ്യുന്നുണ്ടായിരിക്കുമെന്നു ബോദ്ധ്യം ഉണ്ടായിരുന്നിട്ടും, 'അദ്ദേ
ഹത്തെ ആ കൊടുങ്കാററിൽ നിന്നു രക്ഷിക്കണേ' എന്നല്ല ഞാൻ
ദൈവത്തോടു പ്രാത്ഥിച്ചതു്. 'എനിക്കു് എന്തുതന്നെ സംഭ
വിച്ചാലും ഭത്താവിനെ ഈ മഹാപാതകത്തിൽനിന്നു രക്ഷിക്ക
ണേ' എന്നായിരുന്നു എന്റെ പ്രാത്ഥന.

ഒരു രാത്രികൂടി കഴിഞ്ഞു. ഞാൻ പിറേറന്നും ഭജനത്തിൽ
തന്നെ കഴിച്ചു. വൈകുന്നേരം ആരോ വാതിൽ ചവിട്ടിപ്പൊളി
ക്കുന്ന ശബ്ദം കേട്ടു. വാതിൽ തുറന്നപ്പോൾ ഞാൻ ബോധംകെട്ടു
കിടക്കുന്നതു കണ്ടു് അവർ എന്നെ എന്റെ മുറിക്കുള്ളിൽ കൊ
ണ്ടുപോയി കിടത്തി. മോഹാലസ്യം മാറിയുണന്നപ്പോൾ 'ജ്യേഷ്ഠ
ത്തി' എന്നു് ഒരു മന്ദസ്വരമാണു് എന്റെ ശ്രുതിപഥത്തിൽ
പതിഞ്ഞതു്. ഞാൻ എന്റെ മുറിക്കുള്ളിൽ കിടക്കുകയാണെന്നും
എന്റെ തല ഹേമാംഗിനിയുടെ മടിയിലാണെന്നും എനിക്ക
പ്പോൾ മനസ്സിലായി. ഞാൻ തലയിളക്കുമ്പോഴൊക്കെ അവളു
ടെ വസ്ത്രം ഒച്ചപ്പെട്ടു. അതു മംഗല്യവസ്ത്രങ്ങളുടെ ഉലച്ചിലായി
രുന്നു.

ഹാ! ദൈവമേ, ദൈവമേ! എന്റെ പ്രാത്ഥന വെറുതേ
യായല്ലോ! എന്റെ ഭത്താവു് അനത്ഥക്കുഴിയിൽ ചാടിയല്ലോ!

ഹേമാംഗിനി തല താഴ്ത്തി മധുരസ്വരത്തിൽ പറഞ്ഞു:
'പ്രിയജ്യേഷ്ഠത്തി! ഞങ്ങളുടെ വിവാഹാവസരത്തിൽ നിങ്ങളുടെ
അനുഗ്രഹം കിട്ടാൻ വേണ്ടിയാണു് ഞാൻ വന്നിരിക്കുന്നതു്.' ഇതു
കേട്ടപ്പോൾ ആദ്യം എന്റെ ശരീരം ഇടിതട്ടിയ മരത്തടിപോലെ
സ്തംഭിച്ചുപോയി. എങ്കിലും പിന്നീടു് എഴുന്നേററിരുന്നു മനോ
വേദനയോടും വൈമനസ്യത്തോടുംകൂടി ഇങ്ങിനെ പറയേണ്ടിവ
ന്നു. 'ഞാൻ അനുഗ്രഹിക്കാതിരിക്കുന്നതെന്തിനാണു്? നീ തെ
റെറാന്നും ചെയ്തിട്ടില്ലല്ലോ.'

ഹേമാംഗിനി തന്റെ പ്രസന്നമായ ചിരി ചിരിച്ചു. 'തെ
റേറാ? നിങ്ങൾ കല്യാണം കഴിച്ചപ്പോൾ അതു ശരിയായിരുന്നു,
ഞാൻ കല്യാണം കഴിക്കുമ്പോൾ അതു് ഒരു തെറേറാ?'

അവളുടെ പ്രസന്നതയ്ക്കു പകരമായി ഞാനും ഒന്നു മന്ദഹസിക്കാൻ ശ്രമിച്ചു. 'എൻെറ പ്രാർത്ഥനയല്ല ഈ ലോകത്തിലെ പരമാവധി; ദൈവഹിതമാണ് സർവ്വോപരിയായി നില്ക്കുന്നതു്. നിയതിയുടെ പ്രഹരങ്ങൾ എൻെറ തലയിൽ പതിച്ചുകൊള്ളട്ടെ; പക്ഷെ അതുകൊണ്ടൊന്നും എൻെറ ദൈവവിശ്വാസത്തിന്നും ഭക്തിക്കും ഭംഗം ഭവിക്കാതിരുന്നാൽ മതി' എന്നിങ്ങിനെ ഞാൻ ആത്മഗതമായി പറഞ്ഞു.

ഹേമാംഗിനി എൻെറ കാലുതൊട്ടു തലയിൽവെച്ചു. 'നീ നന്നായിരിക്കുക; നിനക്ക് അഭംഗുരമായ അഭ്യുദയം ഭവിക്കട്ടെ' എന്നു ഞാൻ അനുഗ്രഹിച്ചു. എന്നിട്ടും ഹേമാംഗിനിക്കു തൃപ്തിയായില്ല.

'പ്രിയ ജ്യേഷ്ഠത്തി! ഈ ഒരു അനുഗ്രഹംകൊണ്ടു മതിയാവില്ല. ഞങ്ങളുടെ ക്ഷേമത്തിന്നു പൂർത്തിവരുത്തേണ്ടതു നിങ്ങളാണ്. പരിപാവനമായ ആ കൈകൾകൊണ്ടു നിങ്ങൾ എൻെറ ഭർത്താവിനേയും ഈ ഗൃഹത്തിന്നുള്ളിൽ സ്വീകരിക്കണം. ഞാൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരട്ടെ.'

ഞാൻ—'ആവട്ടെ, കൂട്ടിക്കൊണ്ടുവരിക.'

കുറച്ചുനിമിഷങ്ങൾക്കുള്ളിൽ പരിചിതമായ ഒരു കാൽപെരുമാററവും 'കുമു! സുഖംതന്നെയല്ലേ!' എന്ന ചോദ്യവും എൻെറ ചെകിട്ടിൽ പതിച്ചു. ഞാൻ ഞെട്ടിയെഴുന്നേററു തല താഴ്ത്തി 'ജ്യേഷ്ഠാ!' എന്നുമാത്രം പറഞ്ഞു. ഹേമാംഗിനി പൊട്ടിച്ചിരിച്ചു. നിങ്ങൾ ഇനിയും അദ്ദേഹത്തെ ജ്യേഷ്ഠനെന്നു വിളിക്കുകയൊ? അതു തീരെ അസംബന്ധം, 'അനുജാ!' എന്നാണ് ഇനി വിളിക്കേണ്ടതു്; ചെവി തിരുമ്മുകയും തല്ലുകയും മററും ചെയ്വാൻ അധികാരമുണ്ട്. അദ്ദേഹം നിങ്ങളുടെ അനുജത്തിയെയാണ് കല്യാണം കഴിച്ചിരിക്കുന്നതു്.

അപ്പോൾ കാര്യമെല്ലാം എനിക്കു മനസ്സിലായി. എൻെറ ഭർത്താവ് ആ മഹാ പാതകത്തിൽ പെട്ടിട്ടില്ലെന്ന ആശ്വാസം എനിക്കുണ്ടായി. ജ്യേഷ്ഠൻ ഒരിക്കലും വിവാഹം ചെയ്യുകയില്ലെന്നായിരുന്നു ഉറച്ചിരുന്നതു്. വിശേഷിച്ചു അമ്മയുടെ മരണാന

ന്തരം വിവാഹകാര്യത്തിൽ പ്രേമപൂർവ്വം നിർബന്ധിക്കുവാൻ ആരും ഉണ്ടായിരുന്നുമില്ല. പക്ഷെ തന്റെ അനുജത്തിയായ ഞാൻ അദ്ദേഹത്തിന്റെ പ്രതിജ്ഞയ്ക്കു ഭംഗംവരുത്തി. എനിക്കു വേണ്ടിയാണു് അദ്ദേഹം വിവാഹം ചെയ്തതു്.

എന്റെ കണ്ണുകളിൽ നിന്നു ആനന്ദാശ്രുക്കൾ പൊഴിഞ്ഞു കവിൾത്തടങ്ങളിൽക്കൂടെ പ്രവഹിച്ചു. എത്രതന്നെ ശ്രമിച്ചിട്ടും അവയെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ജ്യേഷ്ഠൻ മന്ദമായി എന്റെ തലമുടി തലോടി. ഹേമാംഗിനി എന്നെ പിടിച്ചു തൂങ്ങി ചിരിച്ചുകൊണ്ടേ ഇരുന്നു. ഭർത്താവിന്റെ വരവു ഉൽകണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടു രാത്രി മുക്കാലും ഞാൻ ഉറക്കംവരാതെ കിടന്നു. തനിക്കു സംഭവിച്ച അവമാനവും ആശാഭംഗവും അദ്ദേഹം എങ്ങിനെ സഹിക്കുമെന്നു എനിക്കു ഊഹിപ്പാൻപോലും കഴിഞ്ഞില്ല. അർദ്ധരാത്രി കഴിഞ്ഞു വളരെ നേരമായപ്പോൾ എന്റെ വാതിൽ മെല്ലെ തുറക്കുന്ന ശബ്ദം കേട്ടു ഞാൻ കിടക്കമേൽ എഴുന്നേററിരുന്നു. ഭർത്താവിന്റെ വരവാണെന്നു എനിക്കു മനസ്സിലായി. എന്റെ ഹൃദയം അതിവേഗത്തിൽ സ്പന്ദിച്ചുതുടങ്ങി. അദ്ദേഹം അടുത്തുവന്നു എന്റെ കൈകൾ പിടിച്ചു.

'ഭവതിയുടെ ജ്യേഷ്ഠൻ എന്നെ വിനാശത്തിൽ നിന്നു രക്ഷപ്പെടുത്തി. താൽക്കാലികമായ ഒരു ചിത്തഭ്രമത്തിനു വശംവദനായി ഞാൻ ആപത്തിലേക്കു കുതിക്കുകയായിരുന്നു. തടുക്കുവാൻ പാടില്ലാത്ത ഒരു ഉന്മാദം എന്നെ ബാധിച്ചു. അന്നു തോണിയിൽ കയറി യാത്രചെയ്യുമ്പോൾ എന്റെ തലയിൽ എന്തൊരു ഭാരമാണ് വഹിച്ചിരുന്നതെന്നു ഈശ്വരനേ അറിഞ്ഞുകൂടു. കൊടുങ്കാററും മഴയും നിമിത്തം പുഴ ഇളകിമറിഞ്ഞു. ആകാശത്തിൽ ഇരുട്ടടഞ്ഞു. തോണി മറിഞ്ഞു മുങ്ങി ചത്തുപോകുന്ന പക്ഷം എനിക്കു എന്റെ ജീവനെ അതിന്റെ ബന്ധനത്തിൽ നിന്നു വേർപെടുത്താൻ സാധിക്കുമല്ലോ എന്ന മോഹം എന്റെ ഭയാശങ്കകൾക്കിടയിലും എന്നെ സമാധാനിപ്പിച്ചു. ഞാൻ മധുരഗഞ്ജിൽ എത്തി. അവിടെവെച്ചാണു എനിക്കു് മോചനം സിദ്ധിച്ച വൃത്താന്തം കേൾക്കാനിടയായതു്. ഭവതിയുടെ ജ്യേഷ്ഠൻ ഹേമാംഗിനിയെ വിവാഹം ചെയ്തു എന്നു കേട്ടപ്പോൾ എനിക്കു

എന്തൊരാനന്ദമാണുണ്ടായതെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. ഉടനെതന്നെ ബോട്ടിലേക്കു തിരിച്ചു. ഭവതിയോടു ഒരുമിച്ചല്ലാതെ എനിക്കു സുഖമുണ്ടാകാൻ വഴിയില്ലെന്ന ആത്മജ്ഞാനം എനിക്കു അപ്പോഴാണുദിച്ചതു്. ഭവതി സാക്ഷാൽ ഈശ്വരി തന്നെയാണു്.'

എനിക്കു ചിരിയും കരച്ചിലും ഒന്നായിവന്നു. 'അല്ലല്ല, ഇനി എനിക്കു ഈശ്വരിയാകേണ്ട. ഞാൻ അങ്ങയുടെ ഭാര്യ മാത്രമാണു്. കേവലം ഒരു സാധാരണസ്ത്രീ' എന്നു പറഞ്ഞു.

'പ്രിയതമേ! എനിക്കും ഒരപേക്ഷയുണ്ടു്. മേലിൽ എന്നെ ഈശ്വരനെന്നു വിളിക്കരുതു്.'

പിറേറദിവസം ശംഖനാദംകൊണ്ടു ആ ചെറുനഗരം മുഖരിതമായി. പക്ഷേ വിനാശഘട്ടത്തിലേക്കു വഴി കാണിച്ചിരുന്ന ആ രാത്രിയിലെ ഉന്മാദത്തെപ്പററി ആരും ഒന്നും പ്രസ്താവിച്ചില്ല.

(o)

# പത്രാധിപർ

എൻെറ പ്രിയതമയുടെ ജീവകാലത്തു്, 'പ്രഭ'യെക്കുറിച്ചു് എനിക്കുള്ള ശ്രദ്ധ നന്നെക്കുറവായിരുന്നു. 'പ്രഭ'യുടെ അമ്മയായിരുന്നു എൻെറ പ്രത്യേക പ്രതിപത്തിയ്ക്കു് പാത്രീഭവിച്ചിരുന്നതു്. ചിലപ്പോൾ എടുത്തു ലാളിക്കുകയോ, അസ്ഫുടപ്രലാപം കേട്ടു രസിക്കുകയോ, കളിയും ചിരിയും കണ്ടാനന്ദിക്കുകയോ ചെയ്തതല്ലാതെ, വേറെ യാതൊരുവിധത്തിലും ഞാൻ എൻെറ മകളെപ്പററി ചിന്തിച്ചിരുന്നില്ല. അഥവാ, വല്ല സമയത്തും എൻെറ ലാളനകൾ അവൾക്കോ, അവളുടെ ചാപലതകൾ എനിക്കോ, രസിക്കുന്നില്ലെന്നു തോന്നിയാൽ, അവളെ തൽക്ഷണം അമ്മയുടെ പക്കൽ ഏല്പിക്കുകയായിരുന്നു എൻെറ പതിവു്.

പക്ഷേ, അചിരേണ എൻെറ പ്രിയതമ അകാലമൃത്യുവിന്നടിമപ്പെടുകയും, മകളെ വളർത്തേണ്ടുന്ന ഭാരം എന്നിൽ ലയിക്കു

കയും ചെയ്തതോടുകൂടി ഞാൻ സുഭദ്രയെ ഹൃദയപൂർവ്വം സ്നേഹിക്കാനാരംഭിച്ചു. അമ്മയില്ലാത്ത കുട്ടിയെ പൂർവ്വാധികപ്രേമത്തോടുകൂടി രക്ഷിച്ചുപോരേണ്ടതു് എന്റെ ധർമ്മമാണെന്നുള്ള ബോധമോ, വിഭാര്യനായിത്തീർന്ന എന്നെ ഭക്തിശ്രദ്ധയോടുകൂടി ശുശ്രൂഷിക്കേണ്ടതു തന്റെ ചുമതലയാണെന്നു പ്രഭയ്ക്കുള്ള വിശ്വാസമോ, ഏതാണു മുൻകിടയായി നിന്നതെന്നു പറവാൻ പ്രയാസമാണ്. ഏതായാലും ആ വയസ്സുമുതൽ ഗൃഹനായികയുടെ പദവിയും പിതാവിന്റെ ശുശ്രൂഷാധികാരവും, സ്വയമേവ കയ്യേറ്റു, രണ്ടു കൃത്യങ്ങളേയും അനിതരസാധാരണമായ സാമർത്ഥ്യത്തോടുകൂടി നിറവേററി.

മകളുടെ ഗൃഹഭരണശ്രമം എനിക്കു പലപ്പോഴും വിനോദപ്രദമായി തോന്നാറുണ്ടായിരുന്നുവെങ്കിലും, അവളുടെ ഹിതത്തിന്നു വിപരീതമായി യാതൊന്നും ഞാൻ ചെയ്തിരുന്നില്ല. എന്റെ നിസ്സഹായതയും, പരസഹായാപേക്ഷയും വർദ്ധിച്ചതോടുകൂടി അവൾക്കു സന്തോഷവും അധികമായെന്നു ഞാൻ കണ്ടറിഞ്ഞു. എന്റെ മുണ്ടോ കുടയോ ഞാൻതന്നെ എടുത്തുകൊണ്ടു വരുവാൻ ഭാവിച്ചെങ്കിൽ, അവളുടെ അവകാശത്തെ ഞാൻ അന്യായമായി അപഹരിക്കയാണെന്ന ഭാവത്തിൽ അവൾ പരിഭവം പ്രദർശിപ്പിക്കുക പതിവായിരുന്നു. തന്റെ അച്ഛനെപ്പോലെ അനുസരണശീലമുള്ള ഒരു പാവയെ അവൾക്കു ഇതിന്നുമുമ്പു കിട്ടിയിരുന്നില്ല. ആ പാവയ്ക്കു ഭക്ഷണംകൊടുക്കുക, വസ്ത്രം ധരിപ്പിക്കുക, അതിനെ പാടി ഉറക്കുക മുതലായ പ്രവൃത്തികളിൽ അവൾക്കുണ്ടായിരുന്ന ഉത്സാഹം അസാധാരണമായിരുന്നു. ജ്ഞാനകോഷ്ഠമോ ബാലപാഠമോ പഠിപ്പിക്കുന്ന സമയങ്ങളിൽ മാത്രമേ എനിക്കു അച്ഛന്റെ അധികാരം കാണിക്കുവാൻ തരംകിട്ടിയിരുന്നുള്ളു.

എന്റെ ഓമനയെ അനുരൂപനായ ഒരു ഭർത്താവോടു ചേർക്കുന്നതിന്നു വേണ്ട സ്ത്രീധനം എങ്ങിനെയാണു സമ്പാദിക്കേണ്ടതെന്നുള്ള വിചാരം എന്നെ പലപ്പോഴും ചിന്താകുലനാക്കിത്തീർത്തു. നിരക്ഷരകുക്ഷിയായ വല്ല 'വങ്ക'നും അവളുടെ ഭർത്താവായിത്തീർന്നാൽ, ഞാൻ, അവൾക്കു കൊടുത്തുപോന്ന വിദ്യാഭ്യാസം കേവലം പാഴായിപ്പോകുമല്ലോ എന്നുള്ള വിചാരം നിമിത്തം എന്റെ

മനസ്സുവല്ലാതെ മുഷിഞ്ഞു. വല്ലവിധത്തിലും പണം സമ്പാദിക്കേണമെന്നു ഞാൻ തീൎച്ചയാക്കി. ഏതെങ്കിലും സൎക്കാർ ജോലിയിൽ പ്രവേശിക്കുന്നതിനു എന്റെ പ്രായാധിക്യം പ്രതിബന്ധമായിത്തീൎന്നു. മററു വല്ല ദിക്കിലും ഒരുദ്യോഗം ലഭിക്കാനുള്ള ജനസ്വാധീനവും എനിക്കുണ്ടായിരുന്നില്ല. പലേ ഉപായങ്ങളും ചിന്തിച്ചുനോക്കിയതിൽ, പണം സമ്പാദിക്കാനുള്ള എളുപ്പവഴി സാഹിത്യപരിശ്രമമാണെന്നു തീൎച്ചപ്പെടുത്തി.

ഒരു ഓടക്കുഴലിൽ കുറെ സുഷിരങ്ങൾ ഉണ്ടാക്കിയാൽ, അതു എണ്ണയോ വെള്ളമോ സൂക്ഷിച്ചുവെക്കുന്നതിനു നിഷ്പ്രയോജകമായിത്തീരുന്നുണ്ടെങ്കിലും, അതിൽക്കൂടെ ഊതിയാൽ ഹൃദയാവൎജ്ജകമായ സംഗീതം യാതൊരു ദ്രവ്യവ്യയവും കൂടാതെ പുറപ്പെടുവിക്കുവാൻ എളുപ്പത്തിൽ സാധിക്കുന്നതാണു. കാൎയ്യപ്രാപ്തി തീരെ ഇല്ലാത്ത ആളുകൾ, അലങ്കാരത്തിനെങ്കിലും കൊള്ളുന്നവരായിരിക്കും. അതുപോലെതന്നെ, ഇതരവിഷയങ്ങളിൽ യാതൊരുവിധത്തിലും കൊള്ളരുതാത്ത ആളുകൾ ചിലപ്പോൾ സാഹിത്യവിഷയത്തിൽ സമൎത്ഥന്മാരാണെന്നു വന്നേക്കാം. ഈ അഭിപ്രായത്താൽ പ്രോത്സാഹിതനായ ഞാൻ സാഹിത്യകളരിയിൽ കച്ചകെട്ടാനുറച്ചു. കാലതാമസംകൂടാതെ ഒരു പ്രഹസനം എഴുതിത്തീൎത്തു രംഗപ്രവേശം ചെയ്തു. എന്റെ കൃതി വളരെ ശ്രേഷ്ഠമായിട്ടുണ്ടെന്നു പലരും അഭിപ്രായപ്പെട്ടു. പോരെങ്കിൽ, അതിനെ ചില നാടകസംഘക്കാർ അഭിനയിക്കുകയും ചെയ്തു.

കവിയശസ്സിന്റെ ആകൎഷണം ഒരു പ്രാവശ്യം അനുഭവിച്ചറിഞ്ഞ എനിക്കു അതിനെ വെറുതെ വിട്ടുകളയുവാൻ മനസ്സുവന്നില്ല. വരുന്നതു വരട്ടെ എന്നുള്ള ഉറപ്പോടുകൂടി ഞാൻ പ്രഹസനങ്ങളെഴുതിത്തള്ളിത്തുടങ്ങി.

ചിലപ്പോൾ പ്രഭ മന്ദഹസിച്ചുകൊണ്ടു് എന്റെ അടുക്കൽ വന്നു് "അപ്പാ! കുളിക്കാൻ കാലമായിരിക്കുന്നു" എന്നു പറയും.

"എന്നെ ഉപദ്രവിക്കാതെ കടന്നുപോ! ഞാൻ പണിയെടുക്കുന്നതു കാണുന്നില്ലേ?" എന്നു ഗൎജ്ജിച്ചുകൊണ്ടാണു് അപ്പോഴെല്ലാം ഞാൻ അവളെ മടക്കി അയച്ചിരുന്നതു്.

പെട്ടെന്ന അണച്ചുകളഞ്ഞ വിളക്കുപോലെ അപ്രസന്നമുഖിയായി എൻെറ മകൾ തിരിച്ചുപോകേണ്ടിയും വന്നു. ദാസികളെ ചീത്തപറയുക, വാലിയക്കാരെ തല്ലുക, ഭിക്ഷക്കാരുടെ പിന്നാലെ വടിയെടുത്തോടുക, ഇതെല്ലാം എനിക്കു പതിവായിത്തീൎന്നു. എൻെറ ആപ്പീസ്സുമുറി നിരത്തുവക്കിലായിരുന്നതിനാൽ, വഴിയാത്രക്കാർ പലപ്പോഴും ജനലിന്നരികെ വന്ന് ഓരോ ദിക്കിലേയ്ക്കുള്ള വഴിചോദിക്കാറുണ്ടായിരുന്നു. "ഏതു വൈതരണിയിലേയ്ക്കെങ്കിലും പൊയ്ക്കോ!" എന്നു പറഞ്ഞു ഞാൻ ആ കൂട്ടരേയും ഭഗ്നാശരാക്കി അയച്ചു. ബഹുരസകരമായ ഒരു പ്രഹസനം എഴുതുന്ന തിരക്കാണ് എനിക്കെന്ന ആ കൂട്ടരാരും ഓൎത്തിരുന്നില്ല.

പക്ഷെ, എൻെറ വിനോദത്തിന്നും വിഖ്യാതിക്കും അനുരൂപമായ വിത്തം എനിക്കു കിട്ടിയില്ല. അതു നിമിത്തം എനിക്കു വിഷാദവും ഉണ്ടായില്ല. വിവാഹയോഗ്യന്മാരായ ചെറുപ്പക്കാർ സാഹിത്യരസികന്മാരല്ലാത്തവരുടെ മക്കളെ അന്വേഷിച്ചു നടപ്പായി എന്നു മാത്രമേ ഒരു ദോഷമുണ്ടായിരുന്നുള്ളു!

ഭാഗ്യവശാൽ, തൽസമയം ജാഹിർഗ്രാമക്കാരനായ ഒരു പ്രമാണി, ഒരു വൎത്തമാനപ്പത്രം ആരംഭിക്കുകയും അതിൻെറ പത്രാധിപത്യം കൈയ്യേൽക്കണമെന്ന് എന്നോടാവശ്യപ്പെട്ടപ്രകാരം ഞാൻ അതു സ്വീകരിക്കുകയും ചെയ്തു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഞാൻ വലിയ പ്രമാണിയായിത്തീൎന്നു. നിരത്തിൽ കൂടി നടക്കുമ്പോൾ എന്നെ ചൂണ്ടിക്കാണിക്കാത്തവർ ആരും ഇല്ലെന്നായി. അനിവാൎയ്യമായ ഏതോ ഒരു ജ്യോതിസ്സ് എന്നെ ആവരണം ചെയ്യുന്നുണ്ടെന്നു എനിക്കുതന്നെ തോന്നിത്തുടങ്ങി.

ജാഹിർഗ്രാമത്തിന്റെ അടുത്ത ഗ്രാമമാണ് അഹിഗ്രാമം. ഈ രണ്ടു ഗ്രാമക്കാരും തമ്മിൽ പണ്ടെയ്ക്കു പണ്ടേ ബദ്ധവൈരമാണ്. പലപ്പോഴും അവർ അടികലശലുകൾകൂടെ ഉണ്ടാക്കീട്ടുണ്ട്. പക്ഷെ, സമാധാനരക്ഷയ്ക്കുവേണ്ടി, മജിസ്ട്രേട്ട് അവരോട് നല്ല നടപ്പിന്നു ജാമ്യം വാങ്ങിയിരുന്നതിനാൽ അവരുടെ ലഹളയ്ക്കുള്ള ആയുധം ഇപ്പോൾ തൂവലും മഷിയും ആയിരുന്നു. എൻെറ "പേനപ്രയോഗം" പത്രാധിപമൎയ്യാദയ്ക്കു ചേൎന്ന വിധത്തിൽതന്നെ

നടക്കുന്നുണ്ടെന്നു് എല്ലാവരും അഭിപ്രായപ്പെട്ടു. എന്റെ ലേഖനങ്ങളുടെ ധാടിനിമിത്തം അഹിഗ്രാമക്കാർ "നിൽക്കക്കള്ളി"യില്ലാതായി. അവരുടെ കുലവും ജാതിയും ഞാൻ കരുത്തമഷി കൊണ്ടു 'കരിതേച്ചു' വിട്ടു.

പത്രപ്രവർത്തനത്തിൽ എനിക്കു സിദ്ധിച്ച വിജയം, എന്റെ മനസ്സിൽ സന്തോഷത്തേയും ശരീരത്തിൽ പുഷ്ടിയേയും ദിനംപ്രതി വർദ്ധിപ്പിച്ചു. സർവ്വസമ്മതനായ ഒരു സാഹിത്യരസികനാണു് ഞാൻ എന്ന വിശ്വാസത്താൽ എന്റെ മുഖം പ്രസന്നമായി. അഹിഗ്രാമക്കാരെ പരിഹസിച്ചും അധിക്ഷേപിച്ചും കൊണ്ടെഴുതുന്ന ലേഖനങ്ങളിൽ ഞാൻ പ്രദർശിപ്പിച്ച വാക്സാമർത്ഥ്യവും സാരസ്യവും കണ്ടു് ജാഹിർഗ്രാമക്കാർ പൊട്ടിച്ചിരിക്കുമ്പോഴും എന്റെ ഹൃദയത്തിൽ പരമാനന്ദം വഴിഞ്ഞൊഴുകി.

പക്ഷേ, ഒടുവിൽ അഹിഗ്രാമത്തിൽ നിന്നും ഒരു പത്രം പുറപ്പെട്ടു. സാഹിത്യരസികത്വമോ, പത്രമര്യാദയോ കേവലം ദീക്ഷിക്കാതെ അവർ പല 'പായ്യാര'ങ്ങളും 'പച്ച'യായി എഴുതിത്തള്ളിത്തുടങ്ങി. ഭാഷയുടെ ഗ്രാമ്യതനിമിത്തം അതിലെ ലേഖനങ്ങളെല്ലാം പാമരന്മാർക്കുപോലും വായിച്ചാൽ മനസ്സിലാകത്തക്കവയായിരുന്നു.

മര്യാദകേടു ഭയന്നും, ഹാസ്യരസം ധ്വനിപ്പിക്കേണ്ടുന്ന നിഷ്കർഷകൊണ്ടും, എന്റെ ഭാഷാരീതി സാക്ഷാൽ സഹൃദയന്മാർക്കൊഴികെ, സാധാരണന്മാർക്കു അത്ര സുഗമമായിരുന്നില്ല. അതുനിമിത്തം, ഞാൻ എത്രതന്നെ പ്രൌഢിയോടുകൂടി ലേഖനങ്ങളെഴുതിയാലും അവയെ ശരിയാംവണ്ണം ആസ്വദിക്കുവാൻ വായനക്കാർക്കു ത്രാണിയുണ്ടായിരുന്നില്ല. ഒടുവിൽ എനിക്കു ക്ഷമ തീരെ ഇല്ലാതായി. സാഹിത്യലോകത്തിൽ സഭ്യേതരങ്ങളായ പ്രസംഗങ്ങൾക്കു് സ്ഥലം അനുവദിക്കുന്നതിന്റെ അനൌചിത്യത്തെപ്പററി ഞാൻ ഒരു ഉപന്യാസം എഴുതി എന്റെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. പക്ഷേ ഇതും ഒരു വലിയ വിഡ്ഢിത്തമായിപ്പോയി. അസംബന്ധങ്ങളേക്കാളും അധികം, ഗൌരവമേറിയ സംഗതികളാണു് ലോകദൃഷ്ടിയിൽ പ്രായേണ പരിഹാസയോഗ്യമായിത്തീരുന്നതു്. എന്റെ സഹജീവികളെ സദാചാര

പദ്ധതിയിൽ നിലനിർത്തുവാൻ ഞാൻ ചെയ്ത പരിശ്രമം ഞാൻ ഉദ്ദേശിച്ചതിൽനിന്നു തീരെ വിപരീതമായ ഫലത്തിലാണു പര്യവസാനിച്ചതു്.

എൻെറ രക്ഷാധികാരിയായ പ്രമാണികളും എന്നിലുള്ള പ്രതിപത്തി കുറഞ്ഞുവന്നു. ജനങ്ങൾക്ക എന്നെക്കുറിച്ചുണ്ടായിരുന്ന ബഹുമാനം ദിനംപ്രതി അസ്തമിച്ചു തുടങ്ങിയെന്നു മാത്രമല്ല, അവരുടെ പെരുമാററങ്ങളിൽ ഏറെക്കുറെ അവജ്ഞതയും പ്രത്യക്ഷപ്പെട്ടുതുടങ്ങി. എൻെറ പ്രസംഗങ്ങൾ അവൎക്കു രുചിക്കാതായി. ഞാൻ നിശ്ശേഷം കത്തിക്കരിഞ്ഞ ഒരു "തീപ്പെട്ടിക്കോലു്"പോലെ ആയിത്തീൎന്നുവെന്നു എനിക്കുതന്നെ തോന്നി.

പ്രഭയ്ക്കു എന്നെ ബഹുഭയമായിരുന്നതിനാൽ, ഞാൻ വിളിച്ചാലൊഴികെ, അവൾ എൻെറ അടുക്കൽ വരികയില്ലെന്ന പാകത്തിലായി. സാഹിത്യരസികനായ ഒരു പണ്ഡിതനെക്കാൾ നല്ലതു് മരപ്പാവപോലെ അനുസരണമുള്ള ഒരു പിതാവാണെന്നു അവൾ മനസ്സിലാക്കിയിരുന്നു.

അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ അഹിഗ്രാമക്കാരുടെ പത്രം എൻെറ രക്ഷാധികാരിയെ വിട്ടു് എന്നോടുതന്നെ കലശലായി അധിക്ഷേപിച്ചുകൊണ്ടു് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. അതിൽ എന്നെ 'കയ്യും കണക്കും' ഇല്ലാതെ അസഭ്യമായി ശകാരിച്ചിട്ടുണ്ടായിരുന്നു. എൻെറ സ്നേഹിതന്മാർ ഓരോരുത്തരായി ആ പത്രവും എടുത്തു് എൻെറ അടുക്കൽ വന്നു് അതിലെ രസകരങ്ങളായ ഭാഗങ്ങൾ വായിച്ചു ചിരിക്കാൻ തുടങ്ങി. ലേഖനത്തിൽ പ്രതിപാദിച്ച സംഗതികൾ എത്രതന്നെ അടിസ്ഥാനമില്ലാത്തവയാണെങ്കിലും, എഴുതിയ രീതി വളരെ ലളിതവും സരസവും ആയിട്ടുണ്ടെന്നു എല്ലാവരും ഒന്നുപോലെ അഭിപ്രായപ്പെട്ടു.

ഈവക സംഭവങ്ങളോർത്തു അസ്വസ്ഥനായി ഞാൻ ഒരു ദിവസം വൈകുന്നേരം എൻെറ വീട്ടിൻെറ മുൻവശത്തുള്ള തോട്ടത്തിൽ ലാത്തുകയായിരുന്നു. പക്ഷികൾ കൂട്ടിനുള്ളിൽ പ്രവേശിച്ചു് വിശ്രമസുഖം അനുഭവിച്ചുതുടങ്ങി. ആ ജീവികളുടെ കൂട്ടത്തി

ലെങ്കിലും പത്രപ്രവൎത്തനവും സാഹിത്യവാദങ്ങളും കൊണ്ടുള്ള ഉപദ്രവം ഇല്ലാതിരിക്കുന്നുണ്ടല്ലോ എന്നുകരുതി ഞാൻ സമാധാനിച്ചു,

അഹിഗ്രാമക്കാരുടെ ആക്ഷേപലേഖനത്തിന്ന് എന്തൊരു പ്രത്യാഖ്യാനമാണെഴുതേണ്ടതെന്നായിരുന്നു എന്റെ ഏകവിചാരം. പത്രമൎയ്യാദ ദീക്ഷിച്ച് പ്രൌഢമായ രീതിയിൽ എഴുതിയാൽ പൊതുജനങ്ങൾക്കു കാൎയ്യം മനസ്സിലാവുകയില്ലെന്നൊരു ദോഷമുണ്ട്. അതുകൊണ്ട് പ്രത്യാഖ്യാനം ആക്ഷേപലേഖനത്തിന്റെ രീതിയിൽതന്നെ എഴുതേണ്ടതാണെന്നും, അല്ലാത്ത പക്ഷം ഞാൻ പോരാത്തവനാണെന്ന് ജനങ്ങൾ ധരിക്കാനിടയുണ്ടെന്നും ഞാൻ തീൎച്ചയാക്കി.

തൽസമയം വളരെ പരിചിതമായ ഒരു മധുരസ്വരം എന്റെ ചെവിയിൽ പെട്ടു, ഉടനേതന്നെ അതിമൃദുലമായ ഒരു കരസ്പൎശാനുഭവവും ഉണ്ടായി. പക്ഷെ, എന്റെ അപ്പോഴത്തെ മനോഭാവത്തിൽ, ആ സ്വരമാകട്ടെ, സ്പൎശമാകട്ടെ, ആരുടേതാണെന്നു അറിവാൻ എനിക്കു സാധിച്ചില്ല.

ആ അനുഭവങ്ങൾ എന്നെ വിട്ടു ഉടനെ അവ വീണ്ടും എന്റെ ഇന്ദ്രിയങ്ങൾക്കു വിഷയീഭവിച്ചു. എന്റെ മകൾ അടുത്തു വന്ന് "അച്ഛാ" എന്നു വിളിക്കുകയും, യാതൊരുത്തരവും കിട്ടായ്കയാൽ എന്റെ വലത്തു കൈ പിടിച്ച് നെററിയിൽ വെച്ചു മിണ്ടാതെ വീട്ടിലേയ്ക്കു തിരിച്ചുപോവുകയുമാണുണ്ടായതെന്നു എനിക്കപ്പോഴാണു മനസ്സിലായതു്.

വളരെ കാലമായി എന്റെ മകൾ എന്റെ അടുത്തു വരികയാകട്ടെ, എന്നെ 'അച്ഛാ' എന്നു വിളിക്കുകയാകട്ടെ കുറച്ചെങ്കിലും സ്വാതന്ത്ര്യത്തോടുകൂടി പെരുമാറുകയാകട്ടെ ചെയ്യാറുണ്ടായിരുന്നില്ല. തന്നിമിത്തം, അന്നു വൈകുന്നേരത്തെ അനുഭവം എന്നെ എത്രമാത്രം ആനന്ദഭരിതനാക്കിയെന്ന് പറവാൻ പ്രയാസമാണു്.

കുറച്ചുനേരം കഴിഞ്ഞു ഞാൻ വീട്ടിനുള്ളിൽ ചെന്നപ്പോൾ സുഖമില്ലായ്കയാൽ, കണ്ണു പാതി അടച്ചു, ദിവസാവസാനത്തിൽ മണ്ണിൽ വീണു കിടക്കുന്ന പനിനീർ പൂവുപോലെ, കിടക്കയിൽ

കിടക്കുന്ന എന്റെ പ്രഭയെയാണു് ഞാൻ കണ്ടതു്. അവളുടെ നെററി തപിക്കുന്നതായും, ശ്വാസത്തിന്നു വല്ലാത്ത ചൂടുള്ളതായും, നാഡി അതിവേഗത്തിൽ തുടിക്കുന്നതായും ഞാൻ കണ്ടു.

പനിയുടെ ആരംഭത്തിലുള്ള അസ്വാസ്ഥ്യത്തിൽ അച്ഛന്റെ ശീതളോപചാരങ്ങളെ അനുഭവിക്കാമെന്ന മോഹത്താലായിരുന്നു എന്റെ ഓമനക്കുട്ടി കുറച്ചുമുമ്പെ എന്റെ അടുക്കൽ വന്നിരുന്നതു്! കഠോരഹൃദയനായ ഞാൻ, വൎത്തമാനപ്പത്രങ്ങളിലേയ്ക്കു ലേഖനം എഴുതാനുള്ള ആലോചനയിൽ മുഴുകിയിരിക്കയായിരുന്നു!

ഞാൻ പ്രഭയുടെ അടുക്കൽ ചെന്നിരുന്നു. അവൾ യാതൊന്നും സംസാരിക്കാതെ എന്റെ കൈപിടിച്ചു് നെററിമേൽവെച്ചു അടങ്ങിക്കിടന്നു.

എന്റെ വീട്ടിലുണ്ടായിരുന്ന വൎത്തമാനപ്പത്രങ്ങളെല്ലാം ഞാൻ അന്നുതന്നെ ചുട്ടുകളഞ്ഞു. എന്റെ പേരിലുള്ള ആക്ഷേപലേഖനത്തിന്നു മറുപടി എഴുതേണ്ടെന്നും തീൎച്ചപ്പെടുത്തി. ഇപ്രകാരം ഞാൻ എന്റെ പരിഭവത്തെ മനഃപൂൎവം സമ്മതിച്ചപ്പോഴുണ്ടായത്രസുഖം പണ്ടൊരിക്കലും എനിക്കനുഭവപ്പെട്ടിരുന്നില്ല.

പ്രഭയുടെ അമ്മ മരിച്ചപ്പോഴാണു് ഞാൻ അവളെ ഒന്നാമതായി സ്നേഹിക്കാനാരംഭിച്ചതു്! അമ്മയുടെ പ്രതിമയായിരുന്ന അവളെയും ചിതയിൽ സമൎപ്പിച്ചശേഷമേ ആ കൊച്ചുകുട്ടിക്കു എന്റെ ഹൃദയത്തിൽ ശാശ്വതമായ പ്രതിഷ്ഠ സിദ്ധിച്ചുള്ളു!

——(o)——

# പരിത്യാഗം

ഫാൽഗ്ഗുനമാസത്തിലെ പൌർണ്ണമി മാധവമാരുതൻ മാംപൂമണത്തോടുകൂടി വീശിക്കൊണ്ടിരുന്നു. കുളത്തിൻകരയിലുള്ള ഒരു തേന്മാവിന്മേലിരുന്നു പാടുന്ന കുയിലുകളുടെ മധുരസ്വരം മുക്കർജ്ജികുടുംബക്കാരുടെ ശയനമുറിയിൽ പ്രവേശിച്ചു. ആ മുറിയിൽ ഹേമന്തൻ, പ്രിയതമയുടെ തലമുടിയെ സലീലം അംഗുലികളിൽ ചുററിയും അവളുടെ കയ്യിലിട്ടിരുന്ന തരിവളകൾ കുലുക്കിയും തലയിൽ ചൂടിയിരുന്ന മുല്ലമാല വലിച്ചുഴച്ചു മുഖത്തു വീഴ്ത്തിയും ഓരോ നർമ്മവിലാസങ്ങൾ കൊണ്ടാടുകയായിരുന്നു. മന്ദമാരുതൻ പുഷ്പിതയായ ഒരു ലതയോടെന്നപോലെ, ഹേമന്തൻ അവളോടിങ്ങിനെ പെരുമാറിയതു് അവളെ ഉല്ലസിപ്പിക്കുവാനുദ്ദേശിച്ചായിരുന്നു. എങ്കിലും, 'കുസുമ' കേവലം നിശ്ചലയായിരുന്നതേ ഉള്ളൂ. ചന്ദ്രികാധവളിതയായ പ്രകൃതിയെ നിർന്നിമേഷയായി നോക്കിക്കൊണ്ടിരുന്ന അവൾ ഭർത്തൃലാളനകളെ ഗണിച്ചില്ല.

ഒടുവിൽ, ഹേമന്തൻ പ്രിയതമയുടെ കൈ രണ്ടും പിടിച്ചു്, മന്ദമായി കുലുക്കിക്കൊണ്ടു് ഇപ്രകാരം പറഞ്ഞു:—"കുസുമേ, നീ ഇപ്പോൾ ഏതു ദിക്കിലാണ്? ഒരൊന്നാന്തരം ദൂരദർശിനിക്കുഴൽ വെച്ചു നോക്കിയാൽ കൂടി, അസാദ്ധ്യപ്രായമായിട്ടേ എനിക്കിപ്പോൾ നിന്നെ കാണ്മാൻ സാധിക്കൂ; നീ അത്ര അകലെയാണ്. എന്റെ പ്രാണനാഥേ! അടുത്തു വരൂ. ഈ രാത്രി എത്ര മനോഹരമായിരിക്കുന്നു!"

കുസുമ പ്രകൃതിയുടെ മുഖത്തുനിന്നു നോട്ടം തിരിച്ചു്, ഭർത്താവിനെ നോക്കി ലോലസ്വരത്തിൽ മറുപടിപറഞ്ഞു:—"ഒരു നിമിഷനേരംകൊണ്ടു് ഈ രാത്രിയേയും, ചന്ദ്രനെത്തന്നെയും, തവിടുപൊടിയാക്കുവാൻ ശക്തിയുള്ള ഒരു മന്ത്രം എനിക്കറിയാം."

ഹേമന്തൻ:—"അതു ശരിയായിരിക്കാം. എങ്കിലും ആ മന്ത്രം ഇവിടെ പ്രയോഗിക്കാതിരിക്കണേ! ഒരാഴ്ചയിൽ മൂന്നോ നാലോ ശനിയാഴ്ചകളെ ഒന്നായി വരുത്തുവാനോ, രാത്രിയുടെ അവ

ധി പിറേറന്നു വൈകുന്നേരംവരെ നീട്ടുവാനോ മറേറാ വല്ല മന്ത്രവും ഉണ്ടെങ്കിൽ അതു പ്രയോഗിച്ചാൽ നന്ന്."

ഇത്രയും പറഞ്ഞു ഹേമന്തൻ കുസുമയെ ആശ്ലേഷിച്ചു. അവൾ അതിന്നു വഴിപ്പെടാതെ പിന്മാറിക്കളഞ്ഞു.

"എൻെറ ജീവിതരഹസ്യത്തെ മരണസമയത്തല്ലാതെ ഞാൻ അങ്ങയോടു പറയുന്നതല്ലെന്നു മുമ്പൊരിക്കൽ പ്രതിജ്ഞ ചെയ്തതു് ഓൎക്കുന്നുണ്ടായിരിക്കാം. എന്നാൽ ആ ശപഥത്തെ ഇന്നു ലംഘിക്കേണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അതു കേട്ടിട്ടു് എനിക്കെന്തു ശിക്ഷ വിധിച്ചാലും വേണ്ടില്ല; ഞാനതിന്നു തെയ്യാറാണു്."

ഹേമന്തൻ ജയദേവരുടെ കൃതിയിൽ നിന്നു് ഒരു പദം പാടി, തൻെറ ശിക്ഷാസമ്പ്രദായത്തെപ്പററി പ്രസംഗിക്കുവാൻ ഭാവിക്കുകയായിരുന്നു. അപ്പോൾ, ആരോ ബദ്ധപ്പെട്ടു് അകത്തേയ്ക്കു കടന്നു വരുന്ന ശബ്ദം കേട്ടു. അതു ഹേമന്തൻെറ അച്ഛൻ ഹരിഹരമുക്കൎജ്ജിയായിരുന്നു. അച്ഛൻെറ ബദ്ധപ്പാടിൻെറ അൎത്ഥം അറിയാതെ ഹേമന്തൻ അന്ധാളിച്ചുവശായി.

ശയനമുറിയുടെ വാതിലിന്നരികെ നിന്നുകൊണ്ടു ഹരിഹരൻ ഇങ്ങിനെ ഗൎജ്ജിച്ചു:—

"ഹേമന്ത! നിൻെറ ഭാൎയ്യയെ ഈ നിമിഷം ഇവിടുന്നു പുറത്താക്കണം!"

ഹേമന്തൻ ആശ്ചൎയ്യപരതന്ത്രനായി കുസുമയുടെ മുഖത്തു നോക്കി. അവൾക്കു് യാതൊരു ഭാവഭേദവും ഉണ്ടായിരുന്നില്ല. അവൾ മുഖത്തെ ഉള്ളംകൈകൊണ്ടു മറച്ചു. നിന്ന നിലയിൽത്തന്നെ അന്തർദ്ധാനം ചെയ്വാൻ അവൾ ആഗ്രഹിച്ചു. കോകിലങ്ങൾ യഥാപൂൎവ്വം പാടിക്കൊണ്ടിരുന്നു. എങ്കിലും അവിടെ കൂടിയിരുന്നവർ അതൊന്നും കേട്ടിരുന്നില്ല.

II

പുറത്തുപോയി തിരിച്ചുവന്ന ഹേമന്തൻ ഭാൎയ്യയോടു്, "ഇതു് വാസ്തവമാണോ?" എന്നു ചോദിച്ചു.

കുസുമ.—അതേ.

ഹേമന്തൻ:—ഇതേവരെ എന്നോടു പറയാതിരുന്നതെന്തേ?

കുസുമ:—ഞാൻ പലപ്പോഴും പറവാൻ ശ്രമിച്ചു നോക്കി. എങ്കിലും ധൈര്യം മതിയായില്ല. ഞാനൊരു മഹാ പാപിയാണ്.

ഹേമന്തൻ:—എന്നാൽ അതിപ്പോഴു പറയു.

ധീരസ്വരത്തിൽ കുസുമ തന്റെ പൂർവ്വചരിത്രം പറഞ്ഞുതുടങ്ങി. ഇതു് അവൾക്കു് എത്രയോ പരിതാപകരമായിരുന്നു. അവളുടെ കഥ മുഴുവനും കേട്ടശേഷം ഹേമന്തൻ എഴുന്നേററു പുറത്തേയ്ക്കു പോയി.

തന്റെ ഭർത്താവു്, "ഇങ്ങിനി വരാതവണ്ണം" തന്നെ ഉപേക്ഷിച്ചുപോയതാണെന്നു കുസുമ വിചാരിച്ചു. അവൾക്കു് അതിനെപ്പററി ലേശംപോലും അത്ഭുതം തോന്നിയില്ല. തന്റെ നിത്യജീവിതത്തിലെ ഒരു സംഭവംപോലെ മാത്രമേ അവൾ അതിനെക്കുറിച്ചു കരുതിയുള്ളു. അല്പം മുമ്പു് അവിടെ നടന്ന കാര്യങ്ങൾ അവളുടെ മനസ്സിനെ അത്ര നിർവികാരമാക്കിത്തീർത്തിരുന്നു. ലോകവും പ്രേമാവസ്ഥയും തീരെ അവാസ്തവവും അർത്ഥരഹിതവും ആണെന്നു് അവൾ തീർച്ചപ്പെടുത്തി— അതീതകാലങ്ങളിൽ, തന്റെ ഭർത്താവു ചെയ്തിരുന്ന പ്രണയശപഥങ്ങളുടെ സ്മരണ, തന്റെ ഹൃദയത്തെ ഭേദിച്ചു, ഒരു കരാളഖഡ്ഗത്തിന്റെ സ്മരണപോലെ, അസന്തോഷകരമായ അനുഭവത്തെ ഉണ്ടാക്കി— ആളുകളുടെ ജീവിതത്തിൽ പരിപൂർണ്ണമായി വ്യാപിച്ചു് അവരുടെ ഹൃദയാന്തരത്തിൽ അനിർവാച്യങ്ങളായ വികാരങ്ങളെ ഉല്ലാസിപ്പിക്കുന്നതും, ഏററവും ക്ഷണികമായ വിരഹത്തെക്കൂടി ദുസ്സഹമാക്കിത്തീർക്കുന്നതും, നിമിഷനേരത്തെ സമാഗമത്തെ പരമാനന്ദമണ്ഡലമാക്കുന്നതും കാലദേശാവധികളിൽനിന്നു നിർമ്മുക്തമായിട്ടുള്ളതും, ജന്മജന്മാന്തരങ്ങളിൽ പോലും വിലയം ഭവിക്കാത്തതും ആണെന്നു സാധാരണമായി വിശ്വസിക്കപ്പെടുന്ന പ്രേമം, സാക്ഷാൽ അനുഭവത്തിൽ, എത്രയോ ശിഥിലമായ ഒരവസ്ഥയാണെന്നു കുസുമയ്ക്കു ദൃഷ്ടാന്തപ്പെട്ടു. അനശ്വരമെന്നും മററും കരുതപ്പെട്ടിരുന്ന പ്രേമബന്ധം നിർദ്ദയന്മാരാ

യ വൈദികന്മാരുടെ അഭിപ്രായം നിമിത്തം ക്ഷണനേരംകൊണ്ടു പൊടിയായിത്തീരുന്നു!

രാത്രിയുടെ രാമണീയകത്തെപ്പററി ഹേമന്തൻ സ്തുതിച്ചിട്ടു നേരം ഏറെയായിട്ടില്ല—ആ രാത്രി ഇനിയും അവസാനിക്കാറായിട്ടില്ല. കുയിലുകളുടെ പാട്ടും, തെക്കൻകാററിൻെറ വിലാസവും ഇനിയും വിരമിച്ചിട്ടില്ല. വിലാസാലസയായിത്തീൎന്ന ഒരു സുകുമാരിയെപ്പോലെ, ചന്ദ്രിക, പ്രശാന്തമായി, ആ ശയനമുറിയിലെ ശയ്യാതലത്തിൽ പരിലസിച്ചു. എങ്കിലും കുസുമയുടെ അഭിപ്രായത്തിൽ, ഈ പ്രകൃതിവിലാസമെല്ലാം അയഥാൎത്ഥവും പ്രേമം എന്നും മററും പറയുന്നതു് ഒരുവക വ്യാജവും ആയിരുന്നു.

## III

പിറെറദിവസം രാവിലെ, ഉറക്കമിളച്ചയാലുള്ള വല്ലായ്മയോടുകൂടി, ഹേമന്തൻ പിയാരിശങ്കരകോസലൻെറ ഗൃഹത്തിൽ കടന്നു ചെന്നു.

“എന്താണു് കുട്ടാ!” എന്നായിരുന്നു കോസലൻെറ അഭിവാദനം.

ജ്വലിച്ചെരിയുന്ന അഗ്നിപോലെ ഹേമന്തൻ കോപാക്രാന്തനായി.

“നിങ്ങൾ ഞങ്ങളുടെ ജാതിയെ കെടുത്തു. ഞങ്ങളുടെ വംശത്തെ നശിപ്പിച്ചു—ഇതിൻെറ ഫലം നിങ്ങൾ തന്നെ അനുഭവിക്കേണ്ടിവരും.”

ശ്വാസം മുട്ടുകയാൽ ഇതിലധികം പറയുവാൻ ഹേമന്തനു സാധിച്ചില്ല. ഇതുകേട്ടു്, കോസലൻ പരിഹാസസ്വരത്തിൽ മറുപടി പറഞ്ഞു:—“നിങ്ങൾ എൻെറ ജാതിയെ സംരക്ഷിക്കയാണല്ലോ ചെയ്തതു്! എനിക്കു ജാതിഭ്രഷ്ടു് കല്പിച്ചതു വേറെ ആളല്ലേ?”

ഹേമന്തൻ തൻെറ ബ്രാഹ്മണപ്രതാപത്താൽ കോസലനെ ഭസ്മീകരിക്കുവാൻ ആഗ്രഹിച്ചു. എങ്കിലും അയാളുടെ ക്രോധാഗ്നി കോസലനു യാതൊരു ഉപദ്രവവും ചെയ്യാതെ തന്നെത്തന്നെ ദഹിപ്പിക്കുകയാണു് ചെയ്തതു്.

ഹേമന്തൻ:—ഞാൻ എപ്പോഴെങ്കിലും നിങ്ങൾക്കു വല്ല ദോഷവും ചെയ്തിട്ടുണ്ടോ?

കോസലൻ:—ഞാൻ നിങ്ങളോടൊന്നു ചോദിക്കട്ടെ: എൻെറ മകൾ—എൻെറ ഏകസന്താനം—നിങ്ങളുടെ അപ്പനോടെന്തു പിഴച്ചു? നിങ്ങൾക്കു അന്നു നന്നേ ചെറുപ്പമായിരുന്നതിനാൽ ആ കഥ നിങ്ങൾ കേട്ടിരിക്കയില്ല. പറയാം. കേട്ടോളൂ. അന്ധാളിക്കേണ്ട—വളരെ നേരംപോക്കുള്ള കഥയാണ്.

ഈ മുഖവുരയോടുകൂടി കോസലൻ കഥയാരംഭിച്ചു:—

"എൻെറ മകളുടെ ഭർത്താവായിരുന്ന നവകാന്തൻ അവളുടെ ആഭരണങ്ങൾ മോഷ്ടിച്ചുകൊണ്ടു് ഇംഗ്ലണ്ടിലേക്കു ചാടിപ്പോയ കാലത്തു നിങ്ങൾ നന്നേ കുട്ടിയായിരുന്നു. അഞ്ചുകൊല്ലം കഴിഞ്ഞു്, ആയാൾ ബാരിസ്റ്റർ പരീക്ഷയിൽ ജയിച്ചു മടങ്ങിവന്നപ്പോഴത്തെ കോലാഹലം നിങ്ങൾക്കു, പക്ഷേ, ഓർമ്മയുണ്ടായിരിക്കും. അഥവാ, നിങ്ങൾ അന്നു കൽക്കത്തയിൽ താമസിച്ചു പഠിക്കുകയായിരുന്നതിനാൽ അറിഞ്ഞിട്ടില്ലെന്നും വരാം. എൻെറ മകളെ നവകാന്തൻെറ വീട്ടിലേയ്ക്കയക്കുന്ന പക്ഷം, ഞാൻ അവളെ തീരെ തള്ളിക്കളയേണ്ടതാണെന്നും അവളെ പിന്നീടു് തിരിയെ എടുക്കാൻ പാടില്ലെന്നും മററും സമുദായനേതൃത്വം സ്വയമേവ സ്വീകരിച്ചുകൊണ്ടു്, നിങ്ങളുടെ അപ്പൻ വാശിപിടിച്ചു. ഞാൻ നവകാന്തനെക്കൊണ്ടു് പഞ്ചഗവ്യം സേവിപ്പിക്കാമെന്നും, പ്രായശ്ചിത്തം ചെയ്യിക്കാമെന്നും ഏററു്, അയാളെ ജാതിയിൽ നിന്നു ബഹിഷ്കരിക്കരുതെന്നു എത്രതന്നെ അപേക്ഷിച്ചിട്ടും നിങ്ങളുടെ അപ്പൻ അദ്ദേഹത്തിൻെറ 'മക്കടമുഷ്ടി' വിട്ടില്ല. എനിക്കു എൻെറ മകളെ തള്ളിക്കളയുവാൻ തരമില്ലെന്നും വന്നു. അതുകൊണ്ടു് ബന്ധുജനങ്ങളെ വിട്ടു് ഞാൻ കൽക്കത്തയിലേയ്ക്കു പോയി. എൻെറ നിർഭാഗ്യത എന്നെ അവിടെയും പിന്തുടർന്നു. ഞാൻ സകല ഏർപ്പാടുകളും ചെയ്തു തീർച്ചപ്പെടുത്തിയിരുന്ന എൻെറ മരുമകൻെറ വിവാഹകാര്യത്തിൽ നിങ്ങളുടെ അപ്പൻെറ ദുഷ്പ്രേരണയാൽ വധൂബന്ധുക്കൾ പെട്ടന്നു വിരോധം പറഞ്ഞു. ബ്രാഹ്മണനാണെങ്കിൽ ഇതിന്നു പ്രതിക്രിയ ചെയ്യല്ലാതെ അടങ്ങ

കയില്ലെന്നു ഞാൻ അന്നുതന്നെ ഉപഹാസ്യം ചെയ്തു. ഇപ്പോൾ നിങ്ങൾക്കു കാര്യം ഏതാണ്ടൊക്കെ മനസ്സിലായില്ലേ? വരട്ടെ; മുഴുവനും പറയാം. രസമുണ്ട്.

“നിങ്ങൾ കോളേജിൽ പഠിക്കുന്ന കാലത്തു വിപ്രദാസചാറ്റർജ്ജി എന്നൊരാളുടെ അയൽവീട്ടിലാണല്ലോ താമസിച്ചിരുന്നതു്. സാധുമനുഷ്യൻ! അയാൾ മരിച്ചുപോയി. അയാളുടെ വീട്ടിൽ കുസുമ എന്നു പേരായ ഒരു ബാലവിധവ പാർത്തിരുന്നു. അവളുടെ അച്ഛനമ്മമാർ ചെറുപ്പത്തിൽതന്നെ കാലധർമ്മം പ്രാപിച്ചു. അവൾ ‘കായസ്ഥ’ജാതിക്കാരിയാണു്. കണ്ടാൽ അതിസുന്ദരി! അവളെ, കുസൃതിക്കാരായ വിദ്യാർത്ഥികളുടെ ദൃഷ്ടിയിൽപെടാതെ രക്ഷിക്കേണമെന്നായിരുന്നു വിപ്രദാസന്റെ ആഗ്രഹം. എങ്കിലും വയോധികനായ ഒരു രക്ഷിതാവിന്റെ കണ്ണിൽ പൊടിയിടുവാൻ ആ പെൺകിടാവിനു തീരെ പ്രയാസമുണ്ടായിരുന്നില്ല. നനച്ച വസ്ത്രങ്ങൾ ‘തോരാൻ’ ഇടുന്നതിനുവേണ്ടി അവൾ കൂടക്കൂടെ മാളികയുടെ മുകളിൽ പോകാറുണ്ടായിരുന്നു. നിങ്ങൾക്കും ആ കാലത്തു വായനയ്ക്കു അധികം സൌകര്യം നിങ്ങളുടെ മാളികയിലായിരുന്നു. നിങ്ങൾ തമ്മിൽ വല്ല സംസാരവും നടന്നിരുന്നുവോ എന്നു പറയുവാൻ എന്നാൽ സാദ്ധ്യമല്ല. എങ്കിലും കുസുമയുടെ പെരുമാറ്റങ്ങളിൽ വിപ്രദാസനു ശങ്കതോന്നി—അവൾ പലപ്പോഴും ഗൃഹകൃത്യങ്ങളിൽ വീഴ്ചവരുത്തി. ‘പുരരിപു വരനായ് വരാൻ’ വേണ്ടി തപസ്സുചെയ്തു പാർവ്വതിയെപ്പോലെ, അവൾ ദിനംപ്രതി ക്ഷീണിച്ചുവന്നു. ക്രമേണ ‘ഊണിന്നാസ്ഥകുറഞ്ഞു; നിദ്ര നിശയിങ്കൽപോലുമില്ലാതെയായ്.’ ചിലപ്പോൾ അവൾ യാതൊരു കാരണവും കൂടാതെ രക്ഷിതാവിന്റെ മുമ്പിൽ ചെന്നു നിന്നു പൊട്ടിക്കരയും. ഇങ്ങിനെ കുറേനാൾ കഴിഞ്ഞു.

“നിങ്ങൾ രണ്ടാളും മാളികയിൽവെച്ചു് തമ്മിൽ കാണാറുണ്ടെന്നും, ചില ദിവസങ്ങളിൽ ഏകാന്തപഠനത്തിലുള്ള മോഹത്താൽ നിങ്ങൾ സ്കൂളിൽ പോകാതെ, നട്ടുച്ചയ്ക്കു്, ഒരു പുസ്തകവും കയ്യിലെടുത്തു ആ ‘നിർജ്ജനമേടമേൽ’ കയറിച്ചെന്നിരിക്കാറുണ്ടെന്നും മാറും വൃദ്ധനു മനസ്സിലായി. അയാൾ കിംകർത്തവ്യതാമൂഢനായി എന്റെ അടുക്കൽവന്നു് അഭിപ്രായം ചോദിച്ചു.

"കാരണവരേ! നിങ്ങൾക്കു കാശിക്കു പോകാൻ മോഹമുണ്ടെന്നു പലപ്പോഴും പറയാറുണ്ടല്ലോ. അതിപ്പോൾ ചെയ്യരുതേ? കുസുമയെ ഞാൻ നോക്കിക്കൊള്ളാം' എന്നു ഞാൻ ഉപദേശിച്ചു.

"അപ്രകാരംതന്നെ വിപ്രദാസൻ തീർത്ഥയാത്ര പുറപ്പെട്ടുപോയി. ഞാൻ കുസുമയെ ശ്രീപതി ചാറ്റർജിയുടെ ഗൃഹത്തിൽ താമസിപ്പിച്ചു. അവളെ അദ്ദേഹം പുത്രീനിർവ്വിശേഷം സ്നേഹിച്ചു. അതിനുശേഷം നടന്ന സംഭവങ്ങൾ നിങ്ങൾക്കറിയാമല്ലോ.

"ആരംഭംമുതൽ ഈ ചരിത്രം നിങ്ങളെ കേൾപ്പിക്കുവാൻ ഇടയായതിൽ എനിക്കു വളരെ ആശ്വാസമുണ്ട്. നിങ്ങൾക്ക് ഇതെല്ലാം ഒരു നോവലിലെ കഥപോലെ തോന്നുന്നുണ്ടായിരിക്കാം. ഞാൻ ഇതിനെപ്പററി ഒരു പുസ്തകം എഴുതി അച്ചടിപ്പിക്കാൻ വിചാരിക്കുന്നുണ്ട്. പക്ഷേ, ഞാനൊരു ഗ്രന്ഥകാരനല്ല. എന്റെ മരുമകനു സാഹിത്യത്തിൽ വാസനയുണ്ട്. അവനെക്കൊണ്ടെഴുതിക്കാം. നിങ്ങൾകൂടി അവനെ സഹായിക്കുന്നതായാൽ നന്നായിരിക്കും. കഥയുടെ കലാശം നിങ്ങളറിയുംപോലെ എനിക്കു നിശ്ചയമില്ലല്ലോ."

കോസലന്റെ ഉപസംഹാരപ്രസംഗത്തിൽ അത്ര ശ്രദ്ധിക്കാതെ ഹേമന്തൻ ചോദിച്ചു:—"കുസുമ ഈ വിവാഹത്തിനു വിരോധം പറഞ്ഞില്ലേ?"

കോസലൻ:—"അതിനെപ്പററി ഖണ്ഡിച്ചുപറവാൻ കുറെ പ്രയാസമാണ്. സ്ത്രീസ്വഭാവം നിങ്ങൾക്കറിയാമോ? സ്ത്രീകൾ 'അല്ല' എന്നു പറഞ്ഞാൽ 'അതേ' എന്നാണ് അർത്ഥം മനസ്സിലാക്കേണ്ടത്. കുസുമയെ ശ്രീപതിയുടെ ഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയശേഷം കുറേദിവസം നിങ്ങളെ കാണാൻ സാധിക്കായ്കയാൽ അവൾക്കു ഒരുവക ചിത്തഭ്രമമായിരുന്നു. അവൾ പോയ സ്ഥലം നിങ്ങൾ എങ്ങിനെയോ മനസ്സിലാക്കി. അതുകൊണ്ടായിരിക്കാം വീട്ടിൽനിന്നു പാഠശാലയിലേയ്ക്കു പുറപ്പെട്ടു നിങ്ങൾ വഴിപിഴച്ചു ശ്രീപതിയുടെ വീട്ടിന്റെ മുൻവശത്തു പലപ്പോഴും പരുങ്ങിയിരുന്നതു്. നിങ്ങളുടെ ദൃഷ്ടി പതിഞ്ഞതു പാ

ർശാലയിലേയ്ക്കുള്ള പാതമേലായിരുന്നില്ല; ഒരു പ്രത്യേക ഭവനത്തിന്റെ ജാലരന്ധ്രങ്ങളിലേക്കായിരുന്നു നിങ്ങളുടെ നോട്ടം. അതിന്റെ പഴുതിൽക്കൂടി ചെറുപ്രാണികൾക്കും, ചിത്തഭ്രമം പിടിപെട്ട യുവജനങ്ങളുടെ ഹൃദയങ്ങൾക്കും മാത്രമേ പ്രവേശം ലഭിക്കു. നിങ്ങളുടെ പഠിപ്പിന്നു് അമാന്തവും കുസുമയുടെ മനസ്സിന്നു് അസ്വാസ്ഥ്യവും നേരിട്ടതു ഞാൻ കണ്ടറിഞ്ഞു.

“ഒരുദിവസം ഞാൻ കുസുമയെ വിളിച്ചു്, അവളോടിങ്ങിനെ പറഞ്ഞു:—‘മകളേ! ഞാൻ പറയുന്നതു കേൾക്കണം. എന്റെ മുമ്പാകെ നിനക്കു യാതൊരു വല്ലായ്മയും വേണ്ടാ, നിന്റെ അന്തർഗ്ഗതം എനിക്കു മനസ്സിലായിരിക്കുന്നു. ആ യുവാവിന്റെ നിലയും ഇതുപോലെ തന്നെയാണു്. നിങ്ങളുടെ വിവാഹം നടത്തുവാനാണെന്റെ ആഗ്രഹം.”

“ഇതു കേട്ടപ്പോൾ കുസുമ പൊട്ടിക്കരഞ്ഞു. അതിന്നുശേഷം ഞാൻ കൂടക്കൂടെ ശ്രീപതിയുടെ വീട്ടിൽ പോവുകയും, കുസുമയെ അടുക്കൽ വിളിച്ചു നിങ്ങളുടെ വിവാഹകാര്യത്തെപ്പററി സംസാരിക്കുകയും ചെയ്തു. ക്രമേണ അവളുടെ ലജ്ജയും കുറെ പിന്മാറി. ഒടുവിൽ ഞാൻ വിവാഹമുഹൂർത്തം തീർച്ചപ്പെടുത്തുവാൻ ഉറച്ചു. ‘അതെങ്ങിനെ സാധിക്കും’ എന്നായിരുന്നു കുസുമയുടെ ചോദ്യം. ‘അതിനൊക്കെ വഴിയുണ്ടു്. നീ ഒരു ബ്രാഹ്മണകന്യകയാണെന്നു ഞാൻ ആളുകളെ ബോദ്ധ്യപ്പെടുത്തിക്കൊള്ളാം’ എന്നു ഞാൻ മറുപടി പറഞ്ഞിട്ടും അവൾക്കു സമാധാനമായില്ല. നിങ്ങളുടെ ഹിതം അറിയേണമെന്നു വളരെ വാദപ്രതിവാദങ്ങൾക്കുശേഷം അവൾ എന്നെ നിർബ്ബന്ധിച്ചു.

“നിങ്ങൾക്കു് അവളെക്കുറിച്ചു കലശലായ ഭ്രമമുണ്ടെന്നും, പുറത്തു പറവാനിടയില്ലാത്ത ജാതിരഹസ്യത്തെ വൃഥാവിൽ വെളിപ്പെടുത്തി നിങ്ങളെ ഭഗ്നാശനാക്കിത്തീർക്കുന്നതു് അനാശാസ്യമാണെന്നും ഞാൻ അവളോടു സനിഷ്കർഷം പറഞ്ഞു. അവൾക്കു് ഈ ഏർപ്പാടു സമ്മതമോ അല്ലയോ എന്നു് എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. അവൾ ചിലപ്പോൾ മുക്തകണ്ഠം വിലപിക്കുകയും ചിലപ്പോൾ ഒന്നും മിണ്ടാതെ സ്തംഭിച്ചു നിൽക്കുകയും മാത്രമേ ചെയ്തിരുന്നുള്ളൂ.

"'എന്നാൽ പോട്ടേ? ഇതൊന്നും വേണ്ടെന്നു വെയ്ക്കാം' എന്നു വല്ല സമയവും ഞാൻ പറഞ്ഞാൽ അവൾ ഉടനെ അസന്തുഷ്ടയായിത്തീരും. ഈ അവസരത്തിലാണു വിവാഹപ്രസ്താവങ്ങളോടുകൂടി ശ്രീപതിയെ നിങ്ങളുടെ അടുക്കലേക്കയച്ചതു്. കുറേനേരംപോലും സംശയിക്കാതെ നിങ്ങൾ അനുമതി നൽകി എല്ലാം തീർച്ചപ്പെടുത്തി.

"മുഹൂർത്തദിവസത്തിനു സ്വല്പം മുമ്പു കുസുമയുടെ വാശി മൂത്തു. എന്തു പറഞ്ഞിട്ടും അവൾ കൂട്ടാക്കിയില്ല. ഈ വിവാഹം വേണ്ടെന്നു വെയ്ക്കണമെന്ന് എന്നോടു പലപ്രാവശ്യവും അപേക്ഷിച്ചു. ഇത്രത്തോളം ഏർപ്പാടുകൾ ചെയ്തശേഷം അതിൽനിന്നു പിന്മാറുന്നതു തീരെ അഭംഗിയായിത്തീരുമെന്നു ഞാനും ശഠിച്ചു.

"കുസുമ:—ഞാൻ മരിച്ചുപോയെന്നു പറഞ്ഞേക്കൂ. ഞാൻ എങ്ങോട്ടെങ്കിലും പോയ്ക്കളയാം.

"ഞാൻ:—പിന്നെ ആ യുവാവിന്റെ കാര്യം ചോദിക്കാനുണ്ടോ? അവിദൂരമായ തന്റെ അഭീഷ്ടസിദ്ധിയോർത്ത് അയാൾ ഇപ്പോൾ ബ്രഹ്മാനന്ദം അനുഭവിക്കുകയാണ്. നീ മരിച്ചുവെന്നു ഞാൻ ഇപ്പോൾ അയാളോടു പറഞ്ഞാൽ, നാളെ അയാളുടെ മരണവാർത്ത നിനക്കു കേൾക്കാനിടയാകും. വൈകുന്നേരമാകുമ്പോഴേയ്ക്കു നീ മരിച്ചുവെന്ന് എനിക്കും കേൾക്കാറാവും. എന്റെ വയസ്സുകാലത്തു ഞാനൊരു സ്ത്രീഹത്യയും ബ്രഹ്മഹത്യയും ചെയ്യണോ?

"എന്തിനു വളരെ പറയുന്നു. വിവാഹകാര്യം മുഹൂർത്തസമയത്തു ശുഭമായിത്തന്നെ കഴിഞ്ഞുകൂടി. എന്റെ കൃത്യം ഞാനും നിർവ്വഹിച്ചു. ശേഷം നിങ്ങൾക്കറിയാമല്ലോ."

ഹേമന്തൻ:—ആശ്ചര്യം തന്നെ ഒരു ദോഷം ചെയ്തുവെച്ചു. അതു പോട്ടേ! വീണ്ടും അതേ തൊഴിലിന്നൊരുമ്പെട്ടതു നന്നായോ? ഈ രഹസ്യം എന്തിനാണിപ്പോൾ വെളിപ്പെടുത്തിയതു്?

കോസലൻ ശാന്തസ്വരത്തിൽ മറുപടി പറഞ്ഞു:—"നിങ്ങളുടെ അനുജത്തിയുടെ വിവാഹത്തിനുള്ള ഒരുക്കങ്ങൾ കണ്ടപ്പോളാണ് ഞാൻ ഇങ്ങിനെ തീർച്ചപ്പെടുത്തിയതു്. ഏതായാലും

ലും ഞാനൊരു ബ്രാഹ്മണകുടുംബത്തെ അപമാനപ്പെടുത്തി. പക്ഷെ അതു് എന്റെ കുറ്റമായിരുന്നു. ഈ വിവാഹം നടന്നാൽ വേറൊരു കുഡുംബത്തിന്നു കൂടി ജാതിഭ്രഷ്ട വന്നുചേരും. അതുകൂടാതെ കഴിക്കേണ്ടതു് എന്റെ മുറയാണു്. ഈ ഉദ്ദേശത്തെ പുരസ്കരിച്ചുകൊണ്ടു ഞാൻ വരന്റെ കുഡുംബക്കാർക്ക് ഒരെഴുത്തയച്ചു. നിങ്ങളുടെ ഭാര്യ ഒരു ശൂദ്രസ്ത്രീയാണെന്നു് അവരെ അറിയിച്ചു.

ഹേമന്തൻ:—(തന്റെ കോപത്തെ പണിപ്പെട്ടടക്കി) ഞാൻ ഇപ്പോൾ ഉപേക്ഷിക്കാൻ ഭാവിക്കുന്ന ഈ സ്ത്രീയുടെ മേലാലത്തെ ഗതിയെന്തായിരിക്കും? നിങ്ങൾ അവളെ രക്ഷിച്ചുകൊള്ളുമോ?

കോസലൻ:—എന്റെ കൃത്യം ഞാൻ നിർവ്വഹിച്ചു. മററുള്ളവർ ഉപേക്ഷിക്കുന്ന ഭാര്യമാരെ പുലർത്തേണ്ടുന്ന ഭാരം എനിക്കില്ല. ആരവിടെ? ഹേമന്തബാബുവിന്നു കുറച്ചു കാപ്പികൊണ്ടുവാ" ഹേമന്തൻ കാപ്പിക്കു കാത്തിരിക്കാതെ യാത്രയായി.

## IV

കൃഷ്ണപക്ഷത്തിലെ പഞ്ചമിനാൾ രാത്രി. നല്ല ഇരുട്ടു്. പക്ഷികളുടെ ഗാനം കേൾക്കാനില്ല. വാപീതീരത്തിലെ രസാലവൃക്ഷം കറുത്ത കടലാസിൽ ഒരു കറുത്ത മഷിത്തുള്ളിപോലെ ദൃശ്യമായി. ദാക്ഷിണാത്യമാരുതൻ ഒരു സ്വപ്നചരനെപ്പോലെ പരിലസിച്ചു. ആകാശമണ്ഡലത്തിൽ മിന്നിക്കൊണ്ടിരുന്ന നക്ഷത്രങ്ങൾ ഏതോ ഒരു രഹസ്യം വെളിപ്പെടുത്തുവാനെന്നപോലെ ഇരുട്ടിൽ സൂക്ഷിച്ചുനോക്കി.

ശയനമുറിയിൽ വെളിച്ചമൊന്നും കാണാനില്ല. തന്റെ മുൻഭാഗത്തു വ്യാപിച്ച അന്ധകാരത്തെ നോക്കിക്കൊണ്ടു ഹേമന്തൻ ജനലിന്നരികെ കട്ടിലിന്മേൽ ഇരിക്കുന്നു. ഭർത്താവിന്റെ പാദം പിടിച്ചു തഴുകിക്കൊണ്ടു കുസുമ താഴത്തും ഇരിക്കുന്നു. രജനിയാകുന്ന തിരശ്ശീലയിൽ വിധി വരച്ച ചിത്രംപോലെ ആ വധൂവരന്മാർ നിശ്ചലരായി കാണപ്പെട്ടു.

ഹരിഹര മുക്കർജ്ജിയുടെ ചെരിപ്പുകളുടെ ശബ്ദം കേട്ടുതുടങ്ങി. അയാൾ വാതിലിന്നടുത്തു വന്നെത്തി.

“ഹേമന്ത! നിനക്കു ഞാൻ അഞ്ചുദിവസത്തെ അവധി തന്നു. ഇനിയും സമയം അനുവദിക്കാൻ വിചാരിക്കുന്നില്ല. ആ പെണ്ണിനെ ഈ നിമിഷം പുറത്തിറക്കണം.”

ഇതുകേട്ടു് കുസുമ ഭർത്തൃപാദങ്ങളെ പ്രാണാധികപ്രിയതയോടുകൂടി ആശ്ലേഷിച്ചു് അവയെ ഭക്തിപൂർവ്വം ചുംബിച്ചു, പിന്നീടു നമസ്കരിച്ചു പിന്മാറി നിന്നു.

ഹേമന്തൻ എഴുന്നേറ്റു ഹരിഹരന്റെ അടുത്തുചെന്നു.

“അച്ഛാ! ഞാൻ എന്റെ ഭാര്യയെ ഉപേക്ഷിക്കാൻ വിചാരിക്കുന്നില്ല.” എന്നു പറഞ്ഞു.

“എന്തു്? നീ ജാതിഭ്രഷ്ടനാവാനാണോ ഭാവം?”

“ജാതിയെ ഞാൻ വിലവെയ്ക്കുന്നില്ല.”

“എന്നാൽ, ഞാൻ ഇതാ നിന്നെയും പുറത്താക്കിയിരിക്കുന്നു—പോ!”

———(o)———

# അഗതി

വൈകുന്നേരമായപ്പോൾ കാറ്റും മഴയും കലശലായി. ധാരമുറിയാത്ത മഴയും ഉച്ചത്തിലുള്ള ഇടിമുഴക്കവും നിരന്തരമായ മിന്നലും, ആകാശമണ്ഡലത്തിൽ ദേവാസുരന്മാർ തമ്മിൽ ഒരു ഘോരസമരം നടക്കുന്നുണ്ടോ എന്ന ശങ്കയേ ജനിപ്പിച്ചു. വിനാശദേവതയുടെ ജയപതാകകളെന്നപോലെ കാളമേഘങ്ങൾ ചലിച്ചുകൊണ്ടിരുന്നു. ഗംഗാതരംഗങ്ങൾ ഭയങ്കരതയോടെ ഇളകി മറിഞ്ഞു. ഇരു തീരങ്ങളിലെയും ആരാമതരുക്കൾ നിശ്വസിച്ചു മുരണ്ടുംകൊണ്ടു അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരുന്നു.

ചന്ദ്രനഗരത്തിൽ പുഴവക്കത്തുള്ള ഒരു ചെറുഗൃഹത്തിലെ മുറിക്കുള്ളിൽ ഒരു ഭാര്യയും ഭർത്താവും നിലത്തു വിരിച്ചിരുന്ന കിടക്കമേൽ ഇരുന്നു എന്തോ ചില സംഗതികളെപ്പറ്റി വാദിക്കു

കയായിരുന്നു. അടുത്തു ഒരു മൺവിളക്കുമാത്രം കത്തിക്കൊണ്ടിരുന്നു.

“കുറച്ചു ദിവസംകൂടി ഭവതി ഇവിടെത്തന്നെ താമസിക്കേണമെന്നാണ് എന്റെ ആഗ്രഹം. എന്നാൽ ശരീരത്തിനു നല്ല ശക്തികിട്ടും. പിന്നെ നമുക്കു വീട്ടിലേക്കു മടങ്ങുകയും ചെയ്യാം” എന്നായിരുന്നു ഭൎത്താവായ ശരച്ചന്ദ്രബാബു പറഞ്ഞിരുന്നതു്. ഇതിനു ‘കിരണ’ മറുപടി പറഞ്ഞു:—

“എനിക്കു സുഖക്കേടെല്ലാം മാറിയിരിക്കുന്നു. ഇപ്പോൾ വീട്ടിലേക്കു പോകുന്നതായാൽ യാതൊരു ദോഷവും വരികയില്ലെന്നു എനിക്കു നല്ല ധൈൎയ്യമുണ്ടു്.”

അവർ തമ്മിൽ നടന്ന സംസാരം ഇത്ര ചുരുക്കത്തിലായിരുന്നില്ലെന്നു ഏതു ഗൃഹസ്ഥനും അറിയാം. അവിടെ തീൎച്ചപ്പെടുത്താനുണ്ടായിരുന്ന കാൎയ്യം പ്രയാസമുള്ളതായിരുന്നില്ല. പക്ഷേ ദീൎഘിച്ചുകൊണ്ടിരുന്ന വാദപ്രതിവാദങ്ങൾ അതിന്റെ തീൎപ്പിലേക്കുള്ള മാൎഗ്ഗത്തെ കുറച്ചെങ്കിലും എളുപ്പമാക്കിയില്ല. അമരമില്ലാത്ത തോണിപോലെ വാദവിഷയം ഒരേപതനത്തിൽ തന്നെ ചുററിത്തിരിഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ എല്ലാം ബാഷ്പപ്രവാഹത്തിൽ കലാശിക്കുമെന്ന ഘട്ടത്തിലായി.

ശരച്ചന്ദ്രൻ:—“ഭവതി കുറച്ചുകൂടേ ഇവിടെ താമസിക്കേണമെന്നാണ് ഡാക്ടരുടെ അഭിപ്രായം.”

കിരണ:—“അങ്ങയുടെ ഡാക്ടൎക്കു അറിയാത്തതു വല്ലതുമുണ്ടോ”?

ശരച്ചന്ദ്രൻ:—“ഇപ്പോൾ നാട്ടിലെങ്ങും പല സുഖക്കേടുകളും ഉള്ള കാലമാണു്. ഒന്നോ രണ്ടോമാസം കൂടി ഇവിടെ താമസിക്കുന്നതു നന്നായിരിക്കും.”

കിരണ:—“ഈ ദിക്കിലുള്ളവൎക്കൊന്നും യാതൊരു ദീനവും ഇല്ലായിരിക്കാം!”

കാൎയ്യത്തിന്റെ വാസ്തവം ഇതാണ്. കിരണയെപററി സ്വകുഡുംബങ്ങളുടെ ഇടയിൽ മാത്രമല്ല അയൽപക്കക്കാരുടെ ഇടയിലും വലിയ പ്രതിപത്തിയായിരുന്നു. അവൾക്കു സുഖക്കേടു കലശലായപ്പോൾ അവൎക്കുണ്ടായിരുന്ന വ്യസനമൊന്നും പറ

യേണ്ട—” ഒരു ഭാഗ്യയുണ്ടാകുമ്പോഴേക്ക ഇത്രയൊക്കെ ബാഹള്യമോ? പണ്ടു സ്ത്രീകളാരും ദീനംപിടിച്ചു കിടന്നിട്ടില്ലേ? ഇല്ലാരം പോകാനപേക്ഷിക്കുന്ന സ്ഥലത്തുള്ളവരെല്ലാം ജരാനരകളില്ലാത്തവരാണൊ? ചിത്രഗുപ്തൻെറ അധികാരം ആ ദിക്കിലെത്തുകയില്ലെന്നായിരിക്കുമോ വിചാരം?” എന്നും മററും നാട്ടുകാർ പറഞ്ഞു പരിഹസിച്ചുതുടങ്ങി. പക്ഷേ അവരുടെ മിത്ഥ്യാപ്രലാപങ്ങൾക്ക ശരച്ചന്ദ്രനും അയാളുടെ അമ്മയും ചെവികൊടുത്തില്ല.

ഗ്രാമക്കാരുടെ ഉപദേശങ്ങളേക്കാൾ എത്രയോ അധികം വിലയുള്ളതായിരുന്നു അവൾക്ക് ആ ഓമനയുടെ ജീവിതം. പ്രിയജനങ്ങളെ വല്ല ആപത്തും ബാധിക്കാനിടയാകുമ്പോൾ ആളുകൾക്ക ഇങ്ങിനെ തോന്നുന്നതു സാധാരണയാണ താനും. അപ്രകാരം ശരച്ചന്ദ്രൻ ചന്ദ്രനഗരത്തിലേക്ക മാറിപ്പാർക്കുകയും കിരണയുടെ ദീനം ക്രമേണ ഭേദമാവുകയും ചെയ്തു. ക്ഷീണലക്ഷണങ്ങൾ അവളെ ഇനിയും വിട്ടൊഴിഞ്ഞിരുന്നില്ല. മുഖത്തിൻെറ വാട്ടവും ചുളിവും കണ്ടാൽ ആൎക്കും അവളെക്കുറിച്ചു അനുകമ്പ തോന്നുമെന്നു മാത്രമല്ല മൃത്യുവിൻെറ വായിൽ നിന്നു അവൾ രക്ഷപ്രാപിച്ചതു എന്തൊ സുകൃതവശാലാണെന്നുകരുതി ആരും കോൾമയിർ കൊള്ളുകയും ചെയ്യും.

ബഹളത്തിലും വിനോദത്തിലും കളിച്ചുവളൎന്ന കിരണയ്ക്കു വിജനമായ നദീതീരത്തിലെ ഏകാന്തവാസം ഒട്ടും ഇഷ്ടമായിരുന്നില്ല. സമയംപോകാൻ വല്ല പ്രവൃത്തികളൊ വെടിപറയാൻ നല്ല ചങ്ങാതിമാരൊ ഇല്ലാതെ രാപ്പകൽ ഒരുപോലെ കഷായവും പത്ഥ്യവുമായി കഴിച്ചുകൂട്ടുന്നകാൎയ്യം അവൾക്ക നന്നേ ദുസ്സഹമായിരുന്നു. മരുന്നു സേവിക്കുകയും ചൂടുവെള്ളം വെച്ചുഴിയുകയും ചെയ്തുകൊണ്ടിരിക്കുന്നതിൽ എന്തു നേരംപോക്കാണുള്ളതു? ഇത്തരത്തിലുള്ള വിഷയങ്ങളെ കുറിച്ചായിരുന്നു അന്നു മുറിയ്ക്കുള്ളിൽ അവർ തൎക്കിച്ചിരുന്നതു്. കിരണ സമാധാനം പറയാൻ തയ്യാറായിരിക്കുന്നിടത്തോളം അവരുടെ വാഗ്വാദം തുല്യനിലയിൽ നടന്നുപോന്നു. അവൾ ഉത്തരം പറയാതെ പരിഭവരസത്തിൽ മുഖം തിരിച്ചിരുന്നപ്പോഴാണ് സാധു ശരച്ചന്ദ്രന്നു നിവൃത്തിയില്ലാതെയായതു്.

ഒടുവിൽ തന്റെ പ്രിയതമയുടെ ഇഷ്ടംപോലെ നടക്കട്ടെ എന്നു തീർച്ചപ്പെടുത്തി. ആ അഭിപ്രായം പുറത്തുപറയാൻ ഭാവിക്കുമ്പോഴേക്കും അവരുടെ ഭൃത്യൻ പുറത്തുനിന്നു എന്തൊ വിളിച്ചുപറഞ്ഞു.

ശരച്ചന്ദ്രൻ എഴുന്നേററു വാതൽ തുറന്നു. അന്നത്തെ കോളിളക്കത്തിൽ ഒരു തോണി മറിഞ്ഞുപോയെന്നും അതിൽനിന്നു രക്ഷപ്പെട്ട ഒരു ബ്രാഹ്മണകുമാരൻ അവരുടെ ഗൃഹാരാമത്തിൽ വന്നെത്തിയിരിക്കുന്നു എന്നുമായിരുന്നു ഭൃത്യന്റെ സന്ദേശം. ഈ വൃത്താന്തം കേട്ടയുടനെ കിരണയുടെ സഹജമായ ദയാശീലം പുറത്തുചാടി. ഉടനെ ചില വസ്ത്രങ്ങൾ ആ കുമാരന്നു കൊടുത്തയച്ചു. അവന്നു കുടിക്കാൻ വേണ്ടി ഒരു കോപ്പ പാൽ ചൂടാക്കി തന്റെ മുറിയ്ക്കുള്ളിൽ തയ്യാറാക്കിവെച്ചു. അവനെ കൂട്ടിക്കൊണ്ടുവരാൻ ഭൃത്യനോടാജ്ഞാപിച്ചു.

ചുരുണ്ട നീണ്ട തലമുടിയും തെളിഞ്ഞുമിന്നുന്ന കണ്ണുകളും ശ്മശ്രുരോമങ്ങളുടെ ലാഞ്ഛനംപോലുമില്ലാത്ത മുഖവുംകൊണ്ടു കമനീയമായ ഒരു ബാലസ്വരൂപത്തെയാണ് ഭൃത്യൻ ആ മുറിയ്ക്കുള്ളിൽ പ്രവേശിപ്പിച്ചതു്. അവൻ അല്പം പാൽ കുടിച്ചതിന്റെശേഷം കിരണ അവന്റെ വൃത്താന്തങ്ങൾ അന്വേഷിച്ചുതുടങ്ങി.

അവന്റെ പേർ നീലകണ്ഠനെന്നായിരുന്നു. ഒരു നാടകസംഘത്തിൽപെട്ട അവൻ തന്റെ കൂട്ടുകാരോടൊപ്പം അടുത്തുള്ള ഒരു ഭവനത്തിലേക്കു തോണിവഴിയായി വരുന്ന അവസരത്തിലാണ് തോണി മറിഞ്ഞുപോയതു്. കൂട്ടുകാർ ഏതുനിലയിൽ ഇരിക്കുന്നുവെന്ന് അവന്നു യാതൊരു വിവരവും ഇല്ല. അവന്നു നല്ലപോലെ നീന്തുവാൻ പരിചയമുണ്ടായിരുന്നതിനാൽ കരയ്ക്കണഞ്ഞു രക്ഷപ്പെടുവാൻ സാധിച്ചു.

അന്നുമുതൽ നീലകണ്ഠൻ അവരുടെകൂടെ പാർപ്പുറപ്പിച്ചു. ഭയങ്കരമായ മരണത്തിൽനിന്നു രക്ഷപ്പെട്ട ആ കുമാരന്റെ പേരിൽ കിരണയ്ക്കു ബഹുപ്രിയം തോന്നി. തന്റെ പ്രിയതമയ്ക്കു സമയംപോകാൻ ഒരു ചങ്ങാതിയെ കിട്ടിയതിനാലും തന്നിമിത്തം അവർ അവിടെ കുറച്ചുനാൾകൂടെ താമസിക്കുന്നതിൽ വിരോധം പ

രകയില്ലെന്ന വിശ്വാസത്താലും ശരച്ചന്ദ്രൻ നീലകണ്ഠന്റെ ആവിർഭാവത്തെ വലിയൊരനുഗ്രഹമായി കരുതി.

ബ്രാഹ്മണനായ ഒരു അഗതിയെ സൽക്കരിക്കാൻ തരം കിട്ടിയതിൽ അയാളുടെ അമ്മയ്ക്കു സന്തോഷവും ഉണ്ടായി. തന്റെ ഗുരുനാഥനിൽ നിന്നും പരലോകത്തിൽ നിന്നും രക്ഷപ്രാപിച്ചതിന്നുപുറമെ, ഈ ധനികകുടുംബത്തിൽ ഒരു സങ്കേതം ലഭിച്ചതിനെ പററി നീലകണ്ഠനും അനുമോദിച്ചു.

പക്ഷെ അചിരേണ ശരച്ചന്ദ്രന്റെയും അയാളുടെ അമ്മയുടെയും അഭിപ്രായം ഭേദപ്പെട്ടു. നീലകണ്ഠൻ വല്ലവിധേനയും പോയാൽ മതിയെന്നായി. ശരച്ചന്ദ്രന്റെ 'ഹുക്ക' എടുത്തു വലിക്കുന്നതു ആ ബാലന്റെ ഒരു ഗൂഢവിനോദമായി തീർന്നു. കോരിച്ചൊരിയുന്ന മഴയിൽ ശരച്ചന്ദ്രന്റെ പുതിയ പട്ടുകുടയും പിടിച്ചു ഗ്രാമത്തിൽക്കൂടെ ഒരു സക്കീട്ടുകഴിച്ചു കണ്ടവരോടൊക്കെ 'ലോഹ്യം' ഭാവിക്കുകയായിരുന്നു അവന്റെ വേറൊരു വിനോദം.

പോരെങ്കിൽ ഒരു വൃത്തികെട്ട പട്ടിയേയും അവൻ സമ്പാദിച്ചിട്ടുണ്ടായിരുന്നു. ചളിപുരണ്ട കാലോടുകൂടി അകത്തു കടന്നുവന്നു ആ പട്ടി ശരച്ചന്ദ്രന്റെ അഴുക്കില്ലാത്ത കിടക്കമേൽ നൃത്താവെയ്ക്കുന്നതല്ലേ മഹാകഷ്ടം! ഇതിനെല്ലാം പുറമെ, അവന്റെ പരിവാരങ്ങളായി ശേഖരിച്ചുവെച്ചിരുന്ന പലതരം ചെറുക്കന്മാരുടെ അക്ഷീണപരാക്രമത്തിന്റെ ഫലമായി അയൽവക്കത്തു ഒരൊററ മാവിന്മേലെങ്കിലും മാങ്ങകൾക്കു മൂക്കുവാൻ അവസരം കിട്ടാതെയായി.

ഈ കുട്ടിയെ ഇത്ര ദുർവൃത്തനാക്കിയതിൽ കുറച്ചൊരുത്തരവാദിത്വം കിരണിന്നും ഉണ്ടായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. അവളുടെ ഭർത്താവു ഇതിനെപ്പററി അവളെ പലതവണയും താക്കീതു ചെയ്യാറുമുണ്ടായിരുന്നു. പക്ഷെ അതൊന്നും അവൾ കൂട്ടാക്കിയില്ല. ശരച്ചന്ദ്രന്റെ പഴയ ഉടുപ്പുകൾ ധരിപ്പിച്ചും പുതുവസ്ത്രങ്ങൾതന്നെ വാങ്ങി സമ്മാനിച്ചും അവൾ ആ ബാലനെ ഒരു 'പച്ചക്കാമദേവ'നാക്കിത്തീർത്തു.

അവനോടു എന്തെന്നില്ലാത്ത ഒരാകർഷണം തോന്നുകയാലും അവന്റെ പൂർവകഥകൾ കേൾപ്പാനുള്ള ആഗ്രഹാധിക്യ

ത്താലും അവൾ അവനെ കൂടക്കൂടെ തന്റെ മുറിയിലേക്കു ക്ഷണിച്ചുവരുത്താറുമുണ്ടായിരുന്നു. ഉച്ചയ്ക്കു കളിയും ഊണും കഴിഞ്ഞാലുടനെ കിരണ വെററിലപ്പെട്ടിയും എടുത്തു കട്ടിലിന്മേൽ ചെന്നിരിക്കും. ദാസി അവളുടെ തലമുടി ചീകിവാൻ കെട്ടുന്ന അവസരത്തിൽ നീലകണ്ഠൻ മുമ്പിൽ വന്നു നിന്നു, തന്റെ നാടകപ്പാട്ടുകൾ പാടി അഭിനയിക്കുക പതിവായിത്തീർന്നു. വൈകുന്നേരമാകുന്നതുവരെ സമയം ഇങ്ങിനെ കഴിയും. ഈ ആട്ടം കാണ്മാൻ അവൾ ചിലപ്പോൾ തന്റെ ഭർത്താവിനെയും ക്ഷണിക്കാറുണ്ടായിരുന്നു. പക്ഷെ നീലകണ്ഠനെ ഹൃദയപൂർവം വെറുത്തിരുന്ന ശരച്ചന്ദ്രൻ ആ ക്ഷണനം സ്വീകരിച്ചില്ല. അയാളുടെ മുമ്പിൽവെച്ചു നീലകണ്ഠന്നു അത്ര ഭംഗിയായി അഭിനയിക്കാനും സാധിക്കുന്നതല്ലായിരുന്നു. പാട്ടുകളിൽ ദൈവീകമായ നാമങ്ങളുടെ ഉച്ചാരണം ഉണ്ടെങ്കിൽ കേൾക്കാമല്ലോ എന്നു കരുതി ചിലപ്പോൾ അയാളുടെ അമ്മ അവിടെ ചെല്ലാറുണ്ട്. പക്ഷെ ഉച്ചസമയത്തെ ഉറക്കത്തിലുള്ള രസം ഭക്തിരസത്തെ അധഃകരിക്കുകയാൽ മിക്കപ്പോഴും അവർ നിദ്രാദേവിയെ സമാരാധിക്കുകയായിരുന്നു പതിവ്.

ശരച്ചന്ദ്രൻ പലപ്പോഴും നീലകണ്ഠനെ ചെവിതിരുമ്മി ശിക്ഷിക്കാറുണ്ടായിരുന്നു. എങ്കിലും നാടകക്കമ്പനിയിൽ താൻ അനുഭവിച്ച ശിക്ഷകൾ ഓർക്കുമ്പോൾ ഇതൊക്കെ കേവലം നിസ്സാരമായിട്ടേ ഗണിക്കാനുള്ളു എന്നായിരുന്നു അവന്റെ സമാധാനം. ഭൂമി ജലസ്ഥലങ്ങളാലെന്നപോലെ, മനുഷ്യജീവിതം, ആഘാതപ്രഹരങ്ങളാൽ സങ്കീർണ്ണമാണെന്നും അതിൽ അധികാംശവും ദുഃഘരമാണെന്നും അവന്റെ ചുരുങ്ങിയ ആയുഷ്കാലത്തിന്നിടയിൽ അവൻ മനസ്സിലാക്കി.

നീലകണ്ഠന്റെ വയസ്സുമതിക്കുന്നതു ഒട്ടും എളുപ്പമായിരുന്നില്ല. മുഖത്തുനോക്കിയാൽ വയസ്സു പതിനാലോ പതിനഞ്ചോ അല്ലെന്നും പതിനേഴോ പതിനെട്ടോ ആയിട്ടില്ലെന്നും തോന്നും. അവൻ ഒന്നുകിൽ ബാലദശയിൽ തന്നെ യൌവ്വനയുക്തനായി, അല്ലെങ്കിൽ പ്രായം ചെന്നിട്ടും കുട്ടിസ്വഭാവം വിട്ടിരുന്നില്ല. അഥവാ നന്നേ ചെറുപ്പം മുതൽക്കേ നാടകത്തിൽചേർന്ന രാധ, ദമയന്തി, സീത എന്നിങ്ങനെ ചില സ്ത്രീവേഷങ്ങൾ കെട്ടിയാടിയ

ളു നിമിത്തം തന്റെ മാനേജരുടെ ഇഷ്ടം അനുസരിച്ചു് ഇത്തരം വളർച്ചയും ആകൃതിയും അവന്നു ദൈവം കല്പിച്ചുകൂട്ടി നൽകിയതായിരിക്കുമോ എന്നും ഊഹിക്കാം.

നീലകണ്ഠന്റെ ആകൃതിയുടെ ചെറുപ്പവും താൻ എളിയവനാണെന്നു അവന്നു അന്നേയുണ്ടായിരുന്ന ബോധവും നിമിത്തം തന്റെ പ്രായത്തിനൊത്ത ബഹുമാനം ലഭിക്കുവാൻ അവന്നു സാധിച്ചില്ല. പ്രകൃതിസിദ്ധമായും അല്ലാതേയും ഉള്ള കാരണങ്ങളുടെ സംയോഗത്താൽ, അവൻ ചിലപ്പോൾ പതിനേഴു വയസ്സിനൊത്ത ബുദ്ധിവികാസമില്ലാത്തവനാണെന്നും, മററു ചിലപ്പോൾ പതിന്നാലു വയസ്സുള്ള കുട്ടികൾക്കുണ്ടാകേണ്ടതിൽ എത്രയോ അധികം ലോകപരിചയമുള്ളവനാണെന്നും ആളുകൾക്കു ഭിന്നാഭിപ്രായങ്ങളെ ഉളവാക്കി. മുഖത്തു ഒരൊററ രോമമെങ്കിലും ഇല്ലെന്നവസ്തുത ഈ വ്യാമോഹത്തെ വർദ്ധിപ്പിച്ചതേയുള്ളു. ചുരുട്ടുവലിയുടെ ഫലമായോ, അതല്ല തന്റെ ചെറുപ്രായത്തിന്നു യോജിക്കാത്ത സംസാരത്തിൽ ഏർപ്പെടുകയാലോ അവന്റെ ചുണ്ടുകളിൽ ആവിർഭവിച്ച ചില രേഖകൾ അവനിൽ പ്രായാധിക്യശങ്കയെ ജനിപ്പിച്ചു. അവന്റെ നേത്രോല്പലങ്ങളിൽ പ്രകാശിച്ചിരുന്നതു നിഷ്കാപട്യവും ബാല്യവുമാണു താനും. അവന്റെ ഹൃദയം ചെറുപ്പമായി തന്നെയിരുന്നു. പ്രസിദ്ധിയുടെ പ്രചണ്ഡതന്നിമിത്തം അവന്റെ ബാഹ്യപ്രകൃതി അകാലമായി പക്വസ്ഥിതിയെ പ്രാപിച്ചതായിരിക്കാമെന്നാണ് എനിക്കു തോന്നുന്നതു്.

ശരച്ചന്ദ്രന്റെ പ്രശാന്തരമ്യമായ ഗൃഹത്തിലും ആരാമത്തിലും പ്രകൃതിദേവി യാതൊരു തടസ്ഥവും കൂടാതെ കളിയാടിക്കൊണ്ടിരുന്നു. ഇതേവരെ നീലകണ്ഠന്റെ ജീവിതം ഒരു കൃത്രിമമായ യുവദശയിലായിരുന്നു സ്ഥിതിചെയ്തിരുന്നതു്. ഇപ്പോൾ ആ ഘട്ടത്തെ എളുപ്പത്തിൽ തരണം ചെയ്‌വാൻ അവന്നു അവസരം കിട്ടി. അവന്റെ വയസ്സു പതിനേഴാകട്ടേ പതിനെട്ടാകട്ടേ അതു ശരിയാംവണ്ണം പ്രകാശിച്ചു. ഈ പരിണാമം ആർക്കും കണ്ടറിയുവാൻ സാധിച്ചില്ല. എങ്കിലും കിരണ അവനോടു ഒരു കുട്ടിയോടെന്നപോലെ പെരുമാറുമ്പോൾ അവന്നു ലജ്ജ തോന്നിത്തുടങ്ങി. ഇ

തായിരുന്നു ആ മാററത്തിന്റെ ആദ്യലക്ഷണം. ഒരു തോഴിയുടെ വേഷം കെട്ടിയാടേണമെന്നു ഒരുദിവസം കിരണ ആവശ്യപ്പെട്ടപ്പോൾ അവന്നു് സ്ത്രീവേഷം ധരിക്കാനുള്ള വല്ലായ്മ ഇത്രയായിരുന്നുവെന്നു വിവരിപ്പാൻ പ്രയാസം. അതിന്നുശേഷം അവൾ ഇങ്ങനെ വല്ല ആവശ്യത്തിന്നും അവനെ വിളിക്കാൻ ആളയച്ചാൽ എവിടെയെങ്കിലും ഒളിഞ്ഞിരിക്കുകയായിരുന്നു അവന്റെ സമ്പ്രദായം.

താൻ ഇപ്പോഴും കേവലം ഒരു ബാലൻതന്നെ ആയിരുന്നു എന്ന കഥ നീലകണ്ഠൻ ഓൎത്തതേയില്ല. ശരച്ചന്ദ്രന്റെ കാൎയ്യസ്ഥനിൽനിന്നു് അവൻ വിദ്യയഭ്യസിക്കാൻ ഉറച്ചു. പക്ഷെ തന്റെ യജമാനന്റെ ഭാൎയ്യക്കു അവനെ വളരെ പ്രിയമായിരുന്നതുകൊണ്ടു അയാൾക്കു് അവനെപ്പററി വളരെ വെറുപ്പുതോന്നി. പോരെങ്കിൽ അവന്റെ അസ്വസ്ഥസ്വഭാവം നിമിത്തം അവന്നു അധികനേരം മനസ്സിനെ ഒരേ വിഷയത്തിൽ നിൎത്തുവാനും സാധിച്ചില്ല. അചിരേണ അക്ഷരാവലി അവന്റെ കണ്ണിന്മുമ്പാകെ നൃത്തം ചെയ്യുന്നതായി തോന്നി. ചിലപ്പോൾ അവൻ എന്തെങ്കിലും ഒരു പുസ്തകം മടിയിൽ മലൎത്തിവെച്ചുകൊണ്ടു ഗംഗാതീരത്തിലെ ചമ്പകക്കാട്ടിൽ ചെന്നിരിക്കും. ഗംഗാതരംഗങ്ങൾ മൎമ്മരസ്വരം പുറപ്പെടുവിക്കുകയും തോണികൾ അങ്ങുമിങ്ങുമായി സഞ്ചരിക്കുകയും പക്ഷിസമൂഹം അസ്വസ്ഥതയോടെ പറക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്നിടയിൽ പുസ്തകത്തിൽ നോക്കിയിരിക്കുന്ന ആ യുവാവിന്റെ മനസ്സിൽ എന്തൊക്കെ വിചാരങ്ങളാണു് ആവിർഭവിക്കാറുള്ളതെന്നു ആൎക്കെങ്കിലും അറിയാമെങ്കിൽ അതു അവന്നു മാത്രമാണു്. ഒരു വാക്കുവിട്ടു മറെറാരു വാക്കിലേക്കു പോകാനുള്ള സാമൎത്ഥ്യം അവന്നു തീരെ ഇല്ലതന്നെ. പക്ഷെ താൻ ഒരു പുസ്തകവായനയിൽ ഏൎപ്പെട്ടിരിക്കുകയാണെന്ന ഉൽകൃഷ്ടവിചാരം അവന്റെ ഹൃദയത്തെ പരമാനന്ദതുന്ദിലമാക്കി. ഏതെങ്കിലും ഒരു തോണി അടുത്തുകൂടി കടന്നുപോകുന്നുണ്ടെന്നു കണ്ടാൽ ഉടനെ പുസ്തകം ഉയൎത്തിപ്പിടിച്ചു്, വായിക്കുകയാണെന്ന ഭാവത്തിൽ ഉച്ചത്തിൽ ചിലതെല്ലാം ജല്പിച്ചുതുടങ്ങും. കേൾക്കാൻ ആളുകൾ ഇല്ലെന്നുകണ്ടാൽ ഈ ഉത്സാഹമെല്ലാം ശമിക്കുകയും ചെയ്യും.

പണ്ടു യാതൊരാലോചനയും കൂടാതെ സ്വയമേവ പാടിരസിച്ചിരുന്ന ഗാനങ്ങൾ ഇപ്പോൾ അവന്റെ മനസ്സിൽ ചില പ്രത്യേക വികാരങ്ങളെ ജനിപ്പിച്ചു. അത്ഥഗാംഭീൎയ്യമോ പ്രൌഢിയോ ഇല്ലാതെ കേവലം അനുപ്രാസഭൂയിഷ്ഠമായിരുന്ന ആ ഗീതങ്ങളിലെ അല്പസാരം ഗ്രഹിപ്പാൻപോലും അവൻ ശക്തനായിരുന്നില്ല. എങ്കിലും അവ പാടുന്ന അവസരത്തിൽ അവൻ ഇഹലോകത്തിൽനിന്നു എത്രയോ ഉപരിയായ ഒരു ദിക്കിലേക്കു ഉന്നമനം ചെയ്യപ്പെട്ടവനെന്നപോലെ ഭാവിച്ചു. ചിരപരിചിതമായ ഈ ലോകവും അവന്റെ അധന്യമായ ജീവിതക്രേടിയും അവന്റെ ദൃഷ്ടിയിൽ സംഗീതസാന്ദ്രമായി പരിണമിച്ചു. രാജകുമാരിയുടേയും ഹംസത്തിന്റേയും കഥ അവന്റെ മനോദർപ്പണത്തിൽ അനിതരസാധാരണമായ സൌഭാഗ്യത്തോടുകൂടി പ്രതിബിംബിച്ചു. അവന്റെ അപ്പോഴത്തെ സ്ഥിതി എന്തായിട്ടാണു് അവൻ സങ്കല്പിച്ചതെന്നു പറവാൻ സാദ്ധ്യമല്ല. എങ്കിലും ആ സമയത്തൊക്കെ നാടകസംഘത്തിലെ അനാഥബാലന്റെ സ്മരണ അവന്റെ അന്തരംഗത്തിൽ നാമാവശേഷമാകാറുണ്ടെന്നു തീർച്ചയാണു്.

ഒരു ദരിദ്രക്കുടിലിലെ കുട്ടി രാത്രിയിൽ ചള്ളിപുരണ്ടു വിശന്നു വലഞ്ഞു തന്റെ പായക്കഷണത്തിൽ കിടന്നു വിശ്രമിക്കുന്ന അവസരത്തിൽ രാജകുമാരന്മാരെയും രാജകുമാരികളെയും അവരുടെ നിസ്സീമമായ ധനത്തെയും പററിയുള്ള ഓരോ കഥകൾ കേൾക്കുമ്പോൾ അവന്റെ ബാലമനസ്സ് ദാരിദ്ര്യദുഃഖശൃംഖലകളിൽനിന്നു വേറിട്ടു്, യാതൊരു പ്രതിബന്ധവുംകൂടാതെ നൂതനമായ സൌഭാഗ്യവും, പ്രകാശമാനമായ വസ്ത്രാഡംബരവും നിറഞ്ഞു യാതൊന്നിനും ദുർഭിക്ഷമില്ലാത്ത ഒരു ഗന്ധർവ്വനഗരത്തിൽ സഞ്ചരിക്കുന്നതുപോലെതന്നെ, നാടകക്കമ്പനിയിൽ ചെട്ടുഴന്നരുന്ന ഈ ബാലൻ തന്റെ സംഗീതമാധുരിയിൽ ലയിച്ചിരിക്കുമ്പോൾ അവന്റെ ജീവിതവും ലോകവും ഒരു നൂതനസ്വഭാവത്തെ പ്രാപിച്ചതായി സങ്കല്പിക്കുന്നതിൽ എന്താണത്ഭുതം? ചലിക്കുന്ന ഇലകളും കൂകുന്ന പക്ഷികളും; അശരണനും ദുർഭഗനും ആയ തനിക്കു സങ്കേതം നൽകിയ ദേവിയും, ആ ദേവിയുടെ പ്രസന്നകോമളമായ വദനാരവിന്ദവും കങ്കണാലംകൃതങ്ങ

ളായ കരവല്ലരികളും, പല്ലവാരുണമായ ചരണയുഗളവും—ഇതെല്ലാം എന്തോ മന്ത്രശക്തിയാലെന്നപോലെ അവൻെറ സംഗീതമാധുരിയിൽ ലയിച്ചു. ഗാനം അവസാനിച്ചപ്പോൾ ഈ മൃഗതൃഷ്ണയും മറഞ്ഞുപോയി. അതോടുകൂടെ നാടകക്കാരനായ നീലകണ്ഠനും തിരിച്ചുവന്നു.

മാവിൻതോട്ടം കൊള്ളചെയ്തതിനെപ്പററി അയൽപക്കക്കാരൻ ആക്ഷേപിച്ചിരുന്നതിനാൽ, ശരച്ചന്ദ്രൻ വീട്ടിൽ എത്തിയ ഉടനെ നീലകണ്ഠൻെറ ചെവിതിരുമ്മി ശിക്ഷിച്ചു. ഗ്രാമത്തിലെ ചെറുക്കന്മാരുടെ നായകനായ നീലകണ്ഠനുണ്ടോ ഇതുകൊണ്ടെല്ലാം അടങ്ങുന്നു? വെള്ളത്തിലും കരയിലും കരയ്ക്കു മേലേയുള്ള കൊമ്പുകളിലും എന്തെല്ലാം കുസൃതികൾ കാട്ടുവാൻ കഴിയുമോ അതൊക്കെ നീലകണ്ഠൻ പിന്നെയും കാണിച്ചുപോന്നു.

നീലകണ്ഠൻ ഈ ഗൃഹത്തിൽ പ്രവേശിച്ചു കുറച്ചുനാൾ കഴിയുമ്പോഴേയ്ക്കു ശരച്ചന്ദ്രൻെറ അനുജൻ സതീശൻ കോളേജുപൂട്ടി മദ്ധ്യവേനൽ കല്പനാകാലം കഴിക്കുവാൻ അവിടെ എത്തിയിരുന്നു. ഈ ആഗമനം കിരണയ്ക്കു് പ്രത്യേക സന്തോഷത്തിന്നു കാരണമായി. അവനും കിരണയും തുല്യപ്രായത്തിലുള്ളവരായിരുന്നതിനാൽ കളിയും നേരമ്പോക്കും പിണക്കവും ഇണക്കവും ചിരിയും കരച്ചിലും ആയി സമയം പോക്കുവാൻ ധാരാളം സൌകര്യമുണ്ടായി. അവൾ ചിലപ്പോൾ പിമ്പിൽക്കൂടി ചെന്നു് 'മയിലാഞ്ചി'യിട്ട കൈകൾകൊണ്ടു അവൻെറ കണ്ണുരണ്ടും പൊത്തും. അല്ലെങ്കിൽ അവൻെറ പുറത്തു 'കുരങ്ങൻ' എന്നു് എഴുതിവെയ്ക്കും. സതീശനെ മുറിയ്ക്കുള്ളിലാക്കി പുറത്തുനിന്നു വാതിലടയ്ക്കുന്നതായിരുന്നു വേറൊരുവിനോദം. സതീശനും അവളെ വെറുതെ വിട്ടിരുന്നില്ല. അവളുടെ താക്കോൽക്കൂട്ടവും മോതിരവും ഒളിച്ചുവയ്ക്കുക; അവളുടെ വെററിലച്ചുരുളുകളിൽ കുരുമുളകുമണികൾ തിരുകിവെയ്ക്കുക; അവൾ അറിയാതെ അവളുടെ തലമുടി കട്ടിലോടു പിടിച്ചുകെട്ടുക; ഇതൊക്കെയായിരുന്നു സതീശൻ പ്രയോഗിച്ച പൊടിക്കൈകൾ.

ഇക്കാലത്തു് നീലകണ്ഠന്നു് എന്തൊരുമാററമാണ് വന്നുചേർന്നതെന്നു ഈശ്വരന്നുമാത്രം അറിയാം. ഘോരമായ ഒരു പ്രതിജ്ഞ

ശല്യാവേശമേറ്റമാതിരി ഒരു കക്കശത്വം അവനെ ബാധിച്ചു. യാതൊരു കാരണവും കാണാതെ അവൻ തന്റെ ഭൃത്യപരിവാരങ്ങളെ പ്രഹരിച്ച് നിലവിളിപ്പിച്ചു. തന്റെ വൃത്തികെട്ട പട്ടിയുടെ മുരൾച്ച ആകാശത്തിൽ മുഴങ്ങുംവരെ അവൻ ചിലപ്പോൾ അതിനെ പ്രഹരിച്ചു. പുറത്തേയ്ക്കു നടക്കാൻപോയാൽ വഴിയ്ക്കുള്ള ചെടികളെല്ലാം ചൂരൽകൊണ്ടടിച്ചു ഇലയും കൊമ്പും വഴിയിൽ കൊഴിച്ചിട്ടു.

ആളുകൾ നല്ലപോലെ തിന്നുന്നതു കാണ്മാൻ കിരണയ്ക്കു വളരെ പ്രിയമാണ്. തിന്നുന്ന കാര്യത്തിൽ നീലകണ്ഠൻ നല്ല മിടുക്കനുമായിരുന്നു. നല്ല സാധനം എത്ര പ്രാവശ്യം കൊടുത്താലും വേണ്ടെന്നു പറയുന്ന സമ്പ്രദായം അവനില്ല. ഈ ബ്രാഹ്മണയുവാവ് മൃഷ്ടാന്നം ഭക്ഷിക്കുന്നതു കാണ്മാനുള്ള കൌതുകംനിമിത്തം കിരണ അവനെ തന്റെ മുറിയിലേയ്ക്കു വിളിച്ചു പലതരം പലഹാരങ്ങളും വിളമ്പിക്കൊടുക്കുക പതിവായിരുന്നു. പക്ഷെ സതീശൻ വന്നതിൽപിന്നെ, ഇതിനൊന്നും സമയമില്ലാതിരുന്നതിനാൽ നീലകണ്ഠന്റെ ഊണ് ഏകാന്തതയിൽ കഴിക്കേണ്ടിവന്നു, പണ്ടാണെങ്കിൽ കിരണയുടെ അസാന്നിദ്ധ്യം അവൻ അത്ര ഗണ്യമാക്കുകയില്ലായിരുന്നു, എന്തുതന്നെ ആയാലും തനിക്കുകിട്ടിയ പാൽ മുഴുവനും കഴിച്ചല്ലാതെ അവൻ എഴുന്നേൽക്കുകതന്നെ പതിവില്ല. പക്ഷെ ഇയ്യിടെയായി കിരണ അടുത്തുണ്ടെങ്കിലല്ലാതെ യാതൊന്നും കഴിക്കാൻ അവന്നു സുഖമില്ലെന്നായി. കുറച്ചുവല്ലതും കഴിച്ചു 'എനിക്കു വിശപ്പില്ല' എന്നു വിളമ്പുന്ന ദാസിയോടു ഉടറിപ്പറഞ്ഞുകൊണ്ട് അവൻ എണീറ്റുപോകും. ഇങ്ങിനെ കൂടക്കൂടെ 'വിശപ്പില്ലെ'ന്നു പറയുന്നതു കിരണ കേൾക്കാതിരിക്കില്ലെന്നും അവൾ അതു കേട്ടാൽ തന്നെ വിളിച്ചുവരുത്തി ഊണുകഴിപ്പാൻ നിർബന്ധിക്കുമെന്നും മറ്റും ആ സാധു വിചാരിച്ചു. പക്ഷെ അതെല്ലാം വൃഥാവിലായി. ഈ കഥയൊന്നും കിരണ അറിയുകയാകട്ടെ, അവനെ ആളയച്ചു വരുത്തുകയാകട്ടെ ചെയ്തില്ല. അവന്റെ പാത്രത്തിൽ ശേഷിച്ചതെല്ലാം ദാസി ഭക്ഷിച്ചു. ഊണു കഴിഞ്ഞ ഉടനെ നീലകണ്ഠൻ മുറിയ്ക്കുള്ളിൽ ചെന്നു വിളക്കണച്ചു ഇരുട്ടിൽ കിടന്നു കരഞ്ഞും തുടങ്ങും. എന്താണ് അവന്റെ ദുഃഖകാരണം? ആരാണ് അതിന്നുത്തരവാദി? ആരിൽ നിന്നാണ് അ

വൻ പരിഹാരത്തെ പ്രതീക്ഷിക്കുന്നതു്? ഒടുവിൽ, ആരും ആശ്രയമില്ലെന്നു കണ്ടപ്പോൾ നിദ്രാദേവി അമ്മയില്ലാത്ത ആ ബാലന്റെ ഖിന്നഹൃദയത്തെ പ്രേമപുരസ്സരം സമാശ്വസിപ്പിച്ചു.

സതീശനാണ് കിരണയുടെ ഹൃദയത്തെ തന്നിൽനിന്നു വേർപെടുത്തുന്നതെന്ന വിശ്വാസം നീലകണ്ഠന്റെ മനസ്സിൽ ക്രമേണ വേരൂന്നി. കിരണ വല്ലപ്പോഴും പതിവുപോലെ മന്ദസ്മിതം തൂകാതെ അശ്രദ്ധ കാണിക്കുന്നതുകണ്ടാൽ, അതു സതീശന്റെ കൌശലപ്രയോഗത്താൽ അവൾക്കു തന്നിൽ അങ്കുരിച്ച കോപംനിമിത്തമാണെന്നു അവൻ ഉടനെ തീർച്ചപ്പെടുത്തും. ഇനിയത്തെ ജന്മത്തിൽ അവൻ സതീശനായും സതീശൻ അവനായും ജനിക്കേണമേ എന്നു അവൻ വൈരജനിതമായ ഭക്തിയോടുകൂടി നിരന്തരം പ്രാർത്ഥിച്ചുംകൊണ്ടിരുന്നു. ബ്രാഹ്മണശാപം ഫലിക്കാതിരിക്കില്ലെന്നായിരുന്നു അവന്റെ ദൃഢവിശ്വാസം. സതീശനെ തന്റെ ശാപാഗ്നിയിൽ ഭസ്മീകരിക്കുവാനുള്ള മോഹം വർദ്ധിക്കുന്തോറും ആ ബ്രാഹ്മണകുമാരന്റെ ഹൃദയവും മാത്സര്യാഗ്നിയിൽ തപിച്ചുതുടങ്ങി. ആ സമയം മാളികയിൽനിന്നു സതീശനും ജ്യേഷ്ഠത്തിഅമ്മയും തമ്മിൽ കളിയും ചിരിയും പൊടിപാറുന്നുണ്ടായിരിക്കും!

സതീശനോടുള്ള വൈരത്തെ നീലകണ്ഠൻ പ്രത്യക്ഷത്തിൽ പ്രദർശിപ്പിച്ചില്ല. പക്ഷെ തരം കിട്ടുമ്പോഴെല്ലാം അയാളെ ഉപദ്രവിക്കുന്നതിൽ അവൻ ബദ്ധശ്രദ്ധനായിരുന്നു. സോപ്പു കരയ്ക്കുവെച്ചു് സതീശൻ പുഴയിൽ കുറച്ചുദൂരം നീന്താൻ പോയെന്നു വരട്ടെ, മടങ്ങിവരുമ്പോൾ അവിടെ സോപ്പ് കാണുകയില്ല. ഒരിക്കൽ തന്റെ ഒരു പ്രിയപ്പെട്ട കുപ്പായം പുഴയിൽക്കൂടെ ഒഴുകിപ്പോകുന്നതു സതീശനു കാണ്മാനിടയായി. കാററത്തു പറന്നുപോയതായിരിക്കാമെന്നായിരുന്നു അയാളുടെ വിശ്വാസം.

സതീശന്റെ വിനോദാർത്ഥം നീലകണ്ഠനെക്കൊണ്ടു വല്ലതും പാടിക്കേണമെന്നു ഒരുദിവസം കിരണ തീർച്ചപ്പെടുത്തി അവനെ വിളിക്കാൻ ആളയച്ചു. പക്ഷെ അവൻ മുഖം വീർപ്പിച്ചു മൌനഭാവത്തിൽ നിന്നതേയുള്ളു. എന്താണിതിനു കാരണമെന്നു ചോ

ദിച്ചപ്പോൾ യാതൊരു മറുപടിയും കിട്ടിയില്ല. അവൾക്കു പ്രത്യേക പ്രതിപത്തിയുള്ള ചില പാട്ടുകൾ പാടിയേ കഴിയൂ എന്നു വീണ്ടും നിർബന്ധിച്ചപ്പോൾ "എനിക്കു അതോർമ്മയില്ല" എന്നു മറുപടി പറഞ്ഞു അവൻ അവിടെനിന്നു ഓടിക്കളഞ്ഞു.

ഒടുവിൽ അവർ സ്വഗൃഹത്തിലേക്കു മടങ്ങേണ്ടുന്ന കാലമായി. എല്ലാവരും ഒരുക്കം കൂട്ടിത്തുടങ്ങി. സതീശനും യാത്രയുണ്ടായിരുന്നു. നീലകണ്ഠനോടുമാത്രം യാതൊരാളും ഒന്നും പറഞ്ഞില്ല. അവൻ പോവുകയോ പോകാതിരിക്കുകയോ എന്തു ചെയ്താലും ആർക്കും ചേതമില്ലെന്ന പാകത്തിലായി.

വാസ്തവത്തിൽ നീലകണ്ഠനെപ്പററി സംസാരമുണ്ടായിരുന്നു, അവനെയും കൂടെ കൊണ്ടുപോകേണമെന്നായിരുന്നു കിരണയുടെ പിടുത്തം. പക്ഷെ ഭർത്താവും അദ്ദേഹത്തിൻെറ അമ്മയും അനുജനും ഒരുപോലെ വിരോധിക്കുകയാൽ ആ വിഷയത്തെക്കുറിച്ചു മർക്കടമുഷ്ടി വേണ്ടെന്നുവെച്ചു. യാത്രയ്ക്കു നിശ്ചയിച്ച ദിവസത്തിന്നു രണ്ടുനാൾമുമ്പ് കിരണ ആ ബാലനെ വരുത്തി നല്ലവാക്കു പറഞ്ഞ് അവനോടു സ്വഗൃഹത്തിലേക്കു പൊയ്ക്കൊൾവാൻ ഉപദേശിച്ചു.

എത്രയോ കാലമായി കിരണയുടെ വാത്സല്യപ്രകടനത്തിന്നു വിഷയീഭവിച്ചിരുന്നില്ലാത്ത നീലകണ്ഠന്ന് ഈ കാരുണ്യപ്രകടനം സഹിക്കാൻ കഴിയായ്കയാൽ അവൻ പൊട്ടിക്കരഞ്ഞുപോയി. കിരണയുടെ കണ്ണിലും വെള്ളം നിറഞ്ഞു. എന്നെന്നും നിലനിർത്താൻ സാധിക്കാത്ത ഒരു സ്നേഹബന്ധത്തെ ഉല്പാദിപ്പിച്ചതിൽ അവൾക്ക് അതിയായ പശ്ചാത്താപമുണ്ടായി.

പക്ഷെ, സതീശന്ന് ഈ കുട്ടിയുടെ കരച്ചിൽ കണ്ടപ്പോൾ വലിയ ദേഷ്യമാണുണ്ടായത്. "എന്തിനാണ് ഈ വിഡ്ഢി ഇങ്ങിനെ കലശൽ കൂട്ടുന്നത്? വല്ലതും സംസാരിക്കാനുണ്ടെങ്കിൽ വായതുറന്നു പറയരുതോ?" എന്നു അയാൾ ചോദിച്ചു. അയാളുടെ നിർദ്ദയത്വത്തെപ്പററി കിരണ ആക്ഷേപിച്ചപ്പോൾ സതീശൻെറ മറുപടി ഇതായിരുന്നു. "ജ്യേഷ്ഠത്തി! നിങ്ങൾക്ക് കാര്യം മ

നസ്സിലായിട്ടില്ല. ലോകത്തിലുള്ളവരൊക്കെ നല്ലവരാണെന്നാണ് ജ്യേഷ്ഠത്തിയുടെ വിചാരം. എവിടുന്നോ (ഈശ്വരനറിയാം എവിടുന്നാണെന്ന്) ചാടിവന്ന ഈ ചെറുക്കനെ നിങ്ങൾ വീട്ടിൽ വിളിച്ചുവരുത്തി രാജപദവിയിൽ സൽക്കരിക്കുന്നു. പൂചിയുണ്ടോ എലിയാവാൻ ഇഷ്ടപ്പെടുന്നു? ജ്യേഷ്ഠത്തിയുടെ മനസ്സിളകാൻ ഒന്നുരണ്ടു കണ്ണീർത്തുള്ളി ചിലവാക്കിയാൽ മതിയെന്ന് അവൻ മനസ്സിലാക്കീട്ടുണ്ട്."

നീലകണ്ഠൻ പിന്നീടു ആ മുറിയ്ക്കുള്ളിൽ നിൽക്കാതെ പുറത്തേയ്ക്കുപോയി. "താൻ ഒരു കത്തിയായിരുന്നെങ്കിൽ സതീശനെ കഷ്ണംകഷ്ണമായി നുറുക്കിക്കളയുമായിരുന്നു! ഒരു സൂചിയായിരുന്നെങ്കിൽ അയാളെ നഖശിഖാന്തം കുത്തിത്തുളയ്ക്കുമായിരുന്നു! തീയായിരുന്നെങ്കിൽ അയാളെ ഭസ്മീകരിക്കുമായിരുന്നു!" എന്നൊക്കെ നീലകണ്ഠൻ വിചാരിച്ചു. പക്ഷേ സതീശൻ ഭസ്മമാകുന്നതിനു പകരം അയാൾക്കു് കുറച്ചെങ്കിലും പൊള്ളുകപോലും ഉണ്ടായില്ല. നേരെമറിച്ച് നീലകണ്ഠന്റെ ഹൃദയം അധികമധികമായി തപിച്ചുകൊണ്ടുമിരുന്നു.

സതീശൻ കൽക്കത്തയിൽനിന്നു ഒരു വിശേഷപ്പെട്ട മഷിക്കുപ്പി കൊണ്ടുവന്നിട്ടുണ്ടായിരുന്നു. മുത്തുച്ചിപ്പി കൊണ്ടുള്ള ഒരു ചെറുതോണിക്കുള്ളിലായിരുന്നു മഷിക്കുപ്പി നിർത്തിയിരുന്നതു്. ആ തോണിയുടെ ഒരററത്തു് വെള്ളികൊണ്ടു് ഒരു ഹംസവും അതിന്റെ കൊക്കിൽ ഒരു തൂവലും വെച്ചിട്ടുണ്ടായിരുന്നു. സതീശന്നു് വളരെ പ്രിയപ്പെട്ടതായിരുന്ന ആ കുപ്പി അയാൾ ദിവസേന ഒരു പഴയ പട്ടുറുമാൽകൊണ്ടു് തുടച്ചുവെയ്ക്കുക പതിവാണ്. കിരണ ചില നേരമ്പോക്കുപാട്ടുകൾ പാടിക്കൊണ്ടു് ഹംസത്തിന്റെ കൊക്കിൽതട്ടി സതീശനെ കളിയാക്കുകയും അവർ തമ്മിൽ കലഹിക്കുകയും ചെയ്യാറുണ്ടായിരുന്നു.

അവർ പുറപ്പെടുന്നതിന്നു തലേദിവസം മഷിക്കുപ്പി കാണാതായി. അനുജന്റെ ഹംസം ദമയന്തിയെ കാണാൻ പോയിരിക്കയാണെന്നു് കിരണ പരിഹസിച്ചു.

സതീശന്നു ബഹുദേഷ്യമായി. നീലകണ്ഠനാണ്, മഷിക്കുപ്പികട്ട കള്ളനെന്നു അയാൾ ഖണ്ഡിച്ചുപറഞ്ഞു. തരലന

രാത്രി നീലകണ്ഠൻ ആ മുറിയ്ക്കുള്ളിൽ തെണ്ടിനടക്കുന്നതു് പലരും കണ്ടിരുന്നപ്പോൾ. കുററക്കാരനെ വിളിച്ചുവരുത്തി കിരണയുടെ മുമ്പാകെ സതീശൻ ചോദ്യംതുടങ്ങി. "കള്ള! നീയല്ലേ എന്റെ മഷിക്കുപ്പി കട്ടതു്? അതു് ഉടനെ ഇവിടേ കൊണ്ടുവന്നാൽ നിനക്കു നന്നു്." ശരച്ചന്ദ്രന്റെ ശിക്ഷ ന്യായമായാലും അന്യായമായാലും നീലകണ്ഠൻ ക്ഷമയോടെ സഹിക്കാറുണ്ടു്. പക്ഷേ കിരണയുടെ മുമ്പാകെ സതീശൻ തന്നെ കള്ളനെന്നു വിളിച്ചപ്പോൾ അവന്റെ കണ്ണുകൾ കോപാരുണമായി, മാറിടം തുടിച്ചു്, തൊണ്ടയിടറി, സതീശനിൽ നിന്നു് ഇനിയൊരക്ഷരം പുറപ്പെട്ടാൽ അവൻ കാട്ടുപൂച്ചയെപ്പോലെ അയാളുടെ മേൽ ചാടിവീണു് പരുക്കേല്പിക്കും എന്ന ഘട്ടത്തിലായി.

ഈ കാഴ്ച കിരണയ്ക്കു് കേവലം ദുസ്സഹമായിരുന്നു. നീലകണ്ഠനെ വേറൊരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി അവളുടെ സഹജമായ ലോലസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു. "നീലു! ആ മഷിക്കുപ്പി എടുത്തിട്ടുണ്ടെങ്കിൽ എനിക്കുതന്നേയ്ക്കു. ആരും അറിയണ്ട. ആരും ആക്ഷേപിക്കുകയുമില്ല." ആ ബാലന്റെ കവിൾത്തടത്തിൽക്കൂടി അശ്രുകണങ്ങൾ ചാടിത്തുടങ്ങി; മുഖം കൈകൊണ്ടു മറച്ചു് കലശലായി നിലവിളിച്ചു. ആ മുറിയിൽനിന്നു തിരിച്ചുവന്നു കിരണ നീലകണ്ഠന്റെ നിരപരാധിത്വത്തെപ്പററി വാദിച്ചുവെങ്കിലും അവളുടെ ഭർത്താവിനാകട്ടെ സതീശനാകട്ടെ അതു തീരെ വിശ്വാസമായില്ല. "നീലകണ്ഠനല്ല കട്ടതു്; ഒരിക്കലും അല്ല" എന്നു കിരണ വീണ്ടും പറഞ്ഞു. ശരച്ചന്ദ്രനു ആ ബാലനെ വരുത്തി ഒന്നു വിസ്തരിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷെ കിരണ അതിന്നനുവദിച്ചില്ല. എന്നാൽ അവന്റെ മുറിയും പെട്ടിയും പരിശോധിക്കേണമെന്നായി. "നിങ്ങൾ അങ്ങിനെ ചെയ്യുന്നതു ഞാൻ ഒരുകാലത്തും സമ്മതിക്കയില്ല. നിരപരാധിയായ ആ കുട്ടിയെ ഇങ്ങിനെ സംശയിക്കുന്നതു ശരിയല്ല" എന്നു കിരണ വീണ്ടും വാദിച്ചു. ആ സമയത്തു കിരണയുടെ കണ്ണിൽ വെള്ളം നിറഞ്ഞുകണ്ടതിനാൽ, കുററാന്വേഷണം അവിടെ നിർത്താമെന്നുറച്ചു. പിന്നീടു നീലകണ്ഠനു് യാതൊരുപദ്രവവുംകൂടാതെ കഴിഞ്ഞു.

നിരാശ്രയനായ ഒരു കുട്ടിയുടെ നേരെ അവർ കാണിക്കാനുദ്ദേശിച്ച നിർദ്ദയത്വത്തെപ്പററി കിരണയ്ക്ക് അതിയായ അനുകമ്പയുണ്ടായി. രണ്ടു പുതിയ കുപ്പായങ്ങളും ഒരു ജോഡ് ചെരിപ്പും ഒരു ബാങ്ക്നോട്ടും എടുത്തുകൊണ്ടു അവൾ നീലകണ്ഠന്റെ മുറിയിൽ ചെന്നു. അവൻ കാണാതെ ഈ മൂന്നു സാധനങ്ങളും അവന്റെ പെട്ടിയിൽ വെയ്ക്കണമെന്നായിരുന്നു അവളുടെ ഉദ്ദേശം. ആ പെട്ടിയും അവളുടെ സമ്മാനമായിരുന്നു.

തന്റെ താക്കോൽക്കൂട്ടത്തിൽനിന്ന് ഒന്നെടുത്ത് ഒച്ചയില്ലാതെ അവൾ പെട്ടിയുറന്നു. അതിലെ സാമാനങ്ങൾ വാരിവലിച്ചിട്ടിരുന്നതിനാൽ ആ സാധനങ്ങൾ വെയ്ക്കാൻ സ്ഥലമില്ലായിരുന്നു. അതുകൊണ്ട് എല്ലാം ശരിയായി അടുക്കിവെയ്ക്കാമെന്നു കരുതി സാമാനങ്ങൾ പുറത്തെടുത്തിട്ടു. കത്തികൾ, പമ്പരങ്ങൾ, പട്ടം പറപ്പിക്കാനുള്ള സാധനങ്ങൾ, പച്ചമാങ്ങ നറുക്കിയിടാനുള്ള ചില ചിരട്ടകൾ, പൊളിഞ്ഞ ഗ്ലാസ്സുകളുടെ അടിക്കഷണങ്ങൾ, ഇങ്ങിനെ കുട്ടികൾക്ക് പ്രിയമുള്ള അനേകം സാമാനങ്ങൾ അതിൽ ഉണ്ടായിരുന്നു.

ഇവയുടെ അടിയിലായിരുന്നു മുഷിഞ്ഞതും മുഷിയാത്തതും ആയിരുന്ന ചില ശീലത്തരങ്ങൾ. ആ ശീലകളുടെ അടിയിൽ നിന്നതാ കാണാതെപോയ മഷിക്കുപ്പിയും അരയന്നവും എല്ലാം ഒന്നായി പുറത്തുചാടുന്നു.

കിരണയുടെ മുഖം തുടുത്തു. അത്ഭുതത്തോടും പരിഭ്രമത്തോടും കൂടെ മഷിക്കുപ്പിയും കയ്യിലെടുത്തു സ്തംഭിച്ചിരിപ്പായി:

ഇതിനിടയ്ക്ക് നീലകണ്ഠൻ പതുക്കെ കിരണയുടെ പിന്നിൽവന്നു നിൽക്കുന്നുണ്ടായിരുന്നു. അവൾ തന്റെ കള്ളത്തരം കണ്ടുപിടിക്കാൻ വന്നതായിരിക്കാമെന്നും കള്ളി പുറത്തായെന്നും അവൻ ഊഹിച്ചു. അവൻ വാസ്തവത്തിൽ കള്ളനല്ലെന്നും ഈ മഷിക്കുപ്പി എടുത്തത് സതീശനോടുള്ള പ്രതികാരേച്ഛ നിമിത്തമാണെന്നും പ്രഥമാവസരത്തിൽ അതിനെ പുഴയിൽ എറിഞ്ഞു നശിപ്പിക്കാനാണുദ്ദേശിച്ചിരുന്നതെന്നും അവൻ എങ്ങിനെയാണു അവളെ ധരിപ്പിക്കേണ്ടതു്? ആ കുപ്പി

പുഴയിൽ എറിഞ്ഞുകളയുന്നതിന്നു പകരം പെട്ടിയ്ക്കുള്ളിൽ വെച്ചതു് വലിയ വിഡ്ഢിത്തമായിപ്പോയി. "ഞാൻ കള്ളനല്ല, കള്ളനല്ല" എന്നു് അവന്റെ ഹൃദയം ഉഴറുന്നുണ്ടായിരുന്നു. പിന്നെ ആരാണവൻ? അവന്റെ സമാധാനമെന്താണു്? കട്ടതു് വാസ്തവമാണെങ്കിലും താൻ കള്ളനല്ലെന്നോ? കിരണയുടെ ഊഹം എത്രമാത്രം തെററായിട്ടുള്ളതാണെന്നു് അവളെ പറഞ്ഞു് ധരിപ്പിക്കാൻ അവന്നു സാധിച്ചില്ല. അവൾ തന്നെ മറന്നിന്നതിനെപ്പററിയാണു് അവന്നു് വിചാരിക്ക വയ്യാതിരുന്നതു്.

ഒടുവിൽ കിരണ ഒരു ദീർഘശ്വാസത്തോടുകൂടി മഷിക്കുപ്പി പെട്ടിക്കുള്ളിൽതന്നെ വെച്ചു്, താൻതന്നെയാണോ മോഷണം ചെയ്തവൾ എന്നു് തോന്നിക്കത്തക്ക സൂക്ഷ്മത്തോടുകൂടി അതിനെ തുണികൊണ്ടു മൂടി പണ്ടത്തെപ്പോലെയാക്കി. അതിന്നുമേലേ താൻ നീലകണ്ഠന്നു് കൊടുക്കാൻവേണ്ടി കൊണ്ടുവന്ന സമ്മാനങ്ങളും നോട്ടും നിക്ഷേപിച്ചു.

പിറേറദിവസം നീലകണ്ഠനെ കാണാനില്ല. ഗ്രാമക്കാർ ആരും അവനെ കണ്ടിരുന്നില്ല. പോലീസ്സുകാർക്കു് യാതൊരു തുമ്പും കിട്ടിയില്ല.

"പെട്ടിയിൽ എന്തൊക്കെയാണു സാമാനങ്ങൾ? നമുക്കൊന്നു പരിശോധിക്കാം.—ഒരു നേരമ്പോക്കല്ലേ? എന്നു് ശരച്ചന്ദ്രൻ അഭിപ്രായപ്പെട്ടു. പക്ഷെ കിരണ ആ ഉദ്യമത്തെ സധൈര്യം നിരോധിച്ചു.

ആ പെട്ടി അവളുടെ മുറിയ്ക്കുള്ളിലേക്കു മാററി അതിൽനിന്നു് മഷിക്കുപ്പിമാത്രം എടുത്തു് അതിനെ പുഴയിലേക്കു് വലിച്ചെറിഞ്ഞു.

അവരെല്ലാവരും സ്വഗൃഹത്തിലേക്കു തിരിച്ചു ഒരു ദിവസം കൊണ്ടു് അവിടത്തെ ഉദ്യാനം ശൂന്യമായി. നീലകണ്ഠന്റെ പട്ടി മാത്രം പട്ടിണികിടന്നു ചാകാറായി. നദീതീരം അതിന്റെ നിലവിളിയാൽ മുഖരിതമായി.

——(o)——

# സുഭാഷിണി

സുഭാഷിണി എന്നു പേരിട്ടപ്പോൾ അവൾ ഊമയായിത്തീരുമെന്ന് ആരെങ്കിലും ഊഹിച്ചിരുന്നോ? അവളുടെ സഹോദരിമാൎക്കു സുകേശിനിയെന്നും സുഹാസിനിയെന്നും പേരിട്ടിരുന്നതിനാൽ ഐകരൂപ്യത്തിനു വേണ്ടി അവരുടെ അച്ഛൻ തന്റെ കനിഷ്ഠപുത്രിയെ സുഭാഷിണിയെന്നു നാമകരണം ചെയ്തു. ചുരുക്കത്തിനു വേണ്ടി അവളെ 'സുഭ' എന്നും വിളിച്ചിരുന്നു.

'സുഭ'യുടെ മൂത്ത സഹോദരിമാർ രണ്ടുപേരേയും നന്നേ പണച്ചിലവോടും പ്രാരബ്ധത്തോടും കൂടെയാണ് വേളികഴിച്ചുകൊടുത്തതു്. ഈ ഇളയകുട്ടിയുടെ വിവാഹകാൎയ്യമായിരുന്നു മാതാപിതാക്കന്മാരെ ഇപ്പോൾ പീഡിപ്പിച്ചിരുന്നതു്. അവളുടെ മൗനസ്വഭാവത്തെ ലോകർ നിർവികാരത്വമായി വ്യാഖ്യാനിച്ചു. അവളുടെ ഭാവിയെക്കുറിച്ചു് അവൾ കേൾക്കത്തന്നെ, അവർ ഉൽക്കണ്ഠയോടുകൂടെ വാദിച്ചു. തന്റെ ജനനം പിതൃഗൃഹത്തിന്ന് അപൽസൂചകമാണെന്നു ചെറുപ്പം മുതൽക്കേ മനസ്സിലാക്കിയിരുന്നതിനാൽ പുറമേയുള്ളവരുമായി കഴിയുന്നത്ര ഇടപെടാതെയാണ് അവൾ കഴിച്ചുകൂട്ടിയതു്. അവരൊക്കെ തന്നെപ്പററി ചിന്തിക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു! പക്ഷെ മനോവേദന എങ്ങിനെ മറക്കും? അവളുടെ അച്ഛനമ്മമാരുടെ ഹൃദയം രാവും പകലും അവൾ നിമിത്തമല്ലേ തപിച്ചുകൊണ്ടിരിക്കുന്നതു്? വിശേഷിച്ചു്, അമ്മ അവളെ ഒരു വിരൂപിണിയായിട്ടാണ് കരുതാറു്. മകനേക്കാൾ മകളാണ് അമ്മയുടെ പ്രതിബിംബമെന്നു കരുതാറുണ്ടല്ലോ. അതുകൊണ്ടുതന്നെയാണ് മകളുടെ കുററവും കുറവും അമ്മയ്ക്കു നിരന്തരം അഭിമാനഭംഗത്തിന്നിടയാക്കിയതു്. അമ്മയ്ക്കു സുഭാഷിണി ഇപ്രകാരം ഒരു കളങ്കമായിട്ടാണ് തോന്നിയതെങ്കിലും അവളുടെ അച്ഛൻ വാണീകാന്തന്ന് അവൾ അരുമക്കുട്ടിതന്നെയായിരുന്നു.

സുഭാഷിണിക്കു് ഉച്ചാരണശക്തിയില്ലായിരുന്നുവെങ്കിലും, 'അരാള'മായ ചില്ലിവല്ലികളാൽ കമനീയങ്ങളായ രണ്ടു നേത്രോല്പ

ലങ്ങൾ അവളെ ആശ്രയിച്ചിരുന്നു. മനസ്സിൽതോന്നുന്ന വിചാരങ്ങൾക്കനുരൂപമായി അവളുടെ അധരങ്ങൾ വിറച്ചുകൊണ്ടുമിരുന്നു.

•

നമ്മുടെ വിചാരങ്ങളെ വാഗ്രൂപേണ പുറപ്പെടുവിക്കാൻ ശ്രമിക്കുമ്പോൾ പല പ്രതിബന്ധങ്ങളും നേരിടാറുണ്ട്. ഭാഷയുടെ അവ്യക്തത നിമിത്തം പലപ്പോഴും പല അബദ്ധത്തിലും ചെന്നു ചാടുകയും ചെയ്യും. പക്ഷെ നീലോല്പലസദൃശങ്ങളായ നേത്രങ്ങളുടെ ഗൂഢഭാഷ മനസ്സിലാക്കുവാൻ വ്യാഖ്യാനവും മററും ആവശ്യമില്ല. ആശയങ്ങളെ പ്രത്യക്ഷപ്പെടുത്തുവാനും മൂടിവെയ്ക്കാനും പ്രകാശിപ്പിക്കാനും ഇരുട്ടിൽ മറയ്ക്കാനും അവയ്ക്കു ത്രാണിയുണ്ട്. അസ്തമയത്തിന്നടുത്ത ചന്ദ്രനെപ്പോലെ വിചാരങ്ങളെ സ്ഥിരമായി നിർത്തുകയോ ആകാശമണ്ഡലത്തെ പ്രകാശമാനമാക്കുന്ന വിദ്യുല്ലതപോലെ അവയെ ചഞ്ചലമായി നിർത്തുകയോ ചെയ്യാനും ആ നേത്രങ്ങൾക്കു പരിചയമുണ്ട്. ജനനംമുതൽ ചുണ്ടുകളുടെ വെറും ചലനമല്ലാതെ മററു യാതൊരു ഉച്ചാരണശക്തിയും ഇല്ലാത്ത ആളുകൾ നേത്രങ്ങളുടെ സഹായത്താൽ ഒരു പ്രത്യേക ഭാഷ ശീലിക്കേണ്ടിവരുന്നു. ആ നേത്രങ്ങളുടെ പ്രയോഗങ്ങൾ ഭാവരസത്തിൽ സീമയില്ലാത്തതും കടൽപോലെ അഗാധമായിട്ടുള്ളതും ഉദയാസ്തമയങ്ങളുടേയും പ്രകാശാന്ധകാരങ്ങളുടേയും വിലാസത്താൽ രമണീയമായ ആകാശമണ്ഡലംപോലെ ഏററവും വിശദമായിട്ടുള്ളതുമാണ്. സംസാരിക്കാൻ സാധിക്കാത്തവർ പ്രകൃതിയുടെ പ്രത്യേക സന്താനങ്ങളാകയാൽ അവക്ക് അനന്യസാധാരണമായ ഒരു മഹിമയുണ്ട്. അതുകൊണ്ടുതന്നെയാണ് മററു കുട്ടികൾ സുഭാഷിണിയോട് കൂട്ടുകൂടാതെ അവളെ വിട്ടുമാറികളഞ്ഞതു്. മദ്ധ്യാഹ്നത്തിലെ പ്രകൃതിപോലെ അവൾ നിശ്ശബ്ദതയിലും ഏകാന്തതയിലും കാലംകഴിച്ചു. അവളുടെ വാസസ്ഥലം ചണ്ഡിപുരം ഗ്രാമത്തിലായിരുന്നു. അവിടുത്തെ പുഴ, ബംഗാളത്തിലെ മഹാനദികളെ അപേക്ഷിച്ച്, നന്നേ ചെറുതായിരുന്നതിനാൽ ഒരു ഇടത്തരക്കാരന്റെ മകളെന്നപോലെ ഒതുക്കത്തിൽ ഒഴുകിക്കൊണ്ടിരുന്നു. അതു ഒരിക്കലും കര കവിയുകയുണ്ടായിട്ടില്ല. അയൽഗ്രാമങ്ങളിലെ എല്ലാ വീടുകളിലേയും ഒരംഗമാണെന്ന നിലയിൽ ആ

നദി തൻെറ കൃത്യങ്ങളെ മുറപ്രകാരം നിറവേററി. രണ്ടുഭാഗത്തും വീടുകളും നടക്കാവുകളും ഉണ്ടായിരുന്നു. ഈ നദീദേവി, രാജകീയമായ തൻെറ സിംഹാസനത്തിൽനിന്നെഴുന്നീററ് ഓരോ വീട്ടിലെയും ഉദ്യാനദേവതയായിത്തീൎന്ന്, പ്രസന്നതയോടുകൂടി തൻെറ അനുഗ്രഹകൃത്യങ്ങളെ നിരന്തരം നിൎവ്വഹിച്ചുപോന്നു.

വാണീകാന്തൻെറ ഗൃഹം പുഴക്കഭിമുഖമായിരുന്നു. പുഴയിൽകൂടി ഒഴുകിപ്പോകുന്ന തോണിക്കാൎക്ക കരയിലുള്ള സകല കടിലുകളും വൈക്കോൽകുണ്ടുകളും നല്ലപോലെ കാണാം. തൻെറ പണി കഴിഞ്ഞാൽ ഉടനെ സുഭാഷിണി പുഴക്കരയിൽ ചെന്നിരിക്കുക പതിവായിരുന്നു. ആ ലൌകികവിഭവങ്ങൾക്കിടയിൽ ഈ ചെറുകിടാവിനെ ആരാനും കണ്ടിരിക്കുമോ എന്നു പറയാൻ സാധിക്കില്ല. പക്ഷെ അവളുടെ മൂകതയെ ഈ സ്ഥലത്തു പ്രകൃതിദേവിതന്നെ നാമാവശേഷമാക്കി. നദീജലത്തിൻെറ മൎമ്മരസ്വരവും ഗ്രാമീണരുടെ കളകളശബ്ദവും വഞ്ചിക്കാരുടെ പാട്ടുകളും പക്ഷികളുടെ കരച്ചിലും മരങ്ങളുടെ ഉലച്ചിലും ഒന്നിച്ചുചേൎന്ന് അവളുടെ ഹൃദയസ്പന്ദനത്തോട് അനുയോജിക്കുന്ന ഒരു അനുഭവവിശേഷത്തെ ജനിപ്പിച്ചു. ഈ ശബ്ദങ്ങളെല്ലാം ഒന്നായി അവളുടെ അസ്വാസ്ഥ്യത്തെ ആശ്ലേഷിച്ചു. പ്രകൃതിയുടെ ഈ ചലനവും ശബ്ദവും ആയിരുന്നു അവളുടെ ഭാഷ. നീലാളകങ്ങളാൽ അലങ്കരിക്കപ്പെട്ട അവളുടെ നേത്രോല്പലങ്ങളുടെ വിലാസങ്ങളായിരുന്നു അവളെ ആവരണം ചെയ്യുന്ന ലോകത്തിൻെറ ഭാഷ. കോകിലങ്ങൾ പാടിക്കൊണ്ടിരുന്ന വൃക്ഷശിഖരംമുതൽ നിശ്ശബ്ദമായ ആകാശമണ്ഡലംവരെ ആംഗ്യങ്ങളും അടയാളങ്ങളും നിലവിളിയും നെടുവീൎപ്പും മാത്രമേ അവൾക്ക അനുഭവപ്പെട്ടുള്ളു. നട്ടുച്ചയ്ക്കു വഞ്ചിക്കാരും മുക്കുവന്മാരും ഊണുകഴിക്കാൻ പോവുകയും ഗ്രാമക്കാരുറങ്ങുകയും പക്ഷികൾ വിശ്രമിക്കുകയും കടവുതോണി അടങ്ങിക്കിടക്കുകയും ലോകം പണിത്തിരക്ക നിൎത്തിവെച്ചു ഭയങ്കരമായ ഒരു രാക്ഷസപ്രകൃതം കൈക്കൊള്ളുകയും ചെയ്തുകൊണ്ടിരിക്കേ, വിശാലമായ ആകാശത്തിൻകീഴിൽ പൊരിയുന്ന വെയിലത്തു മൂകയായ പ്രകൃതിയും ഒരു ചെറിയ മരത്തണലിൽ മൂകയായ ഒരു ബാലികയും മാത്രമേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ.

പക്ഷെ സുഭാഷിണി തീരെ നിസ്സഹായയായിരുന്നില്ല. അടുത്തുള്ള തൊഴുത്തിൽ രണ്ടു പശുക്കളുണ്ടായിരുന്നു. അവളുടെ മുഖത്തുനിന്നു തങ്ങളുടെ പേരുകൾ ഉച്ചരിച്ചു കേൾപ്പാനുള്ള യോഗം അവയ്ക്കുണ്ടായിരുന്നില്ലെങ്കിലും അവളുടെ പദവിന്യാസം അവയ്ക്കു ചിരപരിചിതമായിരുന്നു. പ്രേമപൂർണ്ണമായ അവളുടെ അസ്ഫുടോക്തികൾ വിശദോച്ചാരണത്തേക്കാൾ എത്രയോ ആനന്ദപ്രദമാകുംവണ്ണം അവ മനസ്സിലാക്കിയിരുന്നു. അവളുടെ ലാളനകളും അധിക്ഷേപങ്ങളും മനസ്സിലാക്കുവാൻ മനുഷ്യരേക്കാൾ അധികം ആ പശുക്കൾക്കാണു് സാധിച്ചിരുന്നതു്. സുഭാഷിണി തൊഴുത്തിനടുത്തുചെന്നു്, അവയുടെ കഴുത്തിൽ കയ്യിട്ടാൽ അവ അവളെ സ്നേഹപുരസ്സരം സൽക്കരിക്കുകയും താലോലിക്കുകയും ചെയ്യുന്നതു കാണേണ്ട കാഴ്ചയാണു്. അവൾ ഒരുദിവസം മൂന്നുപ്രാവശ്യമെങ്കിലും അവയെ ചെന്നു കാണാതിരിക്കയില്ല. നിർദ്ദയമായ വല്ല വാക്കുകളും കേൾക്കാനിടയായാൽ അപ്പോഴും അവൾക്കു് ഊമകളായ ഈ ചങ്ങാതിമാരാണ് ശരണം. അവളുടെ പ്രശാന്തവും അപ്രസന്നവുമായ മുഖഭാവത്തിൽനിന്നു് അവളുടെ തീവ്രമായ മനോദുഃഖം അവയും മനസ്സിലാക്കാറുണ്ടെന്നു തോന്നും. അടുത്തുചെന്നു കൊമ്പുകൾകൊണ്ടു് അവളുടെ കൈകളിലുരുമ്മി അവളെ സമാധാനിപ്പിക്കുന്നതു് അവയ്ക്കു ബഹുപ്രിയമാണ്. ഈ പശുക്കൾക്കു പുറമേ അവളുടെ സഖികളായി ചില ആടുകളും ഒരു പൂച്ചക്കുട്ടിയും ഉണ്ടായിരുന്നു. പക്ഷെ സുഭാഷിണിക്കു്, പശുക്കളോടുള്ളത്രതന്നെ സ്നേഹം അവയോടുണ്ടായിരുന്നില്ല. തരം കിട്ടുമ്പോഴെല്ലാം പൂച്ചക്കുട്ടി സുഭാഷിണിയുടെ മടിയിൽ ചാടിക്കയറി അവളുടെ കോമളാംഗുലികളുടെ സ്പർശനസുഖമേററുകൊണ്ടു് സുഖനിദ്ര കൊള്ളാറുണ്ടു്.

വിശേഷബുദ്ധിയുള്ള ജീവികളുടെ കൂട്ടത്തിലും സുഭാഷിണിക്കു് ഒരു സഖാവു് ഉണ്ടായിരുന്നു. അവനു സംസാരിക്കാൻ സാധിച്ചിരുന്നതിനാൽ അവർ തമ്മിലുള്ള പെരുമാററങ്ങളിൽ ഒരു പൊതുഭാഷയില്ലാതെ വന്നു. അടുത്തുള്ള 'ഗോസായി' കുടുംബത്തിലെ കനിഷ്ഠസന്താനമായിരുന്നു 'പ്രതാപൻ.' പ്രകൃത്യാ അലസനായിരുന്നതിനാൽ അവൻ സ്വന്തപ്രയത്നംകൊണ്ടു ജീവിതം

കഴിക്കുന്ന കാൎയ്യം അസന്നിദ്ധമാണെന്നു അവൻെറ അപ്പനമ്മമാർ തീൎച്ചപ്പെടുത്തി. പക്ഷെ ഒന്നിനും കൊള്ളാത്തവരെന്നു സ്വകുടുംബക്കാർ കരുതിപ്പോരുന്ന ആളുകൾ വല്ലവിധത്തിലും ബാഹ്യലോകത്തിൻെറ പ്രീതിക്കു പാത്രീഭവിക്കുന്നതായിട്ടാണു കാണുന്നതു്. പറയത്തക്ക ജോലിയൊന്നും ഇല്ലായ്കനിമിത്തം ആ തരക്കാർ പൊതുസ്വത്തായിത്തീരുന്നു. പൊതുവിലുള്ളവൎക്കു ശുദ്ധവായു ശ്വസിക്കാൻ സൌകൎയ്യപ്പെടുന്ന ഒരു തുറന്നസ്ഥലം നഗരപ്രദേശങ്ങളിൽ ആവശ്യമായി വരുന്നപോലെതന്നെ എല്ലാവൎക്കുംവേണ്ടി സമയവ്യയം ചെയ്‌വാൻ സാധിക്കുന്ന രണ്ടോ മൂന്നോ ആളുകൾ ഒരു ഗ്രാമത്തിൽ ആവശ്യമാണു്. വല്ലവൎക്കും അലസതയൊ മുഷിച്ചിലൊ തോന്നുമ്പോൾ അവരുടെ മൌഢ്യപരിഹാരത്തിനു ഈ തരക്കാർ ഉപകരിക്കാതിരിക്കയില്ല.

പ്രതാപൻെറ മുഖ്യത്തൊഴിൽ മീൻപിടിക്കലാണു്. ഈ കാൎയ്യത്തിലാണു് അവൻ ഉച്ചതിരിഞ്ഞ സമയം മുഴുവനും വിനിയോഗിച്ചുപോന്നിരുന്നതു്. അതുനിമിത്തം അവനു സുഭാഷിണിയെ കൂടക്കൂടെ കാണാനും തരമായി. അവൻ എന്തു ഉദ്യമത്തിലായിരുന്നാലും വേണ്ടതില്ല. കൂട്ടുകാരാരെങ്കിലുംകൂടെ ഉണ്ടായിരിക്കണം എന്ന പക്ഷക്കാരനാണു്. മത്സ്യം പിടിക്കുമ്പോൾ, സംസാരിക്കാൻ സാധിക്കാത്ത ഒരു കൂട്ടുകാരിയെ കിട്ടാൻ കഴിഞ്ഞെങ്കിൽ അതിൽപരം ഭാഗ്യമെന്താണു്? പ്രതാപനു സുഭാഷിണിയുടെ മൌനവ്രതത്തെക്കുറിച്ചു വലിയ ബഹുമാനമായിരുന്നു. എല്ലാവരും അവളെ 'സുഭ' എന്നു വിളിക്കുന്നതിനു പകരം അവൻ, 'സു' എന്നുമാത്രം വിളിക്കുന്നതാണു് അധികം സ്നേഹസൂചകം എന്നു തീൎച്ചപ്പെടുത്തി, അങ്ങിനെ വിളിച്ചുപോന്നു. സുഭാഷിണി ഇരിക്കുന്ന പുളിമരത്തണലിൽനിന്നു് അല്പം അകലെ ഇരുന്നാണു് പ്രതാപൻ ചൂണ്ടലിടാറുള്ളതു്. പ്രതാപൻ കൊണ്ടുവരുന്ന വെററില ചുരുട്ടി അവൾ അവനു മുറുക്കാനുണ്ടാക്കിക്കൊടുക്കും. താൻ ഭൂമിക്കു ഭാരത്തിനായി മാത്രം പിറന്നവളല്ലെന്നും പ്രതാപനെ വല്ല വിധത്തിലും സഹായിക്കാൻ ആഗ്രഹമുള്ളവളാണെന്നും അവനെ മനസ്സിലാക്കിക്കൊടുത്താൽ കൊള്ളാമെന്നു് അവൾ പലപ്പോഴും ഓൎത്തിരുന്നു. പക്ഷെ എന്താ

ണ്ട ചെയ്യേണ്ടതു് എന്ന അവശ അറിഞ്ഞിരുന്നതുമില്ല. ഏതെങ്കിലും ഒരനുഗ്രഹശക്തിയാൽ അവൾക്കു പ്രതാപനു വല്ല സഹായവും ചെയ്'വാൻ സാധിച്ചിരുന്നെങ്കിൽ—!

സുഭാഷിണി ഒരപ്സരസ്ത്രീയായിരുന്നെങ്കിൽ പുഴയുടെ അടിയിൽനിന്നു പൊന്തിവന്നു് ഒരു 'നാഗമണി' പ്രതാപന്റെ മുമ്പിൽ കാഴ്ചവെയ്ക്കുമായിരുന്നു. പ്രതാപൻ തന്റെ നിസ്സാരമായ മീൻപിടിക്കൽ നിർത്തി, പാതാളലോകത്തിലേക്കിറങ്ങി അവിടെ രജതരാജധാനിയിൽ തങ്കക്കട്ടിലിന്മേൽ കിടന്നുല്ലസിക്കുന്ന സുഭാഷിണിയെ—വാണീകാന്തന്റെ മകളെ—അല്ല, രത്നമയമായ ആ നാട്ടിലെ രാജാവിന്റെ ഏകസന്താനത്തെ—കാണുമായിരുന്നു. പക്ഷേ അതൊക്കെ ഇപ്പോഴം അസാദ്ധ്യംതന്നെ. വാസ്തവത്തിൽ, കേവലം അസാദ്ധ്യമായിട്ടു യാതൊന്നും ഇല്ല. സുഭാഷിണിയുടെ ജനനം പാതാളപുരിയിലെ രാജധാനിയിലല്ലെന്നുമാത്രം! വാണീകാന്തന്റെ മകളായി പിറന്ന അവൾക്കു 'ഗോസായി' വംശത്തിൽ ജനിച്ച ആ യുവാവിനെ അത്ഭുതപ്പെടുത്തുവാനുള്ള സാമർത്ഥ്യം ഇല്ലതന്നെ!

കാലക്രമത്തിൽ സുഭാഷിണി വളൎന്നുവന്നു. ക്രമത്തിൽ അവൾക്കു് ആത്മബോധവും ഉദിച്ചു. പൌൎണ്ണമിനാളിൽ സമുദ്രമദ്ധ്യത്തിൽനിന്നു തള്ളിക്കയറുന്ന തിരമാലപോലെ അവളുടെ ഹൃദയാന്തരങ്ങളിൽ അനിർവാച്യമായ ഒരു ബോധം പ്രബലമായി പ്രത്യക്ഷപ്പെട്ടു. പക്ഷേ അവൾ ആരാണെന്നുള്ള സംഗതിയെപ്പററി തന്നെത്താൻ ചോദ്യം ചെയ്യുന്നതിന്നു തക്കതായ ഉത്തരം കിട്ടിയില്ല.

ഒരിക്കൽ, ഒരു പൌൎണ്ണമിനാൾ രാത്രി, നന്നേ വൈകിയപ്പോൾ അവൾ മെല്ലേ വാതൽതുറന്നു പുറത്തേക്കു നോക്കി. സുഭാഷിണിയെപ്പോലെതന്നെ ഏകാകിനിയായിരുന്ന പ്രകൃതീദേവി ഉറങ്ങിക്കൊണ്ടിരുന്ന ഭൂമിയെ നിശ്ശബ്ദമായി നോക്കിനില്ക്കയായിരുന്നു. സുഭാഷിണിയുടെ ഹൃദയത്തിൽ സന്തോഷസന്താപങ്ങൾ വഴിഞ്ഞൊഴുകി. അവൾ തന്റെ ദുരന്തമായ ഏകാന്തതയുടെ സീമകടന്നു പുറത്തെത്തി. തന്റെ ഹൃദയത്തിന്റെ ഭാരംനിമിത്തം അവൾ മൌനം അവലംബിച്ചു. മൌനവതിയാ

യി, ചിന്താകുലയായി, സ്ഥിതിചെയ്തിരുന്ന പ്രകൃതിമാതാവിന്റെ സന്നിധിയിൽ അതേനില കൈക്കൊണ്ടു് ഒരു കന്യകയും നിന്നിരുന്നു.

അവളുടെ വിവാഹകാര്യം മാതാപിതാക്കന്മാരെ ചിന്താകുലരാക്കി. അവരുടെ അശ്രദ്ധകണ്ടു് ആളുകൾ അവരെ ആക്ഷേപിക്കാനും അവരെ ജാതിയിൽ കൂട്ടുകയില്ലെന്നു ഭീഷണിപ്പെടുത്താനും തുടങ്ങി. പോരെങ്കിൽ വാണീകാന്തന്റെ സമ്പന്നസ്ഥിതിനിമിത്തം അയാൾക്കു ശത്രുക്കളും വേണ്ടത്ര ഉണ്ടായിരുന്നു. സ്ത്രീകളുടെ നിർബന്ധം സഹിക്കാൻ കഴിയാതെയായപ്പോൾ വാണീകാന്തൻ കുറെദിവസം ഒരു വരനെ അന്വേഷിച്ചുകൊണ്ടു പുറമേ പോയി. ഒടുവിൽ എല്ലാവരും കൽക്കത്തെയ്ക്കു പുറപ്പെടേണമെന്ന തീർപ്പോടുകൂടിയാണു് മടങ്ങിവന്നതു്.

അപരിചിതമായ ഒരുദിക്കിലേക്കു പോകാനുള്ള ഒരുക്കങ്ങൾ കണ്ടപ്പോൾ സുഭാഷിണിയുടെ ഹൃദയം മഞ്ഞിൽമൂടിയ പ്രഭാതംപോലെ ബാഷ്പാകുലമായി. വളരെനാളായി അവളുടെ ഹൃദയത്തിൽ എന്തോ അനിർവാച്യമായ ഒരു ഭയം കടന്നുകൂടിയിരുന്നു. എങ്കിലും അച്ഛനമ്മമാരുടെ ഇഷ്ടത്തെ അവൾ ഗുണദോഷനിരൂപണം ചെയ്യാതെ അനുസരിച്ചു പോന്നു എന്നേ ഉള്ളൂ. എന്തോ ചില വിവരങ്ങൾ അറിവാനുള്ള ആഗ്രഹത്താലെന്നപോലെ അവൾ അവരുടെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. പക്ഷേ ഒരൊററ വാക്കെങ്കിലും അവരുടെ മുഖത്തുനിന്നു പുറപ്പെട്ടില്ല. ഒരുദിവസം ഉച്ചതിരിഞ്ഞ സമയം മീൻ പിടിച്ചുകൊണ്ടിരുന്ന പ്രതാപൻ അവളെ പരിഹസിച്ചുകൊണ്ടു പറഞ്ഞു. 'ഓഹൊ! സുഭാഷിണിക്കു് ഒരു ഭർത്താവു വരാൻ പോകുന്നു അല്ലെ? പ്രതാപനെ തീരെ മറന്നുകളയരുതു്!' അവൻ വീണ്ടും മീൻപിടി തുടൎന്നു. 'ഞാൻ എന്തുകുററം ചെയ്തു?' എന്ന ഭാവത്തിൽ നായാട്ടുകാരന്റെ നേൎക്കു നോക്കിനില്ക്കുന്ന മാൻപേടയെപ്പോലെ സുഭാഷിണി പ്രതാപന്റെ മുഖത്തേയ്ക്കു് ഒരു ദയനീയമായ നോട്ടം അയച്ചു. അതിൽപിന്നെ അവൾ അവിടെ നിന്നില്ല. വാണീകാന്തൻ ഉച്ചയ്ക്കു് ഉറക്കം കഴിഞ്ഞു ചുരുട്ടു വലിച്ചുംകൊണ്ടിരിക്കുന്ന സമയത്തു കാൽക്കൽ ചെന്നുവീണു നിലവിളിതുടങ്ങി. മകളെ ആശ്വാ

സിപ്പിക്കാൻ ചെയ്ത ശ്രമത്തിന്നിടയിൽ അയാളുടെ മുഖവും ബാഷ്പാഭിഷിക്തമായിത്തീൎന്നു.

പിറേറന്നു രാവിലെയായിരുന്നു കൽക്കത്തെയ്ക്കു പോകാൻ തീൎച്ചപ്പെടുത്തിയദിവസം. സുഭാഷിണി തൊഴുത്തിന്നരികെ ചെന്നു തന്റെ ബാല്യസഖികളായ പശുക്കളോടു യാത്രപറഞ്ഞു. സ്വന്തം കൈകൊണ്ടു് അവയ്ക്കു തിന്നാൻകൊടുത്തും, അവയെ തൊട്ടു തലോടിയും, അവയുടെ മുഖത്തുനോക്കി കണ്ണുനീർ വാൎത്തും അവൾ അവയെ കുറെനേരം ലാളിച്ചു. അന്നു ശുക്ലപക്ഷത്തിലെ ദശമിനാളായിരുന്നു. രാത്രിയായപ്പോൾ സുഭാഷിണി വാതിൽതുറന്നു തനിക്കു് ഏററവും പ്രിയപ്പെട്ട നദീതീരത്തിൽ ചെന്നിരുന്നു. 'അമ്മേ! എന്നെ വിട്ടയയ്ക്കരുതു്; എന്നെ മാറോടണച്ചു് ഇവിടെത്തന്നെ ഇരിക്കാൻ അനുവദിക്കണെ' എന്നു ഭൂമിദേവിയോടു യാചിക്കുന്ന ഭാവത്തിൽ അവൾ ആ പുൽത്തറയിൽ കിടന്നു.

*          *          *          *          *

കുറെദിവസംകഴിഞ്ഞു കൽക്കത്തയിലെ ഒരു ഗൃഹത്തിൽ സുഭാഷിണിയുടെ അമ്മ അവളെ അണിയിക്കുകയായിരുന്നു. തലമുടി കസവുനൂലുകൊണ്ടു മെടഞ്ഞുകെട്ടുന്നു. ആഭരണങ്ങൾകൊണ്ടു് അവളുടെ ദേഹം പൊതിയുന്നു. എന്നുവേണ്ട അവളുടെ നൈസൎഗ്ഗികസൌന്ദൎയ്യത്തെ എങ്ങിനെയെല്ലാം കളങ്കപ്പെടുത്തുവാൻ കഴിയുമോ അങ്ങിനെയെല്ലാം അവർ ചെയ്യുന്നുണ്ടു്. സുഭാഷിണിയുടെ കണ്ണുകളിൽനിന്നു ബാഷ്പധാര പ്രവഹിച്ചുതുടങ്ങി. അമ്മയുടെ ശകാരവൎഷം ബാഷ്പപ്രവാഹത്തെ തടയുവാൻ പൎയ്യാപ്തമായില്ല. വധുവിനെ കാണാൻവേണ്ടി വരന്റെ വരവായി. യാഗത്തിന്നുഴിഞ്ഞിട്ട പശുവിനെ കൈക്കൊള്ളുവാൻ യജ്ഞപുരുഷന്റെ വരവുണ്ടെന്നു കണ്ടപ്പോൾ മാതാപിതാക്കന്മാൎക്കുണ്ടായ ഭയവും പരിഭ്രമവും കുറച്ചൊന്നുമായിരുന്നില്ല.

മറയത്തുനിന്നുകൊണ്ടു് അമ്മ ഉച്ചത്തിൽ ഉച്ചരിക്കുന്ന ശാസനകൾ അവളുടെ ബാഷ്പപ്രവാഹത്തെ, അധികമാക്കിയതേയുള്ളു. വരൻ വധുവിന്റെ ആകൃതി ആകപ്പാടെ പൎയ്യവേക്ഷണം ചെയ്തു 'തരക്കേടില്ല' എന്നഭിപ്രായപ്പെട്ടു.

അവളുടെ കണ്ണുനീരു കണ്ടപ്പോൾ ലോലഹൃദയനാ
ന്ന് അവൻ തീരുമാനിച്ചു. മാതാപിതാക്കന്മാരുമായി അട
ണ്ടാകാൻ പോകുന്ന വേർപാടുനിമിത്തം തൽക്കാലം ന
ശിക്കുന്ന ഹൃദയം കാലാന്തരത്തിൽ അവൾക്കുള്ള ഒരമൂല്യസ
ത്തായി കലാശിക്കാതിരിക്കയില്ലെന്ന് അയാൾക്കു ബോദ്ധ്യമാ
ശുക്തിമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന മൌക്തികംപോലെ ബ
കയുടെ ബാഷ്പകണങ്ങൾ അവളുടെ വില വർദ്ധിപ്പിക്കുന്നു
ന്ന വിശ്വാസം അയാളിൽ ജനിച്ചു വേറെ യാതൊരഭിപ്രായ
പ്രകടിപ്പിക്കാതെ അയാൾ തിരിച്ചുപോയി.

പഞ്ചാംഗം നോക്കി നിശ്ചയിച്ച ഒരു സുമുഹൂർത്തത്തിൽ
വാഹം നടത്തി. ഊമയായ ആ മകളെ അന്യൻെറ കയ്യിൽ
ല്പിച്ചു മാതാപിതാക്കന്മാർ സ്വഗൃഹത്തിലേക്കു തിരിച്ചു.
ധാധീനം! ഇഹലോകത്തിൽ അവരുടെ ജാതികളും പരലേ
ത്തിൽ അവരുടെ ഗതികളും തകരാറുകൂടാതെ കഴിഞ്ഞു! വര
ജോലിസ്ഥലം അവിടുന്നു കുറെ പടിഞ്ഞാറായിരുന്നതിനാൽ,
വാഹം കഴിഞ്ഞു അധികം താമസിക്കാതെ വധൂസമേതനാ
അയാൾ അങ്ങോട്ടുപോയി.

പത്തു ദിവസം കഴിയുംമുമ്പ് വധുവിൻെറ 'മൂകത' പര
മായി. ആരെങ്കിലും അറിഞ്ഞിരുന്നില്ലെങ്കിൽ അതു് അവളു
കുറവുമല്ലല്ലോ. അവളുടെ കണ്ണു കണ്ടാൽ ഈ വാസ്തവം വെ
പ്പെടുന്നതായിരുന്നു. അതു മനസ്സിലാക്കാൻ ആളുകൾക്കു
ന്റയില്ലാത്തതിന്ന് അവൾ എന്തു ചെയ്യും? എവിടെ നോക്കി
ലും മൌനമാണ് അവളെ എതിരിട്ടതു്. തനിക്കു ജനനം മു
പരിചയപ്പെട്ടിരുന്നവരും തൻെറ ഊമഭാഷ മനസ്സിലാക്ക
ത്രാണിയുള്ളവരും ആയ ജനങ്ങളുടെ മുഖം ഒന്നു കാണ്മാൻ
വാൾ അത്യന്തം കൊതിച്ചു. നിശ്ശബ്ദമായ അവളുടെ ഹൃദയത്ത
നിരന്തരം മുഴങ്ങിക്കൊണ്ടിരുന്ന നിലവിളി ഇംഗിതജ്ഞനായ
ഗദീശ്വരനല്ലാതെ മററാരും കേൾക്കാൻ സാധിച്ചില്ല.

——(о)——

17 DEC 1942
MUL
037871